SUPREME AUDIT INSTITUTION OF INDIA
लोकहितार्थ सत्यनिष्ठा
Dedicated to Truth in Public Interest

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2023 മാർച്ചിൽ അവസാനിച്ച കാലയളവിലെ റിപ്പോർട്ട്

കേരള സർക്കാർ

2025-ലെ റിപ്പോർട്ട് നമ്പർ 5

(അനുവർത്തന ഓഡിറ്റ് – സിവിൽ)

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2023 മാർച്ചിൽ അവസാനിച്ച കാലയളവിലെ റിപ്പോർട്ട്

കേരള സർക്കാർ

2025-ലെ റിപ്പോർട്ട് നമ്പർ 5

(അനുവർത്തന ഓഡിറ്റ് – സിവിൽ)

ഉള്ളടക്കം

വിവരണം	സൂചിക	
	ഖണ്ഡിക	പേജ്
ആമുഖം		iii
ഉപരിവീക്ഷണം		v
അധ്യായം I – അവതാരിക		
ഈ റിപ്പോർട്ടിനെക്കുറിച്ച്	1.1	1
ഓഡിറ്റിന്റെ അധികാരപരിധിയിൽ വരുന്ന യൂണിറ്റുകളുടെ രൂപരേഖ	1.2	1
ഓഡിറ്റ് ചെയ്യുന്നതിനുള്ള അധികാരം	1.3	2
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I), കേരള-യുടെ ഓഫീസിന്റെ ഘടന	1.4	2
ഓഡിറ്റിന്റെ ആസൂത്രണവും നടത്തിപ്പും	1.5	3
ഓഡിറ്റിനോടുള്ള സർക്കാരിന്റെ പ്രതികരണമില്ലായ്മ	1.6	3
വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ്		
അദ്ധ്യായം II - വനിതാ ശിശു വികസന വകുപ്പ്		
സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെയും മറ്റ് ശിശു സംരക്ഷണ പദ്ധതികളുടെയും നടപ്പാക്കൽ	2.1	5
അദ്ധ്യായം III – ഉന്നത വിദ്യാഭ്യാസവകുപ്പ്		
രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാന്റെ നടപ്പാക്കൽ	3.1	49
അദ്ധ്യായം IV - അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ		
ധനാപഹരണം		
കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്		
തിരുവനന്തപുരം വലിയതുറയിലെ നാളികേര നഴ്സറിയിലെ സർക്കാർ പണത്തിന്റെ അപഹരണം	4.1	81
നിഷ്ഫല ചെലവ്		
ഉന്നത വിദ്യാഭ്യാസവകുപ്പ്		
രണ്ടു കെട്ടിടങ്ങൾക്കായുള്ള നിഷ്ഫല ചെലവും തത്ഫലമായുള്ള ഉപകരണങ്ങളുടെ നിഷ്ക്രിയത്വവും	4.2	85
കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്		
കാർഷിക വിപണന സമുച്ചയത്തിൻമേലുള്ള നിഷ്ക്രിയ നിക്ഷേപം	4.3	90

അനുബന്ധങ്ങൾ

അനുബന്ധം	വിവരണം	പുറം
1.1	2023 സെപ്റ്റംബർ 30 വരെ കുടിശ്ശികയുള്ള പരിശോധനാ റിപ്പോർട്ടുകളുടെയും ഖണ്ഡികകളുടെയും വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ	93
1.2	2023 സെപ്റ്റംബർ വരെ തീർപ്പാക്കാത്ത, എടുത്ത നടപടിയുടെ വിശദീകരണ പത്രികകളുടെ വിശദാംശങ്ങൾ	94
1.3	2023 സെപ്റ്റംബർ വരെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യാത്ത ഖണ്ഡികകളുടെ വിശദാംശങ്ങൾ കാണിക്കുന്ന പട്ടിക	95
2.1	സംസ്ഥാന സർക്കാർ ധനസഹായം നൽകുന്ന നൂതന പദ്ധതികൾക്ക് കീഴിലുള്ള 12 ഉപ-പദ്ധതികളുടെ പട്ടിക	96
2.2	ഓഡിറ്റിനായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ	97
2.3	സാമൂഹിക അന്വേഷണ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലെ കാലതാമസം	98
2.4	തെരഞ്ഞെടുത്ത ജില്ലകളിലെ ജെ.ജെ.ബി/സി. ഡബ്ല്യു.സി-കളിൽ ലഭ്യമായ സൗകര്യങ്ങളുടെ പട്ടിക	99
2.5	2018-19 മുതൽ 2022-23 വരെ തെരഞ്ഞെടുത്ത ജില്ലകളിൽ നടത്തിയ ദത്തെടുക്കലിനു ശേഷമുള്ള തുടർ സന്ദർശനങ്ങളുടെ സ്ഥിതി	100
2.6	ഫണ്ടുകളുടെ വിഹിതത്തിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ	101
2.7	18 വയസ്സിനു മുകളിലുള്ള വ്യക്തികൾക്ക് അധികമായി നൽകിയ സ്പോൺസർഷിപ്പ് തുകയുടെ വിശദാംശങ്ങൾ	103
2.8	തെരഞ്ഞെടുത്ത ജില്ലകളിലെ ജില്ലാ പരിശോധനാ സമിതി നടത്തിയ പരിശോധനകളുടെ വിശദാംശങ്ങൾ	104
3.1	റൂസയുടെ ഘടകങ്ങൾ	105
3.2	തെരഞ്ഞെടുത്ത ജില്ലകളുടെയും സ്ഥാപനങ്ങളുടെയും പട്ടിക	106
3.3	റൂസ മാർഗ്ഗനിർദ്ദേശങ്ങളുടെയും 2018-ലെ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിയമത്തിന്റെയും താരതമ്യ പ്രസ്താവന	107
3.4	റൂസ 1.0, 2.0 എന്നിവയ്ക്ക് കീഴിലുള്ള ധനലഭ്യതയുടെ പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ	110
3.5	കണ്ണൂർ സർവകലാശാല മുൻകൂറായി പണമടച്ചതിന്റെ വിശദാംശങ്ങൾ	111
3.6	ഭിന്നശേഷിക്കാർക്കായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലെ സൗകര്യങ്ങളുടെ ലഭ്യത സംബന്ധിച്ച വിശദാംശങ്ങൾ	112
3.7	2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ തെരഞ്ഞെടുത്ത 15 സ്ഥാപനങ്ങളിലെ ടീച്ചിംഗ് അധ്യാപകരുടെ വിശദാംശങ്ങൾ	113
3.8	തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലെ വിദ്യാർത്ഥി-അധ്യാപക അനുപാതം	114

ആമുഖം

ഭരണഘടനയുടെ ആർട്ടിക്കിൾ **151 (2)** പ്രകാരം കേരള നിയമസഭയിൽ വയ്ക്കുന്നതിനായി കേരള ഗവർണ്ണർക്ക് സമർപ്പിക്കാൻ വേണ്ടിയാണ് **2023** മാർച്ചിൽ അവസാനിച്ച കാലയളവിലെ ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

കേരള സർക്കാരിന്റെ കാർഷിക വികസന കർഷകക്ഷേമം, ഉന്നത വിദ്യാഭ്യാസം, വനിതാ ശിശു വികസനം എന്നിവ ഉൾപ്പെടെയുള്ള വകുപ്പുകളിലും, സ്വയംഭരണ സ്ഥാപനങ്ങളിലും നടത്തിയ അനുവർത്തന ഓഡിറ്റിന്റെ പ്രധാനപ്പെട്ട ഫലങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2022-23 കാലയളവിലെ, ടെസ്റ്റ് ഓഡിറ്റിനിടയിൽ ശ്രദ്ധിക്കപ്പെട്ടവയും, മുൻവർഷങ്ങളിൽ ശ്രദ്ധിക്കപ്പെട്ടതും എന്നാൽ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ റിപ്പോർട്ട് ചെയ്യാൻ കഴിയാതെ പോയതുമായ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നത്. **2022-23**-ന് ശേഷമുള്ള കാലയളവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആവശ്യമുള്ള സ്ഥലങ്ങളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഇറക്കിയിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് ഓഡിറ്റ് നടത്തിയിട്ടുള്ളത്.

റിപ്പോർട്ടിന്റെ മലയാളം പരിഭാഷയിൽ ആശയ വൈരുദ്ധ്യം തോന്നുന്നപക്ഷം ഇംഗ്ലീഷിലുള്ള അസ്സൽ റിപ്പോർട്ടിനെ ആധികാരികമായി കരുതേണ്ടതാണ്.

ഉപരിവീക്ഷണം

ഉപരിവീക്ഷണം

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഈ റിപ്പോർട്ടിൽ നിയമ വ്യവസ്ഥകൾ പാലിക്കാതിരിക്കൽ, മേൽനോട്ടത്തിലൂടെയുള്ള നിയന്ത്രണത്തിന്റെ അഭാവം, നിഷ്ക്രിയമായ മുതൽമുടക്ക്, നിഷ്ഫല ചെലവ് എന്നിങ്ങനെ ₹22.94 കോടിയുടെ സാമ്പത്തിക മൂല്യമുള്ള ദൃഷ്ടാന്തങ്ങൾ അടങ്ങിയ രണ്ട് വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റും മൂന്ന് അനുവർത്തന ഓഡിറ്റ് ഖണ്ഡികകളും ഉൾക്കൊള്ളിച്ചിരിക്കുന്നു. പ്രധാന ഓഡിറ്റ് കണ്ടെത്തലുകൾ ചുവടെ പ്രതിപാദിച്ചിരിക്കുന്നു.

വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ്

സംയോജിത ശിശു സംരക്ഷണ പദ്ധതിയും മറ്റ് ശിശു സംരക്ഷണ പദ്ധതികളുടെയും നടപ്പാക്കൽ

സംയോജിത ശിശു സംരക്ഷണ പദ്ധതി (ഐ.സി.പി.എസ്) എന്നത് 2009-10 വർഷത്തിൽ വനിതാ ശിശുവികസന മന്ത്രാലയത്തിൻ കീഴിൽ ആരംഭിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതി ആയിരുന്നു. കുട്ടികൾക്ക് സ്ഥാപനപരമായ, കുടുംബപരമായ, സാമൂഹ്യാധിഷ്ഠിതമായ ശ്രദ്ധ ലഭ്യമാക്കുന്നതിനും അവരെ വശംവദരാക്കുന്ന സാഹചര്യങ്ങൾ, ദ്രോഹം, ദുരുപയോഗം എന്നിവയിൽ നിന്ന് സംരക്ഷിക്കുന്നതിനായുള്ള പ്രതിരോധ നടപടികൾ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യം വച്ചു. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം നടപ്പാക്കാനുള്ള സാമ്പത്തിക സഹായം ഐ.സി.പി.എസ് ലഭ്യമാക്കുന്നു.

കുട്ടികളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കുമുള്ള പദ്ധതിയുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള ചട്ടങ്ങൾ സംസ്ഥാനം രൂപീകരിച്ചിട്ടില്ലെന്നും, ഇത് നിയമത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിക്കണമെന്ന നിയമത്തിലെ വ്യവസ്ഥയുടെ ലംഘനമാണെന്നും ഓഡിറ്റ് നിരീക്ഷിച്ചു. 2023 മാർച്ച് വരെ, തെരഞ്ഞെടുത്ത അഞ്ച് ജില്ലകളിലെ 165 ശിശു പരിപാലന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. പുതുക്കേണ്ടതായ മിക്ക കേസുകളിലും, ഡിസിപിയു-വിന്റെ ഭാഗത്ത് നിന്നുമുണ്ടായ കാലതാമസം മൂലം, അപേക്ഷകൾ ജില്ലാ മജിസ്ട്രേറ്റുമാർക്ക് കൈമാറുന്നതിൽ കാലതാമസം സംഭവിച്ചുവെന്നും ഇത് ജില്ലാ മജിസ്ട്രേറ്റുമാരുടെ പരിശോധനകൾ നടത്തുന്നത് വൈകിപ്പിച്ചതായും ഓഡിറ്റ് ശ്രദ്ധിച്ചു. ശിശു പരിപാലന സ്ഥാപനങ്ങളുടെ ഗ്രേഡിംഗ് ഇന്നുവരെ (2024 ഫെബ്രുവരി) നടത്തിയിട്ടില്ല. ജുവനൈൽ ജസ്റ്റിസ് ബോർഡുകൾക്കും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്കും സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ യഥാക്രമം 364 ദിവസത്തെയും 447 ദിവസത്തെയും കാലതാമസം ഉണ്ടായി. ജുവനൈൽ ജസ്റ്റിസ് ബോർഡുകളുടെയും ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെയും തീരുമാനങ്ങളിൽ സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടുകൾ നിർണ്ണായക പങ്ക് വഹിക്കുന്നതിനാൽ, അവ തയ്യാറാക്കുന്നതിലെ കാലതാമസം കുട്ടിക്ക് അനുകൂലമല്ലാത്ത ഫലങ്ങൾ ഉണ്ടാക്കും.

തെരഞ്ഞെടുത്ത 17 ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ ഒന്നും തന്നെ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പോലെ വ്യക്തിഗത പരിചരണ പദ്ധതികൾ അപ്ഡേറ്റ് ചെയ്തിരുന്നില്ല. പ്രത്യേക ആവശ്യങ്ങളുള്ള/മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ

ഈ കുട്ടികൾക്കായി നിശ്ചയിച്ചിട്ടുള്ള നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങളിലാണ് പാർപ്പിച്ചിരിക്കുന്നതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. തിരുവനന്തപുരം, എറണാകുളം, വയനാട് എന്നിവിടങ്ങളിൽ പരിശോധിച്ച സിഡബ്ല്യുസികളിൽ ഒന്നിലും മയക്കുമരുന്ന്, ലഹരിവസ്തുക്കൾ, മദ്യം എന്നിവയിൽ നിന്ന് വിമുക്തരാക്കേണ്ട കുട്ടികൾക്ക് പ്രത്യേക പരിചരണവും ചികിത്സയും നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ടായിരുന്നില്ല. കൂടാതെ, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സംരക്ഷണം/ചികിത്സ/ പുനരധിവാസം എന്നിവയ്ക്കായി പ്രത്യേക വിഭാഗങ്ങൾ ഉണ്ടായിരുന്നില്ല, തിരുവനന്തപുരം, എറണാകുളം, വയനാട് എന്നിവിടങ്ങളിൽ സാധാരണ കുട്ടികളോടൊപ്പം ലഹരിക്ക് അടിമകളായവരെയും പാർപ്പിക്കേണ്ടിവന്നു, ഇത് അഭികാമ്യമായ രീതിയായിരുന്നില്ല. തെരഞ്ഞെടുത്ത ജില്ലകളിൽ, ഐസിപിഎസ് മാർഗ്ഗനിർദ്ദേശങ്ങളിൽ പറയുന്നതുപോലെ ഔട്ട്റീച്ച് പ്രവർത്തകർ ഫോസ്റ്റർ കുടുംബങ്ങളെ സന്ദർശിച്ചിരുന്നില്ല. കുട്ടികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കാതെ വിടുതൽ ഉത്തരവുകൾ പുറപ്പെടുവിച്ച് താമസം അവസാനിപ്പിച്ച സിസിഐകളിൽ നിന്നുള്ള കുട്ടികൾ ദീർഘകാലം ഹാജരാകാതിരുന്ന സംഭവങ്ങളുണ്ടായി. ഈ കുട്ടികളുടെ ദുർബലമായ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ, ഓവർസ്റ്റേ കാലയളവിൽ എന്തെങ്കിലും അനിഷ്ട സംഭവങ്ങൾ ഉണ്ടായാൽ, കുട്ടിയുടെ സുരക്ഷയുടെ കാര്യത്തിൽ സി.സിഐ/സി.ഡബ്ല്യു.സി/ജെ.ജെ.ബി/ സർക്കാർ എന്നിവയ്ക്ക് നിയമപരമായി സങ്കോചമുണ്ടാക്കുന്ന അവസ്ഥയിലായേക്കാം. തെരഞ്ഞെടുത്ത ജില്ലകളിൽ ദത്തെടുത്ത മാതാപിതാക്കളുടെ വിശദാംശങ്ങൾ അടങ്ങിയ ഹോം സ്റ്റഡി റിപ്പോർട്ടുകൾ (എച്ച്.എസ്.ആറുകൾ) യഥാസമയം തയ്യാറാക്കി അപ്‌ലോഡ് ചെയ്തിട്ടില്ല.

സംസ്ഥാനത്തെ 14 സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികളിൽ (എസ്.എ.എ) രണ്ടെണ്ണത്തിൽ മാത്രമേ ഉപേക്ഷിക്കപ്പെടുന്ന കുട്ടികളെ സ്വീകരിക്കുന്നതിനായി തൊട്ടിലുകൾ സ്ഥാപിച്ചിട്ടുള്ളൂ എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികളുടെ കാര്യത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ (ഡി.എം.ഒ) നടത്തിയ പരിശോധന 49 മുതൽ 275 ദിവസം വരെ കാലതാമസം നേരിട്ടു, ഇത് കുട്ടിയെ ദത്തെടുക്കാൻ നിയമപരമായി സ്വാതന്ത്ര്യമുള്ളതായി പ്രഖ്യാപിക്കുന്നതിന് തടസ്സമായി. പരിശോധന നടത്തിയ ജില്ലകളിൽ ദത്തെടുക്കലിന് ശേഷമുള്ള തുടർനടപടികളിൽ കാലതാമസം വന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. നിർദ്ദേശിച്ച പ്രകാരം ദത്തെടുക്കലിന് ശേഷമുള്ള തുടർനടപടികൾ നടത്താത്തതിനാൽ, ദത്തെടുക്കപ്പെട്ട കുട്ടിക്ക് ദത്തെടുക്കുന്ന മാതാപിതാക്കളുമായി യോജിച്ചുപോകാൻ പ്രശ്നങ്ങൾ ഉണ്ടോ എന്ന് ആനുകാലികമായി വിലയിരുത്താൻ കഴിഞ്ഞില്ല. തിരുവനന്തപുരത്തെ എസ്.എ.എ-യിൽ, ദത്തെടുക്കൽ ഫീസായി ലഭിച്ച ₹16.91 ലക്ഷം ശമ്പളച്ചെലവുകൾക്കായി വകമാറ്റിയതായി ശ്രദ്ധയിൽപ്പെട്ടു.

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെക്കുറിച്ചുള്ള അന്വേഷണ പ്രക്രിയ പൂർത്തിയാക്കുന്നതിലെ കാലതാമസം ഓഡിറ്റിൽ കണ്ടെത്തി, ഇത് ജെജെബി കൈകാര്യം ചെയ്യുന്ന കേസുകൾ തീർപ്പാക്കുന്നതിലെ കാലതാമസത്തിലേക്ക് നയിച്ചു. ജെജെബി അന്വേഷണ പ്രക്രിയ പൂർത്തിയാക്കുന്നതിലെ കാലതാമസം ഒരു സിസിഐൽ നടത്തുന്ന വിചാരണ കാലയളവ് അനാവശ്യമായി നീട്ടുന്നതിന് കാരണമാകും, ഇത് അന്തസ്സോടെ ജീവിക്കാനുള്ള കുട്ടിയുടെ അവകാശത്തിന്റെ പേരിൽ സ്വീകാര്യമല്ല. ബാലവേല, ബാലഭിക്ഷാടനം, ബാലക്കടത്ത് എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ രക്ഷിക്കുന്നതിനായി, ആഴ്ചയിൽ കുറഞ്ഞത് മൂന്ന് തവണയെങ്കിലും രക്ഷാപ്രവർത്തനങ്ങൾ നടത്താൻ ഡിസിപിഒമാർക്ക് നിർദ്ദേശം നൽകി (2020 സെപ്റ്റംബർ). എന്നിരുന്നാലും, തെരഞ്ഞെടുത്ത ജില്ലകളിൽ, 2021 മുതൽ 2023 വരെ

നടത്തിയ രക്ഷാപ്രവർത്തനങ്ങളുടെ എണ്ണം ലക്ഷ്യമിട്ട 156 എണ്ണത്തേക്കാൾ വളരെ കുറവായിരുന്നു. നാല് കുട്ടികൾക്ക് കേന്ദ്ര, സംസ്ഥാന സ്പോൺസർഷിപ്പുകൾ ഒരുമിച്ചു നൽകിയത് കേന്ദ്ര/സംസ്ഥാന സ്പോൺസർഷിപ്പ് മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമായിരുന്നു. പട്ടികജാതി (എസ്സി)/ പട്ടികവർഗ്ഗ (എസ്ടി) വികസന വകുപ്പിൽ നിന്ന് ഇതിനകം സാമ്പത്തിക സഹായം ലഭിച്ചിരുന്ന 56 എസ്സി വിദ്യാർത്ഥികൾക്കും ആറ് എസ്ടി വിദ്യാർത്ഥികൾക്കും സംസ്ഥാന സ്പോൺസർഷിപ്പ് നൽകിയത് ₹20.78 ലക്ഷത്തിന്റെ അനർഹമായ ധനസഹായം നൽകിയതിനിടയാക്കി.

തെരഞ്ഞെടുത്ത 17 സിസിഐകളിൽ, നിശ്ചിത എണ്ണമായ 340 പരിശോധനകൾ നടത്തേണ്ടിയിരുന്നെങ്കിലും, ഓഡിറ്റ് കാലയളവിൽ എസ്ഐസി ആറ് പരിശോധനകൾ മാത്രമേ നടത്തിയിട്ടുള്ളൂവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു, ഇത് വെറും രണ്ട് ശതമാനം മാത്രമാണ്. കൂടാതെ, 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ എറണാകുളത്ത് കുട്ടികൾക്കായുള്ള താമസ സൗകര്യങ്ങളിൽ സിഡബ്ല്യുസി ഒരു പരിശോധനയും നടത്തിയിട്ടില്ല, അതേസമയം വയനാട്ടിൽ 2018-19 മുതൽ 2020-21 വരെയുള്ള കാലയളവിൽ പരിശോധനകളുടെ എണ്ണം ഏഴ് മുതൽ 15 വരെയാണ്. സിഡബ്ല്യുസികൾ പരിശോധനകൾ നടത്താത്തത് സിസിഐകളിലെ സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള സാദ്ധ്യതയെ പ്രതികൂലമായി ബാധിക്കും. ₹2.67 ലക്ഷം ചിലവിൽ സി-ഡിറ്റ് വികസിപ്പിച്ചെടുത്ത, ചൈൽഡ് പ്രൊട്ടക്ഷൻ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (സിപിഎംഐഎസ്) 2024 മാർച്ച് ആയിട്ടും പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞില്ല.

ശിപാർശകൾ:

- ജെ.ജെ.ബി-കളിലും സി.ഡബ്ല്യു.സി-കളിലും എത്തുന്ന കുട്ടികൾക്കും കുടുംബങ്ങൾക്കും ഉചിതമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.
- പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്ക് വേണ്ടതായ സൗകര്യങ്ങളോടെ സുരക്ഷിത താമസസൗകര്യം ലഭിക്കുന്നുവെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.
- സാധാരണ കുട്ടികളോടൊപ്പം മാനസിക രോഗമുള്ള കുട്ടികളെയും, മയക്ക് മരുന്ന്, മദ്യം മുതലായവയിൽ നിന്ന് വിമുക്തി വേണ്ടുന്ന കുട്ടികളെയും ഒരുമിച്ച് താമസിപ്പിക്കുന്നത് അനുവദിക്കുന്നില്ലെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.
- സി.സി.ഐ.-കളിൽ ക്രമമായ സന്ദർശനങ്ങൾ സി.ഡബ്ല്യു.സി നടത്തുകയും ഫോസ്റ്റർ കെയറിൽ ഉള്ള കുട്ടികൾ സുരക്ഷിതവും സുഖകരവുമായ ജീവിതം നയിക്കുന്നു എന്ന് ഉറപ്പ് വരുത്താനായി ഫലപ്രദമായ തുടർനടപടികൾ എടുക്കേണ്ടതുമാണ്.
- കുഞ്ഞുങ്ങളുടെ സുരക്ഷിതമായ ഉപേക്ഷിക്കലിനായി, ചട്ടത്തിൽ നിഷ്കർഷിക്കുന്നത് പോലെ ശിശു തൊട്ടിൽ ഇടങ്ങൾ സ്ഥാപിക്കണം.
- ഐ.സി.പി.എസിൽ നിന്ന് സ്പോൺസർഷിപ്പ് കിട്ടുന്ന കുട്ടികൾക്ക് എസ്.സി./എസ്.റ്റി. വികസന വകുപ്പിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നില്ലെന്ന് വകുപ്പ് ഉറപ്പ് വരുത്തണം.

(ഖണ്ഡിക 2.1)

രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാന്റെ നടപ്പാക്കൽ

2013 സെപ്റ്റംബറിൽ മാനവ വിഭവശേഷി വികസന മന്ത്രാലയം (എംഎച്ച്ആർഡി) ആരംഭിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ). ഈ പദ്ധതി XII, XIII പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പിലാക്കേണ്ടതാണ്. ഉന്നതവിദ്യാഭ്യാസ മേഖലയുടെ മൊത്തത്തിലുള്ള സംരംഭങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും അതു നിരീക്ഷിക്കുന്നതിനുമുള്ള മതിയായ ശേഷി വികസിപ്പിക്കുന്നതിന് സംസ്ഥാനങ്ങളെ പ്രാപ്തമാക്കുകയും ശാക്തീകരിക്കുകയും ചെയ്യുക എന്നതായിരുന്നു റൂസയുടെ പ്രധാന ലക്ഷ്യം. 2013-17 കാലയളവിൽ റൂസ 1.0, 2018-22 കാലയളവിൽ റൂസ 2.0 എന്നീ രണ്ട് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കേണ്ടിയിരുന്നത്.

റൂസ മാർഗ്ഗനിർദ്ദേശങ്ങളിൽ (2013 സെപ്റ്റംബർ) വിവരിച്ചിരിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്നതിനായി 2007-ലെ കേരള ഉന്നത വിദ്യാഭ്യാസ നിയമത്തെ (ആക്ട്) ഭേദഗതി ചെയ്തത് അഞ്ച് വർഷത്തെ ഇടവേളയ്ക്ക് ശേഷം 2018 ജൂലൈയിൽ മാത്രമാണ്. ഭേദഗതി ചെയ്ത നിയമത്തിലെ ചില വ്യവസ്ഥകൾ റൂസ മാർഗ്ഗനിർദ്ദേശങ്ങളിലെ വ്യവസ്ഥകളുമായി പൊരുത്തപ്പെടുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഉദാഹരണത്തിന്, റൂസ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, കൗൺസിലിന്റെ ചെയർമാൻ തെളിയിക്കപ്പെട്ട നേതൃഗുണങ്ങളുള്ള ഒരു പ്രമുഖ അക്കാദമിക്/പൊതു ബുദ്ധിശാലിയായിരിക്കണം. എന്നാൽ ഭേദഗതി ചെയ്ത നിയമത്തിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ മന്ത്രിയെയാണ് കൗൺസിൽ ചെയർമാനായി പരിഗണിക്കുന്നത്.

സംസ്ഥാന ഉന്നത വിദ്യാഭ്യാസ പദ്ധതി (എസ്എച്ച്ഇപി) തയ്യാറാക്കുന്നതിൽ കാലതാമസമുണ്ടായിരുന്നു. ഉന്നതവിദ്യാഭ്യാസത്തിലെ പ്രവേശനം, തുല്യത, മികവ് എന്നിവയിൽ നിർണ്ണായകമായ ആവശ്യങ്ങൾ വിശകലനം ചെയ്യുന്നതിനുള്ള ഒരു അടിസ്ഥാന സർവ്വേ സംസ്ഥാനം എസ്.എച്ച്.ഇ.പി. രൂപീകരിക്കുന്നതിന് മുമ്പ് നടത്തിയിരുന്നില്ല. തെരഞ്ഞെടുത്ത ഏഴ് സ്ഥാപനങ്ങളിൽ ഡിപിആർ സമർപ്പിക്കാൻ 347 ദിവസം മുതൽ 4 ½വർഷം വരെ കാലതാമസം ഉണ്ടായിരുന്നു. പദ്ധതിയുടെ വ്യാപ്തി സർക്കാർ സ്ഥാപനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്താനുള്ള ജിഒകെയുടെ തീരുമാനം നാക് അക്രഡിറ്റേഷനുള്ള 166 സർക്കാർ എയ്ഡഡ് കോളേജുകളെ റൂസ 1.0 ലേക്ക് പരിഗണിക്കുന്നതിൽ നിന്ന് തടഞ്ഞു. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന് (കെഎസ്എച്ച്ഇസി) ഫണ്ട് കൈകാര്യം ചെയ്യുന്നതിനുള്ള അധികാരം സർക്കാർ ഒഴുവാക്കിയതു മൂലം റൂസ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചു. സംസ്ഥാന പ്രോജക്ട് ഡയറക്ടറിന്(എസ്പിഡി) സംസ്ഥാന വിഹിതം അനുവദിക്കുന്നതിൽ 19 മുതൽ 359 ദിവസം വരെ കാലതാമസമുണ്ടായി.

സംസ്ഥാനം ഫിസിക്കൽ ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രോജക്ട് അപ്രൂവൽ ബോർഡിന് സമർപ്പിക്കാൻ വൈകിയത് മൂലം കേന്ദ്ര-സംസ്ഥാന വിഹിതത്തിന്റെ അവസാന ഗഡു സ്ഥാപനങ്ങൾക്ക് ലഭിച്ചില്ല. 2018-23 കാലയളവിൽ ഉന്നതവിദ്യാഭ്യാസത്തിനുള്ള യഥാർത്ഥ ചെലവ് സംസ്ഥാനത്തെ ജിഎസ്ഡിപിയുടെ 0.44 ശതമാനം മുതൽ 0.51 ശതമാനം വരെയാണ് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പദ്ധതി പ്രകാരം വിഭാവനം ചെയ്തതുപോലെ, ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കുള്ള ചെലവ് സർക്കാർ വർദ്ധിപ്പിച്ചില്ല.

ഒറിജിനൽ ഡിപിആർ അംഗീകരിച്ച് മൂന്ന് വർഷത്തിന് ശേഷവും, നടപ്പിലാക്കേണ്ട പദ്ധതിയെക്കുറിച്ച് തൃപ്പൂണിത്തുറ ഗവൺമെന്റ് കോളേജിന് തീരുമാനമെടുക്കാൻ കഴിഞ്ഞില്ല, പകരം, ഒന്നിലധികം പ്രവൃത്തികൾ പരിശോധിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിനാൽ അനുവദിച്ച ഫണ്ട്

വിനിയോഗിക്കാതെ അവശേഷിച്ചു. വീഡിയോ കോൺഫറൻസിംഗ് സൗകര്യങ്ങളുടെ സംയോജനം പൂർത്തീകരിക്കുന്നത് 31 സ്ഥലങ്ങളിൽ ഉറപ്പുവരുത്താതെ എസ്പിഡി മുഴുവൻ തുകയും കെൽട്രോണിലേക്ക് അടച്ചതുമൂലം ₹1.24 കോടിയുടെ ചെലവ് നിഷ്ഫലമായി. വയനാട് ജില്ലയിൽ ഒരു ന്യൂ മോഡൽ ഡിഗ്രി കോളേജ് (എൻഎംഡിസി) സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക്, 2018 ജൂലൈയിൽ അംഗീകാരം ലഭിച്ചെങ്കിലും നിർമ്മാണ പദ്ധതി 2024 ഫെബ്രുവരി ആയിട്ടും ആരംഭിച്ചില്ല, അതായത്, അഞ്ചു വർഷം പിന്നിട്ടതിന് ശേഷവും സ്ഥാപനങ്ങൾ ഏറ്റെടുത്ത പ്രോജക്ടുകൾ ഡി.പി.ആർ-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളോ, നടപ്പിലാക്കാൻ സാങ്കേതിക അനുമതി ലഭിച്ച പ്രവൃത്തികളോ ആയിരുന്നില്ല. ഇത് കൂടാതെ, കണ്ണൂർ സർവകലാശാല സെമിനാർ കോംപ്ലക്സിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സർവകലാശാലയുടെ സിൻഡിക്കേറ്റ്, പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അവഗണിച്ച് അധിക മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചും ജോലി പൂർത്തിയാക്കുന്നതിനുള്ള കാലാവധി ഒരു വർഷത്തേക്ക് അന്യായമായി നീട്ടിക്കൊടുത്തും കരാറുകാരനോട് അനാവശ്യമായ പ്രീതി കാണിച്ചു. റൂസ ഫണ്ടിൽ നിന്ന് ₹5.13 കോടി ചെലവഴിച്ചിട്ടും 2019 ജൂൺ മുതൽ ഏകദേശം അഞ്ച് വർഷം കഴിഞ്ഞിട്ടും കരാറുകാരൻ പണി പൂർത്തിയാക്കിയിട്ടില്ല. കൂടാതെ കണ്ണൂർ സർവകലാശാലയിലെ സയന്റിഫിക് ഇൻസ്ട്രുമെന്റേഷൻ സെന്റർ അഞ്ച് വർഷം കഴിഞ്ഞിട്ടും പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതിനാൽ സെന്ററിൽ സ്ഥാപിക്കുന്നതിനായി ₹2.20 കോടിയ്ക്ക് വാങ്ങിയ നാല് ഉപകരണങ്ങൾ സർവകലാശാലയുടെ വിവിധ ക്യാമ്പസുകളിലെ വകുപ്പ് മേധാവികളുടെ പക്കൽ ആണ്. കാലടി, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല ഓഡിറ്റോറിയത്തിന്റെ നിർമ്മാണം ഫണ്ട് കൈമാറി അഞ്ച് വർഷം കഴിഞ്ഞിട്ടും പൂർത്തിയായില്ല.

പ്രവേശനം, തുല്യത, ഗുണനിലവാരം എന്നീ പ്രശ്നങ്ങൾ തുല്യമായ രീതിയിൽ പരിഹരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാനാണ് റൂസ ലക്ഷ്യമിട്ടത്. നിലവിലുള്ള കെട്ടിടങ്ങളെ പൂർണ്ണമായി ഭിന്നശേഷി സൗഹൃദവും തടസ്സരഹിത അന്തരീക്ഷവുമാക്കി മാറ്റുന്നത് പോലെയുള്ള തുല്യതാപ്രശ്നങ്ങൾ പരിഹരിക്കുന്നതിലൂടെ, നഷ്ടം സംഭവിച്ചതും പാർശ്വവത്കരിക്കപ്പെട്ടതുമായ വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ സ്വാധീനമുണ്ടാകുമെന്ന് പ്രതീക്ഷിച്ചിരുന്നു. എന്നിരുന്നാലും പരിശോധന നടത്തിയ 16 സ്ഥാപനങ്ങളിൽ നാല് സ്ഥാപനങ്ങൾ മാത്രമാണ് പ്രത്യേക ടോയ്‌ലറ്റുകൾ, എലിവേറ്ററുകൾ, റാംപുകൾ തുടങ്ങി ₹239 ലക്ഷത്തിന്റെ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയത്. അങ്ങനെ, റൂസ യുടെ കീഴിലുള്ള ഘടകങ്ങൾ തെരഞ്ഞെടുക്കുമ്പോൾ സ്ഥാപനങ്ങളിൽ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് കുറഞ്ഞ പരിഗണനയേ നൽകിയിരുന്നുള്ളു.

തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ ബോർഡ് ഓഫ് ഗവർണർമാരുടെയും പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റിന്റെയും രൂപീകരണം നടക്കാത്തത് സ്ഥാപന പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സമയബന്ധിതമായി അവലോകനം ചെയ്യുന്നതിനും തീരുമാനമെടുക്കുന്നതിനും മുൻഗണന നൽകുന്നില്ല എന്നതിന്റെ തെളിവാണ്. 2024 ജനുവരിയിൽ നടത്തിയ റൂസ വെബ്സൈറ്റിലെ ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ഓഡിറ്റ് വിശകലനത്തിൽ, ധനസഹായം ലഭിച്ച 157 സ്ഥാപനങ്ങളിൽ 19 എണ്ണം മാത്രമാണ് പദ്ധതി നടത്തിപ്പിന്റെ നിലയെക്കുറിച്ചുള്ള വിവരങ്ങൾ ജിയോ ടാഗ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമായി. ഇത് സൂചിപ്പിച്ചത് വെബ് അധിഷ്ഠിത നിരീക്ഷണ സംവിധാനത്തിന്റെ സാധ്യതകൾ സംസ്ഥാനത്ത് ഫലപ്രദമായി വിനിയോഗിച്ചിട്ടില്ലെന്ന വസ്തുതയാണ്. 2018-23 വരെയുള്ള ഓഡിറ്റ് കാലയളവിൽ,

തെരഞ്ഞെടുത്ത 15 സ്ഥാപനങ്ങളിൽ നിയമിച്ച അതിഥി/കരാർ അധ്യാപകരുടെ എണ്ണം യുജിസി മാനദണ്ഡങ്ങളിൽ വ്യക്തമാക്കിയ 10 ശതമാനത്തിനു പകരം 42 മുതൽ 47 ശതമാനം വരെയാണ്. റൂസ 1.0-ന്റെ മുൻവ്യവസ്ഥകളും റൂസ 2.0-ന്റെ ലക്ഷ്യങ്ങളും പൂർണ്ണമായി കൈവരിക്കാൻ സംസ്ഥാനത്തിന് സാധിച്ചില്ല.

ശിപാർശകൾ: സംസ്ഥാന സർക്കാർ താഴെപ്പറയുന്ന കാര്യങ്ങൾ ഉറപ്പാക്കേണ്ടതാണ്:

- വെബ് അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ഏറ്റെടുക്കുന്ന എല്ലാ പ്രവൃത്തികളും ജിയോ ടാഗ് ചെയ്യുക.
- കേന്ദ്ര സർക്കാരുമായുള്ള ധാരണാപത്രം അനുസരിച്ച് ഉന്നതവിദ്യാഭ്യാസ ത്തിനുള്ള ചെലവ് ജിഎസ്ഡിപിയുടെ രണ്ട് ശതമാനമായി ഉയർത്തുക.
- സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിനായി മാനദണ്ഡങ്ങൾക്കനുസൃതമായി അധ്യാപക തസ്തികകളിലേക്കുള്ള ജീവനക്കാരുടെ നിയമനം നടത്തുക.
- ലക്ഷ്യമിടുന്ന നേട്ടങ്ങൾ കൈവരിക്കുന്നതിനായി റൂസയുടെ കീഴിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുകയും നീണ്ട കാലതാമസം വന്ന സന്ദർഭങ്ങളിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള സാധ്യത ആരായേണ്ടതുമാണ്.

(ഖണ്ഡിക 3.1)

അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

സമൂഹത്തിനുവേണ്ടി പൊതു ആസ്തികൾ നിർമ്മിക്കുന്നതിനായി കേരള സർക്കാർ മുടക്കിയ ധനം വിവിധ തലങ്ങളിലെ ഭരണപരമായ മേൽനോട്ടം, ഒത്തൊരുമിച്ചുള്ള പ്രവർത്തനം എന്നതിന്റെ അഭാവത്താൽ, സർക്കാർ പണത്തിന്റെ അപഹരണം, കെട്ടിടങ്ങളിലുള്ള നിഷ്ഫല ചെലവ്, നിഷ്ക്രിയ നിക്ഷേപം മുതലായ കാരണങ്ങൾ കൊണ്ട് ഉപയോഗിക്കാതിരിക്കുകയോ/തടയപ്പെട്ടുകിടക്കുകയോ ചെയ്തതിന്റെ സന്ദർഭങ്ങൾ ഓഡിറ്റിൽ കണ്ടു. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

പണാപഹരണം

- നിയമവ്യവസ്ഥകൾ പാലിക്കാത്തതും, മേൽനോട്ടനിയന്ത്രണങ്ങളുടെ അഭാവവും തിരുവനന്തപുരം വലിയതുറയിലെ നാളികേര നഴ്സറിയിൽ ₹1.28 ലക്ഷത്തിന്റെ ധനാപഹരണത്തിനു കാരണമായി.

  ക്യാഷ് ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്തുന്നതും, ഉചിതമായ അക്കൗണ്ട് ശീർഷകങ്ങളിലേക്കുള്ള കൃത്യമായ അടവുകളിലും ഉണ്ടായ വ്യവസ്ഥാപരമായ പോരായ്മകളും, ഒരു ഉദ്യോഗസ്ഥൻ തന്നെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തലുകൾ സ്ഥിരീകരിക്കുന്നതിലും സാക്ഷ്യപ്പെടുത്തുന്നതിലുമുള്ള ഗുരുതരമായ വീഴ്ചയും നാളികേര നഴ്സറിയിലെ ധനാപഹരണത്തിലേക്ക് നയിച്ചു. കൂടാതെ, അപഹരിച്ച തുക, ബന്ധപ്പെട്ട അധികൃതർ, സർക്കാർ തുകകൊണ്ട് തിരിച്ചടച്ചത് ദുർബ്ബലമായ ആന്തരിക നിയന്ത്രണത്തെ സൂചിപ്പിക്കുന്നു.

ശിപാർശ:

കേരള ട്രഷറി കോഡിലും കേരള ഫിനാൻഷ്യൽ കോഡിലും ഉള്ള നിയമവ്യവസ്ഥകൾ ദൈനംദിന പണമിടപാടുകളിൽ പാലിക്കപ്പെടുന്നുണ്ടെന്ന് ഓഫീസ് മേലധികാരികൾ കൃത്യമായി നിരീക്ഷിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തണം. ധനാപഹരണം ഒഴിവാക്കുന്നതിനായി ദുർബ്ബലമായ ആന്തരിക നിയന്ത്രണ സംവിധാനങ്ങൾ അടിയന്തിരമായി മെച്ചപ്പെടുത്തേണ്ടതാണ്.

(ഖണ്ഡിക 4.1)

നിഷ്ഫല ചെലവ്

- കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിലെ ഏകോപനമില്ലായ്മയും, കാര്യക്ഷമമായ നിരീക്ഷണത്തിന്റെ അഭാവവും മൂലം രണ്ടു കെട്ടിടങ്ങൾക്കായി **₹15.03** കോടിയുടെ നിഷ്ഫലമായ ചെലവും, ഉപകരണങ്ങൾക്കായി **₹5.05** കോടിയുടെ നിഷ്ക്രിയ നിക്ഷേപവും ഉണ്ടായി.

(ഖണ്ഡിക 4.2)

- വട്ടവടയിൽ **₹2.45** കോടി ചെലവിൽ ഗതാഗത യോഗ്യമായ റോഡില്ലാതെ, അനുയോജ്യമല്ലാത്ത സ്ഥലത്ത് സ്ഥാപിച്ച കാർഷിക മാർക്കറ്റ് സമുച്ചയം ഉദ്ഘാടനം കഴിഞ്ഞ് നാല് വർഷം പിന്നിട്ടിട്ടും പ്രവർത്തനരഹിതമാണ്.

(ഖണ്ഡിക 4.3)

അവതാരിക

അദ്ധ്യായം I
അവതാരിക

1.1. ഈ റിപ്പോർട്ടിനെക്കുറിച്ച്

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (സി ആന്റ് എജി) ഈ റിപ്പോർട്ട്, സർക്കാർ വകുപ്പുകളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും അനുവർത്തന ഓഡിറ്റിൽ നിന്നും ഉയർന്നു വന്ന വിഷയങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഇന്ത്യയുടെ ഭരണഘടനാ വ്യവസ്ഥകൾ, ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ, റെഗുലേഷനുകൾ, ഉത്തരവാദപ്പെട്ട അധികാരികൾ ഇറക്കിയ ഉത്തരവുകൾ, നിർദ്ദേശങ്ങൾ എന്നിവ പാലിക്കപ്പെടുന്നുണ്ടോ എന്നറിയുന്നതിനുവേണ്ടി ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങളുടെ ചെലവുമായി ബന്ധപ്പെട്ട ഇടപാടുകളുടെ പരിശോധനയാണ് അനുവർത്തന ഓഡിറ്റിൽ പരാമർശിക്കുന്നത്.

ഈ റിപ്പോർട്ടിന്റെ പ്രാഥമിക ലക്ഷ്യം ഓഡിറ്റിന്റെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ സംസ്ഥാന നിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയെന്നുള്ളതാകുന്നു. ഓഡിറ്റിന്റെ കണ്ടെത്തലുകൾ ഭരണാധികാരികൾക്ക് തിരുത്തൽ നടപടികൾ കൈക്കൊള്ളുന്നതിനും, സ്ഥാപനങ്ങളുടെ സാമ്പത്തിക പരിപാലനം മെച്ചപ്പെടുത്തുന്നതിലേയ്ക്ക് നയിക്കുന്ന നയങ്ങളും നിർദ്ദേശങ്ങളും രൂപപ്പെടുത്തുന്നതിനും സഹായകമാവുകയും അങ്ങനെ നല്ല ഭരണക്രമത്തിന് വഴിതെളിക്കുകയും ചെയ്യുന്നു.

ഈ അദ്ധ്യായം ഓഡിറ്റിന്റെ അധികാരപരിധിയിൽ വരുന്ന യൂണിറ്റുകളുടെ രൂപരേഖയും, ഓഡിറ്റിന്റെ ആസൂത്രണവും വ്യാപ്തിയും വിവരിക്കുന്നതോടൊപ്പം മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടികളെക്കുറിച്ചും പ്രതിപാദിക്കുന്നു.

1.2. ഓഡിറ്റിന്റെ അധികാരപരിധിയിൽ വരുന്ന യൂണിറ്റുകളുടെ രൂപരേഖ

സംസ്ഥാനത്ത് **2022-23**-ൽ സെക്രട്ടറിയേറ്റ് തലത്തിൽ **46** വകുപ്പുകളുണ്ടായിരുന്നു. അതിൽ **33** സെക്രട്ടറിയേറ്റ് വകുപ്പുകളുടെയും അതിനുകീഴിലുള്ള എല്ലാ പൊതുമേഖലാ/ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെയും ഓഡിറ്റ്, അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I), കേരള (എജി (ഓഡിറ്റ് I)) നടത്തുന്നു. വകുപ്പുകൾക്ക് അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ നേതൃത്വം നൽകുന്നു. അവരുടെ കീഴിൽ ഡയറക്ടർമാരും, കമ്മീഷണർമാരും സഹഉദ്യോഗസ്ഥരുമുണ്ട്. **14** വകുപ്പുകളുടെ[1] ഓഡിറ്റ്, അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരള (എജി (ഓഡിറ്റ് II)) നടത്തുന്നു.

2022-23 കാലയളവിലും അതിനുമുമ്പുള്ള നാല് വർഷങ്ങളിലും സർക്കാർ നടത്തിയ ചെലവുകളുടെ താരതമ്യ വിവരണം **പട്ടിക 1.1**-ൽ കൊടുത്തിരിക്കുന്നു.

[1] മത്സ്യബന്ധനവും തുറമുഖങ്ങളും വകുപ്പിന്റെ കാര്യത്തിൽ, മത്സ്യബന്ധനത്തിന് കീഴിലെ സ്ഥാപനങ്ങൾ എജി (ഓഡിറ്റ് I) ഓഡിറ്റ് ചെയ്യുകയും തുറമുഖത്തിന്റെ കീഴിലെ സ്ഥാപനങ്ങൾ എജി (ഓഡിറ്റ് II) ഓഡിറ്റ് ചെയ്യുകയും ചെയ്യുന്നു.

പട്ടിക 1.1: ചെലവുകളുടെ താരതമ്യം

(₹ കോടിയിൽ)

ചെലവുകൾ	2018-19	2019-20	2020-21	2021-22	2022-23
റവന്യൂ ചെലവുകൾ	**110316.39**	**104719.92**	**123446.33**	**146179.51**	**141950.93**
പൊതു സേവനങ്ങൾ	50827.13	55504.03	50360.72	70110.00	69831.68
സാമൂഹിക സേവനങ്ങൾ	38210.77	34044.77	44832.44	50695.61	50275.91
സാമ്പത്തിക സേവനങ്ങൾ	12379.77	9107.25	18760.72	15713.81	12280.82
ധനസഹായങ്ങളും സംഭാവനകളും	8898.72	6063.87	9492.45	9660.09	9562.52
മൂലധന ചെലവുകൾ	**7430.54**	**8454.80**	**12889.65**	**14191.73**	**13996.56**
പൊതു സേവനങ്ങൾ	197.96	157.42	259.84	268.26	306.89
സാമൂഹിക സേവനങ്ങൾ	1784.29	1090.64	2277.90	3342.63	3030.08
സാമ്പത്തിക സേവനങ്ങൾ	5448.29	7206.74	10351.91	10580.84	10659.59
ആകെ	**117746.93**	**113174.72**	**136335.98**	**160371.24**	**155947.49**

(ഉറവിടം: അതാത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ)

1.3. ഓഡിറ്റ് ചെയ്യുന്നതിനുള്ള അധികാരം

സി ആന്റ് എജിയ്ക്ക് ഓഡിറ്റ് ചെയ്യാനുള്ള അധികാരം ലഭിച്ചിരിക്കുന്നത് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 149-ഉം 151-ഉം അനുസരിച്ചും, 1971-ലെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (ചുമതലകൾ, അധികാരങ്ങൾ, സേവന വ്യവസ്ഥകൾ) നിയമം (സി ആന്റ് എജിയുടെ (ഡിപിസി) നിയമം) അനുസരിച്ചുമാണ്. കേരള സർക്കാരിന്റെ വകുപ്പുകളിലെ ചെലവുകളുടെ ഓഡിറ്റ് സി ആന്റ് എജി നടത്തുന്നത് സി ആന്റ് എജിയുടെ (ഡിപിസി) നിയമത്തിലെ 13-ാം വകുപ്പ് പ്രകാരമാണ്. സി ആന്റ് എജിയുടെ (ഡിപിസി) നിയമത്തിലെ 19, 20(1) വകുപ്പുകൾ പ്രകാരം ഓഡിറ്റ് ചെയ്യപ്പെടുന്ന 24 സ്വയംഭരണ സ്ഥാപനങ്ങളുടെ ഏക ഓഡിറ്ററാണ് സി ആന്റ് എജി. ഇതുകൂടാതെ, 1,158 വിദ്യാഭ്യാസ സ്ഥാപനങ്ങൾ[2], 50 പൊതുമേഖലാ സ്ഥാപനങ്ങൾ, 1,200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ[3] എന്നിവയ്ക്ക് പുറമെ, സർക്കാർ ഗണ്യമായ സാമ്പത്തിക സഹായം നൽകുന്ന 121 സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റും സി ആന്റ് എജിയുടെ (ഡിപിസി) നിയമത്തിലെ 14-ഉം 15-ഉം വകുപ്പുകൾ പ്രകാരം സി ആന്റ് എജി നടത്തുന്നു. വിവിധ ഓഡിറ്റുകളുടെ തത്വങ്ങളും രീതികളും സി ആന്റ് എജി പുറത്തിറക്കിയിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സിലും റഗുലേഷൻസ് ഓൺ ഓഡിറ്റ് ആന്റ് അക്കൗണ്ട്സിലും നിഷ്കർഷിച്ചിരിക്കുന്നു.

1.4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I), കേരള-യുടെ ഓഫീസിന്റെ ഘടന

സി ആന്റ് എജിയുടെ നിർദ്ദേശപ്രകാരം എജി (ഓഡിറ്റ് I) യുടെ ഓഫീസ് സംസ്ഥാനത്തുടനീളം വ്യാപിച്ചുകിടക്കുന്ന 33 സർക്കാർ വകുപ്പുകളുടെയും അവയ്ക്ക് കീഴിലെ ഓഫീസുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും കാര്യാലയങ്ങളുടെയും ഓഡിറ്റ് നടത്തുന്നു.

---

[2] സർക്കാർ-എയ്ഡഡ് കോളേജുകൾ: 184;
സർക്കാർ-എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾ: 846;
സർക്കാർ-എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ: 128.

[3] ഗ്രാമപഞ്ചായത്തുകൾ: 941, ബ്ലോക്ക് പഞ്ചായത്തുകൾ: 152, ജില്ലാ പഞ്ചായത്തുകൾ: 14, മുനിസിപ്പൽ കോർപ്പറേഷനുകൾ: 6, മുനിസിപ്പാലിറ്റികൾ: 87

1.5. ഓഡിറ്റിന്റെ ആസൂത്രണവും നടത്തിപ്പും

ചെലവ്, പ്രവർത്തനങ്ങളുടെ സങ്കീർണ്ണത/ നിർണ്ണായകാവസ്ഥ, വിവിധതലങ്ങളിൽ അർപ്പിതമായ സാമ്പത്തിക അധികാരങ്ങൾ, മൊത്തത്തിലുള്ള ആന്തരിക നിയന്ത്രണങ്ങളെക്കുറിച്ചുള്ള വിലയിരുത്തൽ, തൽപ്പരകക്ഷികളുടെ ആശങ്കകൾ എന്നിവയെ അടിസ്ഥാനമാക്കി സർക്കാരിന്റെ വിവിധ വകുപ്പുകൾ നേരിടുന്ന റിസ്ക് നിർണ്ണയിച്ചാണ് ഓഡിറ്റ് പ്രക്രിയ ആരംഭിക്കുന്നത്. മുൻകാല ഓഡിറ്റ് കണ്ടെത്തലുകളും ഈ ഉദ്യമത്തിൽ പരിഗണിക്കാറുണ്ട്. മേൽവിവരിച്ച റിസ്ക് നിർണ്ണയിക്കലിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റിന്റെ ആവൃത്തിയും വ്യാപ്തിയും തീരുമാനിക്കുന്നു.

ഓഡിറ്റ് പൂർത്തിയാക്കിയതിനുശേഷം ഓഡിറ്റ് കണ്ടെത്തലുകൾ ഉൾക്കൊള്ളുന്ന പരിശോധനാ റിപ്പോർട്ടുകൾ ഓഫീസുകളുടെയും വകുപ്പുകളുടെയും തലവൻമാർക്ക് നൽകുന്നു. പരിശോധനാ റിപ്പോർട്ടുകൾ ലഭിച്ച തീയതി മുതൽ നാലാഴ്ചയ്ക്കുള്ളിൽ ഓഡിറ്റ് കണ്ടെത്തലുകൾക്ക് വകുപ്പുകൾ മറുപടി നൽകേണ്ടതാകുന്നു. മറുപടികൾ ലഭിക്കുന്ന സമയത്ത് ഓഡിറ്റ് കണ്ടെത്തലുകൾ തീർപ്പാക്കുകയോ അല്ലെങ്കിൽ അവ അനുവർത്തിക്കുന്നതിനുള്ള തുടർനടപടികൾ ഉപദേശിക്കുകയോ ചെയ്യുന്നു. ഈ പരിശോധനാ റിപ്പോർട്ടുകളിൽ നിന്നും ഉരുത്തിരിയുന്ന പ്രധാനപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ സി ആന്റ് എജിയുടെ റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി തയ്യാറാക്കുകയും, അവ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 151 (2) പ്രകാരം നിയമസഭയിൽ വയ്ക്കുന്നതിന് സംസ്ഥാന ഗവർണർക്ക് സമർപ്പിക്കുകയും ചെയ്യുന്നു.

2022-23 കാലയളവിൽ, എജി (ഓഡിറ്റ് I) യുടെ ഓഫീസിന്റെ അധികാര പരിധിയിൽ വരുന്ന വിവിധ വകുപ്പുകളിലെ/ സ്ഥാപനങ്ങളിലെ 680 യൂണിറ്റുകളിൽ ഓഡിറ്റ് നടത്തിയതിന് (അനുവർത്തന, പ്രവർത്തനക്ഷമതാ, സാമ്പത്തിക ഓഡിറ്റുകൾ) 25,860 പാർട്ടി ദിവസങ്ങൾ ഉപയോഗപ്പെടുത്തി. റിസ്ക് നിർണ്ണയിക്കൽ പ്രകാരം ഗണ്യമായ റിസ്കിന് സാധ്യതയുള്ള യൂണിറ്റുകളെയും സ്ഥാപനങ്ങളെയും ഓഡിറ്റിന്റെ ആസൂത്രണത്തിൽ ഉൾപ്പെടുത്തി.

1.6. ഓഡിറ്റിനോടുള്ള സർക്കാരിന്റെ പ്രതികരണമില്ലായ്മ

1.6.1. തീർപ്പാകാത്ത പരിശോധനാ റിപ്പോർട്ടുകൾ

പരിശോധനാ വേളയിൽ ശ്രദ്ധയിൽപ്പെടുന്ന ന്യൂനതകൾ, വീഴ്ചകൾ എന്നിവയുടെ ബാദ്ധ്യത ഉറപ്പാക്കുക, നിർദ്ദിഷ്ട ചട്ടങ്ങൾക്കും നടപടിക്രമങ്ങൾക്കും അനുസൃതമായി തിരുത്തൽ നടപടികൾ എടുക്കുക തുടങ്ങിയവ ഉറപ്പുവരുത്തുന്നതിനായി അക്കൗണ്ടന്റ് ജനറൽ നൽകുന്ന പരിശോധനാ റിപ്പോർട്ടുകൾക്ക് അധികാരികൾ സത്വരമായ പ്രതികരണം നൽകണമെന്ന് സംസ്ഥാന സർക്കാർ 2017-ൽ പുറത്തിറക്കിയ ഓഡിറ്റ് നിരീക്ഷണങ്ങളുടെയും പരിശോധനാ റിപ്പോർട്ടുകളുടെയും വേഗത്തിലുള്ള തീർപ്പാക്കൽ/ഓഡിറ്റ് ഖണ്ഡികകളുടെയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുമായി ബന്ധപ്പെട്ട വിഷയങ്ങളുടെയും സമയബന്ധിതമായ തീർപ്പാക്കൽ എന്നീ നിർദ്ദേശങ്ങൾ അടങ്ങിയിട്ടുള്ള ഹാൻഡ് ബുക്ക് വ്യവസ്ഥ ചെയ്യുന്നു. പരിശോധനാ റിപ്പോർട്ടുകൾ ലഭിച്ച് നാലാഴ്ചയ്ക്കുള്ളിൽ ഓഫീസ് തലവൻമാരും തൊട്ടടുത്ത ഉയർന്ന അധികാരികളും പരിശോധനാ റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരീക്ഷണങ്ങൾ പാലിക്കേണ്ടതും പോരായ്മകളും വീഴ്ചകളും പരിഹരിക്കേണ്ടതും അവയുടെ അനുവർത്തനം സത്വരമായി അക്കൗണ്ടന്റ് ജനറലിനെ അറിയിക്കേണ്ടതുമാണ്.

തീർപ്പാകാതെ അവശേഷിക്കുന്ന പരിശോധനാ റിപ്പോർട്ടുകളെക്കുറിച്ചുള്ള അർദ്ധവാർഷിക റിപ്പോർട്ടുകൾ, ഓഡിറ്റ് നിരീക്ഷണങ്ങളുടെ മേൽനോട്ടത്തിനുള്ള സൗകര്യത്തിനായി അതാത് വകുപ്പ് സെക്രട്ടറിമാർക്ക് അയച്ചുകൊടുക്കാറുണ്ട്.

2023 സെപ്റ്റംബർ 30-ന് 31 വകുപ്പുകളിലായി 5,550 പരിശോധനാ റിപ്പോർട്ടുകൾ (27,156 ഖണ്ഡികകൾ) (2023 മാർച്ച് 31 വരെ നൽകിയിട്ടുള്ളവ) തീർപ്പാകാതെ അവശേഷിക്കുന്നു. തീർപ്പാകാത്ത പരിശോധനാ റിപ്പോർട്ടുകളുടെയും ഖണ്ഡികകളുടെയും വിവരങ്ങൾ **അനുബന്ധം 1.1**-ൽ കൊടുത്തിരിക്കുന്നു.

1.6.2. ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ഖണ്ഡികകളോടുള്ള വകുപ്പുകളുടെ പ്രതികരണം

പ്രതികരണം അറിയിക്കുന്നതിനായി 2024 ഫെബ്രുവരിക്കും 2024 ജൂലൈക്കുമിടയിൽ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ ബന്ധപ്പെട്ട വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും അയച്ചുകൊടുത്തിരുന്നു. ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ച രണ്ട് വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റിനും, മൂന്ന് അനുവർത്തന ഓഡിറ്റ് ഖണ്ഡികകളിൽ രണ്ടെണ്ണത്തിനും സർക്കാരിന്റെ മറുപടി ലഭിച്ചു. ലഭിച്ച മറുപടികൾ ഈ റിപ്പോർട്ടിൽ ഉചിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

1.6.3. ഓഡിറ്റ് റിപ്പോർട്ടുകളിൻമേലുള്ള തുടർനടപടി

സംസ്ഥാന സർക്കാർ 2017-ൽ പുറത്തിറക്കിയ ഓഡിറ്റ് നിരീക്ഷണങ്ങളുടെയും പരിശോധനാ റിപ്പോർട്ടുകളുടെയും വേഗത്തിലുള്ള തീർപ്പാക്കൽ/ഓഡിറ്റ് ഖണ്ഡികകളുടെയും, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയും പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും സമയബന്ധിതമായ തീർപ്പാക്കൽ എന്നിവയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ അടങ്ങിയിട്ടുള്ള ഹാൻഡ് ബുക്ക് അനുസരിച്ച് സി ആന്റ് എജിയുടെ റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയ ഓഡിറ്റ് ഖണ്ഡികകളിൻമേൽ എടുത്ത നടപടികളുടെ വിശദീകരണ പത്രിക, റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വച്ച് രണ്ടു മാസത്തിനുള്ളിൽ നേരിട്ട് നിയമസഭാ സെക്രട്ടറിയേറ്റിനും പകർപ്പുകൾ അക്കൗണ്ടന്റ് ജനറലിനും അയക്കേണ്ടതാണ്. 2023 സെപ്റ്റംബർ വരെയുള്ള സ്ഥിതിവിവരം അനുസരിച്ച് രണ്ട് ഭരണവകുപ്പുകൾ ഈ നിർദ്ദേശങ്ങൾ പാലിക്കാതെ, 2018-19 മുതൽ 2020-21 വരെയുള്ള കാലയളവിലെ 13 ഖണ്ഡികകളിൻമേൽ എടുത്ത നടപടികളുടെ വിശദീകരണ പത്രിക സമർപ്പിച്ചിട്ടില്ല. വിശദവിവരങ്ങൾ **അനുബന്ധം 1.2**-ൽ കൊടുത്തിരിക്കുന്നു.

1.6.4. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

2023 സെപ്റ്റംബർ വരെ, 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിലെ അഞ്ച് വകുപ്പുകളുടെ 71 ഖണ്ഡികകൾ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യാൻ അവശേഷിക്കുന്നു (**അനുബന്ധം 1.3**).

വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ്

അദ്ധ്യായം II
വനിതാ ശിശു വികസന വകുപ്പ്

2.1. സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെയും മറ്റ് ശിശു സംരക്ഷണ പദ്ധതികളുടെയും നടപ്പാക്കൽ

2.1.1. ആമുഖം

'ശിശു സംരക്ഷണം' എന്നത് കുട്ടികളെ, പ്രതീക്ഷിതമോ അല്ലെങ്കിൽ യഥാർത്ഥമോ ആയ അപകടത്തിൽ നിന്നോ അവരുടെ ജീവനും വ്യക്തിത്വത്തിനും ശൈശവത്തിനുമുള്ള ഭീഷണിയിൽ നിന്നോ അവരെ സംരക്ഷിക്കുന്നതിനെക്കുറിച്ചാണ്. അത് ഏതെങ്കിലും വിധത്തിലുള്ള ദ്രോഹപ്രവൃത്തിയോട് കുട്ടികൾക്കുള്ള വശംവദത്വത്തെ ലഘൂകരിക്കുന്നതും സാമൂഹിക സുരക്ഷാ വലയത്തിൽ നിന്ന് ഒരു കുട്ടിയും പുറത്ത് പോകില്ലെന്ന് ഉറപ്പാക്കുന്നതും അങ്ങനെ സംഭവിച്ച് കഴിഞ്ഞാൽ ആവശ്യമായ പരിചരണം, സംരക്ഷണം, പിന്തുണ എന്നിവയിലൂടെ അവരെ തിരിച്ച് സുരക്ഷാവലയത്തിൽ കൊണ്ടു വരുന്നതുമാണ്. സംയോജിത ശിശു സംരക്ഷണ പദ്ധതി (ഐ.സി.പി.എസ്)[4] എന്നത് 2009-10 വർഷത്തിൽ വനിതാ ശിശുവികസന മന്ത്രാലയത്തിനു കീഴിൽ ആരംഭിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതി ആയിരുന്നു. ഈ പദ്ധതി കുട്ടികൾക്ക് സ്ഥാപനപരമായ, കുടുംബപരമായ, സാമൂഹികാധിഷ്ഠിതമായ ശ്രദ്ധ ലഭ്യമാക്കുന്നതും അവരെ അപകട സാഹചര്യങ്ങൾ, അപായം, ദുരുപയോഗം എന്നിവയിൽ നിന്ന് സംരക്ഷിക്കുന്നതിനായുള്ള പ്രതിരോധ നടപടികൾ പ്രോത്സാഹിപ്പിക്കുന്നതും ലക്ഷ്യം വച്ചു. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം[5] (നിയമം) നടപ്പാക്കാനുള്ള സാമ്പത്തിക സഹായം ഐ.സി.പി.എസ് ലഭ്യമാക്കുന്നു.

(i) ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി) (ii) നൂതനമായ പ്രോജക്ടുകൾ - 12 ഉപ പദ്ധതികൾ ഉൾപ്പെടെ (**അനുബന്ധം 2.1**) തുടങ്ങിയ പദ്ധതികൾക്ക് ഫണ്ടുകൾ നൽകി കേരള സർക്കാരും കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും നിർവ്വഹിക്കുന്നു.

2.1.2. സംഘടനാപരമായ നില

സർക്കാർ തലത്തിൽ സംസ്ഥാനത്തിന്റെ വനിതാ ശിശു വികസന വകുപ്പിനെ (ഡബ്ല്യു.സി.ഡി.ഡി) നയിക്കുന്നത് പ്രിൻസിപ്പൽ സെക്രട്ടറിയാണ്. ഫീൽഡ് തലത്തിൽ അതിനെ നയിക്കുന്നത് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ ആണ്. സംസ്ഥാന, ജില്ലാ തലത്തിൽ ഐ.സി.പി.എസിന്റെ ഫലപ്രദമായ നടപ്പാക്കൽ ഉറപ്പാക്കുന്നതിനായി സംസ്ഥാനത്ത് സംസ്ഥാന ശിശു സംരക്ഷണ സൊസൈറ്റിയും (എസ്.സി.പി.എസ്) 14 ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളും (ഡി.സി.പി.യു-കൾ) സ്ഥാപിച്ചു (2014 ആഗസ്റ്റ്). സംസ്ഥാനത്ത് 27 സർക്കാർ ശിശു പരിപാലന സ്ഥാപനങ്ങളും (സി.സിഐ.-

---

[4] (i) ശ്രദ്ധയും സംരക്ഷണവും വേണ്ട കുട്ടികൾക്കും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കും - ബാലനീതിക്കായുള്ള പ്രോഗ്രാം (ii) തെരുവ് കുട്ടികൾക്കായുള്ള സംയോജിത പ്രോഗ്രാം (iii) ശിശുമന്ദിരങ്ങൾക്കായുള്ള സഹായത്തിനുള്ള പദ്ധതി (ശിശു ഗ്രേഹ്) എന്നീ മൂന്ന് സ്കീമുകളാണ് സംയോജിത ശിശു സംരക്ഷണ പദ്ധതിയിൽ (ഐ.സി.പി.എസ്) ഉൾപ്പെടുത്തിയത്

[5] 2000-ലെ ബാലനീതി (ശ്രദ്ധയും സംക്ഷരണവും) നിയമം റദ്ദാക്കിക്കൊണ്ട് ഭാരത സർക്കാർ 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംക്ഷണവും) നിയമം കൊണ്ടുവന്നു.

കൾ) എൻ.ജി.ഒകൾ[6] നടത്തിയിരുന്ന 697 സി.സി.ഐ-കളും ഉണ്ടായിരുന്നു. കൂടാതെ, കുട്ടികളുടെ ദത്തെടുക്കലും ബന്ധപ്പെട്ട കാര്യങ്ങളും കൈകാര്യം ചെയ്യുന്നതിനായി എസ്.സി.പി.എസിന്റെ കീഴിൽ ഒരു യൂണിറ്റായി സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി (എസ്.എ.ആർ.എ) പ്രവർത്തിച്ചു. 14 ജില്ലകളിലെ ഡി.സി.പി.യു-കളെ നയിക്കുന്നത് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരാണ് (ഡി.സി.പി.ഒ-മാർ). എല്ലാ 14 ജില്ലകളിലും ശിശു പരിപാലന സ്ഥാപനങ്ങൾ[7] ശിശുക്ഷേമ സമിതികൾ (സി.ഡബ്ല്യു.സി), ബാലനീതി ബോർഡുകൾ (ജെ.ജെ.ബി) എന്നിവ പ്രവർത്തിക്കുന്നു.

2.1.3. ഓഡിറ്റ് ലക്ഷ്യങ്ങളും മാനദണ്ഡങ്ങളും

അനുവർത്തന ഓഡിറ്റ് നടത്തിയത് താഴെപ്പറയുന്നവ ഉറപ്പാക്കാനാണ്.

- ഭാരതസർക്കാരിന്റെ പദ്ധതിയിലും/ മാർഗ്ഗരേഖകളിലും സംസ്ഥാന സർക്കാരിന്റെ പദ്ധതികളിലും വിഭാവനം ചെയ്ത രീതിയിൽ ഐ.സി.പി.എസും മറ്റ് ശിശു സംരക്ഷണപദ്ധതികളും ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും പര്യാപ്തമായ സംവിധാനങ്ങളും ഘടനകളും ഉണ്ടായിരുന്നോ;

- പദ്ധതിയുടെ മാർഗ്ഗരേഖകൾ, നിയമം, ചട്ടങ്ങൾ എന്നിവ വിഭാവനം ചെയ്യുന്നതുപോലെ പദ്ധതികളിലൂടെ പുനരധിവാസവും സാമൂഹിക പുനഃസംയോജനവും കൈവരിച്ചുവന്നിരുന്നോ;

- ഫലപ്രദമായും കാര്യക്ഷമമായും പദ്ധതി കൈകാര്യം ചെയ്യുന്നതിന് ഫണ്ടുകൾ പര്യാപ്തമായിരുന്നോ, അവ സമയത്ത് ലഭ്യമായിരുന്നോ അവ പിന്നീട് സൊസൈറ്റികൾക്ക്/ യൂണിറ്റുകൾക്ക് (എസ്.സി.പി.എസ് ഡി.സി.പി.യു.-കൾ, എസ്.എ.ആർ.എ തുടങ്ങിയവ) വകതിരിച്ച് കൊടുത്തിരുന്നോ;

- മാർഗ്ഗരേഖകൾ, നിയമം, ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾക്കനുസരിച്ച് പദ്ധതികളുടെ നടപ്പിലാക്കലിന്റെ മേൽനോട്ടം, പുരോഗതി, വിലയിരുത്തൽ എന്നിവയ്ക്ക് ഫലപ്രദമായ നിരീക്ഷണ സംവിധാനം ഉണ്ടായിരുന്നോ.

2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം, 2016-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) മാതൃകാ ചട്ടങ്ങൾ, ഐ.സി.പി.എസ് മാർഗ്ഗരേഖകൾ, 2017-ലെയും 2022-ലെയും അഡോപ്ഷൻ റേഗുലേഷനുകൾ എന്നിവ മുഖ്യമാനദണ്ഡങ്ങളായി ഓഡിറ്റ് സ്വീകരിക്കുകയും അതിനനുസരിച്ച് ഓഡിറ്റ് നിരീക്ഷണങ്ങൾ രൂപപ്പെടുത്തുകയും ചെയ്തു. സംസ്ഥാന പദ്ധതികൾ നടപ്പാക്കുന്നതിലെ കാര്യക്ഷമത സർക്കാർ ഉത്തരവുകളിൽ/നിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിരുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി വിലയിരുത്തപ്പെട്ടു.

2.1.4. ഓഡിറ്റിന്റെ വ്യാപ്തിയും രീതിയും

വനിതാ ശിശുവികസന വകുപ്പിനാണ് സംസ്ഥാനത്ത് ഐ.സി.പി.എസിന്റെയും മറ്റ് ശിശുസംരക്ഷണ പദ്ധതികളുടെയും നടത്തിപ്പിന്റെ ഉത്തരവാദിത്തം. 2018-19 മുതൽ

---

[6] സർക്കാരിതര സംഘടന

[7] സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികൾ, ശിശു മന്ദിരങ്ങൾ, നിരീക്ഷണ മന്ദിരങ്ങൾ, പ്രത്യേക മന്ദിരങ്ങൾ, ഓപ്പൺ ഷെൽട്ടറുകൾ, സുരക്ഷാ സ്ഥലങ്ങൾ എന്നിവ ഉൾപ്പെടുന്നു

2022-23 വരെയുള്ള കാലയളവിലെ ശിശുസംരക്ഷണ പദ്ധതികൾ ഉൾക്കൊള്ളിച്ച് കൊണ്ട് 2023 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ ഓഡിറ്റ് നടത്തപ്പെട്ടു.

സ്ട്രാറ്റിഫൈഡ് സാംപ്ലിംഗ് ഉപയോഗിച്ച് സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത അഞ്ച്[8] ജില്ലകളിലെ ശിശുസംരക്ഷണ പദ്ധതികളുടെ നടപ്പിലാക്കൽ ആയിരുന്നു ഓഡിറ്റിന്റെ വ്യാപ്തി. ഓഡിറ്റ് രീതിയിൽ രേഖകളുടെയും രജിസ്റ്ററുകളുടെയും പരിശോധന, സംയുക്ത ഭൗതിക പരിശോധന, സർക്കാർ, എസ്.സി.പി.എസ്, ഡി.സി.പി.യു-കൾ, ജെ.ജെ.ബി-കൾ, സി.ഡബ്ല്യു.സി-കൾ, സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികൾ (എസ്.എ.എ), സി.സി.ഐ-കൾ (**അനുബന്ധം 2.2**) തുടങ്ങിയവയ്ക്ക് അപേക്ഷ നൽകി ഡാറ്റാ ശേഖരിക്കൽ എന്നിവ ഉൾപ്പെട്ടു. സർക്കാരിൽ നിന്ന് ഗ്രാന്റ് കിട്ടിയ സി.സി.ഐ-കളെ മാത്രമേ പരിശോധനയ്ക്കായി സാംപ്ലിംഗിന് എടുത്തുള്ളൂ. 2023 മാർച്ച് 31-ന് സംസ്ഥാനത്തെ വിവിധ സി.സി.ഐ-കളിൽ 11,114 കുട്ടികൾ അന്തേവാസികളായിരുന്നു. തെരഞ്ഞെടുത്ത ജില്ലകളിലെ സി.സി.ഐ.-കളിലെ അന്തേവാസികളുടെ എണ്ണം 675 ആയിരുന്നു. സംസ്ഥാനത്ത് ശിശുസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഭാഗഭാക്കുകളാകുന്ന വകുപ്പുകളായ പോലീസ്, തൊഴിൽ, ആരോഗ്യം, പട്ടികജാതി/ പട്ടികവർഗ്ഗ വികസനം എന്നിവയിൽ നിന്നും ഓഡിറ്റിന് ഡാറ്റാ ലഭിച്ചു.

2023 മേയ് 16-ന് വനിതാ ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായി നടത്തിയ പ്രാരംഭ കൂടിക്കാഴ്ചയിൽ ഓഡിറ്റിന്റെ വ്യാപ്തി, രീതി, മാനദണ്ഡങ്ങൾ മുതലായവയെപ്പറ്റി ചർച്ച ചെയ്യുകയും ധാരണയിലെത്തുകയും ചെയ്തു.

വനിതാ ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായി 2024 മേയ് 17-ന് നടന്ന സമാപന കൂടിക്കാഴ്ചയിൽ അനുവർത്തന ഓഡിറ്റിലെ കണ്ടെത്തലുകളെപ്പറ്റി വിശദമായി ചർച്ച ചെയ്തു.

ഓഡിറ്റ് കണ്ടെത്തലുകൾ

2.1.5. ഫണ്ടിംഗ്

സംസ്ഥാനത്ത് ഐ.സി.പി.എസ് നടപ്പിലാക്കുന്നത് ഭാരത സർക്കാരിൽ നിന്നും കേരള സർക്കാരിൽ നിന്നുമുള്ള സാമ്പത്തിക സഹായം കൊണ്ടാണ്. ഓരോ വർഷവും സംസ്ഥാന സർക്കാർ പ്രോജക്റ്റ് അപ്രൂവൽ ബോർഡിന്റെ മുമ്പാകെ ബഡ്ജറ്റ് പ്രൊപ്പോസൽ വയ്ക്കുന്നു. പ്രോജക്റ്റ് അപ്രൂവൽ ബോർഡിൽ നിന്ന് അംഗീകാരം ലഭിച്ച് കഴിഞ്ഞ് സംസ്ഥാന സർക്കാരിന്റെ പക്കൽ മുൻവർഷത്തെ ചെലവാക്കാത്ത എന്തെങ്കിലും ബാക്കി തുക ഉണ്ടെങ്കിൽ അത് തട്ടിക്കിഴിച്ചിട്ട് ഭാരത സർക്കാർ കേന്ദ്രവിഹിതം സംസ്ഥാന സർക്കാരിന് നൽകുന്നു. കേന്ദ്രവിഹിതം ലഭിക്കുമ്പോൾ, കേന്ദ്ര വിഹിതത്തിനൊപ്പം സംസ്ഥാന വിഹിതവും ചേർത്ത് സംസ്ഥാന സർക്കാർ നടപ്പിലാക്കൽ യൂണിറ്റുകൾക്ക് പണം അനുവദിക്കുന്നു.

2018-22 കാലയളവിനിടയ്ക്ക് പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കായി ഭാരത സർക്കാർ വഹിക്കേണ്ടിയിരുന്ന സാമ്പത്തിക സഹായത്തിന്റെ അനുപാതം, പ്രോജക്റ്റ് ഘടകങ്ങളെ[9] ആശ്രയിച്ച് 35 മുതൽ 90 ശതമാനം വരെ ആയിരുന്നു. 2022-23 വർഷം

---

8 തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, വയനാട്, കണ്ണൂർ

9 സംസ്ഥാന പ്രോജക്റ്റ് സപ്പോർട്ട് യൂണിറ്റ് (എസ്.പി.എസ്.യു), സംസ്ഥാന ശിശു സംരക്ഷണ സൊസൈറ്റി (എസ്.സി.പി.എസ്), സംസ്ഥാന അഡോപ്ഷണ റിസോഴ്സ് ഏജൻസി (എസ്.എ.ആർ.എ), ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ (ഡിസിപിയു), ബാലനീതി ബോർഡുകൾ (ജെ.ജെ.ബി), ശിശുക്ഷേമ സമിതികൾ (സി.ഡബ്ല്യു.സി) എന്നീ നിയന്ത്രണ സ്ഥാപനങ്ങൾ, സർക്കാർ / എൻ.ജി.ഒ-കൾ നടത്തുന്ന മന്ദിരങ്ങൾ/ എസ്.എ.എ-കൾ, ഓപ്പൺ ഷെൽട്ടറുകൾ തുടങ്ങിയ എല്ലാ ഘടനാപരമായ ഘടകങ്ങളും

മുതൽ ഫണ്ടിംഗ് രീതി പരമ്പരാഗത രീതിയിൽ[10] നിന്ന് പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് രീതിയിലേയ്ക്കും[11] കേന്ദ്രത്തിനും സംസ്ഥാനത്തിനും ഇടയിലെ ഫണ്ടിംഗിന്റെ അനുപാത രീതി 60:40 -ലേയ്ക്കും മാറ്റി.

ഭാരത സർക്കാർ കേന്ദ്ര ഫണ്ടുകൾ അനുവദിച്ചിരുന്നത് താമസസൗകര്യ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സി.സി.ഐ-കളിലെ അന്തേവാസികളുടെ സ്ഥിരം അംഗസംഖ്യ ആയ 50-ന്റെയും 25-ന്റെയും അടിസ്ഥാനത്തിൽ ആയിരുന്നു. സി.സി.ഐ-കളിലെ കുട്ടികളുടെ എണ്ണം സ്ഥിരമായി നിലനിൽക്കാത്തതിനാൽ സി.സി.ഐ-കളിലെ യഥാർത്ഥ അംഗസംഖ്യയുടെ അടിസ്ഥാനത്തിലല്ല സംസ്ഥാനം ഫണ്ടുകൾ ആവശ്യപ്പെട്ടിരുന്നത്. പകരം, പദ്ധതിയുടെ മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ ഭാരത സർക്കാരിൽ നിന്ന് അനുവദനീയമായ മുഴുവൻ ഫണ്ടുകളും സ്വീകരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള പ്രൊപ്പോസൽ സംസ്ഥാനം മുന്നോട്ട് വച്ചു.

ഓഡിറ്റ് ചെയ്ത അഞ്ച് വർഷ കാലയളവിൽ ഭാരത സർക്കാരിൽ നിന്നും കേരള സർക്കാരിൽ നിന്നും ലഭിച്ച ഫണ്ടുകളും ഉണ്ടായ ചെലവും താഴെയുള്ള **പട്ടിക 2.1**-ൽ കാണിച്ചിരിക്കുന്നു.

പട്ടിക 2.1: 2018-19 മുതൽ 2022-23 കാലയളവിൽ കിട്ടിയ ഫണ്ടുകൾ, ഉണ്ടായ ചെലവ്, ചെലവഴിക്കാത്ത തുക എന്നിവയുടെ വിശദാംശങ്ങൾ

(₹ ലക്ഷത്തിൽ)

വർഷം	കിട്ടിയ ഫണ്ടുകൾ			മൊത്തം ചെലവ്[12]	വരും വർഷത്തെ വിതരണതുകയിൽ പുനരംഗീകരിച്ച/ തട്ടിക്കിഴിച്ച ഭാരത സർക്കാർ വിഹിതത്തിന്റെ ചെലവഴിക്കാത്ത തുക[13]
	ഭാരത സർക്കാർ വിഹിതം[14]	കേരള സർക്കാർ വിഹിതം[15]	ആകെ		
1	2	3	4 (2+3)	5	6
2018-19	1263.47	1383.27	2646.74	2351.89	216.95
2019-20	1487.50	991.67	2479.17	1093.21	733.20
2020-21	1135.82	1246.01	2381.83	1808.06	783.85
2021-22	607.45	1132.37	1739.82	1809.30	357.57
2022-23	1284.88	1212.54	2497.42	3005.66	580.24

(ഉറവിടം: കേരള സർക്കാർ സമർപ്പിച്ച വിനിയോഗ സാക്ഷ്യപത്രങ്ങളും ഡീറ്റെയിൽഡ് അപ്രോപ്രിയേഷൻ അക്കൗണ്ടുകളുടെ സാരാംശംവും)

---

10 സംസ്ഥാന ബഡ്ജറ്റ് വഴി ആയിരുന്നത്

11 പബ്ളിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (പി.എഫ്.എം.എസ്) എന്നത്, ഭാരത സർക്കാരിന്റെ ധനകാര്യ മന്ത്രാലയം, ഡിപാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചറിലെ, കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സ് (സി.ജി.എ) വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്ത ഒരു വെബ്-അധിഷ്ഠിത ഓൺലൈൻ സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ ആണ്.

12 ഐ.സി.പി.എസ് ഹെഡ് ഓഫ് അക്കൗണ്ട് 2235-02-102-61 (2021-22 വരെ)-ന് താഴെയും 2235-02-102-19 (2022-23 വരെ)-ന് താഴെയും അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളയുടെ ഓഫീസ് രേഖപ്പെടുത്തിയ തുകകൾ

13 ഭാരത സർക്കാരിന് സമർപ്പിക്കപ്പെട്ട വിനിയോഗ സാക്ഷ്യപത്രങ്ങൾ പ്രകാരം

14 ഭാരത സർക്കാരിന് സമർപ്പിക്കപ്പെട്ട വിനിയോഗ സാക്ഷ്യപത്രങ്ങൾ പ്രകാരം

15 എസ്.സി.പി.എസ് സമർപ്പിച്ച തുകകൾ

ഓരോ വർഷവും ചെലവഴിക്കപ്പെടാത്ത, ₹216.95 ലക്ഷം മുതൽ ₹783.85 ലക്ഷം വരെ വന്നിരുന്ന കേന്ദ്രഫണ്ടുകൾ ഭാരത സർക്കാർ പുനരംഗീകരിക്കുകയും അടുത്ത വർഷത്തെ ധനവിഹിതത്തിൽ തട്ടിക്കിഴിക്കുകയും ചെയ്തു.

ഓഡിറ്റിന്റെ നിർദ്ദേശം കണക്കിലെടുത്തുകൊണ്ട് അന്തേവാസികളുടെ എണ്ണം കൂടി പരിഗണിച്ചു ബഡ്ജറ്റ് കൂടുതൽ യുക്തിസഹമാക്കാനുള്ള സാധ്യത പരിശോധിക്കുമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമാപന കൂടിക്കാഴ്ചയിൽ (2024 മേയ്) ഉറപ്പ് നൽകി. എല്ലാ സാമ്പത്തിക വർഷത്തിന്റെയും അവസാനം മാത്രമേ ഭാരത സർക്കാരിൽ നിന്നുള്ള രണ്ടാം ഗഡു ലഭിക്കൂ എന്നതിനാൽ, സാമ്പത്തിക വർഷത്തിൽ ശേഷിക്കുന്ന പരിമിതമായ കാലയളവിനുള്ളിൽ എല്ലാ ഘടകങ്ങളും പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിയില്ലെന്ന് സർക്കാർ മറുപടിയിൽ പറഞ്ഞു (2024 ആഗസ്റ്റ്).

2.1.6. ഐ.സി.പി.എസ് നടപ്പിലാക്കുന്നതിനുള്ള ഘടനാപരമായ ചട്ടക്കൂട്

പതിനെട്ട് വയസ്സ് തികയാത്ത ഒരു വ്യക്തിയെയാണ് ജെ.ജെ നിയമത്തിൽ 'കുട്ടി'യായി നിർവ്വചിക്കുന്നത്. കുറ്റം ചെയ്ത ദിവസം 18 വയസ്സ് തികയാത്തതും കുറ്റം ചെയ്തതോ കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്നതോ ആയ വ്യക്തിയെയാണ് 'നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടി'യായി (സി.സി.എൽ) നിർവ്വചിക്കുന്നത്. സ്ഥിരമായ വാസസ്ഥലമില്ലാത്തതോ ജീവിക്കാൻ വകയില്ലാത്തതോ പ്രാബല്യത്തിൽ ഉള്ള തൊഴിൽ നിയമങ്ങൾക്ക് വിരുദ്ധമായി തൊഴിൽ ചെയ്യുന്നതോ ഭിക്ഷയാചിക്കുന്നതോ തെരുവിൽ കഴിയുന്നതോ, ഉപദ്രവിക്കുകയോ, ചൂഷണം ചെയ്യുകയോ, പീഡിപ്പിക്കുകയോ അവഗണിക്കുകയോ ചെയ്യുന്ന ഒരു വ്യക്തിയുടെ കൂടെ കഴിയുകയോ ചെയ്യുന്ന ഒരാളെയാണ് 'ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള ഒരു കുട്ടി'യായി (സി.എൻ.സി.പി) നിർവ്വചിക്കുന്നത്. സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ തീരുമാനിക്കാനായി, സി.സി.എല്ലിനെ ഒരു മെട്രോപൊലിറ്റൻ മജിസ്ട്രേറ്റ് അല്ലെങ്കിൽ ഒരു ഫസ്റ്റ് ക്ലാസ് ജ്യുഡീഷ്യൽ മജിസ്ട്രേറ്റ്, ഒരു വനിതാ ഉൾപ്പെടെ രണ്ട് സാമൂഹിക സേവകർ എന്നിവർ ചേർന്ന ഒരു ജെ.ജെ.ബി-യുടെ മുമ്പാകെ ഹാജരാക്കേണ്ടതാണ്. വിദ്യാഭ്യാസം, ആരോഗ്യം, ക്ഷേമം എന്നിവയിൽ കുറഞ്ഞത് ഏഴ് വർഷം കുട്ടികളോടൊപ്പം പ്രവർത്തിച്ച് പരിചയം ഉള്ളതോ, ഒരു പ്രാക്ടീസിംഗ് പ്രൊഫഷണലോ[16], ഒരു വിരമിച്ച ന്യായാധിപനോ അംഗങ്ങളായതും ഒരു ചെയർപേഴ്സണും ഉൾപ്പെട്ട സി.ഡബ്ല്യു.സി-യുടെ മുമ്പാകെ ഒരു സി.എൻ.സി.പി-യെ ഹാജരാക്കേണ്ടതാണ്.

പദ്ധതിയുടെ ഫലപ്രദമായ നടപ്പിലാക്കലിന് നിയമങ്ങൾ അനുശാസിക്കുന്ന രീതിയിൽ ഭരണസംവിധാനങ്ങളും ഘടനാസമ്പ്രദായങ്ങളും ഉണ്ടായിരുന്നോ എന്ന്, താഴെ വിവരിക്കുംവിധം ഓഡിറ്റ് പരിശോധിച്ചു.

2.1.6.1. നിയമവുമായുള്ള താരതമ്യത്തിൽ പദ്ധതി മാർഗ്ഗരേഖകളിലെ വ്യവസ്ഥകളുടെ പൊരുത്തമില്ലായ്മ

നിയമത്തിന്റെ വകുപ്പുകൾ 35-ഉം 36-ഉം പ്രകാരം അനാഥപ്പെട്ടതോ, ഏൽപ്പിക്കപ്പെട്ടതോ, ഉപേക്ഷിക്കപ്പെട്ടതായി കാണപ്പെടുന്നതോ ആയ ആറ് വയസിൽ താഴെയുള്ള ഒരു കുട്ടിയെ സി.ഡബ്ല്യു.സി-യ്ക്ക് ഒരു സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ

---

[16] ശിശുമനഃശാസ്ത്രം/ മനോരോഗചികിത്സ/ സാമൂഹികസേവനം/ സാമൂഹികശാസ്ത്രം/ മാനവ വികാസം/ നിയമമേഖലയിൽ ബിരുദമുള്ള ആൾ

ഏജൻസിയിൽ (എസ്.എ.എ) മാത്രമേ ഏൽപ്പിക്കാവൂ. കുട്ടിക്ക് ആറ് വയസ്സിന് മുകളിലാണ് പ്രായമെങ്കിൽ കുട്ടിയെ ഒരു ബാലമന്ദിരത്തിൽ ആക്കാവുന്നതാണ്.

ആറ് വയസിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് താമസസൗകര്യമുള്ള പരിചരണം ലഭ്യമാക്കുന്ന സർക്കാരും എൻ.ജി.ഒകളും നടത്തുന്ന എസ്.എ.എ-കളെ പിന്തുണയ്ക്കാനുള്ള നടപടികൾ ഐ.സി.പി.എസിന്റെയും മിഷൻ വാൽസല്യ[17]യുടെയും മാർഗ്ഗരേഖകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒരു കുട്ടിയും ഒരു വർഷത്തിൽ കൂടുതൽ എസ്.എ.എ യുടെ സംരക്ഷണയിൽ തുടരരുതെന്നാണ് ഈ മാർഗ്ഗരേഖകൾ പറയുന്നത്.

എസ്.എ.എ-യിൽ ഒരു കുട്ടി ഒരു വർഷത്തിലധികം താമസിക്കാൻ പാടില്ല എന്ന നിയന്ത്രണമേർപ്പെടുത്തുന്ന മാർഗ്ഗരേഖയിലെ മേൽപ്പറഞ്ഞ വ്യവസ്ഥ കുട്ടിയുടെ ഉത്തമ താൽപ്പര്യത്തിലായിരിക്കില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സാധാരണ രീതിയിൽ ദത്തെടുക്കപ്പെടാതെ കഴിയുന്ന ഒരു കുട്ടിയെ, ആറ് വയസ്സാകുന്നതുവരെ അല്ലെങ്കിൽ ദത്തെടുക്കപ്പെടുന്നതു വരെ, ഏതാണോ ആദ്യം വരുന്നത്, എസ്.എ.എ-യിൽ താമസിപ്പിക്കേണ്ടതാണ്. കൂടാതെ, ദത്തെടുക്കലിനല്ലാതെ, പ്രതികൂല കുടുംബസാഹചര്യങ്ങളിൽ നിന്ന് വന്ന് എസ്.എ,എ-ൽ താൽക്കാലികമായി താമസിപ്പിക്കപ്പെട്ടിരുന്ന കുട്ടികളുടെ കാര്യത്തിൽ സമയപരിധി ബാധകമാക്കാവുന്നതല്ല. അങ്ങനെ, എസ്.എ.എ-ൽ ഒരു കുട്ടിയെ താമസിപ്പിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ സമയപരിധി, നിയമവുമായി പൊരുത്തപ്പെടാത്തതിനാൽ പരിഷ്കരിക്കേണ്ടതുണ്ട്.

ജെ.ജെ നിയമത്തിന്റെ വകുപ്പ് 1(4) അനുസരിച്ച്, നിലവിൽ മറ്റേത് നിയമത്തിൽ എന്ത് തന്നെ അടങ്ങിയിരുന്നാലും ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ സംബന്ധിക്കുന്ന കാര്യങ്ങളിൽ നിയമത്തിലെ വ്യവസ്ഥകൾ ബാധകമാകുന്നതും, കുട്ടികളുടെ ഉത്തമ താൽപര്യം പരിഗണിച്ച്, നിയമം നിലനിൽക്കുന്നതുമാണ് എന്ന് സർക്കാർ പ്രസ്താവിച്ചു (2024 ഏപ്രിൽ).

2.1.6.2. സംസ്ഥാന ചട്ടങ്ങൾ രൂപീകരിക്കാത്തത്

നിയമത്തിന്റെ ലക്ഷ്യങ്ങൾ നിർവ്വഹിക്കാനായി സംസ്ഥാന സർക്കാർ ചട്ടങ്ങൾ ഉണ്ടാക്കണമെന്ന് നിയമത്തിന്റെ വകുപ്പ് 110 ആവശ്യപ്പെടുന്നു. ശിശുസംരക്ഷണ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനും ശിശുസംരക്ഷണ ലക്ഷ്യങ്ങൾ നേടുന്നതിനുമായി 2015 സെപ്റ്റംബറിലെ കേന്ദ്ര നിയമവും 2014 സെപ്റ്റംബറിലെ പദ്ധതിയുടെ മാർഗ്ഗരേഖകളും രൂപീകരിച്ചെങ്കിലും, സംസ്ഥാനം ചട്ടങ്ങളൊന്നും രൂപീകരിച്ചില്ല. ഭാരത സർക്കാർ പുറത്തിറക്കിയ 2022-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) മാതൃകാ ഭേദഗതി ചട്ടങ്ങളാണ് നിലവിൽ സംസ്ഥാന സർക്കാർ പിന്തുടരുന്നതും, എല്ലാ പ്രവർത്തനങ്ങളും ഈ മാതൃകാചട്ടങ്ങൾക്കനുസൃതമായാണ് ചെയ്യുന്നതും.

ഓഡിറ്റിനിടയിൽ ഒരു വ്യവസ്ഥ/റെഗുലേഷൻ എന്ന രൂപത്തിൽ സർക്കാരിന്റെ പ്രത്യേക ഇടപെടൽ വേണ്ടി വരുന്ന സന്ദർഭങ്ങൾ ഖണ്ഡിക 2.1.6.3-ൽ വിവരിക്കും വിധം, ശ്രദ്ധയിൽപ്പെട്ടു. നിയമത്തിന്റെ നടപ്പിലാക്കലിനു വേണ്ടി സംസ്ഥാന ചട്ടങ്ങൾ രൂപീകരിക്കുന്നത്, സംസ്ഥാന നിർദ്ദിഷ്ട സാഹചര്യങ്ങളിൽ നിയമത്തിന്റെ വ്യവസ്ഥകൾ

[17] 2017-ൽ ഐ.സി.പി.എസ് ശിശു സംരക്ഷണ സേവന പദ്ധതി എന്ന് പുനഃർനാമകരണം ചെയ്യുകയും 2022-23 മുതൽ മിഷൻ വാത്സല്യയുടെ കീഴിൽ ഉൾപ്പെടുത്തുകയും ചെയ്തു.

പാലിക്കുന്ന കാര്യത്തിൽ, എസ്.സി.പി.എസിന്റെയും ഡി.സി.പി.യു-കളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കും.

2022-ൽ ജെ.ജെ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതിക്കനുസൃതമായി സംസ്ഥാന കരട് ചട്ടങ്ങളുടെ പുനർരൂപകൽപ്പന പുരോഗതിയിലാണെന്നും വേഗം സമർപ്പിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നതായും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ).

2.1.6.3. സാധുവായ രജിസ്ട്രേഷൻ ഇല്ലാതെയുള്ള സി.സി.ഐ കളുടെ പ്രവർത്തനം

എല്ലാ സ്ഥാപനങ്ങളും, അവ സംസ്ഥാന സർക്കാരോ സ്വയംസേവന/ സർക്കാരിതര സംഘടനകളോ നടത്തുന്നവ ആകട്ടെ, കേന്ദ്ര/സംസ്ഥാന സർക്കാരിൽ നിന്ന് ഗ്രാന്റ് കിട്ടുന്നതോ അല്ലാത്തതോ എന്ന് പരിഗണിക്കാതെ, രജിസ്റ്റർ ചെയ്യപ്പെടേണ്ടതാണെന്നാണ് നിയമത്തിന്റെ വകുപ്പ് 41(1) പ്രസ്താവിക്കുന്നത്. രജിസ്ട്രേഷന്റെ കാലാവധി അഞ്ച് വർഷം ആയിരിക്കുന്നതും അഞ്ച് വർഷ കാലാവധിയിൽ പുതുക്കേണ്ടതുമാണ്. ഒരു സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ/ പുതുക്കലിന് വേണ്ടിയുള്ള അപേക്ഷ സർക്കാരിന് സമർപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് സ്ഥാപനത്തിന്റെ സ്ഥാപിത ശേഷിയും ഉദ്ദേശ്യവും സംസ്ഥാന സർക്കാർ നിർണ്ണയിക്കേണ്ടതും രേഖപ്പെടുത്തേണ്ടതുമാണ്.

രജിസ്ട്രേഷൻ കാലാവധി തീരുന്നതിന് മൂന്ന് മാസം മുമ്പായി സി.സി.ഐ-കൾ പുതുക്കൽ തേടേണ്ടതും രജിസ്ട്രേഷന്റെ അപേക്ഷ അത് ലഭിച്ച തീയതി മുതൽ 60 ദിവസത്തിനകം തീർപ്പാക്കേണ്ടതുമാണ്. രജിസ്ട്രേഷൻ കഴിഞ്ഞ് സർക്കാർ എല്ലാ വർഷവും സി.സി.ഐ-കളിലെ സൗകര്യങ്ങൾ, ജീവനക്കാരുടെ അംഗബലം, അടിസ്ഥാന സൗകര്യങ്ങൾ, പരിചരണത്തിലെ നിലവാരം ഉറപ്പുവരുത്തൽ, പുനരധിവാസ പുനഃസംയോജന സേവനങ്ങൾ, ഭരണ നിർവ്വഹണം എന്നിവ പരിശോധിക്കണം എന്നാണ് 2016-ലെ ജെ.ജെ മാതൃകാ ചട്ടങ്ങളുടെ ചട്ടം 21(6) പ്രതിപാദിക്കുന്നത്. ഏത് വർഷമാണോ പുതുക്കലിന് അപേക്ഷിക്കുന്നത്, ആ വർഷത്തെ വാർഷിക അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം രജിസ്ട്രേഷൻ പുതുക്കൽ നടത്തേണ്ടത്. 2022 സെപ്റ്റംബർ വരെ സംസ്ഥാന സർക്കാരിന്റെ ചട്ടങ്ങളോ ഉത്തരവുകളോ ഒന്നും സി.സി.ഐ-കളിലെ വാർഷികാവലോകനം നടത്തുവാനായി ഒരു അധികാരിയെ ചുമതലപ്പെടുത്തിയില്ല. എന്നാൽ 2022 സെപ്റ്റംബർ കഴിഞ്ഞ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് സി.സി.ഐ-കളിലെ വാർഷിക പരിശോധന നടത്താൻ ജില്ലാ മജിസ്ട്രേറ്റിനെ (ഡി.എം) അധികാരപ്പെടുത്തി. സി.സി.ഐ-കളിൽ നിന്ന് ലഭിക്കുന്ന രജിസ്ട്രേഷനായുള്ള അപേക്ഷകൾ ഡി.സി.പി.യു-കൾ സൂക്ഷ്മപരിശോധന നടത്തേണ്ടതും ഡി.എം-ന് അയയ്ക്കേണ്ടതും, ഡി.എം., സി.സി.ഐ-കളിൽ പരിശോധന നടത്തിയിട്ട് അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ഡബ്ല്യു.സി.ഡി.ഡി-യുടെ ഡയറക്ടർക്ക് നൽകേണ്ടതുമാണ്.

തെരഞ്ഞെടുത്ത അഞ്ച് ജില്ലകളിൽ 2022-23 കാലയളവിൽ ആകെ 214 സി.സി.ഐ-കൾ പ്രവർത്തിച്ചിരുന്നതിൽ 165 എണ്ണം 2023 മാർച്ചിനു മുമ്പ് രജിസ്ട്രേഷൻ പുതുക്കേണ്ടതായിരുന്നു. ഇപ്പറഞ്ഞവയിൽ, കണ്ണൂർ ജില്ലയിലെ മൂന്ന് സി.സി.ഐ-കൾ മാത്രമാണ് രജിസ്ട്രേഷൻ കാലാവധി തീരുന്ന തീയതിക്ക് മുമ്പ് രജിസ്ട്രേഷൻ പുതുക്കിയത്. 2022-23 കാലയളവിൽ തെരഞ്ഞെടുത്ത അഞ്ച് ജില്ലകളിൽ രജിസ്ട്രേഷൻ പുതുക്കലിനായി സമർപ്പിച്ച അപേക്ഷകളുടെ വിശദാംശങ്ങളും

ഡി.സി.പി.യു തലത്തിൽ നടപടി എടുക്കുന്നതിൽ വന്ന കാലതാമസത്തിന്റെ വിശദാംശങ്ങളും **പട്ടിക 2.2** വെളിപ്പെടുത്തുന്നു.

പട്ടിക 2.2: 2022-23 കാലയളവിൽ അപേക്ഷകൾ സമർപ്പിക്കുന്നതിലും നടപടി എടുക്കുന്നതിലുമുണ്ടായ കാലതാമസത്തിന്റെ വിശദാംശങ്ങൾ*

	തിരുവനന്തപുരം	ആലപ്പുഴ	എറണാകുളം	വയനാട്	കണ്ണൂർ	ആകെ
2022-23 കാലയളവിൽ ആകെ സിസിഐകളുടെ എണ്ണം	84	26	71	12	21	**214**
2023 മാർച്ച് 31-ന് മുമ്പ് രജിസ്ട്രേഷൻ ആവശ്യമുള്ള സിസിഐകളുടെ എണ്ണം	70	22	46	9	18	**165**
ലഭിച്ച അപേക്ഷകളുടെ എണ്ണം	59	21**	45	9	18	**152**
അപേക്ഷിക്കാത്ത സിസിഐകളുടെ എണ്ണം	11	01	0	0	0	**12**
വീണ്ടും രജിസ്റ്റർ ചെയ്യപ്പെട്ട സിസിഐകളുടെ എണ്ണം	0	0	0	0	3	**3**
ഡിസിപിയു തലത്തിൽ ആറ് മാസത്തിൽ കൂടുതൽ കാലതാമസം നേരിട്ട കേസുകളുടെ എണ്ണം	32	22	09	0	07	**70**

**2023 മാർച്ച് 31-ന്; ** റദ്ദാക്കലിനായി ഒരു അപേക്ഷ ലഭിച്ചു*
(ഉറവിടം: ഡിസിപിയുകൾ സമർപ്പിച്ച വിവരങ്ങൾ)

പുതുക്കൽ വേണ്ടിയിരുന്ന ഭൂരിപക്ഷം കേസുകളിലും ഡി.എം-ന് അപേക്ഷകൾ അയയ്ക്കുന്ന കാര്യത്തിൽ കാലതാമസം ഉണ്ടായത് ഡി.സി.പി.യു-ന്റെ ഭാഗത്തായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 149 സി.സി.ഐ-കൾക്ക്[18] പുതുക്കിയ രജിസ്ട്രേഷൻ നൽകാതിരുന്നത് (2023 ഒക്ടോബർ) മൂലം, സാധുവായ രജിസ്ട്രേഷൻ ഇല്ലാതെ സി.സി.ഐ കൾ പ്രവർത്തിച്ച് വരികയായിരുന്നു. 12 സി.സി.ഐ-കൾ രജിസ്ട്രേഷൻ പുതുക്കലിനുള്ള അപേക്ഷകൾ സമർപ്പിച്ചിട്ടു പോലുമില്ലെന്ന് നിരീക്ഷിച്ചു. പ്രവർത്തിക്കാനായുള്ള സാധുവായ രജിസ്ട്രേഷൻ വേണ്ടത് നിയമപരമായ ആവശ്യമായതിനാൽ, രജിസ്ട്രേഷൻ കാലാവധി തീരുന്നതിന് മുമ്പ് പുതുക്കാതിരിക്കുന്നതും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നതും നിയമത്തിലെ വ്യവസ്ഥകൾക്ക് എതിരാണ്.

അപേക്ഷ ലഭിക്കുമ്പോൾ ഒരു സ്ഥാപനത്തിന് താൽക്കാലിക രസീത് കൊടുക്കണമെന്ന് നിർദ്ദേശിച്ച് ജില്ലാ ശിശുസംരക്ഷണ അധികാരികൾക്ക് ഒരു പരിപത്രം അയച്ചുവെന്നും ആയത് ജെ.ജെ നിയമത്തിന്റെ വകുപ്പ് 41(4) പ്രകാരം താൽക്കാലിക രജിസ്ട്രേഷൻ ആയി പരിഗണിക്കാവുന്നതാണെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). അപേക്ഷകളുടെ നടപടി സമയത്തിനുള്ളിൽ തീർക്കാൻ വേണ്ടിയുള്ള വിശദമായ നിർദ്ദേശങ്ങൾ ഡി.എം-കൾക്ക് നൽകുമെന്നും സി.സി.ഐ. രജിസ്ട്രേഷന്റെ നടപടിക്കാര്യങ്ങൾ കൃത്യമായ ഇടവേളകളിൽ എസ്സിപിഎസ് നിരീക്ഷിക്കുമെന്നും സർക്കാർ പ്രസ്താവിച്ചു.

അപേക്ഷ സ്വീകരിച്ചതിന്റെ അംഗീകാരമായി താൽക്കാലിക രസീത് നൽകുന്നത് താൽക്കാലിക രജിസ്ട്രേഷനായി കണക്കാക്കാനാവില്ല. അതിനാൽ, താൽക്കാലിക

---

[18] 152 (പുതുക്കൽ വേണ്ടിയിരുന്ന സി.സി.ഐ-കൾ) ന്യൂനം 3 (പുതുക്കൽ അനുവദിച്ചത്) = 149

രസീതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾക്ക് പ്രവർത്തനം തുടരാമെന്ന സർക്കാരിന്റെ വാദം അംഗീകരിക്കാനാവില്ല.

2.1.6.4. സ്ഥാപനങ്ങളുടെ ഗ്രേഡിംഗ്

നിശ്ചിത കാലയളവുകളിൽ ഓരോ സി.സി.ഐ-യെയും ഗ്രേഡ് ചെയ്യാനുള്ള യത്നം ഏറ്റെടുക്കണം എന്നാണ് 2022 ജൂലൈയിൽ പുറപ്പെടുവിച്ച മിഷൻ വാത്സല്യ മാർഗ്ഗരേഖകളുടെ ഖണ്ഡിക 6(ii) സംസ്ഥാന സർക്കാരിനെ ചുമതലപ്പെടുത്തുന്നത്. അടിസ്ഥാന സൗകര്യം, സേവനങ്ങളുടെ നിലവാരം, കുട്ടികളുടെ ക്ഷേമം പ്രത്യേകിച്ച് ആരോഗ്യത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും അടിസ്ഥാനത്തിലുള്ളത്, കുട്ടികളുടെ പുനരുദ്ധാരണവും പുനരധിവാസവും മുതലായവയുടെ അടിസ്ഥാനത്തിലായിരിക്കണം ഗ്രേഡിംഗ് ചെയ്യേണ്ടത്. മാനദണ്ഡങ്ങളുടെയും സൂചികകളുടെയും രൂപീകരണം ഉൾപ്പെടെയുള്ള സി.സി.ഐ-കളുടെ ഗ്രേഡിംഗ് ചെയ്യേണ്ടിയിരുന്നത് ബാംഗ്ലൂരിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക്ക് കോ-ഓപ്പറേഷൻ ആന്റ് ചൈൽഡ് ഡവലപ്മെന്റുമായി (എൻ.ഐ.പി.സി.സി.ഡി) കൂടിയാലോചിച്ചിട്ടായിരുന്നു.

സി.സി.ഐ-കളുടെ കാര്യത്തിൽ അത്തരത്തിലുള്ള ഗ്രേഡിംഗ് നാളിതുവരെ (2024 ഫെബ്രുവരി) സംസ്ഥാന സർക്കാർ ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി.

യുണൈറ്റഡ് നേഷൻസ് ചിൽഡ്രൻസ് ഫണ്ടിന്റെ (യൂണിസെഫ്) സഹകരണത്തോടെ സംസ്ഥാനത്തുള്ള എല്ലാ സ്ഥാപനങ്ങളുടെയും ഒരു സാമൂഹ്യഓഡിറ്റ് ആരംഭിച്ചതായി സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). ആയതിനെ ഗ്രേഡിംഗിന്റെ ആരംഭപ്രക്രിയയായി പരിഗണിക്കണമെന്നും, സാമൂഹിക ഓഡിറ്റിനു ശേഷം, സ്ഥാപനങ്ങളുടെ ഗ്രേഡിംഗിനുള്ള തുടർ പിന്തുണയ്ക്കായി ബാംഗ്ലൂർ എൻ.ഐ.പി.സി.സി.ഡി-യെ ബന്ധപ്പെടാൻ സംസ്ഥാനം ആലോചിക്കുന്നതായും പറയുകയുണ്ടായി.

സാമൂഹിക ഓഡിറ്റ് പ്രക്രിയ ഗ്രേഡിംഗിന് പര്യാപ്തമാകില്ലെന്നതിനാൽ മറുപടി സ്വീകാര്യമല്ല. മാർഗ്ഗരേഖകൾക്കനുസൃതമായി നിയമപരമായി നടപ്പിലാക്കപ്പെടേണ്ട ഗ്രേഡിംഗ് പ്രക്രിയ നടപ്പിലാക്കപ്പെടാതെ തുടരുന്നു എന്ന വസ്തുത ഗ്രേഡിംഗ് പ്രക്രിയ നടപ്പാക്കുന്നതിൽ സർക്കാരിന് താത്പര്യം ഇല്ലായിരുന്നു എന്നാണ് സൂചിപ്പിക്കുന്നത്.

2.1.7. പുനരധിവാസവും സാമൂഹിക പുനഃസംയോജനവും

കുടുംബത്തിലേയ്ക്കോ അഥവാ രക്ഷകർത്താവിലേയ്ക്കോ തിരികെ എത്തിക്കൽ, ദത്തെടുക്കൽ, ഫോസ്റ്റർ കെയർ എന്നീ കുടുംബാധിഷ്ഠിത പരിപാലനത്തിലൂടെയായിരുന്നു കുട്ടികളുടെ പുനരധിവാസത്തിന്റെയും പുനഃസംയോജനത്തിന്റെയും നടപടി കഴിവതും ചെയ്യേണ്ടിയിരുന്നത്. ഇത് തെരഞ്ഞെടുത്തില്ലെങ്കിൽ, പുനരധിവാസവും സാമൂഹിക പുനഃസംയോജനവും സ്ഥാപനത്തിലെ പരിപാലനത്തിലൂടെയായിരുന്നു പ്രാപിക്കേണ്ടിയിരുന്നത്. പുനരധിവാസത്തിന്റെയും സാമൂഹിക പുനഃസംയോജനത്തിന്റെയും പാതയിൽ കുട്ടികളുടെ ക്ഷേമം ഉറപ്പാക്കാനായി സ്വീകരിച്ച നടപടികളിൽ ഓഡിറ്റ് ശ്രദ്ധിച്ച പോരായ്മകൾ താഴെ വിശദമാക്കുന്നു.

2.1.7.1. സാമൂഹിക അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയതിലെ പോരായ്മകൾ

കുട്ടിയുടെ സാഹചര്യങ്ങൾ, കുട്ടിയുടെ സാമ്പത്തിക, സാമൂഹിക, മാനസിക-സാമൂഹ്യ, മറ്റ് പ്രസക്ത ഘടകങ്ങളുടെ സ്ഥിതി, ഇവയിന്മേലുള്ള ശിപാർശ എന്നിവയെപ്പറ്റിയുള്ള

വിശദമായ വിവരമാണ് സാമൂഹിക അന്വേഷണ റിപ്പോർട്ട്[19] (എസ്.ഐ.ആർ) അവതരിപ്പിക്കുന്നത്. ജെ.ജെ. ചട്ടങ്ങളുടെ ചട്ടം 19(3) പ്രകാരം, സി.ഡബ്ല്യു.സി ഒരു കുട്ടിയുടെ കേസ് സാമൂഹികാന്വേഷണം നടത്തുന്നതിനായി ഒരു സാമൂഹിക പ്രവർത്തകൻ/ കേസ് വർക്കർ/ ശിശുക്ഷേമ അധികാരിക്കോ ഏതെങ്കിലും അംഗീകൃത എൻ.ജി.ഒ-യ്ക്കോ ആണ് നൽകേണ്ടത്. കുട്ടിയെ ഹാജരാക്കുന്ന ആളുകൾ സമർപ്പിക്കുന്ന തെളിവിനോടൊപ്പം പ്രൊബേഷൻ ഓഫീസറോ എൻ.ജി.ഒ-യോ യഥാക്രമം ഫോറം 6-ലും ഫോറം 22-ലും തയ്യാറാക്കുന്ന എസ്.ഐ.ആർ, ജെ.ജെ.ബി-യും സി.ഡബ്ല്യു.സി.യും പരിഗണിക്കേണ്ടതാണ്. അങ്ങനെ ശേഖരിക്കുന്ന വിവരമാണ്, കുട്ടിയുടെ മേൽനോട്ടം/ സൂക്ഷിപ്പ് സംബന്ധിച്ച് എടുക്കേണ്ട ഭാവി നടപടികളെപ്പറ്റി നിഗമനത്തിൽ എത്തുന്നതിനുള്ള അടിസ്ഥാനം. ജെ.ജെബി-യുടെ/ സി.ഡബ്ല്യു.സി-യുടെ മുമ്പാകെ ആദ്യമായി ഹാജരാക്കിയ തീയതി മുതൽ 15 ദിവസത്തിനകം സാമൂഹിക പ്രവർത്തകൻ എസ്.ഐ.ആർ പൂർത്തിയാക്കുകയും സമർപ്പിക്കുകയും ചെയ്യേണ്ടിയിരുന്നു.

2018-23 കാലയളവിൽ തെരഞ്ഞെടുത്ത അഞ്ച് ജില്ലകളിലെ ജെ.ജെ.ബി-യുടെയും സി.ഡബ്ല്യു.സി-യുടെയും മുമ്പാകെ അവതരിപ്പിക്കപ്പെട്ട 100 വീതം കേസുകളിൽ എസ്.ഐ.ആറുകൾ സമർപ്പിച്ചതിലെ സമയനിഷ്ഠ സംബന്ധിച്ച് ഒരു വിലയിരുത്തൽ ഓഡിറ്റ് ഏറ്റെടുത്തു (**അനുബന്ധം 2.3**). ജെ.ജെ.ബി-യ്ക്കും സി.ഡബ്ല്യു.സി-യ്ക്കും എസ്.ഐ.ആറുകൾ സമർപ്പിക്കുന്നതിൽ യഥാക്രമം 364 ദിവസത്തിന്റെയും 447 ദിവസത്തിന്റെയും കാലതാമസം ഉണ്ടായിരുന്നതായി കാണപ്പെട്ടു.

എറണാകുളം ജില്ലയിൽ ഒരു പ്രത്യേക സന്ദർഭത്തിൽ, എസ്.ഐ.ആർ തയ്യാറാക്കാതിരുന്ന സി.സി.ഐ-യിൽ താമസിപ്പിച്ചിരുന്ന ഒരു കുട്ടിയെ 4½ വയസ്സിൽ ഫോസ്റ്റർ കെയറിലേക്ക് അയയ്ക്കുകയും (2011) പിന്നീട് ഒരു ദത്തുകുടുംബം 2016-ൽ കുട്ടിയെ സ്വീകരിക്കുകയും ചെയ്തു. കുട്ടിയുടെ മാതാവ് 2019 മേയിൽ, കുട്ടിയെ വീട്ടിൽ പാർപ്പിക്കുന്നതിൽ പ്രയാസം കാണിച്ച് സ്ഥാപനത്തിലെ പരിപാലനത്തിനായി മടക്കി അയച്ചു. എന്നാൽ ഈ ഘട്ടത്തിൽ പോലും കുട്ടിയുടെ എസ്.ഐ.ആർ തയ്യാറാക്കിയതായി കണ്ടില്ല. കുട്ടി പിന്നീട് സ്ഥാപനത്തിൽ ആത്മഹത്യ ചെയ്തതായി (2020 ജൂലൈ) ഓഡിറ്റ് നിരീക്ഷിച്ചു.

കുറഞ്ഞ പക്ഷം ദത്തു രീതിയിൽ നിന്ന് സ്ഥാപനത്തിലെ പരിപാലനത്തിലേയ്ക്ക് തിരിച്ച് ചെല്ലുമ്പോഴെങ്കിലും കുട്ടിയുടെ എസ്.ഐ.ആർ സമയബന്ധിതമായി തയ്യാറാക്കിയിരുന്നെങ്കിൽ, കുട്ടിയുടെ മാനസിക-സാമൂഹിക സ്ഥിതിയിലും മാനസിക വളർച്ചയിലും ഒരു ഉൾക്കാഴ്ച നേടുന്നതിന് സി.ഡബ്ല്യു.സി-ക്ക് സഹായകമാവുകയും ആയവ ഫലപ്രദമായ കൗൺസലിംഗ് നടപടികൾ സാധ്യമാക്കുകയും ചെയ്യുമായിരുന്നു. ജെ.ജെ.ബി-യുടെയും/ സി.ഡബ്ല്യു.സി-യുടെയും തീരുമാനമെടുക്കൽ പ്രക്രിയയിൽ എസ്.ഐ.ആറുകൾ നിർണ്ണായക പങ്ക് വഹിക്കുന്നതിനാൽ, അവ തയ്യാറാക്കുന്നതിലെ കാലതാമസം കുട്ടിയെ പ്രതികൂലമായി ബാധിച്ചേക്കാം.

ഡി.സി.പി.യു-കളിലെ ജീവനക്കാരുടെ അപര്യാപ്തത, പ്രത്യേകിച്ച് അവരുടെ ബന്ധപ്പെട്ട ജില്ലകളിൽ പരിഹരിക്കേണ്ട അനവധി കേസുകൾ പരിഗണിക്കുമ്പോൾ, എസ്.ഐ.ആർ പൂർത്തിയാക്കുന്നതിൽ കാലതാമസമുണ്ടാക്കിയെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). ഈ പ്രശ്നം പരിഹരിക്കുന്നതിനായി ഡി.സി.പി.യു-കൾക്ക് അധികമായി ഒരു സാമൂഹ്യ പ്രവർത്തകനെ നിയമിക്കുന്നതിനുള്ള ഒരു നിർദ്ദേശം സംസ്ഥാനം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സാമൂഹിക അന്വേഷണം സമയത്ത്

[19] ജെ.ജെ. ചട്ടങ്ങളിലെ ചട്ടം 2 (xvii)

തീർക്കാനുള്ള നടപടികൾ എടുക്കാനുള്ള നിർദ്ദേശം ഡി.സി.പി.ഒ-മാർക്ക് നൽകുമെന്നുള്ള ഉറപ്പും നൽകി.

2.1.7.2. വ്യക്തിഗത ശ്രദ്ധാ പദ്ധതിയുടെ തയ്യാറാക്കലിലും അവലോകനത്തിലുമുള്ള വീഴ്ചകൾ

ജെ.ജെ മാതൃകാ ചട്ടങ്ങളുടെ ചട്ടം 2(xi) അനുസരിച്ച്, ഒരു കുട്ടിയുടെ ആത്മാഭിമാനം, അന്തസ്സ്, ആത്മമൂല്യം എന്നിവ വീണ്ടെടുക്കാനും കുട്ടിയെ ഒരു ഉത്തരവാദിത്തപ്പെട്ട പൗരനായി വളർത്തിയെടുക്കാനുമുള്ള ലക്ഷ്യത്തോടെ കുട്ടിയുമായി ആലോചിച്ചിട്ട് കുട്ടിയുടെ പ്രായ-ലിംഗപരമായ പ്രത്യേക ആവശ്യങ്ങൾ, കേസ് ഹിസ്റ്ററി എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന ഒരു സമഗ്ര വികസന പദ്ധതി ആണ് വ്യക്തിഗത ശ്രദ്ധാ പദ്ധതി (ഐ.സി.പി). തദനുസരണം ഒരു കുട്ടിയുടെ ആരോഗ്യം, പോഷണം, വൈകാരികവും മാനസികവുമായ പിന്തുണ, വിദ്യാഭ്യാസം, പരിശീലനം മുതലായ കാര്യങ്ങൾക്ക് ഐ.സി.പി പരിഹാരം കാണണം. സ്ഥാപനത്തിലെ പരിപാലനം വേണ്ടി വരുന്ന ഒരു കുട്ടിയുടെ വ്യക്തിഗതവിവരങ്ങളും പ്രോഗ്രസ് റിപ്പോർട്ടും ഉൾച്ചേർത്തുകൊണ്ട് ജെ.ജെ മാതൃകാ ചട്ടങ്ങളിൽ നിർദ്ദേശിക്കുന്നത് പോലെ, ശിശു ക്ഷേമ അധികാരിയോ കേസ് വർക്കറോ ഫോറം 7-ൽ ഐ.സി.പി തയ്യാറാക്കേണ്ടതാണ്. കുട്ടിയുടെ പ്രോഗ്രസ് റിപ്പോർട്ട് ആദ്യ മൂന്ന് മാസങ്ങളിൽ ഓരോ രണ്ടാഴ്ചയിലും, അനന്തരം ഓരോ മാസത്തിലും തയ്യാറാക്കേണ്ടതായിരുന്നു. കൂടാതെ, ഐ.സി.പി.-കൾ രണ്ടാഴ്ചയ്ക്കകം അംഗീകാരത്തിനായി സി.ഡബ്ല്യു.സി-യ്ക്ക് അയയ്ക്കണമായിരുന്നു. സ്ഥാപനത്തിന്റെ മാനേജ്മെന്റ് കമ്മിറ്റി[20] ഐ.സി.പി.കളുടെ ത്രൈമാസിക അവലോകനം ചെയ്യേണ്ടതായിരുന്നു.

തെരഞ്ഞെടുത്ത 17 സി.സി.ഐ-കളിൽ ഒന്നിലും ചട്ടങ്ങളിൽ പ്രതിപാദിച്ച പ്രകാരം ഐ.സി.പി-കൾ പുതുക്കിയിരുന്നില്ലെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. ഐ.സി.പി-കൾ, സി.ഡബ്ല്യു.സി-യ്ക്ക് അയയ്ക്കുകയോ മാനേജ്മെന്റ് കമ്മിറ്റി അവയെ അവലോകനം ചെയ്യുകയോ ചെയ്തില്ല. വയനാട് എസ്.എ.എ-യിൽ ഐ.സി.പി-കൾ തയ്യാറാക്കിയിരുന്നെങ്കിലും അവ സി.ഡബ്ല്യു.സി-യ്ക്ക് അയച്ചതായി കണ്ടില്ല. കൗൺസലർമാരുടെ കുറവും ഐ.സി.പി പുതുക്കുന്ന കാര്യത്തിൽ ലഭ്യമായ ജീവനക്കാരുടെ അറിവില്ലായ്മയുമാണ് ഐ.സി.പി-കൾ തയ്യാറാക്കുന്നതിലെ കുറവിന് ഡി.സി.പി.യു-കൾ കാരണമായി കാണിച്ചത്.

കുട്ടിയുടെ ആവശ്യങ്ങളും പുരോഗതിയും നിർണ്ണയിക്കാൻ ഐ.സി.പി-കൾ രൂപപ്പെടുത്തിയിരിക്കുന്നത് കൊണ്ട്, അവ തയ്യാറാക്കുന്നത് കുട്ടിയുടെ വളർച്ചാ ഘട്ടങ്ങളെ വിലയിരുത്തുന്നതിൽ നിർണ്ണായകമാണ്. ആകയാൽ മാർഗ്ഗരേഖകളിൽ നിഷ്കർഷിക്കുന്നത് പോലെ ഐ.സി.പി-കൾ ശ്രദ്ധയോടെയും സൂക്ഷ്മതയോടെയും തയ്യാറാക്കേണ്ടതുണ്ട്.

സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനും എല്ലാ കുട്ടികൾക്കും ഐ.സി.പി കളുടെ ലഭ്യത പരിശോധിക്കുന്നതിനുമായി ജില്ലാ തലത്തിൽ ഒരു മിന്നൽ പരിശോധനാ സമിതി രൂപീകരിക്കുമെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). ഐ.സി.പി തയ്യാറാക്കുന്നതിനെക്കുറിച്ച് കൗൺസലർമാർക്ക് തുടർ പരിശീലനം ഉടനടി നടത്തുമെന്നും പ്രസ്താവിച്ചു.

---

[20] ഡി.സി.പി.ഒ ചെയർപേഴ്സൺ ആയും, മെമ്പർ സെക്രട്ടറി സ്ഥാനത്തിന്റെ ചുമതലയുള്ള വ്യക്തിയായും, പ്രൊബേഷൻ ഓഫീസർ അല്ലെങ്കിൽ ശിശുക്ഷേമ ഓഫീസർ അല്ലെങ്കിൽ കേസ് വർക്കർ, മെഡിക്കൽ ഓഫീസർ, മന:ശാസ്ത്രജ്ഞൻ അല്ലെങ്കിൽ കൗൺസലർ, വർക്ഷോപ്പ് സൂപ്പർവൈസർ അല്ലെങ്കിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർ മുതലായവർ അംഗങ്ങളായുമുള്ള സമിതി

2.1.7.3. ബാലനീതി ബോർഡുകളിലെയും ശിശുക്ഷേമസമിതികളിലെയും അപര്യാപ്തമായ സൗകര്യങ്ങൾ

ജെ.ജെ.ബി-കൾക്കും സി.ഡബ്ല്യു.സി-കൾക്കും അടിസ്ഥാന സൗകര്യം സംസ്ഥാന സർക്കാർ ലഭ്യമാക്കണമെന്ന് ജെ.ജെ ചട്ടങ്ങളുടെ യഥാക്രമം ചട്ടം 6(10) -ഉം ചട്ടം 16(12)-ഉം ആവശ്യപ്പെടുന്നു. സി.ഡബ്ല്യു.സി-യും ജെ.ജെ.ബി യും അതാതിന്റെ സിറ്റിംഗ് നടത്തുന്ന മുറിയിൽ പര്യാപ്തമായ സ്ഥലസൗകര്യം, ആവശ്യത്തിനുള്ള ഫർണിച്ചർ, ഉപകരണങ്ങൾ ഉണ്ടാകണമെന്നും അതിൽ നല്ല വെളിച്ചമുണ്ടാകണമെന്നും ശിശുസൗഹൃദ അന്തരീക്ഷം വേണമെന്നും ഐ.സി.പി.എസ് മാർഗ്ഗരേഖകളിലെ വ്യവസ്ഥകൾ നിഷ്കർഷിക്കുന്നു. നടപടിക്രമങ്ങൾ നടത്തപ്പെടുന്നത് ശിശു സൗഹൃദ രീതിയിൽ ആയിരിക്കണമെന്നും നടപടി സ്ഥലം കുട്ടിക്ക് ഭയമുളവാക്കുന്ന രീതിയിൽ പതിവ് കോടതികളെപ്പോലെ ആകരുതെന്നും ജെ.ജെ നിയമത്തിന്റെ വകുപ്പ് 7 ജെ.ജെ.ബി-യോട് നിഷ്കർഷിക്കുന്നു. ജെ.ജെ.ബി ഒരു ഉയർന്ന വേദിയിൽ ഇരിക്കരുതെന്ന് ജെ.ജെ മാതൃകാചട്ടങ്ങൾ നിർദ്ദേശിക്കുന്നു. കുട്ടികൾക്കും കുടുംബങ്ങൾക്കും ഉള്ള കാത്തിരിപ്പു മുറികളിൽ കുടിവെള്ളത്തിനുള്ള സൗകര്യവും കുട്ടികൾക്ക് മനോരഞ്ജന സൗകര്യവും ഉണ്ടാകേണ്ടതാണ്. തെരഞ്ഞെടുത്ത ജില്ലകളിൽ ജെ.ജെ.ബി-കളിലെയും സി.ഡബ്ല്യു.സി -കളിലെയും ലഭ്യമായിരുന്ന/കുറവുണ്ടായിരുന്ന സൗകര്യങ്ങളുടെ പട്ടിക **അനുബന്ധം 2.4-**ൽ കൊടുത്തിരിക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ ജെ.ജെ.ബി.യ്ക്ക് പ്രവർത്തനത്തിനായി ലഭ്യമാക്കിയിരുന്ന സ്ഥലത്ത് ജെ.ജെ.ബി യുടെ അംഗങ്ങൾ ഒരു ഉയർന്ന വേദിയിൽ നടപടിക്രമങ്ങൾ നടത്തിയിരുന്നതിനാൽ അതൊരു കോടതിയ്ക്ക് സമാനമാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, താഴെ ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ തിരുവനന്തപുരം സി.ഡബ്ല്യു.സി-യ്ക്ക് കാത്തിരിപ്പിനായി ആവശ്യത്തിന് സ്ഥലമില്ലായിരുന്നു.

ചിത്രം 2.1: സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാൽ തിരുവനന്തപുരത്തെ സിഡബ്ല്യുസിക്ക് പുറത്ത് കുടുംബങ്ങളും കുട്ടികളും കാത്തുനിൽക്കുന്നു (2023 ഒക്ടോബർ)

ജെ.ജെ.ബി-യെ/ സി.ഡബ്ല്യു.സി-യെ സമീപിക്കുന്ന കുട്ടികൾക്കും വീട്ടുകാർക്കും അടിസ്ഥാനസൗകര്യങ്ങളായ കാത്തിരിപ്പു മുറി, കുടിവെള്ളം, തുടങ്ങിയവയും ശിശു സൗഹൃദ അന്തരീക്ഷവും സർക്കാർ ഉറപ്പാക്കേണ്ടതാണ്.

തെരഞ്ഞെടുത്ത ജില്ലകളിലെ ജെ.ജെ.ബി-കൾക്ക്/ സി.ഡബ്ല്യു.സി-കൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ച നിരാവർത്തിത നിധി ഈ ബോർഡുകളിലെയും കമ്മിറ്റികളിലെയും ആവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് ഉപയോഗിക്കാമെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). മറ്റ് ജില്ലകൾക്ക് വേണ്ടിയുള്ള സൗകര്യങ്ങൾക്ക് സംസ്ഥാന നിധിയിൽ നിന്ന് സാമ്പത്തിക സഹായം നൽകാമെന്നും പ്രസ്താവിച്ചു.

2.1.7.4. കണ്ണൂരിലെ, പെൺകുട്ടികൾക്കായുള്ള സർക്കാർ ശിശുമന്ദിരത്തിലെ അപര്യാപ്തമായ സൗകര്യങ്ങൾ

ഒരു സി.സി.ഐ-ൽ വേണ്ടുന്ന ഭൗതികമായ അടിസ്ഥാന സൗകര്യങ്ങൾ ഏതൊക്കെയാണെന്ന് ജെ.ജെ. ചട്ടങ്ങളുടെ ചട്ടം 29 (iv)-ൽ പ്രതിപാദിച്ചിട്ടുണ്ട്. ഡോർമിറ്ററികൾ, അസുഖമുള്ളവർക്കുള്ള മുറി, മനോരഞ്ജന മുറി, മുതലായവ ആവശ്യങ്ങളിൽ ഉൾപ്പെടുന്നു.

കണ്ണൂരിലെ പെൺകുട്ടികൾക്കായുള്ള സർക്കാർ ശിശുമന്ദിരത്തിൽ (ജി.സി.എച്ച്) സ്ഥാപനാധികാരികളോടൊപ്പം നടത്തിയ ഒരു സംയുക്ത പരിശോധനയിൽ (2023 സെപ്റ്റംബർ) വെളിപ്പെട്ടത്, സി.സി.ഐ-യിൽ അസുഖമുള്ളവർക്കുള്ള മുറി, കളിസ്ഥലം, ഗ്രന്ഥശാല, കൗൺസലിംഗ് മുറി എന്നിവ ഇല്ലായിരുന്നു എന്നാണ്. ശിശുമന്ദിരത്തിൽ 26 അന്തേവാസികൾക്ക് ആവശ്യമുള്ള കിടക്കകൾ ഇല്ലായിരുന്നെന്നും സ്റ്റോർ മുറി തിങ്ങിനിറഞ്ഞിരുന്നെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

ചിത്രം 2.2: കണ്ണൂരിലെ, പെൺകുട്ടികൾക്കായുള്ള ജി.സി.എച്ചിൽ കൂടുതൽ കുട്ടികളെ ഉൾക്കൊള്ളിക്കുന്നതിനായി, അകലം പാലിക്കാതെ കിടക്കകൾ ക്രമീകരിച്ചിരിക്കുന്നു (2023 സെപ്റ്റംബർ)

കുട്ടിയുടെ വളർച്ചയ്ക്കാവശ്യമായ അനുകൂല സാഹചര്യം ഉണ്ടാവു എന്ന ഉദ്ദേശ്യത്തോടെ ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.

കണ്ണൂർ സർക്കാർ ശിശുമന്ദിരത്തിന് അടിസ്ഥാന സൗകര്യപ്രവൃത്തികൾക്കും നവീകരണപ്രവൃത്തികൾക്കുമായി ₹25 ലക്ഷം അനുവദിച്ചതായും ഈ പ്രവൃത്തികൾ പൂർത്തിയാകുമ്പോൾ മനോരഞ്ജനമുറി, ഗ്രന്ഥശാല, കൗൺസലിംഗ് മുറി, സ്റ്റോർ മുറി എന്നിവ ഉണ്ടാക്കുമെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ).

2.1.7.5. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് നിർദ്ദിഷ്ട സൗകര്യങ്ങൾ ലഭ്യമാക്കാത്തത്

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പുനരധിവാസത്തിലും പുനഃസംയോജനത്തിലും ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾ വീൽ-ചെയറുകൾ, കൃത്രിമ ഉപകരണങ്ങൾ, ശ്രവണ സഹായികൾ, ബ്രെയിലികിറ്റുകൾ മുതലായവ കുട്ടികൾക്ക് നൽകണമെന്നും അവർക്ക് ഉചിതമായ വിദ്യാഭ്യാസം നൽകണമെന്നും നിയമത്തിന്റെ വകുപ്പ് 53.1 (ii, iii) നിഷ്കർഷിക്കുന്നു. ശാരീരികമോ മാനസികമോ ആയ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വിശേഷീകൃത പരിശീലകരെയും വിദഗ്ധരെയും നിയമിക്കണമെന്ന് ജെ.ജെ ചട്ടങ്ങളുടെ ചട്ടം 36(4) പ്രസ്താവിക്കുന്നു. പഠന വൈകല്യങ്ങൾ തിരിച്ചറിയുകയും നിർണ്ണയിക്കുകയും ഐ.സി.പി-യിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യേണ്ടതും പരിശീലനം സിദ്ധിച്ച വിദഗ്ധർ കുട്ടിക്ക് തുടർ സഹായം നൽകേണ്ടതുമാണ്.

താഴെപ്പറയുന്ന സന്ദർഭങ്ങളിൽ, ചില സി.സി.ഐ-കൾ മേലുദ്ധരിച്ച നിയമങ്ങൾ പാലിച്ചിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

- വടുതലയിലെ അനാഥരും അശരണരുമായ കുട്ടികൾക്ക് (ആൺകുട്ടികൾ) വേണ്ടിയുള്ള മന്ദിരം എറണാകുളം ജില്ലയിലെ അഞ്ച് വർഷക്കാലാവധിയിൽ ഒരു സി.സി.ഐ ആയി രജിസ്റ്റർ ചെയ്യപ്പെടുകയും 35 അന്തേവാസികളെ ഉൾക്കൊള്ളിച്ച് ഒരു ശിശുമന്ദിരമായി പ്രവർത്തിക്കാനായി രജിസ്ട്രേഷൻ നൽകുകയും ചെയ്തു (2017 ഡിസംബർ). 2018-23 കാലയളവിൽ 13 മുതൽ 35 വരെ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ സി.സി.ഐയിൽ താമസിച്ചിരുന്നുവെങ്കിലും കുട്ടികളെ പരിശീലിപ്പിക്കാനായി വിശേഷീകൃത പരിശീലകരെ നിയമിക്കുകയോ പഠന വൈകല്യങ്ങൾ നിർണ്ണയിക്കുകയോ അവ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല.

- എറണാകുളം ഡി.സി.പി.യു-ൽ സി.സി.ഐ-യുമായി ബന്ധപ്പെട്ട ഫയലുകൾ സൂക്ഷ്മപരിശോധന നടത്തിയപ്പോൾ, സി.സി.ഐ യുടെ രജിസ്ട്രേഷൻ പുതുക്കുന്നതിലേയ്ക്കായി എറണാകുളം ജില്ലാ മജിസ്ട്രേറ്റ് പരിശോധന നടത്തിയിരുന്നതായി (2023 ഏപ്രിൽ) ഓഡിറ്റ് ശ്രദ്ധിച്ചു. സി.സി.ഐ ലഭ്യമാക്കിയിരുന്ന സൗകര്യങ്ങൾ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ ആവശ്യങ്ങൾക്ക് അപര്യാപ്തമാണെന്ന് കണ്ട് സി.സി.ഐയ്ക്ക് ജില്ലാ മജിസ്ട്രേറ്റ് നോട്ടീസ് നൽകി (2023 ജൂലൈ). എന്നാൽ, സ്ഥാപനത്തിൽ നടത്തിയ ഭൗതിക പരിശോധനയുടെ റിപ്പോർട്ട് ഡി.സി.പി.യു-ൽ ലഭ്യമല്ലായിരുന്നു. സി.സി.ഐ-ൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് ജില്ലാ മജിസ്ട്രേറ്റിനോട് ഓഡിറ്റ് ആവർത്തിച്ച് ചോദിച്ചെങ്കിലും, അത് ലഭ്യമാക്കിയില്ല (2024 ഫെബ്രുവരി). അതുമൂലം ഓഡിറ്റിന് ഏതു പോരായ്മകളുടെ പേരിലാണ് ജില്ലാ മജിസ്ട്രേറ്റ് സി.സി.ഐ-യ്ക്ക് നോട്ടീസ് കൊടുത്തത് എന്ന വിവരം ശേഖരിക്കാൻ സാധിച്ചില്ല. കൂടാതെ, ഈ വിഷയത്തിൽ സി.സി.ഐ യുടെ ഭാഗത്ത് നിന്നും എന്ത് നടപടിയുണ്ടായെന്നും തീർച്ചപ്പെടുത്താൻ കഴിഞ്ഞില്ല.

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ സ്ഥാപനങ്ങളിൽ പരിപാലിക്കുന്നതിനായി ഒന്നുകിൽ നിലവിലെ മന്ദിരങ്ങൾക്കുള്ളിൽ വിശേഷീകൃത യൂണിറ്റ് സ്ഥാപിക്കുകയോ, അല്ലെങ്കിൽ അത്തരം കുട്ടികൾക്കു വേണ്ടി വിശേഷീകൃത അഭയകേന്ദ്രം സ്ഥാപിക്കുകയോ ചെയ്യണമെന്നാണ് ഐ.സി.പി.എസ് മാർഗ്ഗരേഖകൾ പ്രസ്താവിക്കുന്നത്. ഓഡിറ്റ് കാലയളവിൽ,

പരിശോധന നടത്തിയ ഏഴ് ശിശുമന്ദിരങ്ങളിൽ മൂന്നെണ്ണത്തിൽ, പ്രത്യേക പരിഗണന അർഹിക്കുന്ന 24 കുട്ടികളെ[21] പാർപ്പിച്ചിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ ശ്രദ്ധിക്കുന്നതിനും പിന്തുണയ്ക്കുന്നതിനുമായി വിശേഷീകൃത യൂണിറ്റുകൾ ഈ മന്ദിരങ്ങളിൽ സ്ഥാപിച്ചിരുന്നില്ല.

- എറണാകുളം സി.ഡബ്ല്യൂ.സി-യുടെ നിർദ്ദേശപ്രകാരം, 2012-ലെ പോക്സോ[22] നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട, ലൈംഗിക ചൂഷണത്തിന് വിധേയായ 12 വയസുള്ള, മാനസികമായും ശാരീരികമായും വെല്ലുവിളി നേരിട്ടിരുന്ന പെൺകുട്ടിയെ എറണാകുളത്ത് പച്ചാളത്തുള്ള അനാഥരും, അശരണരുമായ പെൺകുട്ടികൾക്ക് വേണ്ടിയുള്ള മന്ദിരത്തിൽ പ്രവേശിപ്പിച്ചു (2019 ജൂൺ). പെൺകുട്ടികളെ പാർപ്പിക്കുന്നതിനുള്ള ഒരു സി.സി.ഐ ആയി ഈ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നില്ല. എറണാകുളം ജില്ലയിൽ ഭിന്നശേഷിക്കാരായ പെൺകുട്ടികളെ പാർപ്പിക്കാനുള്ള രജിസ്റ്റേർഡ് സ്പെഷ്യൽ ഹോം ഇല്ലാതിരുന്നതിനാലാണ്, സി.ഡബ്ല്യൂ.സി ഈ സ്ഥാപനത്തിൽ കുട്ടിയെ പാർപ്പിച്ചിരുന്നത്. സാധാരണ കുട്ടികളുടെ ഒപ്പം പാർപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ട് ഉണ്ടായിരുന്നത് കൊണ്ട്, കുട്ടിയെ മറ്റൊരു സ്ഥാപനത്തിലേയ്ക്ക് മാറ്റാൻ സി.സി.ഐ സി.ഡബ്ല്യൂ.സി-യോട് അപേക്ഷിച്ചിരുന്നതായി എറണാകുളം ഡി.സി.പി.യു-ലെ രേഖകൾ വ്യക്തമാക്കി. കുട്ടിയെ പാർപ്പിക്കാൻ മറ്റൊരു മന്ദിരമില്ലാത്തതിനാൽ ഇതേ സ്ഥാപനത്തിൽ തന്നെ തുടർന്നു താമസിപ്പിക്കാൻ സി.ഡബ്ല്യൂ.സി നിർദ്ദേശം നൽകി. 2021 ജനുവരിയിൽ ന്യൂമോണിയ ബാധിച്ച് മരണത്തിന് കീഴടങ്ങുന്നത് വരെ കുട്ടി സ്ഥാപനത്തിൽ തുടർന്നു. കുട്ടിയുടെ മരണശേഷം, ഐ.സി.പി.എസ് പ്രോഗ്രാം മാനേജർ കുട്ടിയുടെ മരണത്തിലേയ്ക്ക് നയിച്ച സാഹചര്യത്തെപ്പറ്റി ഒരു അന്വേഷണം നടത്തുകയും കുട്ടിക്ക് ശ്രദ്ധയും സംരക്ഷണവും നൽകാനായി സ്ഥാപനത്തിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാതിരുന്നതായും കുട്ടിയെ പുനരധിവസിപ്പിക്കുന്നതിലേയ്ക്കായി ഉചിതമായ നടപടികൾ സമയത്ത് എടുത്തിരുന്നില്ല എന്നും റിപ്പോർട്ട് ചെയ്തു (2021 ഫെബ്രുവരി).

മേലുദ്ധരിച്ച സന്ദർഭങ്ങളിൽ, ജില്ലയിൽ എവിടെയും പകരം സംവിധാനം ഇല്ലാതിരുന്നതിനാൽ, കുട്ടികളെ താമസ മന്ദിരങ്ങളിൽ നിന്ന് മറ്റൊരു സംവിധാനത്തിലേയ്ക്ക് മാറ്റാൻ സി.ഡബ്ല്യൂ.സി-യ്ക്ക് സാധിച്ചില്ല. തൽഫലമായി, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ/ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ എന്നിവർക്കുള്ള നിഷ്കർഷിക്കപ്പെട്ട സൗകര്യങ്ങൾ ലഭ്യമല്ലാതിരുന്ന സ്ഥാപനങ്ങളിൽ അത്തരം കുട്ടികളെ പാർപ്പിക്കേണ്ടതായി വന്നു. സംസ്ഥാനത്തുള്ള സി.സി.ഐ കളിൽ 96 ശതമാനവും (724-ൽ 697) എൻ.ജി.ഒ-കൾ ആണ് നടത്തിയിരുന്നത് എന്ന വസ്തുത പരിഗണിച്ചുകൊണ്ട്, ഇപ്പറഞ്ഞ സി.സി.ഐ-കൾ നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന രീതിയിൽ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്നും അന്തേവാസികൾക്ക് സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ടെന്നും ഉറപ്പ് വരുത്താനായി സമയബന്ധിതമായ പരിശോധനകൾ സർക്കാർ നടത്തേണ്ടതാണ്.

ഓഡിറ്റ് നിരീക്ഷണങ്ങൾ അംഗീകരിച്ചുകൊണ്ട്, സംസ്ഥാനത്തെ സി.സി.ഐ-കളിൽ മിന്നൽ പരിശോധനകൾ നടത്താനായി സംസ്ഥാനതല പരിശോധന സമിതിയെ ഉടനെ

[21] പെൺകുട്ടികൾക്കുള്ള ജി.സി.എച്ച്, ആലപ്പുഴ - 13, ജി.സി.എച്ച് എറണാകുളം - 5, ആൺകുട്ടികൾക്കുള്ള ജി.സി.എച്ച് കണ്ണൂർ - 6

[22] ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികൾക്കുള്ള സംരക്ഷണം

പുനഃസംഘടിപ്പിക്കുമെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). ജില്ലകളിലെ സി.സി.ഐകൾ നിരീക്ഷിക്കാനും പരിഹാര നടപടികൾ കൈക്കൊള്ളാനുമായി ജില്ലാതല പരിശോധന സമിതികൾക്ക് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതുമാണ്. ജില്ലയിലെ സി.സി.ഐ-കൾക്ക് അടിസ്ഥാന സൗകര്യങ്ങളുണ്ടെന്ന് ഉറപ്പാക്കാനായി സി.സി.ഐ-കളിൽ മിന്നൽ പരിശോധന നടത്താൻ ജില്ലാതലത്തിൽ വകുപ്പു തല പരിശോധന സമിതി രൂപീകരിക്കുന്നതാണ്. സി.സി.ഐ-കളിൽ നിലവിലുള്ള സൗകര്യങ്ങൾ ഹോം പരിപാലന സമിതി നിരീക്ഷിക്കുകയും തുടർ നടപടി സ്വീകരിക്കുകയും ചെയ്യുമെന്നും തുടർന്ന് പ്രസ്താവിക്കപ്പെട്ടു.

2.1.7.6. മാനസികരോഗമുള്ള കുട്ടികളെയും ലഹരി മരുന്ന്, മദ്യം മുതലായവയിൽ നിന്ന് വിമുക്തി വേണ്ട കുട്ടികളെയും സാധാരണ കുട്ടികൾക്കൊപ്പം പാർപ്പിക്കുന്നത്

2016-ലെ ജെ.ജെ മാതൃകാ ചട്ടങ്ങളുടെ ചട്ടം 80(1) അനുസരിച്ച്, മാനസികരോഗമുള്ളതോ മദ്യത്തിനോ മയക്കുമരുന്നിനോ മറ്റ് ലഹരി വസ്തുവിനോ അടിപ്പെട്ടതോ ആയ ഒരു കുട്ടിയെ ഒരു മെഡിക്കൽ ഓഫീസറോ ഒരു മാനസികാരോഗ്യ വിദഗ്ധനോ സാക്ഷ്യപ്പെടുത്തുന്ന കാലയളവിലേയ്ക്ക് കുട്ടിയുടെ ശരിയായ ചികിത്സയ്ക്ക് ഉതകും വിധം, ഉചിതമായ ഒരു കേന്ദ്രത്തിലേയ്ക്ക് ജെ.ജെ.ബി/ സി.ഡബ്ല്യു.സി/ ബാലക്കോടതി അയയ്ക്കേണ്ടതാണ്. ഓഡിറ്റ് കാലയളവിൽ തെരഞ്ഞെടുത്ത ജില്ലകളിലെ സി.ഡബ്ല്യു.സി-കൾ മാനസികരോഗമുള്ള ഉള്ള 179[23] കുട്ടികളുടെയും മയക്ക് മരുന്ന്, ലഹരി വസ്തു, മദ്യം മുതലായവയിൽ നിന്ന് വിമുക്തിക്കായുള്ള സഹായം തേടിയിരുന്ന 138[24] കുട്ടികളുടെയും കേസുകൾ കൈകാര്യം ചെയ്തു.

മദ്യം, മയക്ക് മരുന്ന് മുതലായവയ്ക്ക് അടിപ്പെട്ട കുട്ടികൾക്ക് വേണ്ടി, ഉചിതമായ പ്രായഗണങ്ങളുടെ അടിസ്ഥാനത്തിൽ, സംസ്ഥാന സർക്കാർ സംയോജിതമായ പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കണമെന്നാണ് 2016-ലെ ജെ.ജെ മാതൃകാ ചട്ടങ്ങളുടെ ചട്ടം 80(3) പ്രസ്താവിക്കുന്നത്. തിരുവനന്തപുരം, എറണാകുളം, വയനാട് എന്നിവിടങ്ങളിൽ തെരഞ്ഞെടുത്ത സി.ഡബ്ല്യു.സി-കളിൽ ഒന്നിലും മയക്കുമരുന്ന്, ലഹരി വസ്തു, മദ്യം എന്നിവയിൽ നിന്ന് വിമുക്തി വേണ്ടിയിരുന്ന കുട്ടികൾക്ക് പ്രത്യേക ശ്രദ്ധയും ചികിത്സയും നൽകാനുള്ള ഒരു സംവിധാനം ഇല്ലായിരുന്നെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, തിരുവനന്തപുരം, എറണാകുളം, വയനാട് എന്നിവിടങ്ങളിൽ മാനസികരോഗമുള്ള കുട്ടികളുടെ സംരക്ഷണം/ ചികിത്സ/ പുനരധിവാസം എന്നിവയ്ക്ക് പ്രത്യേക മന്ദിരങ്ങൾ ഇല്ലാതിരുന്നതിനാൽ, മയക്കുമരുന്നിന് അടിമകളായ കുട്ടികളെ സാധാരണ കുട്ടികൾക്കൊപ്പം താമസിപ്പിക്കേണ്ടി വന്നത് അഭികാമ്യമല്ല.

ഓഡിറ്റിൽ താഴെപ്പറയുന്ന പ്രതികൂല സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

- 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ 55 മുതൽ 80 വരെ അന്തേവാസികൾ ഉണ്ടായിരുന്ന തിരുവനന്തപുരത്തെ ആൺകുട്ടികൾക്കായുള്ള ജി.സി.എച്ചിൽ മാനസികരോഗവും അനുബന്ധ സ്വഭാവ വൈകല്യങ്ങളുമുള്ള 11 മുതൽ 28 കുട്ടികളെ സാധാരണ കുട്ടികളുടെ കൂടെ പാർപ്പിച്ചതായി കണ്ടു.

---

[23] തിരുവനന്തപുരം – 26, എറണാകുളം – 5 (2018-19 മുതൽ 2020-21 വരെയുള്ള വിവരങ്ങൾ നൽകിയിട്ടില്ല), കണ്ണൂർ – 9 (2018-19 മുതൽ 2020-21 വരെയുള്ള വിവരങ്ങൾ ലഭ്യമല്ല), ആലപ്പുഴ – 133, വയനാട് - 6

[24] തിരുവനന്തപുരം – 76, എറണാകുളം – 16 (2018-19 മുതൽ 2020-21 വരെയുള്ള വിവരങ്ങൾ നൽകിയിട്ടില്ല), കണ്ണൂർ – 0 (2018-19 മുതൽ 2020-21 വരെയുള്ള വിവരങ്ങൾ ലഭ്യമല്ല), ആലപ്പുഴ – 43, വയനാട് - 3

- അഞ്ചു വർഷ ഓഡിറ്റ് കാലയളവിൽ ആലപ്പുഴ മായിത്തറയിലുള്ള പെൺകുട്ടികൾക്കായുള്ള ജി.സി.എച്ചിൽ മാനസികരോഗചികിത്സയിലായിരുന്ന കുട്ടികളെ സാധാരണ കുട്ടികൾക്കൊപ്പം പാർപ്പിച്ചു.

- വയനാട് ജി.സി.എച്ചിൽ മനോവൈകല്യമുള്ള/ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ സാധാരണ കുട്ടികളോടൊത്ത് താമസിച്ചു.

മേൽപ്പറഞ്ഞ സി.സി.ഐ-കളിൽ മാനസിക രോഗമുള്ള കുട്ടികളെ കൈകാര്യം ചെയ്യുന്നതിന് ഒരു പ്രത്യേക സൗകര്യവും ചെയ്തിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അത്തരം കുട്ടികളെ കൈകാര്യം ചെയ്യുന്നതിന് പരിശീലനം സിദ്ധിച്ചിരുന്നില്ല. കൂടാതെ, മാനസിക രോഗമുള്ള കുട്ടികളെ സാധാരണ കുട്ടികൾക്കൊപ്പം താമസിപ്പിക്കുന്നത് രണ്ട് വിഭാഗങ്ങളിലെയും കുട്ടികൾക്ക് ഹാനികരമായേക്കാം. ലഹരി വിമുക്തി വേണ്ട കേസുകളുടെ എണ്ണം പരിഗണിച്ചും ലഹരിമരുന്ന്, ലഹരി വസ്തു എന്നിവയുടെ ഉപയോഗം യുവതലമുറയുടെ ജീവനെ അപകടത്തിലാഴ്ത്തുന്നതു കൊണ്ടും സർക്കാർ ഇക്കാര്യം ഗൗരവമായി കാണേണ്ടതും അടിയന്തിരമായി ഇടപെടേണ്ടതുമാണ്. ചട്ടം 80(3)-ൽ നിർദ്ദേശിക്കുന്ന പ്രകാരം ഉചിതമായ പ്രായ ഗണങ്ങളുടെ അടിസ്ഥാനത്തിൽ ലഹരിമരുന്നിന് അടിമകളായ കുട്ടികൾക്ക് വേണ്ടി സംയോജിത പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.

ഹൈക്കോടതി ജെ.ജെ സമിതിയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് കുട്ടികൾക്കു വേണ്ടി പ്രത്യേകമായി ഒരു ലഹരി വിമുക്തി കേന്ദ്രം മലപ്പുറം ജില്ലയിലെ തവനൂരിൽ ആരംഭിക്കുമെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). മാനസിക രോഗമുള്ള കുട്ടികൾക്ക് പ്രത്യേക സൗകര്യങ്ങൾ ലഭ്യമാക്കാനായി സി.സി.ഐ-കൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പാർപ്പിക്കുവാനും ലഹരി വിമുക്തിക്കു സൗകര്യവുമുള്ള, എൻ.ജി.ഒ-കൾ നടത്തുന്ന ജെ.ജെ മന്ദിരങ്ങളെ ഉചിത സൗകര്യങ്ങളുള്ള കേന്ദ്രങ്ങളായി പ്രഖ്യാപിക്കാനും പ്രത്യേക പരിഗണന അർഹിക്കുന്ന/ ലഹരിക്കടിമകളായ കുട്ടികളെ അവിടെ പുനരധിവസിപ്പിക്കാനുമുള്ള നിർദ്ദേശം ശിശുക്ഷേമ സമിതികൾക്ക് കൊടുക്കുന്നതാണ് എന്നും പറയുകയുണ്ടായി.

2.1.7.7. ഓപ്പൺ ഷെൽറ്ററുകളുടെ പ്രവർത്തനം

താമസ സൗകര്യം ആവശ്യമുള്ള കുട്ടികളെ (18 വയസ് വരെയുള്ള) അതിക്രമങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനും തെരുവ് ജീവിതത്തിൽ നിന്ന് മാറ്റുന്നതിനും അകറ്റി നിർത്തുന്നതിനുമായി ഓപ്പൺ ഷെൽറ്ററുകൾ ഒരു സാമൂഹ്യാധിഷ്ഠിത കേന്ദ്രമായി പ്രവർത്തിക്കണമെന്ന് നിയമത്തിന്റെ വകുപ്പ് 43 (2) പ്രസ്താവിക്കുന്നു. മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ സ്ഥിരമായ താമസ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനല്ല മറിച്ച്, നിലവിലെ സ്ഥാപനങ്ങളിലുള്ള പരിപാലന സംവിധാനങ്ങൾക്ക് ഒരു ഇടക്കാല അടിസ്ഥാനത്തിൽ പൂരകമായി വർത്തിക്കാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. കുട്ടിക്ക് 24 മണിക്കൂറിൽ അധികം ശ്രദ്ധയും സംരക്ഷണവും ആവശ്യം വരുന്ന സാഹചര്യങ്ങളിൽ ഉചിതമായ തുടർ നടപടികൾക്കായി കുട്ടിയെ സി.ഡബ്ല്യു.സിയുടെ മുമ്പിൽ ഹാജരാക്കണമെന്ന് ചട്ടം 22(7) നിഷ്കർഷിക്കുന്നു

തിരുവനന്തപുരത്തെ ഓപ്പൺ ഷെൽറ്ററിൽ രണ്ട് വ്യക്തികളെ 18 വയസ് തികഞ്ഞതിനു ശേഷവും നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി താമസിക്കാൻ അനുവദിച്ചുകൊണ്ട് സി.ഡബ്ല്യു.സി ഉത്തരവ് പുറപ്പെടുവിച്ചതായി (2022 ജൂൺ, ജൂലൈ) ഓഡിറ്റ് നിരീക്ഷിച്ചു.

രണ്ട് കുട്ടികൾ ഓപ്പൺ ഷെൽറ്ററിൽ എത്തിയതിന് ശേഷം നീണ്ട കാലയളവിലേക്ക് (ഒരു വർഷവും, 2 ½ വർഷവും) തുടർന്നു താമസിച്ചതായുള്ള സംഭവങ്ങളും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കുട്ടികൾക്ക് സാധാരണ ജീവിതത്തിനായി ശിശു മന്ദിരങ്ങൾ പോലെയുള്ള സൗകര്യങ്ങൾ ലഭ്യമായുള്ളപ്പോൾ താൽക്കാലിക വാസത്തിന് ഉദ്ദേശിച്ചുള്ള ഓപ്പൺ ഷെൽറ്ററിൽ കൂടുതൽ കാലം താമസം അനുവദിക്കുന്നത് നിയമത്തിന്റെയും ചട്ടങ്ങളുടെയും വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ദുർബലരായ കുട്ടികളുടെ സമ്പൂർണ്ണക്ഷേമം ഉറപ്പാക്കേണ്ട സി.ഡബ്ല്യുസി തന്നെ ചട്ടങ്ങൾ മറികടക്കുന്നത് നീതീകരിക്കാവുന്നതല്ല.

ഓപ്പൺ ഷെൽറ്ററുകൾ, അവയുടെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്ന കുട്ടികളെപ്പറ്റിയുള്ള വിശദാംശങ്ങൾ ഫോറം 29-ൽ മാസംതോറും ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന് സമർപ്പിക്കണമെന്ന് ചട്ടങ്ങൾ അനുശാസിക്കുന്നു. തെരഞ്ഞെടുത്ത ജില്ലകളിലെ മൂന്ന് ഓപ്പൺ ഷെൽറ്ററുകളിൽ[25], 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ എറണാകുളത്തെ ഒരു ഓപ്പൺ ഷെൽറ്റർ മാത്രമാണ് അതിലെ അന്തേവാസികളെപ്പറ്റി മാസംതോറും വിവരങ്ങൾ സമർപ്പിച്ചത്.

ഓപ്പൺ ഷെൽറ്ററുകളിൽ നിന്ന് മാസംതോറും വിവരങ്ങൾ ശേഖരിച്ച് സംസ്ഥാന ഓഫീസിന് സമർപ്പിക്കാൻ ഡി.സി.പി.ഒ-മാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും അക്കാര്യം തുടർച്ചയായി നിരീക്ഷിക്കുമെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ).

2.1.7.8. ഫോസ്റ്റർ കെയർ സംവിധാനത്തിന്റെ പ്രവർത്തനത്തിലെ പോരായ്മകൾ

ഒരു കുട്ടിയുടെ ജീവശാസ്ത്രപരമായ കുടുംബത്തിലല്ലാതെ, മറ്റൊരു കുടുംബത്തിന്റെ ഭവനാന്തരീക്ഷത്തിലെ വേറിട്ട പരിചരണം ലഭിക്കുന്നതിലേയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട, അർഹതപ്പെട്ട, അംഗീകരിക്കപ്പെട്ട, നിരീക്ഷിക്കപ്പെട്ട സംവിധാനമാണ് ഫോസ്റ്റർ കെയർ സംവിധാനം. അത് ലക്ഷ്യം വയ്ക്കുന്നത്, ഒരു കുട്ടിയുടെ കുടുംബസാഹചര്യം മെച്ചപ്പെടുമ്പോൾ കാലക്രമേണ കുട്ടിയ്ക്ക് സ്വന്തം കുടുംബത്തോട് ചേരാനും തദ്വാരാ വിഷമ സാഹചര്യങ്ങളിൽ കുട്ടികളുടെ സ്ഥാപനങ്ങളിലെ വാസം തടയാനുമാണ്. ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ കുറച്ച് കാലത്തേയ്ക്കോ നീണ്ട കാലയളവിലേക്കോ സി.ഡബ്ല്യു.സി-യുടെ ഉത്തരവ് മുഖേന ഗ്രൂപ്പ് ഫോസ്റ്റർ കെയർ[26] ഉൾപ്പെടെയുള്ള ഫോസ്റ്റർ കെയർ കേന്ദ്രത്തിൽ പാർപ്പിക്കാവുന്നതാണ്.

ഓഡിറ്റ് നടന്ന കാലയളവിൽ തെരഞ്ഞെടുത്ത ജില്ലകളിൽ ഫോസ്റ്റർ കെയർ സംവിധാനം പ്രദാനം ചെയ്തിരുന്ന കുടുംബങ്ങളുടെ എണ്ണവും അവയിൽ താമസിപ്പിച്ചിരുന്ന കുട്ടികളുടെ എണ്ണവും **പട്ടിക 2.3**-ൽ കാണിച്ചിരിക്കുന്നു.

---

[25] തിരുവനന്തപുരം, എറണാകുളം, കണ്ണൂർ എന്നിവിടങ്ങളിൽ

[26] രക്ഷാകർത്തൃ പരിചരണമില്ലാത്ത, ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് വേണ്ടി, കുടുംബത്തിന് സമാനവും സാമൂഹികാധിഷ്ഠിതവുമായ പരിഹാരങ്ങളിലൂടെ, അവർക്ക് വ്യക്തിപരമായ ശ്രദ്ധയും സമൂഹത്തിൽ സ്വീകാര്യതയുണ്ടെന്ന ബോധ്യവും സ്വത്വവും ലഭ്യമാക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള കുടുംബ സമാന പരിചരണമാണ്, ജെ.ജെ. നിയമത്തിന്റെ വകുപ്പ് 2 (32) പ്രകാരം, ഗ്രൂപ്പ് ഫോസ്റ്റർ കെയർ കൊണ്ട് അർത്ഥമാക്കുന്നത്.

പട്ടിക 2.3: 2018-23 കാലയളവിൽ തെരഞ്ഞെടുത്ത ഫോസ്റ്റർ കെയർ സംവിധാനം പ്രദാനം ചെയ്ത കുടുംബങ്ങളുടെ വിശദാംശങ്ങൾ

	തിരുവനന്തപുരം	ആലപ്പുഴ	എറണാകുളം	വയനാട്	കണ്ണൂർ	ആകെ
ഫോസ്റ്റർ കെയർ സൗകര്യം നൽകിയ കുടുംബങ്ങളുടെ എണ്ണം	46	27	11	22	36	142
ഫോസ്റ്റർ കെയർ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയ കുട്ടികളുടെ എണ്ണം	48	25	27	29	37	166
ഗ്രൂപ്പ് ഫോസ്റ്റർ കെയർ യൂണിറ്റുകളുടെ എണ്ണം	0	0	1[27]	0	0	1
ഗ്രൂപ്പ് ഫോസ്റ്റർ കെയറിന് കീഴിൽ ഉൾപ്പെടുത്തിയ കുട്ടികളുടെ എണ്ണം	0	0	118	0	0	118

(ഉറവിടം: എസ്.സി.പി.എസ് നൽകിയ ഡാറ്റ)

പരിശോധന നടത്തിയ ജില്ലകളിൽ ഫോസ്റ്റർ കെയർ സംവിധാനത്തിന്റെ പ്രവർത്തനത്തിൽ താഴെപ്പറയുന്ന പോരായ്മകൾ ഓഡിറ്റ് ശ്രദ്ധിച്ചു.

- ഓരോ ഫോസ്റ്റർ കുടുംബത്തെയും ആദ്യ മാസത്തിൽ ആഴ്ചയിൽ ഒരിക്കലും പിന്നീട് മാസത്തിലൊരിക്കലും ഔട്ട്റീച്ച് വർക്കർ[28] സന്ദർശിക്കുന്നു എന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്തം ഐ.സി.പി.എസ് മാർഗ്ഗരേഖകൾ പ്രകാരം ഡി.സി.പി.യു-വിനാണ്. ഫോസ്റ്റർ കെയറിലുള്ള കുട്ടികൾ, പുതിയ ചുറ്റുപാടുമായി എത്രത്തോളം പൊരുത്തപ്പെടുന്നുണ്ടെന്നും അവയുമായി ഇണങ്ങിച്ചേരുന്നുണ്ടെന്നും അറിയാനായി ഇത്തരം സന്ദർശനങ്ങൾ സഹായിക്കുന്നു. തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കണ്ണൂർ, വയനാട് എന്നീ തെരഞ്ഞെടുത്ത ജില്ലകളിലൊന്നിലും മേൽപ്പറഞ്ഞ സന്ദർശനങ്ങൾ നടത്തിയിരുന്നില്ല.

- കുട്ടിയുടെ ക്ഷേമാന്വേഷണത്തിനായി ഫോസ്റ്റർ കുടുംബങ്ങളുടെ അല്ലെങ്കിൽ പോറ്റി വളർത്തുന്നവരുടെ പ്രതിമാസ പരിശോധന സി.ഡബ്ല്യു.സി നടത്തേണ്ടതുണ്ടെന്ന് ജെ.ജെ. ചട്ടങ്ങളുടെ ചട്ടം **23 (18)** ആവശ്യപ്പെടുന്നു. ഇതിൽ കുട്ടിയുമായും, കുട്ടിയുടെ വളർത്തു മാതാപിതാക്കളുമായും, വളർത്തു മാതാപിതാക്കളുടെ സ്വന്തം കുട്ടികളുമായും, സ്കൂൾ അധ്യാപകരുമായും, യഥാർത്ഥ മാതാപിതാക്കളുമായും, അയൽക്കാരുമായുമുള്ള ഇടപെടലുകൾ ഉൾപ്പെടുന്നു. ഓഡിറ്റ് കാലയളവിൽ എറണാകുളം, വയനാട് എന്നീ തെരഞ്ഞെടുത്ത ജില്ലകളിൽ ഈ രീതിയിലുള്ള ഒരു പരിശോധനയും സി.ഡബ്ല്യു.സി നടത്തിയതായി കണ്ടില്ല. കണ്ണൂരിനെ സംബന്ധിച്ച് അത്തരം പരിശോധനകളുടെ വിശദാംശങ്ങളൊന്നും രേഖയിൽ ലഭ്യമല്ലെന്ന് ഡി.സി.പി.യു മറുപടി നൽകി.

- ഫോസ്റ്റർ കെയറിൽ കഴിയുന്ന ഓരോ കുട്ടിയുടെയും രേഖ, ഫോറം **34**-ൽ ഡി.സി.പി.യു സൂക്ഷിക്കണമെന്ന് ജെ.ജെ. ചട്ടങ്ങളുടെ ചട്ടം **23(17)** ആവശ്യപ്പെടുന്നു. ഐ.സി.പി-യുടെ വിശദാംശങ്ങൾ, ഹോം സ്റ്റഡി റിപ്പോർട്ട്, ചൈൽഡ് സ്റ്റഡി റിപ്പോർട്ട്, ഫോസ്റ്റർ കുടുംബത്തിലേയ്ക്ക് നടത്തുന്ന സന്ദർശനങ്ങളുടെ രേഖ എന്നിവയാണ് ഈ ഫോമിൽ കാണിക്കുന്നത്.

---

27 എസ്.ഒ.എസ് ചിൽഡ്രൻസ് വില്ലേജ്

28 ഔട്ട് റീച്ച് വർക്കർമാർ സമൂഹത്തിനും ഡി.സി.പി.യു-വിനും ഇടയിൽ ഒരു കണ്ണി ആയി വർത്തിക്കേണ്ടതും അപകടാവസ്ഥയിലുള്ള കുടുംബങ്ങളെയും കുട്ടികളെയും തിരിച്ചറിഞ്ഞ് അവർക്ക് ആവശ്യമുള്ള സേവനങ്ങൾ നൽകുന്ന കാര്യത്തിൽ ഉത്തരവാദിത്തം ഏൽക്കേണ്ടതുമാണ്.

തിരുവനന്തപുരം, എറണാകുളം, വയനാട്, കണ്ണൂർ എന്നീ തെരഞ്ഞെടുത്ത നാലുജില്ലകളിൽ ഫോസ്റ്റർ കെയറിലുള്ള കുട്ടികളെ സംബന്ധിച്ച മേൽപ്പറഞ്ഞ വിശദാംശങ്ങൾ ഫോറം 34-ൽ സൂക്ഷിച്ചിരുന്നില്ല എന്ന് ഓഡിറ്റ് ശ്രദ്ധിച്ചു.

ഫോസ്റ്റർ കുടുംബത്തിലേയ്ക്ക് സി.ഡബ്ല്യു.സി-യും ഔട്ട്റീച്ച് വർക്കർമാരും കൃത്യമായ ഇടവേളകളിൽ സന്ദർശനങ്ങൾ നടത്താതിരുന്നതു കൊണ്ടും, നിർദ്ദിഷ്ട ഫോർമാറ്റിൽ ഫോസ്റ്റർ കെയറിന്റെ വിശദാംശങ്ങൾ ഡി.സി.പി.യു-കൾ കൃത്യമായി പുതുക്കാത്തത് കൊണ്ടും സൂക്ഷിക്കാതിരുന്നതുകൊണ്ടും ഫോസ്റ്റർ കെയറിലേക്ക് അയയ്ക്കുന്ന കുട്ടിയുമായി സജീവ ബന്ധം സ്ഥാപിക്കാനും, കുട്ടി അവരുടെ പരിസ്ഥിതിയുമായി എത്രമാത്രം പൊരുത്തപ്പെടുന്നു എന്ന് നിർണ്ണയിക്കാനും അധികൃതർക്ക് കഴിഞ്ഞില്ല.

നേരിട്ടോ അല്ലെങ്കിൽ ഓൺലൈൻ രീതിയിലോ, സി.ഡബ്ല്യു.സി ഫോസ്റ്റർ കുടുംബങ്ങളുടെ പരിശോധനകൾ നടത്തണമെന്നുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമെന്നും ജില്ലാ മജിസ്ട്രേറ്റുമാരോട് ഈ പരിശോധനകൾ നിരീക്ഷിക്കാൻ നിർദ്ദേശിക്കുമെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). കൂടാതെ, കുട്ടിയുടെ ക്ഷേമം പതിവായി നിരീക്ഷിക്കുന്നതിനായി ഡി.സി.പി.യു-കളോട് ബന്ധപ്പെട്ടിട്ടുള്ള ഔട്ട്റീച്ച് വർക്കർമാർ/ സാമൂഹ്യപ്രവർത്തകർ ഓരോ ഫോസ്റ്റർ കുടുംബം/ ദാതാവ് എന്നിവരെ സന്ദർശിക്കുന്നു എന്ന് ഉറപ്പ് വരുത്താനുള്ള നിർദ്ദേശവും ഡി.സി.പി.ഒ-മാർക്ക് നൽകുന്നതാണ് എന്നും പറയുകയുണ്ടായി.

2.1.7.9. കുട്ടികൾ അവധിക്ക് പോകുന്നതും കാലാവധി കഴിഞ്ഞും അവധിയിൽ തുടരുന്നതും

ജെ.ജെ ചട്ടങ്ങളുടെ ചട്ടം 18 പ്രകാരം, ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള ഏതൊരു കുട്ടിയെയും സി.ഡബ്ല്യു.സി-യുടെ മുമ്പിൽ ഹാജരാക്കേണ്ടതും, കുട്ടിയുമായി സംഭാഷണം നടത്തിയശേഷം, കുട്ടിയെ ഒരു ശിശുമന്ദിരത്തിൽ പാർപ്പിക്കാനായി സി.ഡബ്ല്യു.സി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതുമാണ്. ഒരു സ്ഥാപനത്തിൽ വസിക്കുന്ന ഏതൊരു കുട്ടിക്കും, പരീക്ഷ, ബന്ധുക്കളുടെ വിവാഹം, മാതാപിതാക്കളുടെ ഗുരുതര അസുഖം അല്ലെങ്കിൽ സമാനമായ അടിയന്തിര സാഹചര്യം, തുടങ്ങിയ പ്രത്യേക അവസരങ്ങളിൽ നിരീക്ഷണത്തിന് വിധേയമായി ഒരു അവസരത്തിൽ സാധാരണയായി ഏഴ് ദിവസത്തിൽ കവിയാതെ, അവധി അനുവദിക്കാൻ സി.ഡബ്ല്യു.സി-യെയും ജെ.ജെ.ബി-യെയും ജെ.ജെ. നിയമത്തിന്റെ വകുപ്പ് 98 അധികാരപ്പെടുത്തുന്നു. അവധിയുടെ കാലാവധി കഴിയുമ്പോൾ ഒരു കുട്ടി ശിശുമന്ദിരത്തിലേയ്ക്ക് മടങ്ങാതിരുന്നാൽ, ജെ.ജെ.ബി-യ്ക്കോ സി.ഡബ്ല്യു.സി-യ്ക്കോ ആ കുട്ടിയെ ബന്ധപ്പെട്ട മന്ദിരത്തിൽ എത്തിക്കാവുന്നതോ അല്ലെങ്കിൽ മാതാപിതാക്കളുടെയോ/ രക്ഷാകർത്താവിന്റെ കൂടെയോ താമസിക്കാൻ അനുവദിച്ചു കൊണ്ട് റിലീസ് ഓർഡർ പുറപ്പെടുവിക്കാവുന്നതോ ആണ്. സി.സി.ഐ-യിൽ നിന്ന് അവധിക്ക് പോയിട്ട് സ്ഥാപനത്തിൽ തിരിച്ച് വരാതിരിക്കുകയും എന്നാൽ സമയബന്ധിതമായി തുടർനടപടികൾ എടുക്കുന്നതിൽ സി.സി.ഐ-യ്ക്കും സി.ഡബ്ല്യു.സി-യ്ക്കും വീഴ്ച പറ്റിയതുമായ, താഴെ വിവരിക്കുന്ന ചില സംഭവങ്ങൾ രേഖകളുടെ പരിശോധനയിൽ വെളിപ്പെട്ടു:

- വയനാട് എസ്.എ.എ-ൽ നിന്ന് അവധിയിൽ പോയ[29] ആറ് വയസ്സ് പ്രായത്തിനുള്ളിലുള്ള അഞ്ച് കുട്ടികൾ അവധിക്കാലം കഴിഞ്ഞും സി.സി.ഐ-യിൽ തിരിച്ചെത്തിയില്ല. ഇപ്പറഞ്ഞവരിൽ, 2023 ജനുവരി 01 ന് അവധിയിൽ

[29] 2020 മാർച്ചിൽ ഒരു കുട്ടി, 2023 ജനുവരിയിൽ മൂന്ന് കുട്ടികൾ, 2023 ഏപ്രിലിൽ ഒരു കുട്ടി

പോയ മൂന്ന് സഹോദരങ്ങളുടെ കാര്യത്തിൽ മന്ദിരത്തിലെ താമസം അവസാനിപ്പിച്ച് വീട്ടിൽ പോകാനുള്ള റിലീസ് ഓർഡർ സി.ഡബ്ല്യു.സി പുറപ്പെടുവിച്ചത് എട്ട് മാസത്തിന് ശേഷം 2023 സെപ്റ്റംബർ 12-ന് ആയിരുന്നുവെന്ന് കണ്ടു.

2023 ഏപ്രിൽ 13-ന് അവധിയിൽ പോയ നാലാമത്തെ കുട്ടി ഇതുവരെ (2024 ഫെബ്രുവരി) മന്ദിരത്തിൽ തിരിച്ചെത്തിയില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സി.സി.ഐ ഇക്കാര്യം സി.ഡബ്ല്യു.സി-യെ അറിയിക്കുകയോ സി.ഡബ്ല്യു.സി കുട്ടിക്കായി ഒരു റിലീസ് ഓർഡർ പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല.

2020 മാർച്ച് 16-ന് എസ്.എ.എ-യിൽ നിന്ന് അവധിയിൽ പോയ അഞ്ചാമത്തെ കുട്ടി, അവധി കഴിഞ്ഞ് മടങ്ങിയെത്തിയില്ല എന്ന കാര്യം സി.സി.ഐ, സി.ഡബ്ല്യു.സി-യെ അറിയിച്ചില്ല. മാതാപിതാക്കളുടെ അപേക്ഷയിൽ 2022 ജനുവരി 5-ന് കുട്ടിയുടെ റിലീസ് ഓർഡർ സി.ഡബ്ല്യു.സി പുറപ്പെടുവിച്ചു.

- 2021 ഡിസംബർ 13-ന് എറണാകുളം, കാക്കനാടുള്ള ജിസിഎച്ചിൽ പ്രവേശിപ്പിച്ചിരുന്ന 11 വയസ്സുള്ള ഒരു പെൺകുട്ടി സി.ഡബ്ല്യു.സി-യുടെ ഉത്തരവിൻ പ്രകാരം പ്രവേശനത്തിന്റെ പിറ്റേന്ന് തന്നെ അവധിയിൽ പോയി. അനുവദിക്കപ്പെട്ട അവധി 2021 ഡിസംബർ 27-ന് കഴിഞ്ഞെങ്കിലും കുട്ടി ശിശു മന്ദിരത്തിൽ തിരിച്ചെത്തിയില്ല. എന്നാൽ സ്ഥാപനം ഇക്കാര്യം സി.ഡബ്ല്യു.സിക്ക് 2022 മാർച്ച് 23-ന് മാത്രമാണ് റിപ്പോർട്ട് ചെയ്തത്. കൂടാതെ, ഒൻപത് മാസം കഴിഞ്ഞ്, 2023 ജനുവരി 09-നാണ് സി.ഡബ്ല്യു.സി റിലീസ് ഓർഡർ പുറപ്പെടുവിച്ചത്.

- ആലപ്പുഴ നൂറനാട്ടെ ആൺകുട്ടികൾക്കായുള്ള ജിസിഎച്ചിലെ പ്രവേശന റജിസ്റ്റർ, ഡിസ്ചാർജ് റജിസ്റ്റർ, ഹാജർ പുസ്തകം എന്നിവ പരിശോധിച്ചപ്പോൾ, സി.ഡബ്ല്യു.സി -യുടെ ഉത്തരവിൻ പ്രകാരം സ്ഥാപനത്തിൽ നിന്ന് അവധിയിൽ പോയ (2018 നവംബർ, 2019 ഏപ്രിൽ) എട്ട് വയസുള്ള രണ്ട് കുട്ടികൾ അവധി കഴിഞ്ഞ് തിരിച്ചെത്തിയില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ കുട്ടികൾ കാലവധി കഴിഞ്ഞും അവധിയിൽ തുടരുന്നു എന്നുള്ള കാര്യം സി.സി.ഐ വളരെ വൈകി 2019 ജനുവരിയിലും 2019 ആഗസ്റ്റിലും മാത്രമാണ് സി.ഡബ്ല്യു.സി-യെ അറിയിച്ചത്. മേൽപ്പറഞ്ഞ കുട്ടികളുടെ റിലീസ് ഓർഡർ 2022 ജൂലൈയിൽ മാത്രമാണ് സി.ഡബ്ല്യു.സി പുറപ്പെടുവിച്ചതായി കണ്ടത്. ഒരു കുട്ടിക്ക് അവധിയിൽ പോകാവുന്ന ദിവസങ്ങളുടെ എണ്ണം ഏഴായി നിയമം നിഷ്കർഷിക്കുന്നുണ്ടെങ്കിലും, സി.ഡബ്ല്യു.സി-യുടെ ഓർഡറുകൾ അവധിയുടെ കാലാവധി ഏഴ് ദിവസമായി പരിമിതപ്പെടുത്തുകയോ അവധിയുടെ എണ്ണം സുവ്യക്തമാക്കുകയോ ചെയ്യുന്നില്ല. ഈ കേസിൽ കുട്ടിക്ക് നിർദ്ദിഷ്ട പരിധിയിലും വളരെ കൂടുതലായി രണ്ട് മാസത്തെ അവധി അനുവദിച്ചുകൊണ്ട് സി.ഡബ്ല്യു.സി ഉത്തരവ് പുറപ്പെടുവിച്ചു (2019 മാർച്ച്).

മേലുദ്ധരിച്ച സംഭവങ്ങളിൽ അവധി തീരുന്നതിനും റിലീസ് ഓർഡർ പുറപ്പെടുവിക്കുന്നതിനും ഇടയ്ക്കുള്ള അധികകാലയളവിൽ, കുട്ടി സ്ഥാപനത്തിൽ ഇല്ലാതെ വരുന്ന സാഹചര്യങ്ങൾക്ക് ഇട വരുത്തുന്നു. കൂടാതെ, കുട്ടി സ്ഥാപനത്തിൽ ഇല്ലാതെ വരുന്ന സമയത്ത്, കുട്ടിയെക്കുറിച്ചുള്ള വിവരങ്ങൾ അറിയാതിരിക്കുന്നതിനും കുട്ടിയുടെ സുരക്ഷാകാര്യത്തിൽ വിട്ടുവീഴ്ച ഉണ്ടാവുന്നതിനും ഇടയാക്കുന്നു. സ്ഥാപനത്തിൽ നിന്ന് ദീർഘകാലം കുട്ടിയെ കാണാതിരുന്നതിന് ശേഷം കുട്ടിയുടെ ക്ഷേമാവസ്ഥ ഉറപ്പാക്കുകപോലും ചെയ്യാതെ, സി.സി.ഐ-യിലെ അവരുടെ താമസം

അവസാനിപ്പിച്ച് കൊണ്ട് റിലീസ് ഓർഡർ പുറപ്പെടുവിക്കുന്നു. ഇത് കുട്ടികളുടെ ദുർബലമായ സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ, കാലാവധി കഴിഞ്ഞും അവധിയിൽ തുടരുക വഴി ഒരു അരുതാത്ത സംഭവം ഉണ്ടാകുന്ന പക്ഷം, കുട്ടിയുടെ സുരക്ഷാ കാര്യത്തിൽ സി.സി.ഐ/ സി.ഡബ്ല്യു.സി/ ജെ.ജെ.ബി/ സർക്കാർ എന്നിവർ നിയമപരമായി സങ്കോചമുണ്ടാക്കുന്ന സാഹചര്യത്തിൽ എത്തിപ്പെടാവുന്നതാണ്.

നിർദ്ദിഷ്ട സമയമായ ഏഴ് ദിവസത്തിനുള്ളിൽ കുട്ടികൾ മന്ദിരങ്ങളിൽ തിരിച്ചെത്തിയില്ലെങ്കിൽ, സി.സി.ഐ-കളിലെ സൂപ്രണ്ടുമാർ ആ വിവരം സി.ഡബ്ല്യു.സിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). അവധി കഴിഞ്ഞ് തിരികെ എത്താത്ത കുട്ടികൾക്ക് സി.ഡബ്ല്യു.സി -കൾ റിലീസ് ഓർഡറുകൾ പുറപ്പെടുവിക്കുവാനുള്ള നിർദ്ദേശങ്ങൾ കൊടുക്കുമെന്നും പ്രസ്താവിക്കപ്പെട്ടു. കുട്ടികൾക്ക് റിലീസ് ഓർഡറുകൾ അനുവദിക്കുന്നതിന് മുമ്പ്, അവരുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കാനായി അവധിയിൽ പോകുന്ന കുട്ടികളുടെ സ്ഥലകാല വിവരങ്ങൾ സി.ഡബ്ല്യു.സി-കൾ/ സി.സി.ഐ-കൾ സജീവമായി അന്വേഷിക്കേണ്ടതിന്റെ ആവശ്യകത ഓഡിറ്റ് അടിവരയിട്ടു പറയുന്നു.

2.1.7.10. ദത്തെടുക്കൽ നടപടികൾ നടപ്പാക്കുന്നതിലെ കാര്യക്ഷമത

സി.ഡബ്ല്യു.സി ദത്തെടുക്കലിനായി, പരിഗണിക്കുന്ന അനാഥൻ അല്ലെങ്കിൽ ഉപേക്ഷിക്കപ്പെട്ടതോ സറണ്ടർ ചെയ്തതോ ആയ ഒരു കുട്ടി, ഒരു ബന്ധുവിന്റെ[30] കുട്ടി, വളർത്തുമാതാപിതാക്കൾക്ക് ദത്തെടുക്കാനായി ജീവശാസ്ത്രപരമായ മാതാപിതാക്കൾ സറണ്ടർ ചെയ്ത മുൻ വിവാഹത്തിലെ പങ്കാളിയുടെ കുട്ടി എന്നിവരെയാണ്, കേന്ദ്ര അഡോപ്ഷൻ റിസോഴ്സ് ഏജൻസി (സി.എ.ആർ.എ) രൂപപ്പെടുത്തി കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ച 2017-ലെയും 2022-ലെയും ദത്തെടുക്കൽ റെഗുലേഷനുകൾ ദത്തെടുക്കലിന് യോഗ്യതയുള്ളവരായി നിർവ്വചിക്കുന്നത്. രൂപീകരിക്കപ്പെട്ട റെഗുലേഷനുകൾ ദത്തെടുക്കൽ നടപടികൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കാനായി സംസ്ഥാനത്ത് ഒരു സംവിധാനം ഉണ്ടായിരുന്നോ എന്ന് ഓഡിറ്റ് പരിശോധിച്ചു. ഓഡിറ്റിന്റെ നിരീക്ഷണങ്ങൾ തുടർന്ന് വരുന്ന ഖണ്ഡികകളിൽ വിവരിക്കുന്നു.

ഹോം സ്റ്റഡി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലും, അപ്‌ലോഡ് ചെയ്യുന്നതിലും, പുനഃസാധൂകരിക്കുന്നതിലും ഉണ്ടായ കാലതാമസം

'ഹോം സ്റ്റഡി റിപ്പോർട്ടിൽ'[31] (എച്ച്.എസ്.ആർ) ദത്തെടുക്കാൻ താല്പര്യമുള്ള മാതാപിതാക്കളുടെയോ[32] (പി.എ.പി) വളർത്തു മാതാപിതാക്കളുടെയോ വിശദാംശങ്ങൾ കൂടാതെ, സാമൂഹിക-സാമ്പത്തിക സ്ഥിതി, കുടുംബപശ്ചാത്തലം, വീടിനെയും അതിന്റെ അന്തരീക്ഷത്തെയും സംബന്ധിച്ച വിവരണം, ആരോഗ്യ സ്ഥിതി എന്നിവയുമാണ് ഉൾപ്പെടുന്നത്. ഡി.സി.പി.യു-കൾ മുഖാന്തരമാണ് ഫോസ്റ്റർ കുടുംബത്തിന്റെ എച്ച്.എസ്.ആർ, സി.ഡബ്ല്യു.സി-യ്ക്ക് ലഭിക്കേണ്ടിയിരുന്നത്.

പി.എ.പി-കളുടെ രജിസ്ട്രേഷന്റെയും ആവശ്യമുള്ള രേഖാസമർപ്പണത്തിന്റെയും തീയതിയ്ക്ക് ഒരു മാസത്തിനുള്ളിൽ ഓരോ സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയും (എസ്.എ.എ) പി.എ.പി-കളുടെ എച്ച്.എസ്.ആർ പൂർത്തിയാക്കണമെന്ന്

---

[30] നിയമത്തിന്റെ വകുപ്പ് 2(52)-ൽ നിർവ്വചിക്കുന്ന പ്രകാരം

[31] ജെ.ജെ. ചട്ടങ്ങളുടെ ചട്ടം 2(viii)

[32] നിയമത്തിന്റെ വകുപ്പ് 57-ലെ വ്യവസ്ഥകൾ പ്രകാരം ഒരു കുട്ടിയെ ദത്തെടുക്കാൻ യോഗ്യതയുള്ള ഒരു വ്യക്തി/വ്യക്തികളെ ആണ് ദത്തെടുക്കാൻ താല്പര്യമുള്ള മാതാപിതാക്കളായി നിയമത്തിന്റെ വകുപ്പ് 2(49) നിർവ്വചിക്കുന്നത്

2017-ലെ ദത്തെടുക്കൽ റെഗുലേഷനുകളുടെ റെഗുലേഷൻ 29(3)(ഡി) പ്രസ്താവിക്കുന്നു. 2022-ലെ ദത്തെടുക്കൽ റെഗുലേഷനുകളുടെ റെഗുലേഷൻ 30(3)(ഡി)-യിലൂടെ എച്ച്.എസ്.ആർ പൂർത്തിയാക്കേണ്ട കാലാവധി രണ്ട് മാസമായി നീട്ടുകയും എച്ച്.എസ്.ആറിന്റെ പുനഃസാധൂകരണം അതിന്റെ കാലാവധി തീരുന്നതിന് മുൻപ് ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ടതാണെന്ന് ഉത്തരവാകുകയും ചെയ്തു.

ഓഡിറ്റ് കാലയളവിൽ ഹോം സ്റ്റഡി റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷ്മപരിശോധനയിൽ താഴെപ്പറയുന്ന ന്യൂനതകൾ വെളിപ്പെട്ടു.

- എറണാകുളം ജില്ലയിൽ ആകെയുള്ള 124 കേസുകളിൽ, എട്ടെണ്ണത്തിൽ 13 മുതൽ 58 ദിവസം വരെ വൈകിയാണ് എച്ച്.എസ്.ആറുകൾ പൂർത്തിയാക്കിയത്. വയനാട് ജില്ലയിൽ, 21 കേസുകളിലെ കാലതാമസം അഞ്ച് മുതൽ 245 ദിവസം വരെ ആയിരുന്നു. കണ്ണൂർ ജില്ലയിൽ 29 കേസുകളിൽ കാലതാമസം മൂന്ന് മുതൽ 1031 ദിവസം ആയിരുന്നു.

- എച്ച്.എസ്.ആർ. പൂർത്തിയാക്കുന്ന തീയതി മുതൽ മൂന്ന് ദിവസത്തിനുള്ളിൽ എസ്.എ.എ നിർദ്ദിഷ്ട പോർട്ടലിൽ എച്ച്.എസ്.ആർ പോസ്റ്റ് ചെയ്യേണ്ടതാണെന്ന് റെഗുലേഷനുകൾ അനുശാസിക്കുന്നു.

  എന്നാൽ, ആലപ്പുഴ ജില്ലയിലെ ഏഴ് കേസുകളിൽ, നിർദ്ദിഷ്ടപോർട്ടലിൽ എച്ച്.എസ്.ആർ അപ്‌ലോഡ് ചെയ്യാനുണ്ടായ കാലതാമസം ഒൻപത് മുതൽ 80 ദിവസം വരെ ആയിരുന്നു. വയനാട് ജില്ലയിലെ 26 കേസുകളിൽ കാലതാമസം മൂന്ന് ദിവസത്തിനും 158 ദിവസത്തിനും ഇടയിലായിരുന്നു. കണ്ണൂർ ജില്ലയിലെ 27 കേസുകളിൽ കാലതാമസം മൂന്ന് ദിവസത്തിനും 225 ദിവസത്തിനും ഇടയിലായിരുന്നു.

- ആലപ്പുഴ ജില്ലയിലെ മൂന്ന് കേസുകളിൽ, എച്ച്.എസ്.ആറിന്റെ പുനഃസാധൂകരണം 81 മുതൽ 153 ദിവസം വരെ കാലതാമസം വരുത്തിയാണ് ചെയ്തത്. വയനാട് ജില്ലയിലെ നാല് കേസുകളിൽ, പുനഃസാധൂകരണം 2020 ഏപ്രിലിനും 2022 സെപ്റ്റംബറിനും ഇടയിൽ ചെയ്യേണ്ടതായിരുന്നെങ്കിലും നാളിതുവരെ (2023 ഒക്ടോബർ) ചെയ്തിട്ടില്ല. കണ്ണൂർ ജില്ലയിലെ 28 കേസുകളിൽ, കാലതാമസം 12 മുതൽ 390 ദിവസം വരെ ആയിരുന്നു.

കുട്ടിയെ ഫോസ്റ്റർ കെയിറിന് എൽപ്പിക്കുന്നതിന് മുമ്പ് ഡി.സി.പി.യു മുഖാന്തരം ഫോസ്റ്റർ കുടുംബത്തിന്റെ എച്ച്.എസ്.ആർ, സി.ഡബ്ല്യു.സി-യ്ക്ക് ലഭിക്കേണ്ടതിനാൽ, എച്ച്.എസ്.ആറിന്റെ സമയബന്ധിതമായ തയ്യാറാക്കലും അപ്‌ലോഡിംഗും ദത്തെടുക്കപ്പെടുന്ന കുട്ടികൾക്ക് അനുകൂല സാഹചര്യമുള്ള ഭവനങ്ങൾ ഉറപ്പാക്കുന്ന കാര്യത്തിൽ നിർണ്ണായക ഘടകമാണ്. കൂടാതെ, ഫോസ്റ്റർ കുടുംബങ്ങളിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പരിചരിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കുകയും, യോഗ്യമാണെന്ന് എച്ച്.എസ്.ആർ അംഗീകരിക്കുകയും ചെയ്താൽ മാത്രമേ ഇപ്പറഞ്ഞ കുട്ടികളെ ഫോസ്റ്റർ കുടുംബങ്ങളെ ഏൽപ്പിക്കാൻ പരിഗണിക്കുകയുള്ളൂ.

എറണാകുളം, കണ്ണൂർ, വയനാട് ജില്ലകളിലെ ഡി.സി.പി.യു-മാർക്ക് തീർപ്പാക്കാത്ത 174 കേസുകളിൽ എത്രയും വേഗം ഹോം സ്റ്റഡി നടത്താനും, ആലപ്പുഴ ഡി.സി.പി.യു-വിനോട് അപേക്ഷകരുടെ പക്കൽ നിന്നും രേഖകൾ ശേഖരിച്ച് തീർപ്പാക്കാത്ത എച്ച്.എസ്.ആർ അപ്‌ലോഡ് ചെയ്യാനും നിർദ്ദേശങ്ങൾ നൽകിയെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ).

തൊട്ടിൽ ഇടങ്ങളും സൂചകങ്ങളും ഏർപ്പാടാക്കാത്തത്

ഉപേക്ഷിക്കപ്പെട്ട കുട്ടികളെ സ്വീകരിക്കാൻ, എസ്.എ.എ അതിന്റെ സ്വന്തം മന്ദിരത്തിൽ ശിശുകൾക്കായുള്ള തൊട്ടിൽ ഇടങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ തുടങ്ങിയവയിൽ തൊട്ടിലുകളും സ്ഥാപിക്കണമെന്ന് **2017**-ലെയും **2022**-ലെയും[33] ദത്തെടുക്കൽ റെഗുലേഷനുകൾ നിഷ്കർഷിക്കുന്നു. തൊട്ടിലിലെ ശിശുവിനെ സ്വീകരിക്കുന്ന കേന്ദ്രമായി എസ്.എ.എ-യെ നാമനിർദ്ദേശം ചെയ്യേണ്ടതും അവിടെ കുഞ്ഞുങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കേണ്ടതുമാണ്. തൊട്ടിലിലെ ശിശുവിനെ സ്വീകരിക്കുന്ന കേന്ദ്രത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ/ ആശുപത്രികൾ/ നേഴ്സിംഗ് ഹോമുകൾ എന്നിവിടങ്ങളിലെ തൊട്ടിൽ ഇടങ്ങളുമായി ബന്ധിപ്പിക്കേണ്ടതാണ്. തൊട്ടിൽ ഇടങ്ങൾക്കായി തൊട്ടിലുകൾ സംഭരിക്കാനുള്ള സൗകര്യം ഡി.സി.പി.യു ഒരുക്കേണ്ടതാണ്. കൂടാതെ, കുട്ടികളെ സുരക്ഷിതമായി ഉപേക്ഷിക്കാൻ അവരുടെ ജീവശാസ്ത്രപരമായ രക്ഷിതാവിന്/ രക്ഷിതാക്കൾക്ക് മാർഗ്ഗനിർദ്ദേശം ലഭ്യമാക്കാനായി വിവിധ സ്ഥലങ്ങളിൽ നിർബന്ധമായി തൊട്ടിൽ സൂചകങ്ങൾ പ്രദർശിപ്പിക്കണമെന്ന് എല്ലാ എസ്.എ.എ-കൾക്കും സി.എ.ആർ.എ നിർദ്ദേശം നൽകിയിട്ടുണ്ട് (**2022** സെപ്റ്റംബർ).

സംസ്ഥാനത്തെ **14** എസ്.എ.എ-കളിൽ രണ്ടിടത്ത്[34] മാത്രമാണ് തൊട്ടിൽ ഇടങ്ങൾ സ്ഥാപിച്ചതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പരിശോധന നടത്തിയ അഞ്ച് ജില്ലകളിൽ, തിരുവനന്തപുരത്ത് മാത്രമേ എസ്.എ.എ-യിൽ തൊട്ടിൽ ഇടം ഉണ്ടായിരുന്നുള്ളൂ. എസ്.എ.എ അല്ലാതെ തൊട്ടിൽ ഇടങ്ങൾ സ്ഥാപിച്ച കേന്ദ്രങ്ങളുടെ കാര്യത്തിൽ, ആലപ്പുഴയിൽ ഒരു[35] തൊട്ടിലും എറണാകുളത്ത് രണ്ട്[36] തൊട്ടിലുകളും ഉണ്ടായിരുന്നു. വയനാട്, കണ്ണൂർ ജില്ലകളിൽ കുട്ടികളെ സുരക്ഷിതമായി ഉപേക്ഷിക്കാവുന്ന കേന്ദ്രങ്ങൾ ഇല്ലായിരുന്നു. ഐ.സി.പി.എസിന്റെ മാർഗ്ഗനിർദ്ദേശാനുസരണം തൊട്ടിലുകളുടെ സംഭരണം സാദ്ധ്യമാക്കുന്ന കാര്യത്തിൽ ഡി.സി.പി.യു-കൾ പരാജയപ്പെട്ടു എന്നാണ് നിർദ്ദിഷ്ട രീതിയിൽ തൊട്ടിലുകൾ ലഭ്യമല്ലായിരുന്നു എന്നത് സൂചിപ്പിക്കുന്നത്. കൂടാതെ, ഇപ്പറഞ്ഞ ശിശുകൾക്കായുള്ള തൊട്ടിൽ ഇടങ്ങളിൽ ഒരിടത്തും സൂചകങ്ങൾ ഇല്ലായിരുന്നു.

ശിശുക്കളെ കൈമാറാൻ കൂടുതൽ തൊട്ടിൽ ഇടങ്ങൾ പ്രോത്സാഹിപ്പിക്കുകയും അത്തരം ഇടങ്ങളുടെ സ്ഥാനം സംബന്ധിച്ച് അവബോധം നടത്തുകയും ചെയ്യുന്നതിലൂടെ മാത്രമേ സുരക്ഷിതമല്ലാത്തതും വൃത്തിഹീനവുമായ സാഹചര്യങ്ങളിൽ നവജാത ശിശുക്കൾ ഉപേക്ഷിക്കപ്പെടുന്ന സംഭവങ്ങൾ ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. ജീവഹാനിക്കുള്ള സാദ്ധ്യതയിൽ നിന്നും, മാലിന്യം, അഴുക്ക്, കുറ്റിച്ചെടികൾ തുടങ്ങിയവയിൽ മനുഷ്യത്വ രഹിതമായി വലിച്ചെറിയുന്നതു മൂലമുണ്ടാകുന്ന അപകടം, അതിക്രമം എന്നിവയിൽ നിന്നും നവജാതശിശുക്കളെ സംരക്ഷിക്കുന്നതിനും സുരക്ഷിതരീതിയിലുള്ള ഉപേക്ഷിക്കൽ വഴി സാധിക്കുന്നു. നിർദ്ദിഷ്ട രീതിയിൽ ശിശുക്കൾക്കായുള്ള തൊട്ടിൽ ഇടങ്ങൾ സ്ഥാപിക്കുന്നതും ഇടങ്ങൾ എളുപ്പത്തിൽ തിരിച്ചറിയുന്നതിനായി സൂചകങ്ങൾ സ്ഥാപിക്കുന്നതും ഉപേക്ഷിക്കപ്പെട്ട ഒരു നവജാതശിശുവിന്റെ ജീവൻ രക്ഷിക്കാനുള്ള സാദ്ധ്യത വർദ്ധിപ്പിക്കുന്നു.

---

[33] **2022** സെപ്റ്റംബർ **23** മുതൽ

[34] തിരുവനന്തപുരവും മലപ്പുറവും

[35] ആലപ്പുഴയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

[36] അങ്കമാലി ചെറുപുഷ്പം ആശുപത്രിയിലും എറണാകുളം ജനറൽ ആശുപത്രിയിലും

സംസ്ഥാനത്ത് സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയിലും/ ആശുപത്രികളിലും എം.എൽ.എ ഫണ്ടുകൾ ഉപയോഗിച്ച് ശിശുക്കളെ സ്വീകരിക്കുന്ന തൊട്ടിൽ കേന്ദ്രങ്ങൾ സ്ഥാപിക്കാനായി കേരള സംസ്ഥാന ശിശുക്ഷേമ സമിതിയ്ക്ക് നിർദ്ദേശം കൊടുത്തതായി സർക്കാർ പ്രസ്താവിച്ചു (2024 ഏപ്രിൽ).

ദത്തെടുക്കാവുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വൈദ്യപരിശോധനയിലെ കാലതാമസം

ആരോഗ്യപ്രശ്നങ്ങളോ അല്ലെങ്കിൽ സംശയിക്കത്തക്ക വിധം പ്രത്യേക ആവശ്യങ്ങൾ/ അവസ്ഥയിലുള്ള കുട്ടികളെ സംബന്ധിച്ച് എസ്.എ.എ-യിൽ നിന്നോ അല്ലെങ്കിൽ സി.സി.ഐ-യിൽ നിന്നോ വിവരം ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ജില്ലാ മജിസ്ട്രേറ്റ് ആ കുട്ടികളെ ജില്ലയിലെ മുഖ്യ മെഡിക്കൽ അധികാരിയുടെ (ജില്ലാ മെഡിക്കൽ ഓഫീസർ (ഡി.എം.ഒ)) അടുത്ത് പരിശോധിപ്പിക്കേണ്ടതാണ് എന്ന് 2022-ലെ ദത്തെടുക്കൽ റെഗുലേഷനുകളുടെ റെഗുലേഷൻ 36(8) ആവശ്യപ്പെടുന്നു. 15 ദിവസത്തിനുള്ളിൽ, ഡി.എം.ഒ കുട്ടിയുടെ ആരോഗ്യസ്ഥിതി പരിശോധിക്കേണ്ടതും കുട്ടിക്ക് എന്തെങ്കിലും അസുഖമോ പ്രത്യേക ആവശ്യങ്ങളോ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതുമാണ്.

തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിലെ എസ്.എ.എ-കളിലുള്ള രേഖകൾ പരിശോധിച്ചപ്പോൾ, തിരുവനന്തപുരം എസ്.എ.എ-യിൽ നിർദ്ദിഷ്ട 15 ദിവസങ്ങൾക്കുള്ളിൽ കുട്ടികളുടെ ആരോഗ്യ സ്ഥിതിയുടെ പരിശോധന ഡി.എം.ഒ ചെയ്യുന്നുണ്ടായിരുന്നില്ല എന്നു കണ്ടു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ കാര്യത്തിൽ ഡി.എം.ഒ തിരുവനന്തപുരം പരിശോധനയിൽ വരുത്തിയ കാലതാമസം 228 മുതൽ 275 ദിവസം വരെ ആയിരുന്നു, കാലതാമസത്തിന്റെ വിശദാംശങ്ങൾ **പട്ടിക 2.4**-ൽ കാണിച്ചിരിക്കുന്നു.

പട്ടിക 2.4: വൈദ്യപരിശോധനയുടെ കാര്യത്തിൽ ഡി.എം.ഒ വരുത്തിയ കാലതാമസം

കുട്ടി	പരിശോധന നടത്തേണ്ടിയിരുന്ന തീയതി	പരിശോധന നടത്തിയ തീയതി	കാലതാമസം (ദിവസത്തിൽ)
തിരുവനന്തപുരം			
കുട്ടി 1	20.12.2022	20.09.2023	275
കുട്ടി 2	20.12.2022	20.09.2023	275
കുട്ടി 3	02.02.2023	നടത്തിയിട്ടില്ല (2023 ഒക്ടോബർ)	നടത്തിയിട്ടില്ല
കുട്ടി 4	05.02.2023	20.09.2023	228
കുട്ടി 5	25.01.2023	20.09.2023	239

(ഉറവിടം: കേരള സംസ്ഥാന ശിശു ക്ഷേമ സമിതി സമർപ്പിച്ച വിവരം)

വൈദ്യപരിശോധന നടത്തുന്നതിലെ കാലതാമസം, ഒരു കുട്ടിയെ നിയമതടസ്സമില്ലാതെ ദത്തെടുക്കുന്നതിന് യോഗ്യമാണെന്ന് പ്രഖ്യാപിക്കുന്നതിന് തടസ്സമാകുന്നു. ഇത്, ദത്തെടുക്കൽ നടപടികൾ വൈകിപ്പിക്കുമെന്നതിനാൽ ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന സമയ പരിധിക്കുള്ളിൽ വൈദ്യപരിശോധന നടത്തേണ്ടതാണ്.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വൈദ്യപരിശോധനാ റിപ്പോർട്ട്, (എം.ഇ.ആർ) അവരുടെ ആരോഗ്യസ്ഥിതിയുടെ വിശദമായ പരിശോധനയ്ക്കായി ചൈൽഡ് അഡോപ്ഷൻ റിസോഴ്സ് ഇൻഫോർമേഷൻ ആന്റ് ഗൈഡൻസ് സിസ്റ്റം (കെയറിംഗ്സ്) പോർട്ടൽ മുഖാന്തിരം, ഡി.എം.ഒ-മാർക്ക് കൈമാറിയിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). ഡിഎംഒയുടെ ഭാഗത്തുനിന്നുണ്ടായ കാലതാമസം കാരണം സർക്കാർ ഈ വിഷയത്തിൽ ഇടപെട്ടുവെന്നും ഈ കുട്ടികളുടെ

എംഇആർ പൂർത്തിയാക്കിയെന്നും അത് കെയറിംഗ്സ് പോർട്ടലിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്നും പ്രസ്താവിച്ചു.

ഡി.എം.ഒ-യുടെ ഭാഗത്തു നിന്നുള്ള അസാധാരണമായ കാലതാമസം പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ ദത്തെടുക്കലിന് തെരഞ്ഞെടുക്കുവാനുള്ള സാദ്ധ്യതകളെ നിയന്ത്രിക്കുന്നതിനാൽ മറുപടി ന്യായീകരിക്കത്തക്കതല്ല. അതിനാൽ, വൈദ്യപരിശോധനയ്ക്കും എംഇആർ നൽകുന്നതിനും മുൻഗണന നൽകേണ്ടതാണ്.

ദത്തെടുക്കലിന് ശേഷമുള്ള തുടരന്വേഷണങ്ങൾ നടത്തുന്നതിലെ കാലതാമസം

എച്ച്.എസ്.ആർ തയ്യാറാക്കിയ എസ്.എ.എ, പി.എ.പി-കൾക്ക് ദത്തെടുക്കലിന് മുൻപുള്ള ഫോസ്റ്റർ കെയറിന് ഏൽപ്പിക്കുന്ന തീയതി മുതൽ രണ്ട് വർഷത്തേയ്ക്ക് ആറ് മാസാടിസ്ഥാനത്തിൽ (നാല് തുടരന്വേഷണങ്ങൾ) ദത്തെടുക്കലിന് ശേഷമുള്ള തുടരന്വേഷണ റിപ്പോർട്ട് തയ്യാറാക്കണമെന്ന് 2017-ലെ ദത്തെടുക്കൽ റെഗുലേഷനുകളുടെ റെഗുലേഷൻ 13 പ്രസ്താവിക്കുന്നു. ഈ റിപ്പോർട്ട് കുട്ടിയുടെ ഫോട്ടോയോടൊപ്പം 'കെയറിംഗ്സ്' പോർട്ടലിൽ ഉൾപ്പെടുത്തേണ്ടതാണ്.

പരിശോധന നടത്തിയ ജില്ലകളിൽ ദത്തെടുക്കലിന് ശേഷമുള്ള തുടരന്വേഷണങ്ങൾ സംഘടിപ്പിക്കുന്നതിൽ, **അനുബന്ധം 2.5**-ൽ വിവരിക്കും വിധം, കാലതാമസമുണ്ടായതായി ഓഡിറ്റ് ശ്രദ്ധിച്ചു.

നിർദ്ദിഷ്ടാനുസരണം ദത്തെടുക്കലിന് ശേഷമുള്ള തുടരന്വേഷണങ്ങൾ നടത്താതിരുന്നതിനാൽ, ദത്തെടുക്കപ്പെട്ട കുട്ടിക്ക് ദത്തെടുത്ത മാതാപിതാക്കളുമായി പൊരുത്തപ്പെടാൻ സാധിക്കുന്നുണ്ടോ എന്ന് ആനുകാലികമായി ഉറപ്പാക്കാൻ സാധിച്ചില്ല. അത്തരം കേസുകളിൽ ദത്തെടുക്കുന്ന മാതാപിതാക്കൾക്കും ദത്തെടുക്കപ്പെട്ടവർക്കും, ആവശ്യമെങ്കിൽ, കൗൺസലിംഗ് ഏർപ്പാടാക്കാൻ റെഗുലേഷനുകൾ എസ്.എ.എ-യെ ചുമതലപ്പെടുത്തിയിരിക്കുന്നതിനാൽ, പതിവായി ഇത്തരം തുടരന്വേഷണങ്ങൾ സംഘടിപ്പിക്കുന്നത് വളരെ നിർണ്ണായകമാണ്.

തീർപ്പാക്കാത്ത കേസുകൾ സമയ ബന്ധിതമായി തീർപ്പാക്കുന്നതിനായി എസ്.എ.എ-മാർക്ക് കർശന നിർദ്ദേശം നൽകിയതായി സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ).

ദത്തെടുക്കൽ ഫീസ് ദത്തെടുക്കലുമായി ബന്ധമില്ലാത്ത മറ്റ് ചെലവുകൾക്കായി വകമാറ്റിയത്

2017-ലെയും 2022-ലെയും ദത്തെടുക്കൽ റെഗുലേഷനുകളുടെ റെഗുലേഷൻ 2(3) പ്രകാരം, പി.എ.പികളിൽ നിന്ന്, അവർ ഇന്ത്യയിൽ ജീവിക്കുന്നവരാണെങ്കിൽ നേരിട്ടും രാജ്യാന്തര ദത്തെടുക്കൽ കേസുകളിൽ അംഗീകൃത വിദേശ ദത്തെടുക്കൽ ഏജൻസി/ കേന്ദ്ര അതോറിറ്റി/ സർക്കാർ വകുപ്പ് മുഖാന്തരവും ലഭിക്കുന്ന ഫീസിനെയാണ്, ദത്തെടുക്കൽ ഫീസെന്ന് നിർവ്വചിക്കുന്നത്. ശേഖരിച്ച ദത്തെടുക്കൽ ഫീസ് കുട്ടികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിനും, മന്ദിരത്തിന്റെ അറ്റകുറ്റപ്പണികൾക്കും ദത്തെടുക്കൽ പൂർത്തിയാക്കുന്നതിനുള്ള ചെലവുകൾക്കും ഉപയോഗിക്കാവുന്നതാണ്. ദത്തെടുക്കൽ ഫീസ് ഏത് ആവശ്യങ്ങൾക്കാണോ ലഭിച്ചത് അതിനല്ലാതെ മറ്റ് ആവശ്യങ്ങൾക്കായി ദുരുപയോഗം അല്ലെങ്കിൽ വകമാറ്റം ചെയ്താൽ ആ എസ്.എ.എ-യുടെ അംഗീകാരം സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്.

തെരഞ്ഞെടുത്ത ജില്ലകളിലെ എസ്.എ.എ-കളിൽ സൂക്ഷിച്ചിരുന്ന കണക്കുകൾ പരിശോധിച്ചപ്പോൾ, തിരുവനന്തപുരത്തും എറണാകുളത്തും മത്സ്യകൃഷി, കോഴികൃഷി, വളർത്തുമൃഗ പരിപാലനം, കേബിൾ ഇന്റർനെറ്റ് ചാർജ്ജുകൾ, ഇരുചക്രവാഹനങ്ങളുടെ

നന്നാക്കൽ എന്നിവ സംബന്ധിച്ച ചെലവുകൾ ശേഖരിച്ച ദത്തെടുക്കൽ ഫീസിൽ നിന്ന് വഹിച്ചു എന്ന് ശ്രദ്ധയിൽപ്പെട്ടു. തിരുവനന്തപുരം എസ്.എ.എ-യിൽ ശമ്പളച്ചെലവുകൾ വഹിക്കാനായി ദത്തെടുക്കൽ ഫീസിൽ നിന്ന് ₹16.91 ലക്ഷം വകമാറ്റിയതായും ശ്രദ്ധിക്കപ്പെട്ടു. എന്നിരുന്നാലും, ദത്തെടുക്കൽ ഫീസിന്റെ അനുവദനീയമല്ലാത്ത ഉപയോഗത്തിന്റെ പേരിൽ ഒരു നടപടിയും എടുത്തതായി കണ്ടില്ല.

എസ്.എ.എ-കൾ ഗ്രാന്റ് ഇൻ എയ്ഡും, ദത്തെടുക്കൽ ഫീസും വകമാറ്റിയ കാര്യത്തിൽ, ആയതിനെ പറ്റി അന്വേഷിക്കാനും അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാനുമായി ബന്ധപ്പെട്ട ഡി.സി.പി.ഒ-മാർക്ക് നിർദ്ദേശം നൽകുമെന്നും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വേണ്ടുന്ന നടപടി കൈക്കൊള്ളുമെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ).

2.1.7.11. ബാലനീതി ബോർഡ് അന്വേഷണ നടപടി പൂർത്തിയാക്കുന്നതിൽ വരുത്തിയ കാലതാമസം

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുമായി ബന്ധപ്പെട്ട അധികാരം വിനിയോഗിക്കുന്നതിനും പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനുമായി, ഓരോ ജില്ലയിലും സംസ്ഥാന സർക്കാർ ഒന്നോ അതിലധികമോ ജെ.ജെ.ബി-കൾ രൂപീകരിക്കണമെന്ന് നിയമത്തിന്റെയും[37] ജെ.ജെ. ചട്ടങ്ങളുടെയും[38] വ്യവസ്ഥകൾ പ്രസ്താവിക്കുന്നു. കേരളത്തിൽ 14 ജില്ലകളിലും ജെ.ജെ.ബി സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. തീർപ്പാകാത്ത കേസുകൾ കുറവല്ലാതിരിക്കുകയും സംസ്ഥാന സർക്കാർ ഒരു ഉത്തരവ് പുറപ്പെടുവിക്കാതിരിക്കുകയും ചെയ്യുന്ന പക്ഷം, ബോർഡ് ഒരു മജിസ്ട്രേറ്റ് കോടതിയിലെ പ്രവർത്തനത്തിന് സമാനമായ രീതിയിൽ എല്ലാ ദിവസവും ആറ് മണിക്കൂർ സമയം പ്രവർത്തിക്കേണ്ടതാണ്.

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടിയെ (സി.സി.എൽ) ജെ.ജെ.ബി-യുടെ മുമ്പിൽ ഹാജരാക്കിയാൽ ഒരു അന്വേഷണം നടത്തണമെന്നും കേസിന്റെ സാഹചര്യം പരിഗണിച്ച്, പരമാവധി രണ്ട് മാസം വരെ അന്വേഷണം നീട്ടാവുന്നതാണ്. ആദ്യമായി ഹാജരാക്കുന്ന ദിവസം മുതൽ നാല് മാസകാലാവധിക്കുള്ളിൽ ജെ.ജെ.ബി അന്വേഷണം പൂർത്തീകരിക്കണമെന്നും ജെ.ജെ. നിയമത്തിന്റെ വകുപ്പ് 14(1), (2)-ഉം വകുപ്പ് 15-ഉം പ്രസ്താവിക്കുന്നു.

മേൽപ്പറഞ്ഞതിന് വിരുദ്ധമായി തിരുവനന്തപുരത്ത്, ഓഡിറ്റ് കാലയളവിൽ ജെ.ജെ.ബി-യുടെ മുമ്പിൽ ഹാജരാക്കിയ മൊത്തം 1263 കുട്ടികളുടെ അന്വേഷണം, കൗൺസലർമാർ മാനസികനില നിർണ്ണയ റിപ്പോർട്ടും അന്തിമ റിപ്പോർട്ടും വൈകിച്ചതിനാൽ, ആറ് മാസത്തിൽ കൂടുതൽ നീണ്ടതായി ഓഡിറ്റ് നിരീക്ഷിച്ചു. വയനാട് ജെ.ജെ.ബി-യുടെ മുമ്പിൽ ഹാജരാക്കിയ മൊത്തം 265 കുട്ടികളുടെ അന്വേഷണം, ബോർഡ് ആഴ്ചയിൽ ഒരിക്കൽ മാത്രം കൂടിയതിനാൽ ആറ് മാസത്തിൽ കൂടുതൽ നീണ്ടുപോയി. ആലപ്പുഴയിൽ, ജെ.ജെ.ബി-യുടെ മുമ്പിൽ ഹാജരാക്കിയ 213 കുട്ടികളിൽ, 64 കുട്ടികളുടെ അന്വേഷണം ആറ് മാസത്തിനപ്പുറം നീണ്ടെങ്കിലും ആയതിനുള്ള കാരണങ്ങൾ ഒന്നും നൽകിയില്ല.

---

[37] വകുപ്പ് 4

[38] ചട്ടം 3, 4

അന്വേഷണ നടപടികൾ പൂർത്തിയാക്കുന്നതിലെ കാലതാമസമാണ് ജെ.ജെ.ബി കൈകാര്യം ചെയ്ത കേസുകളുടെ കുടിശ്ശിക വർദ്ധിപ്പിച്ചതെന്ന്, **പട്ടിക 2.5**-ൽ കാണിക്കുംവിധം ഓഡിറ്റ് നിരീക്ഷിച്ചു.

പട്ടിക 2.5: ജെ.ജെ.ബി കൈകാര്യം ചെയ്ത കേസുകളുമായി ബന്ധപ്പെട്ട് തീർപ്പാകാത്ത കേസുകളുടെ എണ്ണവും തീർപ്പാകാതെ കിടന്ന കാലാവധിയെയും പറ്റിയുള്ള വിശദാംശങ്ങൾ

വർഷം	തിരുവനന്തപുരം		ആലപ്പുഴ		എറണാകുളം		വയനാട്		കണ്ണൂർ	
	തീർപ്പാകാത്ത കേസുകളുടെ എണ്ണം	തീർപ്പാകാതെ കിടന്ന പരമാവധി കാലയളവ്	തീർപ്പാകാത്ത കേസുകളുടെ എണ്ണം	തീർപ്പാകാതെ കിടന്ന പരമാവധി കാലയളവ്	തീർപ്പാകാത്ത കേസുകളുടെ എണ്ണം	തീർപ്പാകാതെ കിടന്ന പരമാവധി കാലയളവ്	തീർപ്പാകാത്ത കേസുകളുടെ എണ്ണം	തീർപ്പാകാതെ കിടന്ന പരമാവധി കാലയളവ്	തീർപ്പാകാത്ത കേസുകളുടെ എണ്ണം	തീർപ്പാകാതെ കിടന്ന പരമാവധി കാലയളവ്
2018-19	273	7 വർഷങ്ങൾ	109	5 വർഷങ്ങൾ	384	6 വർഷങ്ങൾ	10	4 വർഷങ്ങൾ	296	1 വർഷം
2019-20	309	8 വർഷങ്ങൾ	144	5 വർഷങ്ങൾ	271	6 വർഷങ്ങൾ	16	3 വർഷങ്ങൾ	240	2 വർഷങ്ങൾ
2020-21	380	9 വർഷങ്ങൾ	164	5 വർഷങ്ങൾ	287	6 വർഷങ്ങൾ	31	2 വർഷങ്ങൾ	286	3 വർഷങ്ങൾ
2021-22	425	10 വർഷങ്ങൾ	172	5 വർഷങ്ങൾ	207	6 വർഷങ്ങൾ	37	1 വർഷം	329	4 വർഷങ്ങൾ
2022-23	413	11 വർഷങ്ങൾ	190	6 വർഷങ്ങൾ	251	5 വർഷങ്ങൾ	29	ഒരു വർഷത്തിൽ താഴെ	256	5 വർഷങ്ങൾ

(ഉറവിടം: എസ്.സി.പി.എസും, ഡി.സി.പി.യു-കളും നൽകിയ വിവരം)

തീർപ്പാകാതെ കിടന്ന കേസുകളുടെ കാലാവധി തിരുവനന്തപുരത്ത് 11 വർഷത്തിൽ കൂടുതലും ആലപ്പുഴ ജില്ലയിൽ 6 വർഷത്തിൽ കുടുതലുമായിരുന്നുവെന്ന് കാണാൻ സാധിച്ചു. തീർപ്പാകാതെ കിടന്ന കേസുകളുടെ എണ്ണം അധികമായിരുന്നിട്ടും ജെ.ജെ.ബി എല്ലാ ദിവസങ്ങളിലും കൂടിയില്ല.

ചീഫ് ജ്യൂഡീഷ്യൽ മജിസ്ട്രേറ്റ് (സി.ജെ.എം) അല്ലെങ്കിൽ ചീഫ് മെട്രോപോളിറ്റൻ മജിസ്ട്രേറ്റ് (സി.എം.എം) ജെ.ജെ.ബി-യിലെ തീർപ്പാകാതെ കിടക്കുന്ന കേസുകൾ ഓരോ മൂന്ന് മാസം കൂടുമ്പോൾ അവലോകനം ചെയ്യേണ്ടതും ബോർഡിന്റെ സിറ്റിംഗുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ബോർഡിന് നിർദ്ദേശം നൽകേണ്ടതും അധിക ബോർഡുകൾ രൂപീകരിക്കുന്നതിന് ശിപാർശ നൽകേണ്ടതുമായിരുന്നു. കുടിശ്ശികകളുടെ സ്ഥിതിയും അവയുടെ കാരണങ്ങളും ഒരു ഉന്നതതലസമിതി[39] ഓരോ ആറ് മാസം കൂടുമ്പോഴും അവലോകനം ചെയ്യേണ്ടതുമായിരുന്നു.

മേൽപ്പറഞ്ഞതിന് വിരുദ്ധമായി സി.ജെ.എം അല്ലെങ്കിൽ സി.എം.എം വയനാട്ടിലും ആലപ്പുഴയിലും തീർപ്പാകാത്ത കേസുകളുടെ അവലോകനം ഓരോ മൂന്ന് മാസത്തിലും നടത്തിയില്ല. കൂടാതെ, സംസ്ഥാനത്ത് നാളിതുവരെ (2024 ഫെബ്രുവരി) ഉന്നതതല സമിതി രൂപീകരിച്ചിട്ടില്ല.

അന്തിമ റിപ്പോർട്ടുകൾ വേഗം സമർപ്പിക്കുന്നത് ഉറപ്പാക്കാനായി പോലീസ്, നീതിന്യായ വകുപ്പുകളുടെ സഹകരണത്തോടെ നടപടി എടുക്കുമെന്നും ജെ.ജെ.ബി-കളിൽ മുഴുവൻ സമയ നീതിന്യായ അധികാരികളെ നിയമിക്കുമെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). സി.ജെ.എമ്മിന്റെയും ജില്ലാ മജിസ്ട്രേറ്റിന്റെയും അവലോകനം

[39] ചെയർപേഴ്സൺ ആയി സംസ്ഥാന നിയമ സഹായ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് ചെയർപേഴ്സണും, ആഭ്യന്തര വകുപ്പ് സെക്രട്ടറി, ഡബ്ല്യൂ.സി.ഡി.ഡിയുടെ സെക്രട്ടറി, ചെയർപേഴ്സൺ നാമനിർദ്ദേശം ചെയ്യുന്ന പ്രതിനിധി എന്നിവരും ഉൾപ്പെടുന്ന സമിതി

എളുപ്പത്തിലാക്കാൻ നിർദ്ദേശം കൊടുക്കുമെന്നും, ഉന്നതതല സമിതിയുടെ രൂപീകരണം താമസംവിനാ ഉറപ്പാക്കുമെന്നും തുടർന്ന് പ്രസ്താവിച്ചു.

അന്വേഷണ നടപടിക്രമം പൂർത്തിയാക്കുന്നതിൽ ജെ.ജെ.ബി യുടെ ഭാഗത്തുണ്ടാകുന്ന കാലതാമസം ഒരു സി.സി.എൽ കടന്നു പോകുന്ന വിചാരണയുടെ കാലാവധി അകാരണമായി നീട്ടിക്കൊണ്ടു പോകുന്നതിന് ഇടയാക്കുന്നു. മാന്യതയോടെ ജീവിക്കാനുള്ള കുട്ടിയുടെ അവകാശം കണക്കിലെടുക്കുമ്പോൾ മേൽപ്പറഞ്ഞ കാലതാമസം സ്വീകാര്യമല്ല.

2.1.7.12. പോലീസ് സ്റ്റേഷനുകളിൽ പരിശീലനം സിദ്ധിച്ച ശിശുക്ഷേമ പോലീസ് ഓഫീസർമാരുടെ കുറവ്

നിയമത്തിന്റെ വകുപ്പ് 107 പാലിച്ചുകൊണ്ട് കുട്ടികളുമായി ബന്ധപ്പെട്ടുള്ള എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനായി, എല്ലാ ജില്ലയിലും നഗരത്തിലും പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ റാങ്കിൽ കുറയാത്ത പോലീസ് ഓഫീസർ തലവനായി സംസ്ഥാന സർക്കാർ പ്രത്യേക ബാല പോലീസ് യൂണിറ്റുകൾ (എസ്.ജെ.പി.യു) സ്ഥാപിക്കേണ്ടതാണ്. എല്ലാ പോലീസ് സ്റ്റേഷനിലും ഒന്നുകിൽ ഇരകളോ അല്ലെങ്കിൽ കുറ്റക്കാരോ ആയ കുട്ടികളെ പ്രത്യേകം കൈകാര്യം ചെയ്യുന്നതിനായി, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടറുടെ (എ.എസ്.ഐ) റാങ്കിൽ കുറയാത്ത ഒരു പോലീസ് ഓഫീസറെ ശിശുക്ഷേമ പോലീസ് ഓഫീസറായി (സി.ഡബ്ല്യു.പി.ഒ) ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ, എസ്.ജി.പി.യു-ലെ എല്ലാ പോലീസ് ഓഫീസർമാർക്കും, പ്രത്യേകിച്ച് സി.ഡബ്ല്യു.പി.ഒ ആയി ചുമതലയേൽക്കുന്ന സമയത്ത്, തങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് സഹായിക്കാനായി വിശേഷ പരിശീലനം കൊടുക്കേണ്ടതാണ്.

സംസ്ഥാനത്തെ 20 പോലീസ് ജില്ലകളിലും എസ്.ജെ.പി.യു രൂപീകരിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. തെരഞ്ഞെടുത്ത ജില്ലകളിലെ 249 പോലീസ് സ്റ്റേഷനുകളിലും സി.ഡബ്ല്യു.പി.ഒ-മാരെ നിയമിച്ചെങ്കിലും 45[40] സ്റ്റേഷനുകളിൽ, എ.എസ്.ഐ റാങ്കിന് താഴെയുള്ള ഓഫീസർമാരെ സി.ഡബ്ല്യു.പി.ഒ-മാരായി നിയമിച്ചു.

തിരുവനന്തപുരം സിറ്റി, ആലപ്പുഴ, കൊച്ചി സിറ്റി എന്നിവിടങ്ങളിലെ രണ്ട് പോലീസ് സ്റ്റേഷനുകളിൽ വീതവും എറണാകുളം റൂറലിലെ 20 സ്റ്റേഷനുകളിലും നിയമിക്കപ്പെട്ട സി.ഡബ്ല്യു.പി.ഒ-മാർക്ക് പ്രത്യേകം പരിശീലനം ലഭിച്ചെങ്കിലും പരിശോധന നടത്തിയ ജില്ലകളിലെ മറ്റ് സ്റ്റേഷനുകളിൽ, സി.ഡബ്ല്യു.പി.ഒ-മാർക്ക് അത്തരത്തിലുള്ള പരിശീലനം കൊടുത്തില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

തെരഞ്ഞെടുത്ത പോലീസ് സ്റ്റേഷനുകൾ സമർപ്പിച്ച വിവരം അനുസരിച്ച് ഓഡിറ്റ് നടന്ന കാലയളവിൽ ജെ.ജെ.ബി.-കളുടെ മുമ്പിൽ ഹാജരാക്കാനുള്ള കുട്ടികൾ, ലഹരിമരുന്ന്/ലഹരി വസ്തു കേസുകളിൽ ഉൾപ്പെട്ട കുട്ടികൾ, ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട കുട്ടികൾ എന്നിവരുടെ ആകെ എണ്ണം യഥാക്രമം 1186, 77, 1322 ആയിരുന്നു. മേൽപ്പറഞ്ഞ കേസുകളിൽ ഉൾപ്പെട്ട കുട്ടികളുടെ എണ്ണം പരിഗണിക്കുമ്പോൾ, നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ സി.ഡബ്ല്യു.പി.ഒ-മാർക്ക് ഉചിതമായ പരിശീലനം ലഭ്യമാക്കാനായി സർക്കാർ ഗൗരവമായി നടപടി എടുക്കേണ്ടതാണ്.

പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം കാരണം പരിശീലനം ലഭിക്കാത്ത ഉദ്യോഗസ്ഥരുടെ നിയമനം നടന്നിട്ടുണ്ടെന്നും ഇത് പരിഹരിക്കുന്നതിനായി പോലീസ്

[40] തിരുവനന്തപുരം സിറ്റി – 2, തിരുവനന്തപുരം റൂറൽ - 2, ആലപ്പുഴ – 1, കൊച്ചി സിറ്റി – 5, എറണാകുളം റൂറൽ - 24, കണ്ണൂർ സിറ്റി – 10, വയനാട് - 1

വകുപ്പിന്റെ സഹകരണത്തോടെ എസ്ജെപിയുകളിലെ സിഡബ്ല്യുപിഒമാർക്കായി വിപുലമായ പരിശീലന പരിപാടിക്ക് ഫണ്ട്[41] അനുവദിച്ചിട്ടുണ്ടെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ).

2.1.7.13. കേന്ദ്ര സ്പോൺസർഷിപ്പ് പ്രോഗ്രാം നടപ്പാക്കുന്നതിലെ വീഴ്ചകൾ

ഡി.സി.പി.യു-കൾ മുഖാന്തരം കുട്ടികൾക്കുള്ള വിവിധ സ്പോൺസർഷിപ്പ് പ്രോഗ്രാമുകൾ നിർവ്വഹിക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ ചട്ടങ്ങൾ ഉണ്ടാക്കണമെന്ന് ജെ.ജെ നിയമത്തിന്റെ വകുപ്പ് 45-ഉം ജെ.ജെ.ചട്ടങ്ങളുടെ ചട്ടം 24-ഉം അനുശാസിക്കുന്നു. കേന്ദ്ര സ്പോൺസർഷിപ്പ് പ്രോഗ്രാമിനായി കുട്ടികളെ തെരഞ്ഞെടുക്കുന്നതിനുള്ള കാരണങ്ങളും നിബന്ധനകളും ഐ.സി.പി.എസ് മാർഗ്ഗരേഖകളുടെ അദ്ധ്യായം X ന്റെ ഖണ്ഡിക സി(3)-ൽ വിവരിക്കുന്നു. കുട്ടികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ അവരുടെ വൈദ്യപരം/ പോഷണപരം/വിദ്യാഭ്യാസപരം/മറ്റു ചിലവുകൾ ഉള്ള കുടുംബങ്ങൾക്ക് പൂരക പിന്തുണ ലഭ്യമാക്കുക എന്ന ലക്ഷ്യമാണ് സ്പോൺസർഷിപ്പ് പ്രോഗ്രാമുകൾക്കുള്ളത്.

വാർഷിക കുടുംബവരുമാനം നഗരങ്ങളിലും (മെട്രോ നഗരങ്ങൾ ഒഴികെ) ഗ്രാമപ്രദേശങ്ങളിലും യഥാക്രമം ₹30,000-ത്തിലും ₹24,000-ത്തിലും അധികമാകാത്ത കുടുംബങ്ങളിൽ നിന്ന് വരുന്ന 18 വയസ്സിൽ താഴെയുള്ള കുട്ടികളെയാണ് സ്പോൺസർഷിപ്പിന് പരിഗണിക്കേണ്ടതെന്ന് പദ്ധതിയുടെ മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നു. സ്പോൺസർഷിപ്പ് കാലാവധി മൂന്ന് വർഷം അധികരിക്കാതെ ഒരു കുട്ടിക്ക് പ്രതിമാസം ₹2000[42] ആയി സ്പോൺസർഷിപ്പ് തുക പരിമിതപ്പെടുത്തി. കുട്ടിയുടെയും രക്ഷകർത്താവിന്റെയും (അമ്മയ്ക്ക് മുൻഗണന) പേരിൽ ബാങ്കിൽ അല്ലെങ്കിൽ പോസ്റ്റ് ഓഫീസിൽ തുറന്ന ഒരു ജോയിന്റ് അക്കൗണ്ടിൽ കൂടിയാണ് ഇടപാടുകൾ നടത്തേണ്ടിയിരുന്നത്. കേന്ദ്ര സ്പോൺസർഷിപ്പിന്റെ 60 ശതമാനം കേന്ദ്രം അനുവദിച്ചപ്പോൾ ബാക്കി 40 ശതമാനം സംസ്ഥാന സർക്കാരാണ് അനുവദിച്ചത്.

തെരഞ്ഞെടുത്ത ജില്ലകളിൽ സർക്കാർ ഫണ്ടുകൾ അനുവദിച്ചതിന്റെ രീതിയും ഉണ്ടായ ചെലവുകളും **അനുബന്ധം 2.6 (എ)**-ൽ നൽകിയിരിക്കുന്നു. വയനാട് ജില്ലയിൽ പദ്ധതി നടപ്പാക്കലിൽ, ചട്ടങ്ങളിൽ നിന്ന് താഴെപ്പറയുന്ന വ്യതിയാനങ്ങൾ ഓഡിറ്റ് ശ്രദ്ധിച്ചു.

- പ്രോഗ്രാമിന് കീഴിൽ ഉൾപ്പെടുത്തിയ 88 കുട്ടികളിൽ മൂന്ന് കേസുകളിൽ, 18 വയസ്സ് കഴിഞ്ഞിട്ടും സ്പോൺസർഷിപ്പ് അനുവദിച്ചതിനാൽ ₹0.50 ലക്ഷം അധികം ചെലവായി. വിശദാംശങ്ങൾ **അനുബന്ധം 2.7**-ൽ കാണിച്ചിരിക്കുന്നു.

- പരിശോധന നടത്തിയ 18 രേഖകളിൽ രണ്ടെണ്ണത്തിൽ, പദ്ധതിയുമായി ബന്ധപ്പെട്ട ഇടപാടുകൾ, ജോയിന്റ് അക്കൗണ്ട് എന്ന നിബന്ധനയ്ക്ക് വിരുദ്ധമായി സിംഗിൾ അക്കൗണ്ട് വഴിയാണ് നടത്തിയത്.

- പരിശോധന നടത്തിയ 18 രേഖകളിലൊന്നിൽ, വാർഷിക കുടുംബവരുമാനം നിഷ്കർഷിച്ച പരിധിയായ ₹24,000 കവിഞ്ഞ[43] ഒരു കുടുംബത്തിലെ കുട്ടിക്ക് സ്കോളർഷിപ്പ് തുക അനുവദിച്ചു.

[41] 2023 ഡിസംബർ 01-ലെ എസ്.സി.പി.എസ് മെമ്പർ സെക്രട്ടറിയുടെ നടപടിക്രമം അനുസരിച്ച്

[42] 2022-23 മുതൽ ₹4000 ആയി പുതുക്കി

[43] ₹30,000

ഡി.സി.പി.യു-കളുടെ ഭാഗത്ത് നിന്നുണ്ടായ ഫലപ്രദമല്ലാത്ത നിരീക്ഷണ സംവിധാനങ്ങളെയാണ് മേൽപ്പറഞ്ഞ വീഴ്ചകൾ സൂചിപ്പിക്കുന്നത്.

2.1.8. മറ്റ് ശിശു സംരക്ഷണ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ധനസഹായത്തിൽ ശിശുപരിപാലനത്തിനും സംരക്ഷണത്തിനുമായുള്ള 12 ഉപ പദ്ധതികൾ നൂതന പ്രോജക്ടുകളുടെ കീഴിൽ ഉണ്ടായിരുന്നു. ഇപ്പറഞ്ഞ പദ്ധതികൾ നടപ്പാക്കിയത് നിലവിലെ സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും പാലിച്ചുകൊണ്ടായിരുന്നോ എന്ന് ഓഡിറ്റ് വിശകലനം ചെയ്തത് താഴെയുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നു.

2.1.8.1. ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ

നാശകരമായ സ്വഭാവത്തിൽ ഉൾപ്പെട്ടതോ ഉൾപ്പെടാൻ സാദ്ധ്യതയുള്ളതോ ആയ വശംവദരായ കുട്ടികളെ തങ്ങളുടെ പൂർണ്ണകഴിവുകളെപ്പറ്റി ബോധ്യപ്പെടുത്താനും സമൂഹത്തിലെ ഫലദായക അംഗങ്ങളാക്കാനും വേണ്ടി, ജീവിത നൈപുണ്യങ്ങൾ, പിന്തുണ, അറിവ് എന്നിവ കൊണ്ട് സജ്ജരും ശക്തരുമാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുവാൻ വേണ്ട സുരക്ഷിതവും, പരിപോഷിപ്പിക്കുന്നതുമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സംസ്ഥാന സർക്കാർ ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി) ആരംഭിച്ചു (2015).

ഒ.ആർ.സി പ്രവർത്തിക്കുന്നത് സ്കൂൾ, ജില്ലാ, സംസ്ഥാനം എന്നീ മൂന്ന് തലങ്ങളിലാണ്. ഐ.സി.പി.എസിന്റെ സംസ്ഥാന ഗവേണിംഗ് ബോഡി സംസ്ഥാനത്തെ എല്ലാ ഒ.ആർ.സി പ്രവർത്തനങ്ങളുടെയും മേൽനോട്ടം നിർവ്വഹിക്കുമ്പോൾ, ജില്ലാ ശിശു സംരക്ഷണ ഓഫീസർ (ഡി.സി.പി.ഒ) കൈകാര്യം ചെയ്യുന്ന ജില്ലാതല കർമ്മ സമിതി (ഡി.എ.ജി)[44] ജില്ലയിലെ പ്രോജക്ട് നടപ്പിലാക്കുന്നു. സ്കൂൾ തലത്തിൽ, സ്കൂൾ മേലധികാരിക്കാണ് ഒ.ആർ.സി യൂണിറ്റിന്റെ[45] പൂർണ്ണമായ ചുമതല. വിദഗ്ധ വിലയിരുത്തലും മേൽനോട്ടവും ആവശ്യമുള്ള വിദ്യാർത്ഥികളെ ക്ലാസ് അധ്യാപകർ കണ്ടെത്തുകയും[46] അവരെ നോഡൽ അധ്യാപകന്റെ പക്കലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. നോഡൽ അധ്യാപകൻ കൗൺസലറുമായി ചർച്ച ചെയ്ത്, ഒരു അന്വേഷണം സംഘടിപ്പിക്കുകയും മിതമായ പ്രശ്നങ്ങളുള്ള കുട്ടികൾക്ക് സ്കൂൾ തലത്തിൽ നടപടികൾ നിർണ്ണയിക്കുകയും, ഗുരുതരമായ പ്രശ്നങ്ങളുള്ള കുട്ടികളെ ജില്ലാ റിസോഴ്സ് സെന്ററിലേയ്ക്ക് (ഡി.ആർ.സി) അയയ്ക്കുകയും ചെയ്യുന്നു.

സംസ്ഥാനത്ത് ഒ.ആർ.സി നടപ്പിലാക്കിയ സ്കൂളുകളുടെ എണ്ണം 2015-ൽ 93 ആയിരുന്നെങ്കിൽ, 2022-23-ൽ ഈ പദ്ധതിയിൽ 380 സ്കൂളുകൾ ചേരുകയുണ്ടായി. തെരഞ്ഞെടുത്ത ജില്ലകളിൽ 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഈ പദ്ധതി നടപ്പിലാക്കിയ സ്കൂളുകളുടെ എണ്ണം 110 മുതൽ 137 വരെ ആയിരുന്നു. തെരഞ്ഞെടുത്ത ജില്ലകളിൽ, പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ന്യൂനതകൾ ഓഡിറ്റ് ശ്രദ്ധിച്ചു.

- സ്കൂളുകളിൽ പ്രോജക്ടിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ ലഭിക്കുന്നതിനായി ഓരോ ത്രൈമാസത്തിലും നോഡൽ അധ്യാപകർക്കും

[44] ഒ.ആർ.സി കോ-ഓർഡിനേറ്ററും ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി, പോതു വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവയുടെ പ്രതിനിധികളും ഉൾപ്പെടുന്നു

[45] നോഡൽ അധ്യാപകൻ, കൗൺസലർ, സ്കൂൾ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് എന്നിവർ ഒ.ആർ.സി ടീമിൽ ഉൾപ്പെടുന്നു.

[46] സ്വഭാവ, പഠന, വൈകാരിക പ്രശ്നങ്ങളുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നു

കൗൺസലർമാർക്കുമൊപ്പം ചർച്ചാപരമായ സെഷനുകൾ ഡി.സി.പി.ഒ സംഘടിപ്പിക്കണമെന്ന് മാർഗ്ഗരേഖകൾ ആവശ്യപ്പെടുന്നു. അതുപോലെ, ഓരോ മാസത്തിലെയും 10-ാം തീയതിയ്ക്ക് മുമ്പ് ഡി.സി.പി.ഒ കൈകാര്യം ചെയ്യുന്ന ഡി.എ.ജി കൂടേണ്ടതായിരുന്നു. എന്നാൽ തെരഞ്ഞെടുത്ത നാല് ജില്ലകളിൽ[47] ഇത് പാലിച്ചതായി കണ്ടില്ല.

- സ്വഭാവ വൈകല്യങ്ങൾക്കപ്പുറം പ്രത്യേക പ്രശ്നങ്ങൾ ചികിത്സിക്കാൻ അറിയുന്ന വിദഗ്ധർ അടങ്ങുന്ന ഒരു പാനൽ ഉൾപ്പെട്ട, എക്സ്പേർട്ട് റിസോഴ്സ് ഗ്രൂപ്പ് (ഇ.ആർ.ജി) ഡി.ആർ.സി രൂപീകരിക്കേണ്ടതായിരുന്നു. ഇ.ആർ.ജി മെന്റർമാർക്കും/ വിദഗ്ധരായ അധ്യാപകർക്കും ഒരു സ്ഥിരാടിസ്ഥാനത്തിൽ പരിശീലനം ലഭ്യമാക്കേണ്ടതായിരുന്നു.

  ആലപ്പുഴ, കണ്ണൂർ ജില്ലകളിൽ, 2018-19, 2019-20, 2020-21 വർഷങ്ങളിൽ ഇ.ആർ.ജി-യുടെ കീഴിൽ വിദഗ്ധർ ആരുമില്ലായിരുന്നു. എറണാകുളം ജില്ലയിൽ, 2018-19-ലും 2019-20-ലും ഒരു വിദഗ്ധൻ[48] മാത്രമേ ഉണ്ടായിരുന്നുള്ളൂ.

  പരിശീലനങ്ങൾ ഒരു സ്ഥിരാടിസ്ഥാനത്തിൽ സംഘടിപ്പിക്കേണ്ടതായിരുന്നെങ്കിലും ആലപ്പുഴയിൽ 2018-19-ലും, 2019-20 ലും കണ്ണൂരിൽ 2018-19-ലും, 2020-21-ലും ഇ.ആർ.ജി പരിശീലനങ്ങളൊന്നും സംഘടിപ്പിച്ചില്ലെന്ന് കണ്ടു. തിരുവനന്തപുരത്ത്, 2018-19-ലും 2019-20-ലും പരിശീലനങ്ങളൊന്നും സംഘടിപ്പിച്ചില്ല.

ഡി.സി.പി.ഒ, നോഡൽ അധ്യാപകർ, കൗൺസലർമാർ എന്നിവർ തമ്മിൽ പതിവായും സ്ഥിരമായും ചർച്ചകൾ ഇല്ലാതിരുന്നതിനാലും ഇ.ആർ.ജി-യിൽ വിദഗ്ധർ കുറവായതിനാലും, കുട്ടികളുടെ പൂർണ്ണശേഷി മനസ്സിലാക്കുന്നതിനും അവരെ സമൂഹത്തിന്റെ ഫലദായകാംഗങ്ങളാക്കുന്നതിനുമായി അവരെ ഉചിതമായി കൈകാര്യം ചെയ്യുന്നതിന് മെന്റർമാരും, അധ്യാപകരും വേണ്ടവിധം പരിശീലനം ലഭിച്ചിരുന്നോ എന്ന് ഓഡിറ്റിന് ഉറപ്പാക്കാൻ കഴിഞ്ഞില്ല.

ഡി.സി.പി.യു കുട്ടികളെ കൈകാര്യം ചെയ്യാൻ പരിശീലനം സിദ്ധിച്ച വിരമിച്ച അധ്യാപകർ, യോഗ്യത നേടിയ മാതാപിതാക്കൾ തുടങ്ങിയവർ ഉൾപ്പെടുന്ന ജില്ലാ വോളന്ററി മെന്റർമാരുടെ (ഡി.വി.എം) ഒരു സബ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതായിരുന്നു. കുട്ടികൾക്ക് മാർഗ്ഗദർശനം നൽകുന്ന കാര്യത്തിൽ ഈ മെന്റർമാർക്ക് സ്ഥിരം പരിശീലനം കൊടുക്കേണ്ടതും അവർ ആഴ്ചയിലൊരിക്കലെങ്കിലും കുട്ടികളുമായി ഇടപെടേണ്ടതുമാണ്. ഡി.വി.എം-മാരുടെ ഗണത്തിൽ നിന്ന് ജില്ലാ മെന്റർ കൊ-ഓർഡിനേറ്റർമാരെ (ഡി.എം.സി) ഡി.എ.ജി നിയമിക്കേണ്ടതാണ്. കുട്ടികൾക്ക് ലഭ്യമാക്കുന്ന പരിചരണത്തിന്റെ ഗുണനിലവാരം സ്ഥിരമായി നിരീക്ഷിക്കേണ്ടതിന്റെയും മൂന്നു മാസം കൂടുമ്പോൾ പ്രവർത്തനങ്ങളുടെ മേൽനോട്ടം നടത്താൻ എല്ലാ സ്കൂളുകളും സന്ദർശിക്കേണ്ടതിന്റെയും ഉത്തരവാദിത്തവും ഡി.എം.സികൾക്കായിരുന്നു.

- വയനാട്, കണ്ണൂർ ജില്ലകളിൽ വോളന്റിയർമാരുടെ ഗണം ഉണ്ടായിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വയനാട് ജില്ലയിൽ 2018-19 കാലയളവിൽ (91 ഡി.വി.എം-മാർ) മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നും ഡി.വി.എം-മാർക്കായി ഒരു

[47] ആലപ്പുഴ, തിരുവനന്തപുരം, കണ്ണൂർ, വയനാട്

[48] ഒ.ആർ.സി. മന:ശാസ്ത്രജ്ഞൻ

പരിശീലനം[49] മാത്രമാണ് സംഘടിപ്പിച്ചതെന്നും ഓഡിറ്റ് നിരീക്ഷിച്ചു. കണ്ണൂർ ജില്ലയിൽ, ഡി.വി.എം-മാർ 2018-19 കാലയളവിലും (50 ഡി.വി.എം-മാർ) 2019-20 കാലയളവിലും (20 ഡി.വി.എം-മാർ) മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നും, നാളിതുവരെ ഡി.വി.എം-മാർക്കായി ഒരു പരിശീലനം[50] മാത്രമാണ് സംഘടിപ്പിച്ചതെന്നും കണ്ടു. മറ്റ് വർഷങ്ങളിൽ ഡി.വി.എം-മാർ ഇല്ലാതിരുന്നതിനാൽ ഡി.എം.സി-കളെയും തെരഞ്ഞെടുത്തില്ല.

- എറണാകുളം ജില്ലയിൽ, ഡി.വി.എം-മാരുടെ ഒരു ഗണം നിലനിർത്തി പോന്നെങ്കിലും, 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ കുട്ടികൾക്ക് മാർഗ്ഗദർശനം നൽകുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ രണ്ട് പരിശീലനങ്ങൾ മാത്രമേ സംഘടിപ്പിച്ചിരുന്നുള്ളൂ. എറണാകുളം ജില്ലയിൽ ഡി.എം.സി-മാരുടെ സ്കൂൾ സന്ദർശനം 2018-19-ലും 2019-20-ലും 50 ശതമാനവും, 2020-21[51]-ൽ മൂന്ന് ശതമാനവും 2021-22-ൽ 58 ശതമാനവും, 2022-23 കാലയളവിൽ 43 ശതമാനവും ആയിരുന്നു.

മാർഗ്ഗരേഖകളിൽ പ്രതിപാദിക്കുന്നതുപോലെ, കൂടിയാലോചനാ യോഗങ്ങൾ എല്ലാ ത്രൈമാസങ്ങളിലും ക്രമമായി സംഘടിപ്പിക്കുമെന്ന് ഉറപ്പ് വരുത്തുന്നതിനായി എല്ലാ ഡി.സി.പി.ഒ-മാർക്കും നിർദ്ദേശം നൽകുമെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ) ഇ.ആർ.ജി-കൾ പരിശീലന സെഷനുകൾക്ക് പദ്ധതിയിട്ടിട്ടുണ്ടെന്നും ജില്ലാ വോളന്റിറി പ്രസ്ഥാനം പുനരുജ്ജീവിപ്പിക്കാനുള്ള ഉദ്യമങ്ങൾ പുരോഗതിയിലാണെന്നും പ്രസ്താവിക്കപ്പെട്ടു.

2.1.8.2. ശരണബാല്യം

ബാലവേല, ബാലഭിക്ഷാടനം, ബാലക്കടത്ത് എന്നിവയിൽ നിന്ന് സംസ്ഥാനത്തെ മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ, സംസ്ഥാന സർക്കാർ നടപ്പിലാക്കിയതാണ് ശരണബാല്യം പദ്ധതി. ബാലവേല, ബാലഭിക്ഷാടനം, ബാലക്കടത്ത് എന്നിവയിൽ അകപ്പെട്ട കുട്ടികളെ രക്ഷിക്കുന്നതിനായി, ആഴ്ചയിൽ മൂന്ന് ദിവസമെങ്കിലും രക്ഷാദൗത്യങ്ങൾ സംഘടിപ്പിക്കാൻ ഡി.സി.പി.ഒ-മാർക്ക് നിർദ്ദേശം നൽകി (2020 സെപ്റ്റംബർ).

തെരഞ്ഞെടുത്ത ജില്ലകളിൽ സംഘടിപ്പിച്ച രക്ഷാദൗത്യങ്ങളുടെ എണ്ണം 2021 മുതൽ 2023 വരെ ലക്ഷ്യമിട്ട എണ്ണമായ 156[52]-നേക്കാൾ, വളരെ കുറവായിരുന്നെന്ന് ഓഡിറ്റ് ശ്രദ്ധിച്ചത് ചുവടെയുള്ള **പട്ടിക 2.6**-ൽ കാണിച്ചിരിക്കുന്നു.

[49] 2018-19-ൽ

[50] 2019-20-ൽ

[51] കോവിഡ് കാലം

[52] 52 ആഴ്ചകൾ x 3 പരിശോധനകൾ = 156

പട്ടിക 2.6: 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഡി.സി.പി.ഒ-മാർ സംഘടിപ്പിച്ച രക്ഷാദൗത്യങ്ങളുടെ വിശദാംശങ്ങൾ

കാലയളവ്	തിരുവനന്തപുരം		ആലപ്പുഴ		എറണാകുളം		വയനാട്		കണ്ണൂർ	
	രക്ഷാ ദൗത്യങ്ങളുടെ എണ്ണം	രക്ഷിച്ച കുട്ടികളുടെ എണ്ണം	രക്ഷാ ദൗത്യങ്ങളുടെ എണ്ണം	രക്ഷിച്ച കുട്ടികളുടെ എണ്ണം	രക്ഷാ ദൗത്യങ്ങളുടെ എണ്ണം	രക്ഷിച്ച കുട്ടികളുടെ എണ്ണം	രക്ഷാ ദൗത്യങ്ങളുടെ എണ്ണം	രക്ഷിച്ച കുട്ടികളുടെ എണ്ണം	രക്ഷാ ദൗത്യങ്ങളുടെ എണ്ണം	രക്ഷിച്ച കുട്ടികളുടെ എണ്ണം
2018-19	8	3	106	15	3	2	0	0	0	0
2019-20	21	22	118	20	6	4	42	0	42	20
2020-21	3	8	11	9	1	1	27	0	30	2
2021-22	8	7	16	11	2	11	25	0	47	1
2022-23	17	5	25	10	2	31	12	0	52	0
ആകെ	**57**	**45**	**276**	**65**	**14**	**49**	**106**	**0**	**171**	**23**

(ഉറവിടം: എസ്.സി.പി.എസ് നൽകിയ വിവരം)

ഓഡിറ്റ് കാലയളവിൽ രക്ഷാദൗത്യങ്ങൾ മുഖാന്തരം 182 കുട്ടികളെ രക്ഷപ്പെടുത്താൻ സാധിച്ചെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അതുകൊണ്ട്, ഭിക്ഷാടനം, വേല, കടത്ത് എന്നിവയിൽ ഉൾപ്പെട്ട കുട്ടികളെ കണ്ടെത്താൻ പരിശോധനകളുടെയും/ രക്ഷാദൗത്യങ്ങളുടെയും എണ്ണം വർദ്ധിപ്പിക്കുന്നത് അധികാരികൾ പരിഗണിക്കേണ്ടതാണ്.

നിലവിലുള്ള മൂല്യനിർണ്ണയ സൂചകങ്ങൾ പുനഃരൂപീകരിച്ചുകൊണ്ട്, ജില്ലാതല തത്പര കക്ഷികളുടെ കാര്യശേഷി വർദ്ധിപ്പിക്കാനുള്ള രൂപരേഖ വകുപ്പ് വികസിപ്പിച്ചതായും ആയതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുമെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ).

2.1.8.3. സംസ്ഥാന സ്പോൺസർഷിപ്പ് പ്രോഗ്രാം - വിജ്ഞാനദീപ്തി

ഖണ്ഡിക 2.1.7.13-ൽ വിവരിക്കും വിധം കേന്ദ്ര സ്പോൺസർഷിപ്പ് പദ്ധതി നടപ്പിലാക്കിയ മാനദണ്ഡങ്ങൾക്കനുസൃതമായി, പ്രതിവർഷം 1000 കുട്ടികൾക്ക് സ്പോൺസർഷിപ്പ് അനുവദിക്കുന്ന സംസ്ഥാന സ്പോൺസർഷിപ്പ് പദ്ധതിയായ വിജ്ഞാനദീപ്തി സംസ്ഥാന സർക്കാർ ആരംഭിച്ചു (2017 ഒക്ടോബർ). തെരഞ്ഞെടുത്ത ജില്ലകളിൽ സർക്കാർ ഫണ്ട് അനുവദിച്ച രീതിയും ഉണ്ടായ ചെലവും **അനുബന്ധം 2.6 (ബി)**-ൽ കൊടുത്തിരിക്കുന്നു. ഓഡിറ്റ് നടന്ന കാലയളവിൽ തെരഞ്ഞെടുത്ത ജില്ലകളിൽ 789 കുട്ടികൾക്ക്[53] സംസ്ഥാന സ്പോൺസർഷിപ്പ് പദ്ധതിയിൽ നിന്ന് തുക അനുവദിച്ചതായി നിരീക്ഷിച്ചു. ഇപ്പറഞ്ഞ കുട്ടികൾക്ക് സ്പോൺസർഷിപ്പ് അനുവദിച്ചതുമായി ബന്ധപ്പെട്ട് തെരഞ്ഞെടുത്ത രേഖകളുടെ പരിശോധന നടത്തുകയും വയനാട് ഡി.സി.പി.യു-ൽ താഴെപ്പറയുന്ന പോരായ്മകൾ കണ്ടെത്തുകയും ചെയ്തു.

- 119 കേസുകളിൽ ആറെണ്ണത്തിൽ, 18 വയസ് കഴിഞ്ഞവർക്ക് സ്പോൺസർഷിപ്പ് അനുവദിച്ചത് ₹0.54 ലക്ഷത്തിന്റെ അധിക ചെലവിന് ഇടയാക്കി (**അനുബന്ധം 2.7**).

- നിർദ്ദിഷ്ട കാലാവധിയായ മൂന്ന് വർഷത്തിനെതിരെ 119 കേസുകളിൽ 20 എണ്ണത്തിൽ, അധികമായി ഏഴ് മാസത്തേയ്ക്ക് അനുവദനീയമായതിനേക്കാൾ കൂടുതൽ സ്പോൺസർഷിപ്പ് അനുവദിക്കുകയും (2018 ഫെബ്രുവരി മുതൽ 2021 ആഗസ്റ്റ് വരെ), 26 എണ്ണത്തിൽ, അധികമായി ആറ് മാസത്തേയ്ക്ക് തുക

[53] തിരുവനന്തപുരം – 305, ആലപ്പുഴ – 106, എറണാകുളം – 128, വയനാട് – 119, കണ്ണൂർ – 131

അനുവദിക്കുകയും ചെയ്തത്, ₹5.92 ലക്ഷത്തിന്റെ[54] അധിക ചെലവിന് കാരണമായി.

- പരിശോധന നടത്തിയ 10 രേഖകളിൽ മൂന്നെണ്ണത്തിൽ[55], നിർദ്ദിഷ്ട വാർഷിക കുടുംബവരുമാന പരിധിയായ ₹24,000 അധികരിച്ച കുടുംബങ്ങളിലെ കുട്ടികൾക്ക് സ്പോൺസർഷിപ്പ് അനുവദിച്ചു.

ഡി.സി.പി.ഒ-മാരിൽ നിന്ന് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭിച്ച് കഴിയുമ്പോൾ തുടർ നടപടികൾ സ്വീകരിക്കുമെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ).

2.1.8.4. കേന്ദ്ര സംസ്ഥാന ഐ.സി.പി.എസ് സ്പോൺസർഷിപ്പുകൾ/ ഐ.സി.പി.എസ് സ്പോൺസർഷിപ്പും മറ്റ് വകുപ്പുകളിൽ നിന്നുള്ള സാമ്പത്തിക സഹായവും ഒരുമിച്ച് വാങ്ങിയത്

സമാനമായ ഏതെങ്കിലും സർക്കാർ പദ്ധതിയിൽ നിന്നും സാമ്പത്തിക സഹായം കിട്ടുന്ന കുട്ടികളെ പദ്ധതിയിലെ സ്പോൺസർഷിപ്പിന് അയോഗ്യരായി കേന്ദ്ര സ്പോൺസർഷിപ്പ് മാർഗ്ഗരേഖകൾ കരുതുമ്പോൾ, കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ ഏതെങ്കിലും സാമ്പത്തിക സഹായം സ്വീകരിക്കുന്ന കുട്ടികളെ പദ്ധതിയിൻ കീഴിൽ സഹായം ലഭിക്കുന്നതിന് അയോഗ്യരായി സംസ്ഥാന സ്പോൺസർഷിപ്പ് മാർഗ്ഗരേഖകൾ കണക്കാക്കുന്നു.

ഓഡിറ്റ് കാലയളവിൽ തെരഞ്ഞെടുത്ത അഞ്ച് ജില്ലകളിൽ ആകെ 1320[56] കുട്ടികൾക്ക് സ്പോൺസർഷിപ്പ് ലഭിച്ചു. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ, കേന്ദ്ര സ്പോൺസർഷിപ്പും സംസ്ഥാന സ്പോൺസർഷിപ്പും രണ്ടും താഴെക്കൊടുത്തിരിക്കുന്ന **പട്ടിക 2.7**-ൽ വിവരിക്കുംവിധം, കുട്ടികൾക്ക് ഒരേസമയം ലഭിച്ചതായി വെളിപ്പെട്ടു.

പട്ടിക 2.7: കേന്ദ്ര, സംസ്ഥാന സ്പോൺസർഷിപ്പുകൾ ഒരേസമയം ലഭിച്ച കുട്ടികളുടെ വിശദാംശങ്ങൾ

(₹ ലക്ഷത്തിൽ)

	ജില്ല	കാലയളവ്	തുക
കുട്ടി 1	തിരുവനന്തപുരം	2022 ഏപ്രിൽ മുതൽ 2022 സെപ്റ്റംബർ വരെ	0.12
കുട്ടി 2	തിരുവനന്തപുരം	2022 ഏപ്രിൽ മുതൽ 2022 സെപ്റ്റംബർ വരെ	0.12
കുട്ടി 3	എറണാകുളം	2021 സെപ്റ്റംബർ മുതൽ 2022 ഡിസംബർ വരെ	0.40
കുട്ടി 4	വയനാട്	2021 ഡിസംബർ മുതൽ 2022 ഫെബ്രുവരി വരെ	0.06

(ഉറവിടം: ഡിസിപിയുകളിലെ വിവരങ്ങൾ)

ആകെയുള്ള, അധികമായി കൊടുത്ത സ്പോൺസർഷിപ്പ് തുക ₹0.70 ലക്ഷമായിരുന്നു.

- പട്ടികജാതി(എസ്.സി) വിഭാഗത്തിൽപ്പെട്ട 69 കുട്ടികളും പട്ടികവർഗ്ഗ (എസ്.റ്റി) വിഭാഗത്തിൽപ്പെട്ട ആറ് കുട്ടികളും ഡബ്ല്യു.സി.ഡി.ഡി-ൽ നിന്ന് കേന്ദ്ര/ സംസ്ഥാന സ്പോൺസർഷിപ്പുകൾ സ്വീകരിച്ചിരുന്നു. ഇപ്പറഞ്ഞവയിൽ 56 എസ്.സി, ആറ് എസ്.റ്റി-വിദ്യാർത്ഥികൾ എസ്.സി/എസ്.റ്റി വികസന

---

[54] (20 കേസുകൾ x ₹2000 x 7 മാസം) + (26 കേസുകൾ x ₹2000 x 6 മാസം)

[55] ₹36000 (2 കേസുകൾ), ₹48000

[56] കേന്ദ്ര സ്പോൺസർഷിപ്പ് - 531, സംസ്ഥാന സ്പോൺസർഷിപ്പ് - 789

വകുപ്പിൽ നിന്ന് സാമ്പത്തിക സഹായം സ്വീകരിച്ചിരുന്നതിനാൽ ഡബ്ല്യു.സി.ഡി.ഡി-യിൽ നിന്നുള്ള സ്പോൺസർഷിപ്പിന് അർഹരല്ലായിരുന്നു. ഇപ്രകാരം, ഡബ്ല്യു.സി.ഡി.ഡി-യിൽ നിന്നും ₹20.78 ലക്ഷത്തിന്റെ[57] അർഹമല്ലാത്ത തുക നൽകുകയുണ്ടായി.

രണ്ട് സ്പോൺസർഷിപ്പ് മാർഗ്ഗരേഖകളും സമാനരീതിയിലുള്ള ഇരട്ട സാമ്പത്തിക സഹായം വ്യക്തമായി നിരോധിച്ചിരിക്കുന്നതിനാൽ, സാമ്പത്തിക സഹായം അനുവദിക്കുന്നതിന് സമാനരീതിയിലുള്ള സാമ്പത്തിക സഹായം കുട്ടികൾക്ക് ലഭിക്കുന്നില്ല എന്ന് ഉറപ്പ് വരുത്താനായി, കുറഞ്ഞ പക്ഷം സ്കൂളിലോ അല്ലെങ്കിൽ എസ്.സി/എസ്.റ്റി വികസന വകുപ്പുകളിലോ, ഡി.സി.പി.യു-കൾ ആവശ്യമായ അന്വേഷണങ്ങൾ നടത്തേണ്ടതാണ്. ഒരേ ഗുണഭോക്താവിന് അനവധി സാമ്പത്തിക സഹായം നൽകുന്നത്, അർഹതയുള്ള ഒരു കുട്ടിക്ക് അവകാശപ്പെട്ട വിഹിതം നിഷേധിക്കപ്പെടാനുള്ള സാദ്ധ്യത ഉണ്ടാക്കുന്നത് കൂടാതെ, മാർഗ്ഗരേഖകളുടെ ലംഘനവുമാണ്.

ഡി.സി.പി.ഒ-മാരിൽ നിന്ന് സമഗ്രമായ ഒരു റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). വിശദമായ റിപ്പോർട്ട് ലഭിക്കുമ്പോൾ തുടർനടപടി സ്വീകരിക്കുന്നതാണ്.

2.1.8.5. ശിശുക്ഷേമ സമിതിയുടെ ഉത്തരവില്ലാതെ ബാല നീതി ഫണ്ട് അനുവദിച്ചത്

സംസ്ഥാന സർക്കാർ ഒരു ബാല നീതി ഫണ്ട് ആരംഭിക്കേണ്ടതും ഈ ഫണ്ടിലേയ്ക്ക് ആവശ്യമായ ബഡ്ജറ്റധിഷ്ഠിത വിഹിതം നൽകേണ്ടതുമാണെന്ന് ജെ.ജെ. നിയമത്തിന്റെ വകുപ്പ് 105-ഉം ജെ.ജെ ചട്ടങ്ങളുടെ ചട്ടം 83-ഉം ആവശ്യപ്പെടുന്നു. സംഭാവനകളും സ്വമേധയാലുള്ള സഹായധനവും ഫണ്ടിന് സ്വീകരിക്കാവുന്നതാണ്. തദനുസരണം, ബാലനിധി എന്ന ഒരു നിധി രൂപീകരിക്കുകയും അതിന്റെ ശേഖരണം, വിനിയോഗം, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ എന്നിവയ്ക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു (2017 നവംബർ). മേൽപ്പറഞ്ഞ മാർഗ്ഗരേഖകളുടെ ഭാഗം IV-ന്റെ ഉപഭാഗം 3-ൽ പറയുന്നത്, സി.ഡബ്ല്യു.സി-യുടെയും ഡി.സി.പി.ഒ യുടെയും ശിപാർശയുടെ മേൽ, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, ഒരു കുട്ടിക്ക് സാമ്പത്തിക സഹായം അനുവദിക്കാവുന്നതാണെന്നാണ്.

തെരഞ്ഞെടുത്ത ജില്ലകളിലെ 24 കുട്ടികൾ[58] ഉൾപ്പെടെ സംസ്ഥാനത്തെ 84 കുട്ടികൾക്ക് വൈദ്യചികിത്സക്കായിട്ടുള്ള സാമ്പത്തിക സഹായം അനുവദിച്ചതായി ഓഡിറ്റ് ശ്രദ്ധിച്ചു. 24-ൽ 22 കുട്ടികൾക്കും മാർഗ്ഗരേഖകളിൽ നിഷ്കർഷിക്കുന്ന പ്രകാരം സി.ഡബ്ല്യു.സി-യുടെ ശിപാർശ ഇല്ലാതെയാണ് സാമ്പത്തിക സഹായം അനുവദിച്ചത്.

മാർഗ്ഗരേഖകളുമായി നടപടിക്രമങ്ങൾ ഒത്ത് പോകുന്നത് വകുപ്പ് ഉറപ്പ് വരുത്തുമെന്നും ഫണ്ടുകൾ സമയത്ത് വിതരണം ചെയ്യുന്നതിലേക്കായി മേൽപ്പറഞ്ഞ ഉപഭാഗം 2023 ഒക്ടോബറിൽ സർക്കാരിന് സമർപ്പിച്ച പുതിയതായി നിർദ്ദേശിക്കപ്പെട്ട മാർഗ്ഗരേഖകളിൽ നിന്ന് ഒഴിവാക്കിയതായും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). സർക്കാരിന്റെ ഉപഭാഗം ഒഴിവാക്കുന്ന നടപടി, യോഗ്യതാ മാനദണ്ഡങ്ങൾ ലംഘിക്കാൻ കാരണമായേക്കാവുന്നതിനാൽ ന്യായീകരിക്കത്തക്കതല്ല.

---

[57] 56 എസ്.സി. കുട്ടികൾക്ക് ₹19.30 ലക്ഷവും ആറ് എസ്.റ്റി കുട്ടികൾക്ക് ₹1.48 ലക്ഷവും

[58] തിരുവനന്തപുരം – 16, ആലപ്പുഴ – 1, എറണാകുളം – 1, വയനാട് – 3, കണ്ണൂർ - 3

2.1.9. മേൽനോട്ടം

മേൽനോട്ടം എന്നത് ഒരു പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ തുടർച്ചയായി ശേഖരിക്കുന്നതും വിശകലനം ചെയ്യുന്നതും, ഇടപെടൽ എത്ര നന്നായി നടപ്പിലാക്കിയെന്ന് വിലയിരുത്തുന്നതിനായി ആസൂത്രിതഫലങ്ങളെ യഥാർത്ഥവുമായി താരതമ്യം ചെയ്യുന്നതുമാണ്. ശിശു സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ക്ഷമത കൈവരിച്ചോ എന്ന് നിരീക്ഷിക്കാനായി നിയമവും ചട്ടങ്ങളും നിഷ്കർഷിക്കുന്ന വിധത്തിൽ സംവിധാനങ്ങൾ ഉണ്ടായിരുന്നോ എന്ന് ഓഡിറ്റ് വിശകലനം ചെയ്തു.

2.1.9.1. പരിശോധന നടത്തുന്നതിലെ കുറവ്

സംസ്ഥാന/ജില്ലാ പരിശോധന സമിതികൾ

ജെ.ജെ നിയമത്തിന്റെ വകുപ്പ് 54 അനുസരിച്ചും ചട്ടങ്ങളിലെ വ്യവസ്ഥകൾ[59] അനുസരിച്ചും, നിയമത്തിന്റെ കീഴിൽ രജിസ്റ്റർ ചെയ്തതോ, യോഗ്യമാണെന്ന് അംഗീകരിച്ചതോ ആയ എല്ലാ സ്ഥാപനങ്ങൾക്കും വേണ്ടി, സംസ്ഥാനത്തിനായും ജില്ലകൾക്കായും സംസ്ഥാന സർക്കാർ പരിശോധന സമിതികളെ നിയമിക്കേണ്ടതാണ്. പരിശോധന സമിതികൾ, പ്രദേശത്തുള്ള കുട്ടികളെ അധിവസിപ്പിക്കുന്ന മന്ദിരങ്ങളിലേയ്ക്ക് നിയമപരമായി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കൽ സന്ദർശനങ്ങൾ നടത്തേണ്ടതും, കണ്ടെത്തലുകളുടെ റിപ്പോർട്ടുകൾ തുടർ നടപടികൾക്കായി സന്ദർശനം കഴിഞ്ഞ് ഒരാഴ്ചയ്ക്കകം ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾക്കോ സംസ്ഥാന സർക്കാരിനോ, സാഹചര്യമനുസരിച്ച് സമർപ്പിക്കേണ്ടതുമാണ്.

സംസ്ഥാന പരിശോധന സമിതിയും (എസ്.ഐ.സി) ജില്ലാ പരിശോധന സമിതികളും (ഡി.ഐ.സി) യഥാക്രമം 2017-ലും 2018-ലും സംസ്ഥാനത്ത് രൂപീകരിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ തെരഞ്ഞെടുത്ത 17 സി.സി.ഐ-കളിൽ, നിർദ്ദിഷ്ട എണ്ണമായ 340 പരിശോധനകളുടെ[60] സ്ഥാനത്ത്, കേവലം രണ്ട് ശതമാനമായ, ആറ് പരിശോധനകൾ മാത്രമേ ഓഡിറ്റ് കാലയളവിൽ എസ്.ഐ.സി നടത്തിയുള്ളൂ. ജില്ലയിൽ ഒരു ഡി.ഐ.സി രൂപീകരിച്ചെങ്കിലും 2020 നവംബർ മുതൽ അത് പുനഃസംഘടിപ്പിച്ചിട്ടില്ലെന്ന് കണ്ണൂർ ഡി.സി.പി.ഒ മറുപടി നൽകി. ഇക്കാരണത്താൽ പരിശോധന റിപ്പോർട്ടുകൾ ഡി.സി.പി.യു-ന് സമർപ്പിക്കുകയോ തിരുത്തൽ നടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല. വയനാട് ജില്ലയിൽ പരിശോധന സമിതി രൂപീകരിച്ചെങ്കിലും, തെരഞ്ഞെടുത്ത സി.സി.ഐ-കളിൽ പരിശോധനകളൊന്നും നടത്തിയില്ല. ഓഡിറ്റ് കാലയളവിൽ തെരഞ്ഞെടുത്ത ജില്ലകളിൽ നടത്തിയ പരിശോധനകളുടെ എണ്ണം **അനുബന്ധം 2.8**-ൽ കൊടുത്തിരിക്കുന്നു. സി.സി.ഐ-കളിലെ കൃത്യമായ പരിശോധനകളുടെ അഭാവത്തിൽ, കുട്ടികൾ നേരിടുന്ന സൗകര്യങ്ങളുടെ കുറവും പ്രശ്നങ്ങളും ശ്രദ്ധിക്കപ്പെടാതെ പോകുന്നു.

ജെ.ജെ. രജിസ്ട്രേഷന്റെ പുതുക്കലിന്റെ ഭാഗമായി പരിശോധനകൾ നടത്തിയെന്നും ശിശു മന്ദിരങ്ങളിൽ ക്രമമായ പരിശോധനകൾ നടത്തുന്നതിനായി വിശദ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). എന്നാൽ, പരിശോധനകളിലെ കുറവും അതിന്റെ വിപരീത ഫലങ്ങളും ഓഡിറ്റിൽ ശ്രദ്ധിച്ചത്, അടിയന്തരമായി പരിഹരിക്കേണ്ടതുണ്ട്.

---

[59] സ്ഥാപനങ്ങളുടെ ഇടയ്ക്കിടെയുള്ള പരിശോധനകൾ എസ്.ഐ.സി നിർവ്വഹിക്കണമെന്ന് ജെ.ജെ. മാതൃകാ ചട്ടങ്ങളുടെ ചട്ടം 41(4) പറയുന്നു. ജില്ലയിൽ കുട്ടികളെ അധിവസിപ്പിക്കുന്ന മന്ദിരങ്ങളിൽ കുറഞ്ഞപക്ഷം മൂന്ന് മാസത്തിലൊരിക്കൽ ഡി.ഐ.സി പരിശോധന നിർവ്വഹിക്കണമെന്ന് ചട്ടം 41(10) പറയുന്നു

[60] (17 സി.സി.ഐ-കൾ) x (പ്രതിവർഷം നാല് പരിശോധനകൾ) x (5 വർഷം)

ശിശുക്ഷേമ സമിതികൾ പരിശോധന നടത്താത്തത്

പരിചരണവും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ താമസിപ്പിക്കുന്ന പാർപ്പിട മന്ദിരങ്ങളുടെ പരിശോധന സി.ഡബ്ല്യു.സി കുറഞ്ഞത് മാസത്തിൽ രണ്ട് പ്രാവശ്യമെങ്കിലും നടത്തേണ്ടതും, നൽകിയ സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളുടെ ശിപാർശ ഡി.സി.പി.യു-നും സംസ്ഥാന സർക്കാരിനും നൽകേണ്ടതുമാണ്.

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ എറണാകുളത്തുള്ള കുട്ടികൾക്ക് വേണ്ടിയുള്ള പാർപ്പിട മന്ദിരങ്ങളിലൊന്നിലും, സി.ഡബ്ല്യു.സി പരിശോധന നടത്തിയിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വയനാട്ടിൽ 2018-19 മുതൽ 2020-21 വരെയുള്ള കാലയളവിൽ പരിശോധനകളുടെ എണ്ണം ഏഴ് മുതൽ 15 വരെ ആയിരുന്നു. തിരുവനന്തപുരം, കണ്ണൂർ ജില്ലകൾ ഇതുമായി ബന്ധപ്പെട്ട രേഖകളൊന്നും ഓഡിറ്റിന് നൽകിയില്ല.

സി.ഡബ്ല്യു.സി-കൾ പരിശോധന നടത്താത്തത്, സി.സി.ഐ-കളിലെ സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള സാദ്ധ്യതകളെ വിപരീതമായി ബാധിക്കും.

പരിശോധന നടത്താൻ എല്ലാ സി.ഡബ്ല്യു.സി-കളെയും നിർദ്ദേശിച്ചതായി സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). കൂടാതെ, സി.സി.ഐ-കളിൽ ഇടയ്ക്കിടെയുള്ള സന്ദർശനങ്ങൾ നടത്തുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ എല്ലാ സി.ഡബ്ല്യു.സി-കൾക്കും നൽകുന്നതാണ് എന്നും പ്രസ്താവിച്ചു.

ജില്ലാ ജഡ്ജി ജെ.ജെ.ബി-യിൽ പരിശോധന നടത്താത്തത്

ചട്ടം നിർദ്ദേശിക്കുന്നത് പോലെ എല്ലാ ത്രൈമാസത്തിലും ഒരു പ്രാവശ്യം ജെ.ജെ.ബി-യുടെ പരിശോധന ജില്ലാ ജഡ്ജി നിർവ്വഹിക്കേണ്ടതും, ജെ.ജെ.ബി അംഗങ്ങളുടെ പ്രകടനം ബോർഡ്, നടപടിക്രമങ്ങളിൽ ഉള്ള അവരുടെ പങ്കാളിത്തത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി, ചട്ടം 87-ന് അനുസൃതമായി രൂപീകരിച്ച തെരഞ്ഞെടുപ്പ് സമിതിക്ക് ഒരു റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

തിരുവനന്തപുരം, ആലപ്പുഴ, വയനാട്, കണ്ണൂർ എന്നീ തെരഞ്ഞെടുത്ത ജില്ലകളിൽ 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഇത്തരത്തിൽ ഒരു പരിശോധനയും നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി.

ജില്ലാ ജഡ്ജിയുടെ കാലാനുസൃതമായ പരിശോധനകൾ ഉറപ്പാക്കുന്നതിൽ ഒരു തീരുമാനമെടുക്കാനായി വരാനിരിക്കുന്ന ബാലനീതിസമിതിയിൽ ഇക്കാര്യം ഒരു വിഷയമായി ഉൾപ്പെടുത്തുമെന്ന് സർക്കാർ പ്രസ്താവിച്ചു (2024 ഏപ്രിൽ).

ജില്ലാ മജിസ്ട്രേറ്റ് സി.ഡബ്ല്യു.സി-യിൽ പരിശോധന നടത്താത്തത്

ജില്ലാ കളക്ടർ ആയിരിക്കുന്ന ജില്ലാ മജിസ്ട്രേറ്റ് എല്ലാ ത്രൈമാസികത്തിലും സി.ഡബ്ല്യു.സി-യുടെ പ്രവർത്തനം അവലോകനം ചെയ്യേണ്ടതും, സി.ഡബ്ല്യു.സി-യുടെ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും പ്രകടനം സി.ഡബ്ല്യു.സി-യിലെ നടപടിക്രമങ്ങളിൽ അവരുടെ പങ്കാളിത്തത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി ഒരു റിപ്പോർട്ട് തെരഞ്ഞെടുപ്പ് സമിതിയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, വയനാട് ജില്ലകളിൽ മേൽപ്പറഞ്ഞ കാര്യത്തിൽ ജില്ലാ മജിസ്ട്രേറ്റ് നിരീക്ഷണമൊന്നും നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. കണ്ണൂർ ജില്ലയിൽ, ജൂൺ 2022 മുതൽ ഒരു പരിശോധനയും ജില്ലാ മജിസ്ട്രേറ്റ് നടത്തിയില്ല.

സി.ഡബ്ല്യു.സി-കളിൽ ഇടയ്ക്കിടെയുള്ള നിരീക്ഷണങ്ങൾ ഉറപ്പ് വരുത്തുന്നതിലേയ്ക്കായി എല്ലാ ജില്ലാ മജിസ്ട്രേറ്റുമാർക്കും നിർദ്ദേശം നൽകുമെന്ന് സർക്കാർ മറുപടി നൽകി **(2024 ഏപ്രിൽ).**

2.1.9.2. ജില്ലാ ഓഫീസുകൾ ജില്ലാ ആസ്ഥാനത്തിനകലെ സ്ഥാപിക്കുന്നത്

ഐ.സി.പി.എസ് മാർഗ്ഗരേഖ[61] അനുസരിച്ച് ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ മജിസ്ട്രേറ്റിന്റെ സമഗ്രമായ ഭരണ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് ഡി.സി.പി.യു പ്രവർത്തിക്കേണ്ടത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേരള സർക്കാർ ഫയൽ ചെയ്ത **(2019** നവംബർ) വിശദമായ എതിർസത്യവാങ്മൂലത്തിൽ[62] **(2019** നവംബർ) എല്ലാ ഡി.സി.പി.യു ഓഫീസുകളും ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുമെന്ന് ഉറപ്പാക്കുന്നതിനായി നടപടികൾ എടുത്തു വരികയാണെന്ന് പ്രസ്താവിച്ചിരുന്നു.

തെരഞ്ഞെടുത്ത ജില്ലകളിലെ ഡി.സി.പി.യു-കളിൽ എറണാകുളം ജില്ലയിലെ ഡി.സി.പി.യു മാത്രമാണ്, ജില്ലാ തലത്തിൽ ഐ.സി.പി.എസിന്റെയും മറ്റ് ശിശു സംരക്ഷണ പദ്ധതികളുടെയും ഭരണകേന്ദ്രത്തിന്റെ ഇരിപ്പിടമായ ജില്ലാ ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്നത് എന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. ബാക്കി നാല് ഡി.സി.പി.യു-കളിൽ മൂന്നും ജില്ലാ ആസ്ഥാനത്ത് നിന്ന് അകലെയാണ്[63] സ്ഥിതി ചെയ്യുന്നത്. സത്യവാങ്മൂലം സമർപ്പിച്ച് നാല് വർഷം കഴിഞ്ഞിട്ടും ഡി.സി.പി.യു-കൾ ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന കാര്യത്തിൽ, ഹൈക്കോടതിക്ക് നൽകിയ സ്വന്തം ഉറപ്പ് പോലും സംസ്ഥാന സർക്കാർ പാലിച്ചില്ല.

നാല് സ്ഥലങ്ങളിൽ മാത്രമേ ഡി.സി.പി.യു-കൾ ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നുള്ളൂ എന്ന് സർക്കാർ മറുപടി നൽകി **(2024 ഏപ്രിൽ).** ജില്ലാ മജിസ്ട്രേറ്റുമായി ചർച്ച ചെയ്ത്, ജില്ലാ ആസ്ഥാനങ്ങളിലെ സ്ഥലലഭ്യത പരിഗണിച്ചുകൊണ്ട്, ഡി.സി.പി.യു-കളെ ജില്ലാ ആസ്ഥാനത്തേയ്ക്ക് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതാണ്.

2.1.9.3. പ്രവർത്തനക്ഷമമല്ലാത്ത ശിശു സംരക്ഷണ മാനേജ്മെന്റ് ഇൻഫോർമേഷൻ സിസ്റ്റം

സ്ഥാപന, സ്ഥാപനേതര പരിപാലനത്തിലുള്ള എല്ലാ കുട്ടികളുടെയും ഒരു സംസ്ഥാനതല ഡാറ്റാബേസ് സൂക്ഷിക്കാനും ത്രൈമാസികാടിസ്ഥാനത്തിൽ അത് നവീകരിക്കാനും എസ്.സി.പി.എസിനോട് ജെ.ജെ ചട്ടങ്ങളുടെ ചട്ടം **84(ix)**ആവശ്യപ്പെടുന്നു.

ശിശുപരിപാലന മന്ദിരങ്ങളുടെ ഭരണ നിർവ്വഹണത്തിന് വേണ്ടിയുള്ള വെബ്സൈറ്റും സോഫ്റ്റ്‌വെയറും രൂപകല്പന ചെയ്യാനും, വികസിപ്പിക്കാനും, സാങ്കേതിക പിന്തുണ നൽകാനും, വാർഷിക പരിപാലനത്തിനുമായി വനിതാ ശിശു വികസന വകുപ്പ്, സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജിയുമായി (സി-ഡിറ്റ്) ഒരു കരാറിൽ എർപ്പെട്ടു **(2020** മേയ്). അതനുസരിച്ച്, ഐ.സി.പി.എസുമായി ബന്ധപ്പെട്ട ഡാറ്റായുടെ പരിപാലനത്തിനായി സി-ഡിറ്റ് ശിശു സംരക്ഷണ മാനേജ്മെന്റ്

---

[61] അനുബന്ധം 1-ലെ ഇനം 1.1

[62] 2021 നവംബർ 17-ലെ ബച്പൻ ബചാവോ ആന്ദോളൻ, കേരള സർക്കാർ ഉൾപ്പെട്ട റിട്ട് ഹർജി (സിവിൽ) നം. 23669 (എസ്)-ന്റെ എതിർ സത്യവാങ്മൂലത്തിൽ ഉൾപ്പെട്ട റി.ഹ (സി) 473/2005-ൽ ബഹു. പരമോന്നത കോടതിയുടെ വിധിയുടെ ഖണ്ഡിക 95.3-മായി ബന്ധപ്പെട്ട് സമർപ്പിച്ച കാര്യങ്ങൾ

[63] തിരുവനന്തപുരം-10 കി.മി, വയനാട് -10 കി.മീ, കണ്ണൂർ-22 കി.മീ

ഇൻഫോർമേഷൻ സിസ്റ്റം (സി.പി.എം.ഐ.എസ്) സോഫ്റ്റ്‌വെയർ വികസിപ്പിച്ചു[64]. ശിശുപരിപാലന കേന്ദ്രങ്ങളിലേയ്ക്കുള്ള അന്തേവാസികളുടെ പ്രവേശനം, അവരുടെ സ്ഥലംമാറ്റം, വിടുതൽ മുതലായവ ഓൺലൈൻ ആയി സി.പി.എം.ഐ.എസിൽ രേഖപ്പെടുത്തേണ്ടതും ഡബ്ല്യു.സി.ഡി.ഡി അവ നിരീക്ഷിക്കേണ്ടതുമായിരുന്നു. ഇക്കാര്യത്തിനു വേണ്ടി ₹2.67 ലക്ഷം സി-ഡിറ്റിന് കൊടുത്തിട്ടുണ്ട് (2020 സെപ്റ്റംബർ).

യഥാക്രമം 2020 മെയിലും 2020 സെപ്റ്റംബറിലും കരാർ ഒപ്പിടുകയും പണം നൽകുകയും ചെയ്തെങ്കിലും 2024 മാർച്ച് വരെയും സാങ്കേതിക പോർട്ടൽ പ്രവർത്തനക്ഷമമായിട്ടില്ല.

സംസ്ഥാന ശിശു സംരക്ഷണ സമിതി (എസ്.സി.പി.എസ്) എന്നതിന്റെ കുടക്കീഴിലുള്ള എല്ലാ വെബ്സൈറ്റുകളും പോർട്ടലുകളും ഒരൊറ്റ പ്ലാറ്റ്ഫോമിലേയ്ക്ക് സംയോജിപ്പിക്കുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). ഇക്കാര്യത്തിലേയ്ക്കായി, സംസ്ഥാനം ₹23 ലക്ഷം അനുവദിക്കുകയും നടപ്പാക്കുന്നതിനായി ഒരു ഏജൻസിയെ തെരഞ്ഞെടുക്കുകയും ചെയ്തു.

'ട്രാക്ക്' ചൈൽഡ് പോർട്ടൽ ഫലപ്രദമായി ഉപയോഗിക്കുന്നതിലെ വീഴ്ച

ഉപേക്ഷിക്കപ്പെട്ട/ നഷ്ടപ്പെട്ട/ അനാഥമായ ഒരു കുട്ടിയുടെ കാര്യത്തിൽ സി.ഡബ്ല്യു.സി അന്വേഷണ വിധേയമായി കുട്ടിയുടെ ഇടക്കാല സംരക്ഷണത്തിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ്, കുട്ടിയെ സംബന്ധിച്ച വിവരം പ്രത്യേകമായി നിശ്ചയിച്ച ഒരു പോർട്ടലിൽ അപ്‌ലോഡ് ചെയ്തുവെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്ന് ജെ.ജെ.മാതൃകാ ചട്ടങ്ങളുടെ ചട്ടം 18(7) നിഷ്കർഷിക്കുന്നു. കുട്ടിയുടെ ജീവശാസ്ത്രപരമായ മാതാപിതാക്കളെ, അല്ലെങ്കിൽ നിയമപരമായുള്ള രക്ഷകർത്താക്കളെ കണ്ടുപിടിക്കുന്നതിനായി കുട്ടിയുടെ വിശദാംശങ്ങളും ഫോട്ടോയും, കുട്ടിയെ കിട്ടിയ സമയം മുതൽ മൂന്ന് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ വലിയ പ്രചാരമുള്ള ഒരു ദേശീയ ദിനപ്പത്രത്തിൽ പരസ്യപ്പെടുത്താനായി സി.ഡി.പി.യു-ന് സി.ഡബ്ല്യു.സി നിർദ്ദേശം നൽകേണ്ടതാണെന്നും, പ്രത്യേകമായി നിശ്ചയിച്ച പോർട്ടലിൽ (ട്രാക്ക് ചൈൽഡ് പോർട്ടൽ[65] അല്ലെങ്കിൽ ഖോയാ പായാ പോർട്ടൽ)[66] ഡാറ്റായുടെ എൻട്രി ഉറപ്പാക്കേണ്ടതാണെന്നും 2017-ലെ ദത്തെടുക്കൽ റെഗുലേഷനിലെ റെഗുലേഷൻ 6(6) പ്രസ്താവിക്കുന്നു.

തിരുവനന്തപുരത്ത് അനാഥരായ/ഉപേക്ഷിക്കപ്പെട്ട/ കാണാതായ 46 കുട്ടികളുടെ വിശദാംശങ്ങൾ പോർട്ടലിൽ അപ്‌ലോഡ് ചെയ്തില്ലെന്ന് ഓഡിറ്റ് പരിശോധന

---

[64] പ്രോജക്ടിന്റെ പരിധിയിൽ ഉൾപ്പെട്ടത്, ശിശുപരിപാലന മന്ദിരങ്ങളുടെ രജിസ്ട്രേഷനും പുതുക്കലും, ഉടമസ്ഥത,മാനേജർ ഡാറ്റാബേസ്, ശിശുപരിപാലന മന്ദിര ഭരണ നിർവ്വഹണം, അന്തേവാസി രജിസ്ട്രേഷനും അംഗീകാരവും, അന്തേവാസി ഡാറ്റാബേസ് പരിപാലനം, അന്തേവാസികൾക്ക് വേണ്ടിയുള്ള വ്യക്തിഗത ശ്രദ്ധാ പദ്ധതി, ജെ.ജെ.ബി., ഐ.സി.പി.എസ്. ഡാഷ് ബോർഡുകൾ മുതലായവ ആണ്.

[65] 35 സംസ്ഥാനങ്ങളിലും/ കേന്ദ്രഭരണപ്രദേശങ്ങളിലും സെൻട്രൽ പ്രോജക്ട് സപ്പോർട്ട് യൂണിറ്റ് (സി.പി.എസ്.യു), ഡി.സി.പി.യു-കൾ എസ്.സി.പി.എസ്/ യൂണിറ്റുകൾ, സി.സി.ഐ-കൾ, പോലീസ് സ്റ്റേഷനുകൾ, സി.ഡബ്ല്യു.സി-കൾ, ജെ.ജെ.ബി.-കൾ മുതലായവ ഉൾപ്പെട്ട ഐ.സി.പി.എസ് സ്ഥാപനങ്ങൾക്കും, എല്ലാ തത്പര കക്ഷികൾക്കും ട്രാക്ക് ചൈൽഡ് പോർട്ടൽ, സംയോജിത സാങ്കൽപ്പിക ഇടം ലഭ്യമാക്കുന്നു. "ദുരിതത്തിലായ കുട്ടിയെ" ട്രാക്ക് ചെയ്യുന്നതിന് എല്ലാ തത്പര കക്ഷികൾക്കും പൗരന്മാർക്കും ഇടയിൽ ഒരു നെറ്റ്‌വർക്കിംഗ് സംവിധാനവും ഇത് നൽകുന്നു. പോലീസ് സ്റ്റേഷനുകൾ, സിസിഐകൾ/ഹോമുകൾ, ഷെൽട്ടറുകൾ, സിഡബ്ല്യുസികൾ, ജെജെബികൾ എന്നിവിടങ്ങളിലെ ഡാറ്റ എൻട്രിയും അപ്ഡേറ്റും ഇതിന് ആവശ്യമാണ്.

[66] മാതാപിതാക്കൾക്ക് തങ്ങളുടെ നഷ്ടപ്പെട്ട കുട്ടിയുടെ വിശദാംശങ്ങൾ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനും ഖോയാ പായാ പോർട്ടൽ സഹായിക്കുന്നു. കുട്ടിയെ നഷ്ടപ്പെട്ട മാതാപിതാക്കൾക്ക് അക്കാര്യം റിപ്പോർട്ട് ചെയ്യുന്നതിന് രജിസ്റ്റർ ചെയ്യാവുന്നതും കാണാതായ കുട്ടിയുടെ വിശദാംശങ്ങൾ കൊടുക്കുന്നതിനും കാണാതായ കുട്ടിയുടെ വിശദാംശങ്ങൾ തേടുന്നതിനും സാധിക്കുന്നു.

വെളിപ്പെടുത്തി. ഒരു കുട്ടിയെ കാണ്മാനില്ല എന്ന് ഉറപ്പ് വരുത്തുന്നതിനായി പോർട്ടലിൽ നിലവിലുള്ള ഡാറ്റയെ ആശ്രയിച്ചിരുന്നില്ല. കൂടാതെ, കുട്ടികളുടെ വിശദാംശങ്ങളും ഫോട്ടോകളും ദേശീയ ദിനപ്പത്രത്തിനു പകരം രണ്ട് പ്രാദേശിക ഭാഷാ പത്രങ്ങളിൽ മാത്രമാണ് പരസ്യപ്പെടുത്തിയിരുന്നത്. ആലപ്പുഴയിൽ, 2022-23-ൽ എസ്.എ.എ രൂപീകരിച്ചതു മുതൽ അഞ്ച് ഉപേക്ഷിക്കപ്പെട്ട/ കാണാതായ/ അനാഥരായ കുട്ടികളെ കിട്ടിയെങ്കിലും, ട്രാക്ക് ചൈൽഡ് പോർട്ടൽ അല്ലെങ്കിൽ ഖോയാ പായ പോർട്ടലിൽ ഡാറ്റാ അപ്‌ലോഡ് ചെയ്തതായി കണ്ടില്ല. അതിലുപരി, കുട്ടികളുടെ വിശദാംശങ്ങളും ഫോട്ടോകളും പ്രാദേശിക ഭാഷാ പത്രങ്ങളിൽ മാത്രമാണ് പരസ്യപ്പെടുത്തിയിരുന്നത്, അതും 19 മുതൽ 79 ദിവസങ്ങൾക്ക് ശേഷം എറണാകുളത്തും കണ്ണൂരും ഡാറ്റാ അപ്‌ലോഡ് ചെയ്യുന്നതിനും തിരികെ കിട്ടിയ കുട്ടികൾ അവരുടെ വീടുകളിൽ നിന്ന് കാണാതായവരാണെന്ന് ഉറപ്പു വരുത്തുന്നതിനുമായി പോർട്ടൽ ഉപയോഗപ്പെടുത്തിയതായി കണ്ടില്ല.

പോർട്ടലിൽ ഡാറ്റാ ഇൻപുട്ട് ചെയ്യാനായി ഡി.സി.പി.യു-കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, പോർട്ടലിന്റെ ഫലവത്തായ വിനിയോഗം ഉറപ്പാക്കുന്നതിനായി ബന്ധപ്പെട്ട വ്യക്തികൾക്ക് പരിശീലനക്ലാസുകൾ കൊടുക്കുമെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). 2022-ലെ ദത്തെടുക്കൽ റെഗുലേഷനിലെ റെഗുലേഷൻ 6(7) പ്രകാരം അനാഥരായ, അല്ലെങ്കിൽ ഉപേക്ഷിക്കപ്പെട്ട കുട്ടികളുടെ വിശദാംശങ്ങൾ, യഥാർത്ഥ മാതാപിതാക്കളെയോ അല്ലെങ്കിൽ നിയമപരമായ രക്ഷകർത്താക്കളെയോ തേടിപ്പിടിക്കുന്നതിനായി, ഏറെ പ്രചാരമുള്ള ഒരു ദേശീയ ദിനപ്പത്രത്തിൽ പരസ്യപ്പെടുത്തുന്നതിന് എല്ലാ ജില്ലാ ശിശുസംരക്ഷണ അധികാരികൾക്കും നിർദ്ദേശം കൊടുക്കുമെന്നും പ്രസ്താവിക്കപ്പെട്ടു.

ഡാറ്റാബേസുകൾ സൂക്ഷിക്കാത്തത്

- വിഷമ സാഹചര്യങ്ങളുള്ള കുട്ടികളുടെ എണ്ണം നിർണ്ണയിക്കാനും അങ്ങനെയുള്ള കുട്ടികളുടെ പ്രവണതകളും രീതികളും നിരീക്ഷിക്കുന്നതിനുമായി ജില്ലാധിഷ്ഠിത ഡാറ്റാബേസുകൾ ഉണ്ടാക്കാൻ 2016-ലെ ജെ.ജെ. മാതൃകാചട്ടങ്ങൾ ചട്ടം 85(viii) ഡി.സി.പി.ഒ-യോട് ആവശ്യപ്പെടുന്നു. വിഷമ സാഹചര്യങ്ങളിലുള്ള കുട്ടികളുടെ പ്രവണതകളും രീതികളും നിരീക്ഷിക്കുന്നതിനായി, തെരഞ്ഞെടുത്ത ജില്ലകളിൽ, ഡി.സി.പി.ഒ-കൾ കുട്ടികളുടെ എണ്ണം നിർണ്ണയിക്കുകയോ ഡാറ്റാബേസ് ഉണ്ടാക്കുകയോ ചെയ്തില്ലെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ നിയമവുമായി പൊരുത്തപ്പെടാത്ത ഗണ്യമായ എണ്ണം കുട്ടികൾക്ക് കാവൽ പദ്ധതിയിലൂടെ[67] മാനസിക സാമൂഹിക പിന്തുണ ലഭിച്ചിട്ടുള്ളത് പരിഗണിക്കുമ്പോൾ[68], ഒരു ഡാറ്റാബേസ് രൂപീകരിക്കുന്നതിലൂടെ മേൽപ്പറഞ്ഞ ജില്ലകളിൽ ഇടപെടൽ ആവശ്യമുള്ള ഇത്തരത്തിലുള്ള കൂടുതൽ കുട്ടികളെ തിരിച്ചറിയാൻ സഹായിക്കും.

  ഇപ്പറഞ്ഞ കാര്യത്തിൽ സർക്കാർ മറുപടിയൊന്നും നൽകിയില്ല

- പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്ക് വേണ്ടിയുള്ള മെഡിക്കൽ കൗൺസലിംഗ് സെന്ററുകൾ, ലഹരി വിമുക്തി കേന്ദ്രങ്ങൾ, ആശുപത്രികൾ,

---

[67] എറണാകുളത്ത് 54 മുതൽ 96 വരെയും, വയനാട്ടിൽ 17 മുതൽ 119 വരെയും, തിരുവനന്തപുരത്ത് 98 മുതൽ 151 വരെയും, ആലപ്പുഴയിൽ 3 മുതൽ 54 വരെയും, കണ്ണൂരിൽ 36 മുതൽ 64 വരെയും.

[68] നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ (ഐസിപിഎസിന് കീഴിൽ) സാമൂഹിക പുനഃസംയോജനവും പുനരധിവാസവും ലക്ഷ്യമിടുന്ന ഒരു സംസ്ഥാന പദ്ധതിയാണ് കാവൽ.

ഓപ്പൺ സ്കൂളുകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, അപ്രന്റീസ്ഷിപ്പ്, തൊഴിലധിഷ്ഠിത പരിശീലന പ്രോഗ്രാമുകളും കേന്ദ്രങ്ങളും, വിനോദോപാധികൾ എന്നിവയുടെ ഒരു ഡാറ്റാബേസ് ഡി.സി.പി.ഒ. സൂക്ഷിക്കണമെന്നും ആയത് ജെ.ജെ.ബി-കൾക്കും, സി.ഡബ്ല്യു.സി-കൾക്കും ശിശുകോടതികൾക്കും എസ്.സി.പി.എസിനും നൽകണമെന്നും **2016**-ലെ ജെ.ജെ. മാതൃകാ ചട്ടങ്ങളിൽ ചട്ടം **85(xix)** ഡി.സി.പി.ഒ-യോട് ആവശ്യപ്പെടുന്നു. തെരഞ്ഞെടുത്ത ജില്ലകളിൽ, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, വയനാട് ജില്ലകൾ ലഹരി വിമുക്തി കേന്ദ്രങ്ങൾ, ആശുപത്രികൾ എന്നിവയുടെ ഒരു ഡാറ്റാബേസ് സൂക്ഷിക്കാതിരിക്കുന്നത് വിഷമസാഹചര്യങ്ങളിൽ നിന്നുള്ള സുരക്ഷിതരല്ലാത്ത കുട്ടികൾ, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ, മാനസിക രോഗമുള്ള കുട്ടികൾ മുതലായവരുടെ സമയബന്ധിതമായ പുനരധിവാസത്തിന്റെ സാദ്ധ്യതയെ പരിമിതപ്പെടുത്തി.

ഇപ്പറഞ്ഞ കാര്യത്തിൽ സർക്കാർ മറുപടിയൊന്നും നൽകിയില്ല.

2.1.10. ഉപസംഹാരം

ആറ് വയസിൽ താഴെയുള്ള ഒരു കുട്ടിയെ ദത്തെടുക്കുന്നത് വരെ എസ്.എ.എ-യിൽ താമസിപ്പിക്കാമെന്ന് ജെ.ജെ. നിയമം നിഷ്കർഷിക്കുമ്പോൾ, അതിലെ നിയമവ്യവസ്ഥകൾക്ക് പൊരുത്തമല്ലാത്ത വിധത്തിൽ, എസ്.എ.എ-യിൽ ഒരു കുട്ടിയുടെ താമസം ഒരു വർഷത്തിൽ കൂടാതിരിക്കാൻ ഐ.സി.പി.എസിന്റെയും മിഷൻ വാൽസല്യയുടെയും മാർഗ്ഗരേഖകൾ വ്യവസ്ഥ ചെയ്യുന്നു. നിയമത്തിന്റെ നടത്തിപ്പ് സുഗമമാക്കുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിക്കാൻ സംസ്ഥാന സർക്കാരിനോട് നിയമം ആവശ്യപ്പെടുന്നുണ്ട്. ഇത് സംസ്ഥാന സംബന്ധമായ സാഹചര്യങ്ങളിൽ ഫലപ്രദമായ നിർവ്വഹണം സാദ്ധ്യമാക്കുമായിരുന്നെങ്കിലും, സംസ്ഥാന സർക്കാർ അത് നടപ്പിലാക്കിയിട്ടില്ല. ഒരു സി.സി.ഐ ആയി പ്രവർത്തിക്കുന്നതിന് രജിസ്ട്രേഷൻ നിയമപരമായ ഒരു ആവശ്യം ആയിരുന്നെങ്കിലും രജിസ്ട്രേഷന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് അത് പുതുക്കാതിരുന്നത് രജിസ്ട്രേഷൻ ഇല്ലാതെ സി.സി.ഐ-കൾ പ്രവർത്തിക്കുന്നതിന് ഇടവരുത്തി. ജെ.ജെ.ബി-യുടെ/ സി.ഡബ്ല്യു.സി-യുടെ സിറ്റിംഗുകളിൽ പങ്കെടുത്ത കുട്ടികൾക്കും കുടുംബങ്ങൾക്കും കാത്തിരിപ്പ് മുറി, കുടിവെള്ളം, ശിശുസൗഹൃദ അന്തരീക്ഷം മുതലായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയില്ല. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് താമസിക്കാൻ പകരം സംവിധാനങ്ങൾ സ്ഥാപിക്കാതിരുന്നത് കൊണ്ട് പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കാത്ത സി.സി.ഐ-കളിൽ തുടരാൻ നിർബന്ധിതരാക്കി. ചില തെരഞ്ഞെടുത്ത സി.സി.ഐ-കളിൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുവേണ്ട പ്രത്യേക സൗകര്യങ്ങൾ ഇല്ലാതിരുന്നിട്ടും, അത്തരം കുട്ടികളെ കൈകാര്യം ചെയ്യാൻ പരിശീലനം സിദ്ധിച്ച ജീവനക്കാർ ഇല്ലാതിരുന്നിട്ടും, അവരെ സാധാരണ കുട്ടികൾക്കൊപ്പം താമസിപ്പിക്കേണ്ടിവന്നു. മാനസിക രോഗമുള്ള കുട്ടികളെയും മയക്ക് മരുന്ന്, ലഹരി വസ്തുക്കൾ, മദ്യം ഇവയിൽ നിന്ന് വിമുക്തി വേണ്ടിയിരുന്ന കുട്ടികളെയും താമസിപ്പിക്കാനുള്ള സൗകര്യങ്ങൾ അപര്യാപ്തമായിരുന്നു. അവധിക്ക് വീട്ടിൽ പോകാൻ അനുവദിക്കപ്പെട്ടവരും സി.ഡബ്ല്യു.സി-യുടെ ഉത്തരവ് കൂടാതെ അധികനാൾ വീട്ടിൽ തങ്ങുന്നവരുമായ കുട്ടികൾക്ക് അക്കാലയളവിൽ എന്തെങ്കിലും അനിഷ്ട സംഭവം ഉണ്ടായാൽ, സർക്കാരിന് നിയമപരമായി സങ്കോചമുളവാക്കുന്ന സാഹചര്യം ഉണ്ടായേക്കാം.

കുട്ടിയുടെ ക്ഷേമം അറിയാനായി ഫോസ്റ്റർ കുടുംബങ്ങളുടെയും ഫോസ്റ്റർ കെയർ ദാതാക്കളുടെയും പ്രതിമാസ പരിശോധന വേണ്ടവണ്ണം ചെയ്തിരുന്നില്ല. കുട്ടികളെ സുരക്ഷിതമായി ഉപേക്ഷിക്കുന്നതിനായി ആവശ്യത്തിനുള്ള ശിശു തൊട്ടിൽ ഇടങ്ങൾ സ്ഥാപിച്ചതായി കണ്ടില്ല. കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും സ്പോൺസർഷിപ്പ് പദ്ധതികളുടെ മാർഗ്ഗരേഖകൾ ലംഘിച്ചുകൊണ്ട് തുക നൽകിയതായി കണ്ടു. തെരഞ്ഞെടുത്ത രണ്ട് ജില്ലകളിലെ എസ്.എ.എ-കളിലുള്ള പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ ഡി.എം.ഒ പരിശോധിച്ചതിലെ കാലതാമസം 49 മുതൽ 275 ദിവസം വരെ ആയിരുന്നു. നിയമത്തിൽ ആവശ്യപ്പെടുന്ന പ്രകാരം ഉചിതമായ പരിശീലനം കൊടുത്തത് കുറച്ച് സി.ഡബ്ല്യൂ.പി.ഒ-മാർക്ക് മാത്രമാണ്. 25 കുട്ടികളിൽ 22 പേർക്ക് നിർദ്ദിഷ്ട അധികാരികളുടെ ശിപാർശ കൂടാതെ ബാലനീതി ഫണ്ടിൽ നിന്ന് സാമ്പത്തിക സഹായം അനുവദിച്ചിരുന്നു. രണ്ട് എസ്.എ.എ-കളിൽ, ശേഖരിച്ച ദത്തെടുക്കൽ ഫീസ് നിർദ്ദിഷ്ടമല്ലാത്ത കാര്യങ്ങൾക്ക് വേണ്ടി ചെലവഴിച്ചു. കുട്ടികൾ അധിവസിക്കുന്ന മന്ദിരങ്ങളിൽ സംസ്ഥാന, ജില്ലാ പരിശോധന സമിതികൾ, സി.ഡബ്ല്യൂ.സി-കൾ മുതലായവ നടത്തിയ പരിശോധനകളിൽ കുറവുണ്ടായി. ഐ.സി.പി.എസിന്റെ ഡാറ്റയുടെ സൂക്ഷിക്കലുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയറിന്റെ പ്രവർത്തനം തുടർച്ചയായുള്ള സാങ്കേതിക തടസ്സങ്ങൾ മൂലം വൈകി.

2.1.11. ശിപാർശകൾ

- ജെ.ജെ.ബി-കളിലും സി.ഡബ്ല്യൂ.സി-കളിലും എത്തുന്ന കുട്ടികൾക്കും കുടുംബങ്ങൾക്കും ഉചിതമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.
- പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്ക് വേണ്ടതായ സൗകര്യങ്ങളോടെ സുരക്ഷിത താമസസൗകര്യം ലഭിക്കുന്നുവെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.
- സാധാരണ കുട്ടികളോടൊപ്പം മാനസിക രോഗമുള്ള കുട്ടികളെയും, മയക്ക് മരുന്ന്, മദ്യം മുതലായവയിൽ നിന്ന് വിമുക്തി വേണ്ടുന്ന കുട്ടികളെയും ഒരുമിച്ച് താമസിപ്പിക്കുന്നത് അനുവദിക്കുന്നില്ലെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.
- സി.സി.ഐ.-കളിൽ ക്രമമായ സന്ദർശനങ്ങൾ സി.ഡബ്ല്യൂ.സി നടത്തുകയും ഫോസ്റ്റർ കെയറിൽ ഉള്ള കുട്ടികൾ സുരക്ഷിതവും സുഖകരവുമായ ജീവിതം നയിക്കുന്നു എന്ന് ഉറപ്പ് വരുത്താനായി ഫലപ്രദമായ തുടർനടപടികൾ എടുക്കേണ്ടതുമാണ്.
- കുഞ്ഞുങ്ങളുടെ സുരക്ഷിതമായ ഉപേക്ഷിക്കലിനായി, ചട്ടത്തിൽ നിഷ്കർഷിക്കുന്നത് പോലെ ശിശു തൊട്ടിൽ ഇടങ്ങൾ സ്ഥാപിക്കണം.
- ഐ.സി.പി.എസിൽ നിന്ന് സ്പോൺസർഷിപ്പ് കിട്ടുന്ന കുട്ടികൾക്ക് എസ്.സി./എസ്.റ്റി. വികസന വകുപ്പിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നില്ലെന്ന് വകുപ്പ് ഉറപ്പ് വരുത്തണം.

അദ്ധ്യായം III
ഉന്നത വിദ്യാഭ്യാസ വകുപ്പ്

3.1. രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാന്റെ നടപ്പാക്കൽ

3.1.1. ആമുഖം

2013 സെപ്റ്റംബറിൽ മാനവ വിഭവശേഷി വികസന മന്ത്രാലയം[69] (എംഎച്ച്ആർഡി) ആരംഭിച്ച XII, XIII പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പിലാക്കേണ്ട[70] ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ). ഉന്നതവിദ്യാഭ്യാസ മേഖലയുടെ മൊത്തത്തിലുള്ള സംരംഭങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും അതു നിരീക്ഷിക്കുന്നതിനുമുള്ള മതിയായ ശേഷി വികസിപ്പിക്കുന്നതിന് സംസ്ഥാനങ്ങളെ പ്രാപ്തമാക്കുകയും ശാക്തീകരിക്കുകയും ചെയ്യുക എന്നതായിരുന്നു റൂസയുടെ പ്രധാന ലക്ഷ്യം. സംസ്ഥാന സർവകലാശാലകളുടെയും കോളേജുകളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും അവയുടെ നിലവിലുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനും അതു വഴി അവയെ ചലനാത്മകവും, ആവശ്യകതാധിഷ്ഠിതവും ഗുണനിലവാര ബോധവും ദേശീയ അന്തർദേശീയ തലങ്ങളിലെ ദ്രുതഗതിയിലുള്ള സാമ്പത്തിക, സാങ്കേതിക പുരോഗതികളോടു പ്രതികരിക്കുന്നതുമായ സ്ഥാപനങ്ങളായി മാറ്റുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

2013-17 കാലയളവിൽ റൂസ 1.0 2018-22 കാലയളവിൽ റൂസ 2.0 എന്നീ രണ്ട് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കേണ്ടിയിരുന്നത്. കൂടുതൽ അവലോകനത്തിനായി 2026 മാർച്ച് 31 വരെ ഈ പദ്ധതി തുടരുന്നതിനുവേണ്ടി ഭാരത സർക്കാർ അംഗീകാരം നൽകി (2022 ഫെബ്രുവരി). സംസ്ഥാനത്ത്, ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി സംസ്ഥാന പ്രോജക്ട് ഡയറക്ടറായും (എസ് പി ഡി) കൊളീജിയറ്റ് വിദ്യാഭ്യാസ ഡയറക്ടർ റൂസയുടെ സ്റ്റേറ്റ് പ്രോജക്ട് കോർഡിനേറ്ററായും പ്രവർത്തിക്കുന്നു.

സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ഏറ്റെടുത്ത റൂസ 1.0, 2.0 എന്നിവയുടെ ഘടകങ്ങൾ **അനുബന്ധം 3.1**-ൽ വിശദമാക്കിയിട്ടുണ്ട്.

3.1.1.1. റൂസയുടെ സ്ഥാപന ഘടന വ്യവസ്ഥ

കേന്ദ്ര, സംസ്ഥാന, സ്ഥാപന തലത്തിലുള്ള റൂസ മാർഗ്ഗനിർദ്ദേശങ്ങളിൽ വിഭാവനം ചെയ്ത പ്രകാരം പങ്കാളിത്തമുള്ളതും ഉൾക്കൊള്ളുന്നതുമായ സ്ഥാപനങ്ങളുടെ ഘടനയും വിവിധ സ്ഥാപനങ്ങളുടെ ചുമതലകളും അധികാരങ്ങളും ചുവടെയുള്ള **ചാർട്ട് 3.1**-ൽ കാണിച്ചിരിക്കുന്നു.

---

69 2020 ആഗസ്റ്റിൽ പുറത്തിറക്കിയ ഗസറ്റ് വിജ്ഞാപനത്തിലൂടെ വിദ്യാഭ്യാസ മന്ത്രാലയം എന്ന് പുനർനാമകരണം ചെയ്തു

70 XII-ാം പഞ്ചവത്സര പദ്ധതി 2012-17 കാലയളവിലും XIII-ാം പഞ്ചവത്സര പദ്ധതി 2017-22 കാലയളവിലും ഉൾക്കൊള്ളുന്നു.

ചാർട്ട് 3.1: റൂസയുടെ സ്ഥാപന ഘടന വ്യവസ്ഥ



3.1.2. ഓഡിറ്റ് ലക്ഷ്യങ്ങൾ, വ്യാപ്തി, രീതി

2023 മേയ് മുതൽ ആഗസ്റ്റ് വരെ ചുവടെ കൊടുത്തിരിക്കുന്ന കാര്യങ്ങളെ വിലയിരുത്തുന്നതിനായി അനുവർത്തന ഓഡിറ്റ് നടത്തുകയുണ്ടായി;

- സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ലഭ്യതയും തുല്യതയും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിനായി റൂസ പദ്ധതിയുടെ നടത്തിപ്പ് കൃത്യമായും ഫലപ്രദമായും കാര്യക്ഷമമായും ആസൂത്രണം ചെയ്തിട്ടുണ്ടോ;
- നിലവിലുള്ള നിർദ്ദേശങ്ങൾക്കും മാർഗ്ഗരേഖകൾക്കും അനുസൃതമായി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിയോ;
- റൂസ ഫണ്ടുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് മതിയായ മുൻകൈയ്യെടുത്തോ;
- പദ്ധതിയുടെ നിരീക്ഷണവും വിലയിരുത്തലും ഫലപ്രദമായിരുന്നോ.

കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിലും, സംസ്ഥാന പ്രോജക്ട് ഡയറക്ടറേറ്റിലും കൂടാതെ, തെരഞ്ഞെടുത്ത നാല് ജില്ലകളിലെ[71] തെരഞ്ഞെടുത്ത സർവകലാശാലകൾ/സ്ഥാപനങ്ങളിലും 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ രേഖകൾ ഓഡിറ്റ് പരിശോധിക്കുകയുണ്ടായി. തെരഞ്ഞെടുത്ത ജില്ലകളിലെ നാല് സർവകലാശാലകളെയും ഓഡിറ്റിന് വിധേയമാക്കി. റൂസ ധനസഹായം ലഭിച്ചിട്ടുമുള്ള സ്ഥാപനങ്ങളിൽ 20 ശതമാനവും (12 സ്ഥാപനങ്ങൾ) റൂസ 1.0, 2.0 എന്നിവയ്ക്ക് കീഴിൽ ഫണ്ട് ലഭിക്കാത്ത സ്ഥാപനങ്ങളുടെ 10 ശതമാനവും (ഒമ്പത് സ്ഥാപനങ്ങൾ) ഐഡിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് സിമ്പിൾ റാൻഡം സാംപ്ളിംഗ് വിത്തൗട്ട് റീപ്ലേയ്സ്മെന്റ് വഴി തെരഞ്ഞെടുത്തിരുന്നു. തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ **അനുബന്ധം 3.2**-ൽ ലിസ്റ്റ് ചെയ്തിരിക്കുന്നു. 2023 മേയ് 24-ന് റൂസയുടെ സംസ്ഥാന പ്രോജക്ട് കോർഡിനേറ്ററുമായി ഒരു പ്രാരംഭ കൂടിക്കാഴ്ച നടത്തുകയും, അതിൽ ഓഡിറ്റ് ലക്ഷ്യങ്ങളും വ്യാപ്തിയും രീതിയും ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു. ഓഡിറ്റിന്റെ സമാപനത്തിൽ, 2024 ഏപ്രിൽ 23-ന് ഉന്നത വിദ്യാഭ്യാസ വകുപ്പിലെ പ്രിൻസിപ്പൽ സെക്രട്ടറിയുമായി അന്തിമ കൂടിക്കാഴ്ച നടത്തുകയും അതിൽ ഓഡിറ്റ് കണ്ടെത്തലുകൾ വിശദമായി ചർച്ച ചെയുകയുമുണ്ടായി. കേരള സർക്കാരിന്റെ മറുപടി (2024 ഏപ്രിൽ) ലഭിക്കുകയും, അത് ഖണ്ഡികകളിൽ ഉചിതമായി ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

ഓഡിറ്റ് കണ്ടെത്തലുകൾ

ഈ മേഖലയിൽ നിലവിലുള്ള മറ്റ് പദ്ധതികളെ[72] ഉൾക്കൊള്ളിച്ച് മിഷൻ മോഡിൽ പ്രവർത്തിപ്പിക്കാനുള്ള ഒരു ബൃഹത് പദ്ധതിയായിരുന്നു റൂസ. ഉദ്ദേശിച്ച ഫലങ്ങൾ സാക്ഷാത്കരിക്കുന്നതിന്, പരിഷ്ക്കരണ പ്രക്രിയകൾക്കുള്ള ഒരു കൂട്ടം പ്രതിബദ്ധതകൾ സംസ്ഥാനങ്ങൾ നൽകേണ്ടതുണ്ട്, അത് റൂസ നടപ്പിലാക്കുന്ന സമയത്തു തന്നെ നിറവേറ്റേണ്ടതുമാണ്. ഈ പ്രതിബദ്ധതകൾ ഒഴിച്ചുകൂടാനാവാത്തവയാണ്, കൂടാതെ അവ രണ്ട് തലങ്ങളിലായിട്ടാണുള്ളത്, അതായത്, കേന്ദ്രത്തിന് സംസ്ഥാനങ്ങൾ നൽകുന്ന പ്രതിബദ്ധതയും, സ്ഥാപനങ്ങൾ സംസ്ഥാനത്തിന് നൽകുന്ന പ്രതിബദ്ധതയും. ഈ പ്രതിബദ്ധതകൾ നിറവേറ്റുന്നില്ലെങ്കിൽ, പദ്ധതിക്ക് കീഴിൽ ഗ്രാന്റുകൾ ലഭിക്കുന്നതിന് സംസ്ഥാനങ്ങളും

---

[71] തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കണ്ണൂർ

[72] യുജിസിയുടെ കീഴിലുള്ള പദ്ധതികൾക്ക് പുറമേ, മോഡൽ ഡിഗ്രി കോളേജുകളുടെ പദ്ധതികളും പോളിടെക്നിക്കുകളുടെ ഉപ മിഷനുകളും റൂസയ്ക്ക് കീഴിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

സ്ഥാപനങ്ങളും യോഗ്യരായി കണക്കാക്കപ്പെടുകയില്ലായിരുന്നു. ഈ പ്രതിബദ്ധതകൾ പാലിക്കുന്നതിന്റെ അളവ് ഓഡിറ്റ് പരിശോധിക്കുകയുണ്ടായി, തത്ഫലമായുണ്ടായ നിരീക്ഷണങ്ങൾ ചുവടെ വിശദമായി വിവരിച്ചിരിക്കുന്നു:

3.1.3. 2007-ൽ ഭേദഗതി ചെയ്ത കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ നിയമത്തിലെ ചില വ്യവസ്ഥകളും റൂസ മാർഗ്ഗനിർദ്ദേശങ്ങളും തമ്മിലെ പൊരുത്തക്കേട്

റൂസ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് (2013 സെപ്റ്റംബർ), രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാന നിയമസഭ പാസാക്കിയ നിയമപ്രകാരം സംസ്ഥാന സർക്കാർ ഒരു സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (എസ്എച്ച്ഇസി) രൂപീകരിക്കേണ്ടതായിരുന്നു. സ്ഥാപനങ്ങളുടെ സ്ഥാപന വികസന പദ്ധതികൾ (ഐഡിപി) സംയോജിപ്പിച്ച് സമഗ്രവും ദീർഘകാലത്തേക്കുള്ളതുമായ സംസ്ഥാന ഉന്നത വിദ്യാഭ്യാസ പദ്ധതി (എസ്എച്ച്ഇപി) വികസിപ്പിക്കേണ്ട ഉന്നത വിദ്യാഭ്യാസത്തിനായുള്ള പരമോന്നത നയരൂപീകരണ സ്ഥാപനമാണ് എസ്എച്ച്ഇസി.

കേരളത്തിൽ 2007-ലെ കേരള ഉന്നത വിദ്യാഭ്യാസ നിയമത്തിലെ (നിയമം) വ്യവസ്ഥകൾ അനുസരിച്ച് 2007 മുതൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (കെ.എസ്.എച്ച്.ഇ.സി.) നിലവിലുണ്ട്. റൂസ മാർഗ്ഗനിർദ്ദേശങ്ങളുടെ ഖണ്ഡിക 5.2-ൽ, കൗൺസിൽ അംഗങ്ങളുടെ കാലാവധിയും നിലവിൽ കൗൺസിലുകളുള്ള സംസ്ഥാനങ്ങൾ കൗൺസിൽ പുനഃസംഘടിപ്പിക്കേണ്ട രീതിയും പ്രതിപാദിക്കുന്നു. സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ പരിഷ്കാരങ്ങൾ കൊണ്ടുവരാൻ കേരള സർക്കാർ 2013 ഒക്ടോബർ 30-ന് റൂസ-യിൽ ചേരുകയും 2013 നവംബർ 06-ന് എംഎച്ച്ആർഡി നടത്തിയ ആദ്യ പദ്ധതി അംഗീകാര ബോർഡ് (പിഎബി) മീറ്റിംഗിൽ പങ്കെടുത്തെങ്കിലും, അഞ്ച് വർഷത്തെ ഇടവേളയ്ക്ക് ശേഷം 2018 ജൂലൈയിൽ മാത്രമാണ് സംസ്ഥാനം നിയമം ഭേദഗതി ചെയ്തത്. കൂടാതെ, താഴെ വിവരിച്ചിരിക്കുന്നതുപോലെ നിയമത്തിലെ വ്യവസ്ഥകൾ റൂസയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ വിവരിച്ചിരിക്കുന്ന വ്യവസ്ഥകളുമായി പൊരുത്തപ്പെടുന്നില്ല.

റൂസ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, കൗൺസിലിന്റെ ചെയർമാൻ തെളിയിക്കപ്പെട്ട നേതൃഗുണങ്ങളുള്ള ഒരു പ്രമുഖ അക്കാദമിക്/പൊതു ബുദ്ധിശാലിയായിരിക്കണം. കൂടാതെ, ഭാരത സർക്കാരിന്റെ ഒരു പ്രതിനിധിയെ അംഗമായി ഉൾപ്പെടുത്തുകയും വേണം. അഞ്ച് വർഷത്തിൽ കൂടുതൽ നീട്ടാൻ കഴിയാത്ത ഒരു കാലയളവിലേക്ക് ഒരു ചെയർമാനെ സംസ്ഥാന മുഖ്യമന്ത്രി, നിയമസഭാ സ്പീക്കർ, പ്രതിപക്ഷ നേതാവ് എന്നിവരടങ്ങുന്ന കമ്മിറ്റി തെരഞ്ഞെടുക്കണമെന്നും, ഇത് തെളിയിക്കപ്പെട്ട റെക്കോർഡും സത്യസന്ധനായ പ്രമുഖ അക്കാദമിക്/പൊതു ബുദ്ധിശാലികളുടെ സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്ത സ്ഥാനാർത്ഥികളുടെ ചുരുക്ക പട്ടികയുടെ അടിസ്ഥാനത്തിലായിരിക്കേണ്ടതുമാണ്. അതുപോലെ, വൈസ് ചെയർമാനെയും മെമ്പർ സെക്രട്ടറിയെയും അഞ്ച് വർഷത്തിൽ കൂടുതൽ നീട്ടാൻ കഴിയാത്ത ഒരു കാലയളവിലേക്ക് തെരഞ്ഞെടുക്കുന്നത് കൗൺസിൽ ചെയർമാനും മറ്റ് രണ്ട് അംഗങ്ങളും അടങ്ങുന്ന മൂന്നംഗ സെർച്ച് കമ്മിറ്റിയാണ്, അവരിൽ ഒരാളെ സ്റ്റേറ്റ് കൗൺസിൽ നോമിനേറ്റ് ചെയ്യേണ്ടതും മറ്റുള്ളവരെ സർക്കാർ നോമിനേറ്റ് ചെയ്യേണ്ടതുമാണ്.

ഭേദഗതി ചെയ്ത നിയമം റൂസ മാർഗ്ഗനിർദ്ദേശങ്ങളുമായി പൊരുത്തപ്പെടാത്തതും മേൽപ്പറഞ്ഞ ആവശ്യകതകൾ പാലിക്കുന്നതിന് പര്യാപ്തമല്ലെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണമായി റൂസ നിർദ്ദേശിച്ച തെരഞ്ഞെടുപ്പ് പ്രക്രിയയെ അവഗണിച്ചുകൊണ്ട്, സംസ്ഥാന ഉന്നത വിദ്യാഭ്യാസ മന്ത്രിയെ കൗൺസിൽ

ചെയർമാനായും, വൈസ് ചെയർമാനെയും മെമ്പർ സെക്രട്ടറിയെയും സർക്കാർ നിയമിക്കണമെന്നും നിയമ ഭേദഗതി വ്യവസ്ഥ ചെയ്തു.

റൂസ മാർഗ്ഗനിർദ്ദേശങ്ങളിലെ വ്യവസ്ഥകളും 2018-ലെ നിയമ ഭേദഗതിയും തമ്മിലുള്ള എട്ട് വ്യതിയാനങ്ങൾ **അനുബന്ധം 3.3**-ൽ കാണിച്ചിരിക്കുന്നു.

സംസ്ഥാനത്തിന്റെ പ്രത്യേക പരിഗണനകൾ കണക്കിലെടുത്ത് റൂസ മാർഗ്ഗനിർദ്ദേശങ്ങളിൽ വിഭാവനം ചെയ്തിട്ടുള്ള ഭൂരിഭാഗം വ്യവസ്ഥകളും ഉൾപ്പെടുത്തിക്കൊണ്ട് കെഎസ്എച്ച്ഇസി നിയമം 2018-ൽ ഭേദഗതി ചെയ്തതായി സർക്കാർ പ്രസ്താവിച്ചു (2024 ഏപ്രിൽ). ഭേദഗതികൾ റൂസ മാർഗ്ഗനിർദ്ദേശങ്ങൾക്ക് സമാനവും, റൂസക്ക് വിരുദ്ധമോ റൂസയുടെ വിശാലമായ ലക്ഷ്യങ്ങൾക്ക് ഹാനികരമോ അല്ല. എന്നിരുന്നാലും, 2007-ലെ നിയമത്തിൽ 2018-ൽ വരുത്തിയ ഭേദഗതികൾ റൂസ യുമായി ബന്ധപ്പെട്ട വ്യവസ്ഥകളുമായി പൊരുത്തപ്പെടുന്നില്ല.

3.1.4. സംസ്ഥാന ഉന്നത വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കുന്നതിലെ കാലതാമസവും അടിസ്ഥാന സർവ്വേ നടത്താത്തതും

റൂസ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, സംസ്ഥാന ഉന്നത വിദ്യാഭ്യാസ പദ്ധതി (എസ്എച്ച്ഇപി) എന്ന പേരിൽ ഉന്നത വിദ്യാഭ്യാസത്തിനായുള്ള ഒരു വീക്ഷണ പദ്ധതി, ഭാരത സർക്കാരിന്റെ എംഎച്ച്ആർഡിക്ക് സമർപ്പിക്കുന്നതിന് എസ്എച്ച്ഇസി തയ്യാറാക്കേണ്ടതുണ്ട്. ഒരു സംസ്ഥാനത്തിന്റെയും അതിന്റെ സ്ഥാപനങ്ങളുടെയും പ്രകടനം ഗ്രേഡ് ചെയ്യുന്നതിനുള്ള മാനദണ്ഡമായി വർത്തിക്കുന്ന മാർഗ്ഗനിർദ്ദേശ രേഖയായിരുന്നു എസ്എച്ച്ഇപി. സ്ഥാപനം, സംസ്ഥാനം എന്നീ രണ്ട് ഘടകങ്ങൾ എസ്എച്ച്ഇപിക്ക് ഉണ്ടായിരിക്കണം. സ്ഥാപന ഘടകത്തിൽ സ്ഥാപനത്തിന്റെ അധികാരപരിധിയിലുള്ള ഒന്നിലധികം പങ്കാളികളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ സ്ഥാപന തലത്തിൽ സ്ഥാപന വികസന പദ്ധതി (ഐഡിപി) തയ്യാറാക്കേണ്ടതും സംസ്ഥാന തലത്തിൽ എസ്എച്ച്ഇപിയുമായി കൂട്ടിച്ചേർക്കേണ്ടതുമാണ്. മികവ്, പ്രാദേശികവും ഭൂമിശാസ്ത്രപരവുമായ വിടവുകൾ, ലഭ്യത, ഭരണം മുതലായവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുകയായിരുന്നു സംസ്ഥാന ഘടകം ചെയ്യേണ്ടത്. സേവനമില്ലാത്തതും കുറഞ്ഞതുമായ മേഖലകൾ കണ്ടെത്തി ഈ മേഖലകളിൽ പുതിയ സ്ഥാപനങ്ങൾക്കായി പ്രത്യേക വ്യവസ്ഥകൾ ഉണ്ടാകേണ്ടിയിരുന്നു.

റൂസ 1.0 പ്രകാരം, എസ്എച്ച്ഇപി 2014 ജനുവരി 31-നകം എംഎച്ച്ആർഡി-ക്ക് സമർപ്പിക്കേണ്ടതായിരുന്നു. അന്തിമ എസ്എച്ച്ഇപി 2015 ഫെബ്രുവരിയിൽ കേരള സർക്കാർ എംഎച്ച്ആർഡി-ക്ക് സമർപ്പിച്ചു. ഇത് 2015 മാർച്ചിൽ പിഎബി പരിഗണിക്കുകയുണ്ടായി. വിശദമായ ഓഡിറ്റിനായി തെരഞ്ഞെടുത്ത റൂസ 1.0-ന് കീഴിലുള്ള ഒൻപതു സ്ഥാപനങ്ങളിൽ ആരും തന്നെ എസ്എച്ച്ഇപി തയ്യാറാക്കുന്നതിനായി ഐഡിപികൾ എസ്എച്ച്ഇസി-ക്ക് സമർപ്പിച്ചിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

റൂസ 2.0-നുള്ള എസ്എച്ച്ഇപി തയ്യാറാക്കി 2018 മേയിൽ എസ്എച്ച്ഇസി സമർപ്പിച്ചു. റൂസ 2.0-ന് കീഴിൽ തെരഞ്ഞെടുത്ത സ്ഥാപനങ്ങളൊന്നും എസ്എച്ച്ഇപി തയ്യാറാക്കുന്നതിനായി കെഎസ്എച്ച്ഇസിക്ക് അവരുടെ ഐഡിപികൾ (2018 മേയ്) നൽകിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. റൂസ 1.0, 2.0 എന്നിവയ്ക്കുള്ള എസ്എച്ച്ഇപി-കൾ ഐഡിപി-കളെ കൂട്ടിച്ചേർക്കാതെ കെഎസ്എച്ച്ഇസി തയ്യാറാക്കിയതാണെന്ന് ഇത് സൂചിപ്പിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ, മാനവ വിഭവശേഷി, സംഭരണം, മുതലായവയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി സ്ഥാപന തലത്തിലും ഉപ

യൂണിറ്റുകളിലും വിഭവ ആവശ്യകതകളെ ഐഡിപിയിൽ ചിത്രീകരിക്കുന്ന ഒരു ബോട്ടം-അപ്പ് സമീപനമാണ് റൂസ വിഭാവനം ചെയ്യുന്നത്. എന്നാൽ, ഐഡിപി-കൾ സമർപ്പിക്കാത്തത് മൂലം സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ ഉൾക്കൊള്ളിക്കാതെ എസ്എച്ച്ഇപി തയ്യാറാക്കുന്നതിന് കാരണമാകുന്നു.

കൂടാതെ, പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ വിഭാവനം ചെയ്തിരിക്കുന്നതുപോലെ, ഉന്നതവിദ്യാഭ്യാസത്തിലെ പ്രവേശനം, തുല്യത, മികവ് എന്നിവയിൽ നിർണ്ണായകമായ ആവശ്യങ്ങൾ വിശകലനം ചെയ്യുന്നതിനുള്ള ഒരു അടിസ്ഥാന സർവ്വേ സംസ്ഥാനം എസ്.എച്ച്.ഇ.പി. രൂപീകരിക്കുന്നതിന് മുമ്പ് നടത്തിയിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അടിസ്ഥാന സർവ്വേയുടെ അഭാവത്തിൽ, സേവനം ലഭിക്കാത്തതും കുറഞ്ഞ സേവനങ്ങൾ ലഭിക്കുന്നതുമായ പ്രദേശങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ചും ഈ മേഖലകൾക്ക് പ്രയോജനം ചെയ്യുന്നതിനായി എസ്.എച്ച്.ഇ.പി.-യിൽ പുതിയ സ്ഥാപനങ്ങൾക്കായി പ്രത്യേക വ്യവസ്ഥകൾ ഉണ്ടാക്കിയതിനെ കുറിച്ചും ഓഡിറ്റിന് ഉറപ്പുനൽകാൻ കഴിയുന്നില്ല.

സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വിഭവ ആവശ്യകതകൾ കണക്കിലെടുത്തുകൊണ്ടും, ആ സ്ഥാപനങ്ങളിൽ നിന്ന് ശേഖരിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി ഈ മേഖലകൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ സേവനമില്ലാത്തതും കുറഞ്ഞ സേവനം നൽകുന്നതുമായ പ്രദേശങ്ങൾക്ക്, പ്രത്യേക പരിഗണനയും പുതിയ സ്ഥാപനങ്ങൾക്ക് പ്രത്യേക വ്യവസ്ഥകളും നൽകിയാണ് കെഎസ്എച്ച്ഇസി തയ്യാറാക്കിയതെന്ന് സർക്കാർ പ്രസ്താവിച്ചു (2024 ഏപ്രിൽ). തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ എസ്എച്ച്ഇസിക്ക് ഐഡിപികൾ സമർപ്പിച്ചിട്ടില്ലാത്തതിനാലും സ്ഥാപനങ്ങളുടെ വിഭവ ആവശ്യകതകൾ അറിയാൻ കഴിയാത്തതിനാലും, മുകളിൽ പറഞ്ഞ മറുപടി വസ്തുതാപരമായി ശരിയല്ല. കൂടാതെ, സ്ഥാപനങ്ങളിൽ നിന്ന് എസ്എച്ച്ഇസി ശേഖരിച്ചതായി അവകാശപ്പെടുന്ന വിവരങ്ങൾ ഓഡിറ്റിന് നൽകിയിട്ടില്ല (2024 ജൂൺ).

3.1.5. സ്ഥാപനങ്ങൾ ഡി പി ആർ സമർപ്പിക്കുന്നതിലെ കാലതാമസം

സംസ്ഥാനങ്ങൾ സമർപ്പിച്ച എസ്എച്ച്ഇപി-കൾ പ്രോജക്ട് അപ്രൂവൽ ബോർഡ് (പിഎബി) പരിശോധിച്ച് വിലയിരുത്തി അംഗീകരിക്കുകയും, സംസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും പ്രകടനം വിലയിരുത്തി, ഫണ്ട് അനുവദിക്കുന്നതിനായി അംഗീകരിക്കുകയും ചെയ്യുന്നു[73]. പി.എ.ബി യുടെ അംഗീകാരം ലഭിച്ചതിനെത്തുടർന്ന് എംഎച്ച്ആർഡി കേന്ദ്ര വിഹിതത്തിന്റെ 50 ശതമാനം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾക്ക് വേണ്ടി ആദ്യ ഗഡുവായി സംസ്ഥാനത്തിന് നൽകുന്നു. അത്തരം സ്ഥാപനങ്ങൾ പ്രവൃത്തികളുടെ വിശദാംശങ്ങൾ, എസ്റ്റിമേറ്റുകൾ മുതലായവ അടങ്ങുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡിപിആർ) എസ്പിഡി അതത് സ്ഥാപനങ്ങളെ അറിയിച്ച തീയതികൾക്കുള്ളിൽ എസ്പിഡിക്ക് നൽകേണ്ടതുണ്ട്. ഡിപിആറുകളുടെ അംഗീകാരത്തെത്തുടർന്ന് എസ്പിഡിയാണ് സ്ഥാപനങ്ങൾക്കുള്ള ഫണ്ട് അനുവദിക്കുന്നത്.

---

[73] റൂസ 2.0-ലേക്ക് തെരഞ്ഞെടുക്കുന്നതിന്, സ്ഥാപനങ്ങൾ എംഎച്ച്ആർഡിയുടെ ചലഞ്ച് ലെവൽ ഫണ്ടിംഗ് പോർട്ടലിലേക്ക് (പോർട്ടൽ) നേരിട്ട് സ്ഥാപനങ്ങളുടെ വിവരം അപ്‌ലോഡ് ചെയ്യേണ്ടതുണ്ട്. കൂടാതെ, സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ കേന്ദ്രത്തിലെ ടിഎസ്ജി പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു. ഇതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയ്ക്കു കീഴിൽ സ്ഥാപനത്തെ ഉൾപ്പെടുത്തുന്നതിന് പിഎബി അംഗീകാരം നൽകുന്നത്.

റൂസ 1.0 പ്രകാരം തെരഞ്ഞെടുത്ത ഒമ്പത് സ്ഥാപനങ്ങളിൽ കണ്ണൂർ സർവകലാശാല ഡിപിആർ സമർപ്പിക്കാൻ 15 മാസത്തെ കാലതാമസം വരുത്തിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. മറ്റൊരു സ്ഥാപനമായ തൃപ്പൂണിത്തുറ ഗവൺമെന്റ് കോളേജ് 2023 സെപ്റ്റംബർ ആയിട്ടും ഡിപിആർ അന്തിമമാക്കിയിരുന്നില്ല. തൽഫലമായി, അടിസ്ഥാന സൗകര്യ ഗ്രാന്റായി എസ്പിഡിയുടെ സംസ്ഥാന നോഡൽ അക്കൗണ്ടിലേക്ക് അനുവദിച്ച ഫണ്ടിന്റെ കേന്ദ്ര-സംസ്ഥാന വിഹിതം ഡിപിആറിന്റെ അന്തിമരൂപം തയ്യാറാകാത്തതിനാൽ സ്ഥാപനത്തിന് ഉപയോഗിക്കാനായില്ല.

റൂസ 2.0 പ്രകാരം, റൂസ ധനസഹായം ലഭിക്കുന്നതിന് എല്ലാ സ്ഥാപനങ്ങളും പോർട്ടലിൽ ഡാറ്റാ അപ്‌ലോഡ് ചെയ്യേണ്ടതുണ്ട് (2018 മേയ്). 2018 ജൂൺ 19-നോ അതിനുമുമ്പോ എസ്പിഡിക്ക് ഡിപിആർ സമർപ്പിക്കാൻ സംസ്ഥാനത്തിലെ തെരഞ്ഞെടുക്കപ്പെട്ട 95 സ്ഥാപനങ്ങൾക്ക് റൂസയുടെ എസ്പിഡി നിർദ്ദേശം നൽകി (2018 ജൂൺ 13). എട്ട് സ്ഥാപനങ്ങളുടെ രേഖകൾ പരിശോധിച്ചതിൽ ഏഴ് സ്ഥാപനങ്ങൾക്ക് അന്തിമ ഡിപിആർ സമർപ്പിക്കാൻ 347 ദിവസം മുതൽ 4 $^1/_2$ വർഷം വരെ കാലതാമസം ഉണ്ടായതായി ഓഡിറ്റ് കണ്ടെത്തി. ഇത് താഴെ **പട്ടിക 3.1**-ൽ കാണിച്ചിരിക്കുന്നു.

പട്ടിക 3.1: റൂസ 2.0-ൽ ഡിപിആർ സമർപ്പിക്കുന്നതിലെ കാലതാമസത്തിന്റെ വിശദാംശങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	അന്തിമ ഡിപിആർ സമർപ്പിച്ച തീയതി	കാലതാമസം ദിവസത്തിൽ
1	ശ്രീശങ്കര വിദ്യാപീഠം കോളേജ്, വളയൻചിറങ്ങര	2019 ജൂൺ	347
2	സർക്കാർ സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ	2022 ജൂൺ	713
3	ടി എം ജേക്കബ് മെമ്മോറിയൽ ഗവൺമെന്റ് കോളേജ്, മണിമലക്കുന്ന്	2020 ആഗസ്റ്റ്	774
4	എൻഎസ്എസ് ട്രെയിനിംഗ് കോളേജ്, ഒറ്റപ്പാലം	2019 ഒക്ടോബർ	469
5	സർക്കാർ ആർട്സ് കോളേജ്, തിരുവനന്തപുരം	2019 ജൂൺ	347
6	എച്ച്എച്ച്എംഎസ്പിബിഎൻഎസ്എസ് കോളേജ് ഫോർ വിമൻ, നീറമൺകര	2019 ജൂലൈ	377
7	കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല	2023 മാർച്ച്	1716

(ഉറവിടം: സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച വിവരങ്ങൾ)

സ്ഥാപനങ്ങൾ ഡിപിആർ സമർപ്പിക്കുവാൻ താമസിച്ചതിന്റെ ഫലമായി എസ്പിഡികൾക്ക് സ്ഥാപനങ്ങളിലേക്ക് ഫണ്ട് അനുവദിക്കുന്നതിനു കാലതാമസം ഉണ്ടായി.

ഏഴ് കേസുകളിലും ഡിപിആർ കൃത്യസമയത്താണ് സമർപ്പിച്ചതെന്ന് സർക്കാർ പ്രസ്താവിച്ചു (2024 ഏപ്രിൽ). എന്നിരുന്നാലും, റൂസ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതിരുന്നതുകൊണ്ട്, എസ്റ്റിമേറ്റുകളിലോ നൽകിയ രേഖകളിലോ ഉള്ള പൊരുത്തക്കേടുകൾകൊണ്ടും, നിയമപരമായ അനുമതികളുടെ അഭാവം മുതലായ കാരണത്താലും, ഡിപിആർ തിരുത്തി വീണ്ടും സമർപ്പിക്കാൻ എസ്പിഡി സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിരുന്നു. പദ്ധതികൾ നടപ്പിലാക്കുമ്പോഴുള്ള അന്തർലീനവും ഉണ്ടാകാനിടയുള്ളതുമായ ബാഹ്യ അപകടസാധ്യതകൾ ഡിപിആറുകൾ പരിഗണിക്കേണ്ടതുണ്ടെന്ന കാരണത്താൽ മറുപടി സ്വീകാര്യമല്ല. പ്രാരംഭ ഘട്ടത്തിൽ തന്നെ ഡിപിആറുകൾ മേൽപ്പറഞ്ഞ വശങ്ങൾ പരിഗണിച്ചു കൊണ്ട് തയ്യാറാക്കിയിരുന്നെങ്കിൽ, ഡിപിആർ വീണ്ടും സമർപ്പിക്കുന്നതും പദ്ധതികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസവും ഒഴിവാക്കാമായിരുന്നു.

3.1.6. റൂസ 1.0-ന്റെ പരിധിയിൽ നിന്ന് സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളെ ഒഴിവാക്കൽ

രാജ്യത്തുടനീളമുള്ള എല്ലാ സംസ്ഥാന സർവകലാശാലകളും കോളേജുകളും (1956-ലെ യുജിസി നിയമത്തിലെ[74] വകുപ്പ് 12ബി, 2(എഫ്) എന്നിവയ്ക്ക് അനുസൃതവും അല്ലാത്തതും) ബിരുദധാരികളുടെ പഠന ഫലങ്ങളും തൊഴിലവസരങ്ങളും മെച്ചപ്പെടുത്തുന്നതിനും ഗവേഷണം, വികസനം, നവീകരണങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതിനും വേണ്ടി റൂസയുടെ പരിരക്ഷയ്ക്ക് അർഹതയുള്ളവയാണ്. സർക്കാർ കോളേജുകളും സർവകലാശാലകളും എല്ലാ ഘടകങ്ങൾക്കും യോഗ്യമായിരിക്കുമ്പോൾ, സർക്കാർ എയ്ഡഡ് സ്ഥാപനങ്ങൾ ചില മാനദണ്ഡങ്ങളും അളവുകോലുകളും അടിസ്ഥാനമാക്കി അനുവദനീയമായ പ്രവർത്തനങ്ങൾക്ക്[75] യോഗ്യമാണെന്ന് കണക്കാക്കാം.

റൂസ 1.0 നടപ്പിലാക്കുന്നതിന്റെ ഭാഗമായി, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഐഡിപികളെ മാത്രം പരിഗണിക്കാൻ കേരള സർക്കാർ തീരുമാനിച്ചു (2014 ജൂലൈ) എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. തൽഫലമായി, എസ്എച്ച്ഇ.സി, യഥാക്രമം, സർവകലാശാലകൾക്കുള്ള അടിസ്ഥാന സൗകര്യ ഗ്രാന്റുകൾ, കോളേജുകൾക്കുള്ള അടിസ്ഥാന സൗകര്യ ഗ്രാന്റുകൾ എന്നീ ഘടകങ്ങൾക്ക് കീഴിൽ എംഎച്ച്ആർഡി-ക്ക് സമർപ്പിച്ച (2015 ഫെബ്രുവരി) എസ്.എച്ച്.ഇ.പി.-യിൽ ആറ് സർവകലാശാലകളെയും 63 ഗവൺമെന്റ് കോളേജുകളെയും നിർദ്ദേശിക്കുകയുണ്ടായി. 63 സർക്കാർ കോളേജുകളിൽ 28 കോളേജുകൾ നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (എൻ.എ.എ.സി) വിവിധ ഗ്രേഡുകളോടെ അംഗീകാരം നേടിയിട്ടുണ്ടെന്നും ബാക്കി 35 കോളേജുകൾക്ക് എൻ.എ.എ.സി അക്രഡിറ്റേഷൻ ഇല്ലെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എന്നാൽ, എൻ.എ.എ.സി എ അല്ലെങ്കിൽ ബി ഗ്രേഡുകൾ/ എൻ.ബി.എ അക്രഡിറ്റേഷൻ ഉള്ള നാല് സർവകലാശാലകളും 15 കോളേജുകളും മാത്രമേ റൂസ 1.0-യുടെ കീഴിൽ ഉൾപ്പെടുത്താൻ പിഎബി അംഗീകരിച്ചുള്ളൂ (2015 മാർച്ച്). കൂടാതെ, തുടർന്നുള്ള[76] പിഎബി-കളിൽ റൂസ 1.0-യുടെ കീഴിൽ രണ്ട് സർവകലാശാലകളെയും 11 കോളേജുകളെയും ചേർക്കുകയുണ്ടായി.

2015 ഫെബ്രുവരിയിൽ സമർപ്പിച്ച എസ്എച്ച്ഇപിയുടെ സൂക്ഷ്മപരിശോധനയിൽ, 2014-15 കാലയളവിൽ 166 സർക്കാർ എയ്ഡഡ് കോളേജുകൾക്ക് സാധുതയുള്ള എൻ.എ.എ.സി അക്രഡിറ്റേഷൻ ഉണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എന്നിരുന്നാലും, സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോളേജുകൾക്കുള്ള അടിസ്ഥാന സൗകര്യ ഗ്രാന്റിനുള്ള നിർദ്ദേശത്തിൽ ഈ കോളേജുകളെ ഉൾപ്പെടുത്തിയിട്ടില്ല.

റൂസ 1.0 മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സർക്കാർ എയ്ഡഡ് കോളേജുകൾക്ക് സഹായം നൽകേണ്ടത് നിർബന്ധമല്ലെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). റൂസ 1.0 മാർഗ്ഗനിർദ്ദേശങ്ങളിൽ സർക്കാർ എയ്ഡഡ് സ്ഥാപനങ്ങൾക്ക് ചില മുൻവ്യവസ്ഥകൾ പാലിക്കുന്നതിനനുസരിച്ച് ധനസഹായം ലഭ്യമാകുമെന്ന് വ്യക്തമായി പ്രസ്താവിക്കുന്നതിനാൽ മേൽപ്പറഞ്ഞ വാദം സ്വീകാര്യമല്ല. പദ്ധതിയുടെ

[74] 1956-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (യുജിസി) നിയമത്തിലെ വകുപ്പ് 2(എഫ്) പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളതും വകുപ്പ് 12ബി പ്രകാരം കേന്ദ്ര സഹായം (യുജിസി ഗ്രാന്റ്) സ്വീകരിക്കാൻ അനുയോജ്യമാണെന്ന് പ്രഖ്യാപിക്കപ്പെട്ടതുമായ കോളേജുകൾക്ക് യുജിസി വിവിധ പദ്ധതികൾക്ക് കീഴിലുള്ള സഹായത്തിന്റെ അംഗീകൃത മാതൃക പ്രകാരം സാമ്പത്തിക സഹായം നൽകുന്നു

[75] അടിസ്ഥാന സൗകര്യവും ഗുണനിലവാരവും മെച്ചപ്പെടുത്തുക

[76] 2017-19 കാലയളവിൽ

വ്യാപ്തി സർക്കാർ സ്ഥാപനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്താനുള്ള കേരള സർക്കാരിന്റെ തീരുമാനം മൂലം എൻ.എ.എ.സി എ അല്ലെങ്കിൽ ബി ഗ്രേഡുകളുള്ള 166 സർക്കാർ എയ്ഡഡ് കോളേജുകളെ റൂസ 1.0-ലേക്ക് പരിഗണിക്കുന്നതിൽ നിന്ന് ഒഴിവാക്കപ്പെട്ടു.

3.1.7. സാമ്പത്തിക നിർവ്വഹണം

3.1.7.1. ഫണ്ടിംഗ്

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിൽ 60:40 എന്ന അനുപാതത്തിൽ ഫണ്ട് പങ്കിടൽ രീതിയിലാണ് റൂസ പദ്ധതി നടപ്പിലാക്കിയത്. സംസ്ഥാനം സമർപ്പിച്ച എസ്എച്ച്ഇപി അംഗീകരിച്ചാൽ, എംഎച്ച്ആർഡി കേന്ദ്ര സർക്കാരിന്റെ ഫണ്ട് സംസ്ഥാന സർക്കാരിന് അനുവദിക്കേണ്ടതാണ്.

കേന്ദ്രാവിഷ്കൃത സ്കീമുകൾക്ക് (സിഎസ്എസ്) കീഴിൽ ഫണ്ട് അനുവദിക്കുന്നതിന് സിംഗിൾ നോഡൽ ഏജൻസിയെ (എസ്എൻഎ) നിയോഗിക്കാൻ എല്ലാ സംസ്ഥാന സർക്കാരുകളോടും ധനമന്ത്രാലയം നിർദ്ദേശിച്ചു (2021 മാർച്ച്). 2021 ജൂലൈ 01 മുതൽ എസ്എൻഎ ഓരോ സിഎസ്എസിനും ഒരൊറ്റ നോഡൽ അക്കൗണ്ട് തുറക്കേണ്ടതാണ്. എസ്എൻഎ തീരുമാനിച്ച പ്രകാരം ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിന് നടപ്പിലാക്കുന്ന സ്ഥാപനങ്ങൾ സീറോ ബാലൻസ് സബ്സിഡിയറി അക്കൗണ്ടുകൾ തുറക്കേണ്ടതുണ്ട്. അതനുസരിച്ച്, കേരള സർക്കാർ എസ്പിഡിയെ എസ്എൻഎ ആയി നിയമിക്കുകയും (2021 ജൂലൈ), റൂസ ധനസഹായം നൽകുന്ന എല്ലാ സ്ഥാപനങ്ങളും സീറോ ബാലൻസ് സബ്സിഡിയറി അക്കൗണ്ടുകൾ തുറക്കാൻ എസ്പിഡി നിർദ്ദേശം നൽകുകയും ചെയ്തു (2021 ആഗസ്റ്റ്). സ്ഥാപനങ്ങളുടെ എസ്ബി അക്കൗണ്ടുകളിലെ 2021 ആഗസ്റ്റ് 31 വരെയുള്ള റൂസയുടെ ബാക്കി ഫണ്ട് എസ്എൻഎ അക്കൗണ്ടിലേക്ക് മാറ്റാൻ റൂസ ഫണ്ട് നൽകുന്ന സ്ഥാപനങ്ങൾക്ക് എസ്പിഡി നിർദ്ദേശം നൽകി (2021 ആഗസ്റ്റ്).

സംസ്ഥാന സർക്കാർ കേന്ദ്ര ഫണ്ടുകൾ സംസ്ഥാന വിഹിതത്തോടൊപ്പം എസ്എച്ച്ഇസി/എസ്പിഡി-യ്ക്കും, എസ്എച്ച്ഇസി/എസ്പിഡിയിൽ[77] നിന്നും സ്ഥാപനങ്ങൾക്കും നൽകുന്നതിനായി കൈമാറുന്നു. 2013-14 മുതൽ സംസ്ഥാനത്തെ 157 സ്ഥാപനങ്ങൾ/എസ്പിഡി[78]-ലേക്ക് റൂസ 1.0, റൂസ 2.0 എന്നിവയ്ക്കായി ₹433.28 കോടി (കേന്ദ്രവും സംസ്ഥാനവും) അനുവദിച്ചതിൽ, 2023 മാർച്ച് 31-ലെ വിനിയോഗം ₹310.54 കോടി (71.67 ശതമാനം) ആയിരുന്നു. കൂടാതെ, ₹122.74 കോടി എസ്പിഡിയുടെ സിംഗിൾ നോഡൽ അക്കൗണ്ടിൽ അവശേഷിക്കുന്നു. റൂസ 1.0, 2.0 എന്നിവയ്ക്ക് കീഴിലുള്ള 2023 മാർച്ച് 31-ലെ ധന ലഭ്യതയുടെ പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 3.2**-ൽ കാണിച്ചിരിക്കുന്നു:

---

[77] 2015 ജൂലൈ മുതൽ സംസ്ഥാന തലത്തിൽ ഫണ്ട് കൈകാര്യം ചെയ്തിരുന്നത് എസ്പിഡി ആണ്

[78] പ്രിപ്പറേറ്ററി ഗ്രാന്റ്, മാനേജ്മെന്റ്, മോണിറ്ററിംഗ്, ഇവാലുവേഷൻ ആൻഡ് റിസർച്ച് (എംഎംഇആർ), തുല്യതാ സംരംഭങ്ങൾ

പട്ടിക 3.2: റൂസ 1.0, 2.0 എന്നിവയ്ക്ക് കീഴിലുള്ള ഫണ്ട് ഫ്ലോയുടെ പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ

(₹ കോടിയിൽ)

പദ്ധതി	അംഗീകരിച്ചത്	അനുവദിച്ചത്	സംസ്ഥാനം/കേന്ദ്ര സർക്കാരിൽ നിന്നു അനുവദിക്കാൻ ബാക്കിയുള്ളത്
റൂസ 1.0	199.57	189.03	10.54
റൂസ 2.0	366.00	244.25	121.75
ആകെ	**565.57**	**433.28**	**132.29**

(ഉറവിടം: എസ്പിഡി നൽകിയ വിവരങ്ങൾ)

ഘടകങ്ങൾ തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.4**-ൽ നൽകിയിരിക്കുന്നു. 2013-17-ൽ[79] റൂസ 1.0 നടപ്പിലാക്കേണ്ടതായിരുന്നുവെങ്കിലും, റൂസ 1.0-ന് കീഴിൽ പരിശോധന നടത്തിയ സ്ഥാപനങ്ങളിൽ ഏറ്റെടുത്ത എല്ലാ പ്രോജക്ടുകളും പൂർത്തീകരിക്കപ്പെട്ടിരുന്നില്ല. എന്നു മാത്രമല്ല ഓഡിറ്റ് കാലയളവിൽ ഈ പ്രോജക്ടുകളെല്ലാം നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുമായിരുന്നു. ഭൗതിക പരിശോധന നടത്തുന്നതിൽ വന്ന കാലതാമസം, പദ്ധതി ആരംഭിക്കാത്തത് തുടങ്ങിയ കാരണങ്ങളാൽ റൂസ 1.0, റൂസ 2.0 എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് യഥാക്രമം ₹10.54 കോടിയും ₹121.75 കോടിയും ഫണ്ടുകൾ ഇനിയും അനുവദിച്ചിട്ടില്ല.

₹112.80 കോടി[80] തുകയ്ക്കുള്ള ഒരു നിർദ്ദേശം ഭാരത സർക്കാരിന്റെ വിദ്യാഭ്യാസ മന്ത്രാലയത്തിലേക്ക് സമർപ്പിച്ചുവെന്നും (2023 ഡിസംബർ) ഫണ്ട് ലഭിച്ചാൽ ഉടൻ തന്നെ മുഴുവൻ പദ്ധതിയും പൂർത്തീകരിക്കുകയും തുക വേഗത്തിൽ ഉപയോഗിക്കുകയും ചെയ്യുമെന്നും സർക്കാർ പ്രസ്താവിച്ചു (2024 ഏപ്രിൽ).

3.1.7.2. ഫണ്ട് അനുവദിച്ചതിന്റെയും വിനിയോഗത്തിന്റെയും വിശദാംശങ്ങൾ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിൽ 60:40 എന്ന അനുപാതത്തിൽ ഫണ്ട് പങ്കിടൽ രീതിയിലാണ് റൂസ പദ്ധതി നടപ്പിലാക്കിയത്. 2018-19 മുതൽ 2022-23 വരെയുള്ള ഓഡിറ്റ് കാലയളവിൽ എസ്പിഡി/സ്ഥാപനങ്ങളുടെ ഫണ്ടുകളുടെ വർഷാടിസ്ഥാനത്തിലുള്ള അനുവദിക്കലിന്റെയും വിനിയോഗത്തിന്റെയും സ്ഥിതി ചുവടെയുള്ള **പട്ടിക 3.3**-ൽ കാണിച്ചിരിക്കുന്നു:

പട്ടിക 3.3: സംസ്ഥാനത്തിന് ഫണ്ട് അനുവദിച്ചതിന്റെയും വിനിയോഗത്തിന്റെയും വിശദാംശങ്ങൾ

വർഷം	അനുവദിച്ച തുക (₹ കോടിയിൽ)	വിനിയോഗിച്ച തുക (₹ കോടിയിൽ)	വിനിയോഗം ശതമാനത്തിൽ
2018-19	137.25	120.86	88.10
2019-20	24.00	18.44	76.80
2020-21*	0	0	0
2021-22	15.84	12.02	75.90
2022-23	112.34	17.36	15.50

**(2020-21 കാലയളവിൽ കോവിഡ് സാഹചര്യത്തിൽ എംഎച്ച്ആർഡിയിൽ നിന്ന് വിഹിതം ഉണ്ടായില്ല)*
(ഉറവിടം: എസ്പിഡി നൽകിയ വിശദാംശങ്ങൾ)

ഫണ്ട് അനുവദിച്ച വർഷത്തിന് ആനുപാതികമായി, എസ്പിഡി ഫണ്ടുകളുടെ ഏകീകൃത വിനിയോഗത്തിന്റെ വിവരം നൽകിയിട്ടുണ്ടെങ്കിലും, ഫണ്ടുകളുടെ യഥാർത്ഥ

[79] 2017-19 കാലയളവിൽ 13 സ്ഥാപനങ്ങളെ റൂസ 1.0-ന് കീഴിൽ പിന്നീട് കൊണ്ടുവന്നു

[80] ₹67.68 കോടി കേന്ദ്ര വിഹിതം

വിനിയോഗം ഒന്നിലധികം വർഷങ്ങളിലായി വ്യാപിച്ചതായി ഓഡിറ്റ് സൂക്ഷ്മപരിശോധനയിൽ കണ്ടെത്തി. ഇതിന്റെ കാരണം സംസ്ഥാന വിഹിതം എസ്പിഡിയ്ക്ക് ലഭിക്കുന്നതിൽ വന്ന കാലതാമസവും, എസ്പിഡിയിൽ നിന്നും സ്ഥാപനങ്ങൾക്ക് ഫണ്ടുകൾ കൈമാറുന്നതിൽ വന്ന കാലതാമസവും, സ്ഥാപനങ്ങൾ പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസവുമാണ്.

വിവിധ സാമ്പത്തിക വർഷങ്ങളിലായാണ് ഫണ്ട് അനുവദിക്കുന്നതെങ്കിലും, സാമ്പത്തിക വർഷത്തെ അടിസ്ഥാനമാക്കിയല്ല, മറിച്ച് പദ്ധതി അടിസ്ഥാനത്തിലാണ് റൂസ ഫണ്ടുകൾ കണക്കാക്കുന്നതെന്ന് സർക്കാർ പ്രസ്താവിച്ചു. അതിനാൽ ഒരു സാമ്പത്തിക വർഷത്തിലെ റിലീസ് ഓർഡറിൽ റൂസയുടെ വിവിധ ഘടകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികളിലേക്കുള്ള നിരവധി ഗഡുക്കളായി ഫണ്ട് അനുവദിച്ചിട്ടുണ്ട്.

റൂസയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകൾ സ്ഥാപനങ്ങൾ പാലിക്കാതിരുന്നിട്ടും, ഖണ്ഡികകൾ 3.1.5, 3.1.8.4 എന്നിവയിൽ വിവരിച്ചിരിക്കുന്നതുപോലെ ഈ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിച്ചു.

പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്ന ഫണ്ട് മാനേജ്മെന്റ് സംവിധാനത്തിൽ നിന്നുള്ള കാര്യമായ വ്യതിയാനങ്ങൾ ഓഡിറ്റ് നിരീക്ഷിച്ചു, അവ ചുവടെ വിശദീകരിച്ചിരിക്കുന്നു.

3.1.7.3. ഫണ്ട് നിർവ്വഹണത്തിൽ നിന്ന് കെഎസ്എച്ച്ഇസി യെ ഒഴിവാക്കൽ

റൂസ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, സംസ്ഥാന തലത്തിൽ, എസ്എച്ച്ഇസി കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിൽ നിന്നും ഫണ്ടുകൾ ക്രമപ്പെടുത്തേണ്ടതും അതോടൊപ്പം നിരീക്ഷണം, ശേഷി വർദ്ധിപ്പിക്കൽ എന്നിവയ്ക്ക് പുറമേ ആസൂത്രണം, മൂല്യനിർണ്ണയം എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടിയിരുന്നതുമാണ്. എസ്എച്ച്ഇസി ഒരു പ്രത്യേക ജോയിന്റ് ബാങ്ക് അക്കൗണ്ട് തുറക്കുകയും ഈ അക്കൗണ്ടിൽ നിന്ന് സ്ഥാപനങ്ങൾക്ക് ഫണ്ട് (കേന്ദ്ര, സംസ്ഥാന വിഹിതം) വിതരണം ചെയ്യുകയും വേണം. അതനുസരിച്ച്, റൂസയുടെ ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിനായി കെഎസ്എച്ച്ഇസി മെമ്പർ സെക്രട്ടറിയുടെയും ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെയും ജോയിന്റ് അക്കൗണ്ട് തുറക്കാൻ കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് അനുമതി നൽകി (2014 ജനുവരി). എന്നാൽ, സംയുക്തമായി ഒപ്പിടേണ്ടവരുടെ ലഭ്യതയില്ലായ്മ കാരണം ഫണ്ട് കൈമാറ്റം വൈകുന്നത് ചൂണ്ടിക്കാട്ടി, കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിലുള്ള ഒരു അക്കൗണ്ടാക്കി മാറ്റാൻ കേരള സർക്കാർ അനുമതി നൽകി (2016 ആഗസ്റ്റ്), അതുവഴി കെഎസ്എച്ച്ഇസിയുടെ ഫണ്ട് കൈകാര്യം ചെയ്യുന്നതിനുള്ള പങ്ക് വെട്ടിക്കുറച്ചു.

ഫണ്ട് കൈകാര്യം ചെയ്യുന്നതിൽ നിന്നും കെഎസ്എച്ച്ഇസിയെ ഒഴിവാക്കിയിട്ടില്ലെന്നും ഫണ്ട് വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ അതിരുകൾ നിർണ്ണയിക്കാൻ മാത്രമാണ് ശ്രമിച്ചതെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). സ്ഥാപനങ്ങളിലേക്ക് പണം നൽക്കുന്നതിന് സംയുക്തമായി ഒപ്പുവച്ചവർ എന്ന നിലയിൽ പദ്ധതി രൂപീകരണ അതോറിറ്റിയായ കെഎസ്എച്ച്ഇസിയും പദ്ധതി നിർവ്വഹണ അതോറിറ്റിയായ എസ്പിഡിയും തമ്മിലുള്ള പങ്കാളിത്ത ഉത്തരവാദിത്തത്തെ സൂചിപ്പിക്കുന്നതിനാൽ ഈ മറുപടി സ്വീകാര്യമല്ല. ഫണ്ട് റിലീസ് ചെയ്യാനുള്ള എല്ലാ അധികാരങ്ങളും ഒരു കക്ഷിയിൽ

നിക്ഷിപ്തമാക്കുന്നത് ഉത്തരവാദിത്തത്തിലും അധികാരത്തിലും വെള്ളംചേർക്കലും പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനവുമാണ്.

3.1.7.4. ഫണ്ട് കൈമാറ്റൽ

എസ്പിഡിക്ക് സംസ്ഥാന വിഹിതം അനുവദിക്കുന്നതിലും സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നതിലും വന്ന കാലതാമസം

റൂസ 1.0, 2.0 മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, കേന്ദ്ര വിഹിതം ലഭിച്ച് 15 ദിവസത്തിനുള്ളിൽ എസ്എച്ച്ഇസി യുടെ പ്രത്യേക റൂസ സേവിംഗ്സ് അക്കൗണ്ടിലേക്ക് കേന്ദ്ര വിഹിതത്തോടൊപ്പം സംസ്ഥാനങ്ങൾ അവരുടെ വിഹിതം നൽകണം. എസ്എച്ച്ഇസിന് ലഭിച്ച ഫണ്ടുകൾ, സംസ്ഥാന സർക്കാരിൽ നിന്ന് സംയോജിത ഫണ്ടുകൾ ലഭിച്ച് 15 ദിവസത്തിനുള്ളിൽ സ്ഥാപനങ്ങളുടെ റൂസ അക്കൗണ്ടിലേക്ക് മാറ്റണം. മേൽപ്പറഞ്ഞ വ്യവസ്ഥകൾ പാലിക്കാതിരുന്നാൽ കേന്ദ്രത്തിന് കേരള സർക്കാർ പ്രതിവർഷം 1.50 ശതമാനം പലിശ നൽകേണ്ടി വരും.

എസ്പിഡിക്ക് സംസ്ഥാന വിഹിതം അനുവദിക്കുന്നതിലെ കാലതാമസം 19 മുതൽ 359 ദിവസം വരെയാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു, ഇത് ₹1.26 കോടി പലിശ ബാധ്യതയ്ക്ക് കാരണമായി. ഇത് ചുവടെയുള്ള **പട്ടിക 3.4-ൽ** നിന്ന് വ്യക്തമാണ്.

പട്ടിക 3.4: സംസ്ഥാന വിഹിതം അനുവദിക്കുന്നതിലെ കാലതാമസം പലിശ ബാധ്യതയ്ക്ക് കാരണമായതിന്റെ വിശദാംശങ്ങൾ

ക്രമ നമ്പർ	കേന്ദ്ര വിഹിതം അനുവദിച്ച തീയതി	തുക (₹)	എസ്പിഡിയിലേക്ക് സംസ്ഥാന വിഹിതം അനുവദിച്ച തീയതി	തുക (₹)	15 ദിവസത്തിൽ കൂടുതൽ വിഹിതം വൈകിയത്	പ്രതിവർഷം 1.5 ശതമാനം പലിശയിനത്തിൽ നൽകേണ്ടത്
1	31.03.2014	26260000	18.02.2015	14000000	309	333466.03
2	18.06.2015	77187500	06.10.2015	41562500	95	301348.46
3	01.02.2016	30000000	30.03.2016	20000000	43	53013.70
4	15.06.2016	437250000	17.10.2016	291500000	109	1958640.41
5	17.11.2016	27664000	21.03.2017	18442667	109	123919.56
6	28.03.2017	138000000	29.07.2017	92000000	108	612493.15
7	22.02.2018	134830500	30.04.2018	89887000	52	288130.93
8	27.06.2018	595500000	18.01.2019	447000000	190	4649794.521
9	28.08.2018	75000000	18.01.2019		128	394520.55
10	18.12.2018	153000000	11.10.2019	102000000	282	1773123.29
11	11.04.2019	114000000	04.10.2019	76000000	161	754273.97
12	30.09.2019	30000000	08.10.2020	20000000	359	442602.74
13	28.06.2021	81458757	30.10.2021	54305837	109	389712.33
14	29.12.2022	674035000	01.02.2023	449357000	19	526301.30
					ആകെ	**12601340.94**

(ഉറവിടം: എംഎച്ച്ആർഡിയുടെയും സംസ്ഥാനത്തിന്റെയും ഫണ്ട് റിലീസ് ഉത്തരവുകൾ)

ഫണ്ട് അനുവദിക്കുന്നതിലെ നീണ്ട കാലതാമസം ന്യായീകരിക്കാനാവില്ല, കാരണം ഇത് എസ്പിഡിയിൽ നിന്ന് സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിൽ കാലതാമസമുണ്ടാക്കുന്നു.

തെരഞ്ഞെടുത്ത 16 സ്ഥാപനങ്ങൾക്ക് ആദ്യ ഗഡു വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ, താഴെയുള്ള **പട്ടിക 3.5-ൽ**

വിവരിച്ചിരിക്കുന്ന പ്രകാരം 10 സ്ഥാപനങ്ങളിൽ 82 മുതൽ 682 ദിവസം വരെ കാലതാമസം നേരിട്ടതായി കണ്ടെത്തി.

പട്ടിക 3.5: എസ്പിഡിയിൽ നിന്ന് തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലേക്ക് ഫണ്ട് കൈമാറുന്നതിലെ കാലതാമസത്തിന്റെ വിശദാംശങ്ങൾ

ക്രമ നമ്പർ	സ്ഥാപനം	എസ്പിഡിയിൽ ഫണ്ട് ലഭിച്ച തീയതി	സ്ഥാപനത്തിലേക്ക് നൽകിയ തീയതി	കാലതാമസം ദിവസങ്ങളിൽ
1	ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ (എച്ച്ആർഡിസി)	30.03.2016	01.02.2017	293
2	സർക്കാർ കോളേജ്, തൃപ്പൂണിത്തുറ	08.10.2020	13.01.2021	82
3	രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്, കളമശ്ശേരി	18.01.2019	14.06.2019	132
4	എൻഎസ്എസ് ട്രെയിനിങ് കോളേജ്, ഒറ്റപ്പാലം	11.10.2019	20.11.2020	391
5	ശ്രീശങ്കര വിദ്യാപീഠം കോളേജ്, വളയൻചിറങ്ങര	18.01.2019	20.11.2020	657
6	പികെഎം കോളേജ് ഓഫ് എഡ്യൂക്കേഷൻ, മടമ്പം, കണ്ണൂർ	11.10.2019	20.11.2020	391
7	എച്ച്എച്ച്എംഎസ്പിബിഎൻഎസ്എസ് കോളേജ് ഫോർ വിമൻ, നീറമൺകര	18.01.2019	11.12.2020	678
8	സർക്കാർ ആർട്സ് കോളേജ്, തിരുവനന്തപുരം	18.01.2019	20.11.2020	657
9	ടി എം ജേക്കബ് മെമ്മോറിയൽ ഗവൺമെന്റ് കോളേജ്, മണിമലക്കുന്ന്	08.10.2020	23.01.2021	92
10	സർക്കാർ സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ	18.01.2019	15.12.2020	682

(ഉറവിടം: എസ്പിഡിയുടെ ഫണ്ട് റിലീസ് ഓർഡറുകൾ)

സർക്കാർ നൽകിയ മറുപടിയിൽ, സംസ്ഥാന വിഹിതം അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടായത് നടപടിക്രമപരമായി കേരള സർക്കാരിന്റെ ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമായ കേസുകളിൽ ആണെന്നും സൂചിപ്പിച്ച കാലതാമസത്തിന് പലിശ ഈടാക്കുന്നില്ലെന്നും പ്രസ്താവിച്ചു (2024 ഏപ്രിൽ). റൂസ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണോ അവരുടെ ഡിപിആറുകൾ എന്ന് കണ്ടെത്തിയതിന് ശേഷമാണ് വ്യക്തിഗത സ്ഥാപനങ്ങളിലേക്ക് ഫണ്ടുകൾ കൈമാറിയതെന്നതും കാലതാമസത്തിനു കാരണമായി.

സ്ഥാപനങ്ങൾക്കുള്ള ഫണ്ട് അനുവദിക്കുന്നതിലെ കാലതാമസം ലക്ഷ്യങ്ങൾ യഥാസമയം കൈവരിക്കുന്നതിനും പദ്ധതികൾ പൂർത്തീകരിക്കുന്നതിനും തടസ്സമാകുമെന്നതിനാൽ ഫണ്ട് കൈമാറ്റത്തിലെ കാലതാമസം പരിശോധിക്കാൻ സർക്കാരിന് നടപടി സ്വീകരിക്കാവുന്നതാണ്. കൂടാതെ, ഖണ്ഡിക 3.1.5-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്നതു പോലെ, സ്ഥാപനങ്ങൾ അവരുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ സമർപ്പിക്കാനും അവയ്ക്ക് സമയബന്ധിതമായി അംഗീകാരം നേടാനും നിർദ്ദേശിക്കണം.

3.1.7.5. ഫണ്ടുകളുടെ വിനിയോഗം

താഴെയുള്ള ഖണ്ഡികകളിൽ കാണുന്നത് പോലെ, സംസ്ഥാന തലത്തിലും സ്ഥാപന തലത്തിലും ഫണ്ട് വിനിയോഗത്തിലെ കുറവുകൾ ഓഡിറ്റ് ശ്രദ്ധിച്ചു:

ഭൗതിക പരിശോധന നടത്തുന്നതിൽ കാലതാമസം നേരിട്ടതിനാൽ ഫണ്ട് അനുവദിക്കുന്നതിലുണ്ടായ കാലതാമസം

പദ്ധതിയുടെ മാർഗ്ഗനിർദ്ദേശ തത്വങ്ങൾ പ്രകാരം ഫണ്ടിംഗ് മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണെന്നും മുൻകാല നേട്ടങ്ങളുടെ നിലവാരം, എംഎച്ച്ആർഡിക്ക് സമർപ്പിച്ച ഫണ്ടുകളുടെ വിനിയോഗ നില എന്നിവയുടെ അടിസ്ഥാനത്തിലാണ് ഭാവി ഗ്രാന്റുകൾ അനുവദിക്കുന്നതെന്നും വ്യവസ്ഥ ചെയ്യുന്നു. എംഎച്ച്ആർഡി 50:25:25 എന്ന അനുപാതത്തിൽ മൂന്ന് ഗഡുക്കളായാണ് സംസ്ഥാനത്തിന് ഗ്രാന്റുകൾ അനുവദിക്കുന്നത്. കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനു വേണ്ടി സ്ഥാപനങ്ങളെ പരിഗണിക്കുന്നതിന്, ലഭിച്ച ഫണ്ടിന്റെ 75 ശതമാനത്തിലധികം വിനിയോഗിക്കണമെന്ന് എംഎച്ച്ആർഡി ഊന്നിപ്പറഞ്ഞു. ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് (ടിഎസ്ജി)[81] നടത്തിയ ഫിസിക്കൽ ഇൻസ്പെക്ഷൻ റിപ്പോർട്ട് (പിഐആർ) സംസ്ഥാനം പിഎബിയ്ക്ക് സമർപ്പിച്ചാൽ മാത്രമേ കേന്ദ്ര വിഹിതത്തിന്റെ അന്തിമ ഗഡുവായി 25 ശതമാനം നൽകൂ.

പിഎബിയുടെ തീരുമാനമനുസരിച്ച്, റൂസ 1.0, 2.0 എന്നിവ നടപ്പിലാക്കുന്നതിനായി 2013-23 കാലയളവിൽ ₹565.57 കോടി സംസ്ഥാനത്തിന് അനുവദിച്ചു. 2023 മാർച്ച് വരെ, എസ്പിഡിക്ക് ₹433.28 കോടി (കേന്ദ്ര, സംസ്ഥാന വിഹിതം) ലഭിച്ചു, നയത്തിൽ നിർദ്ദേശിച്ച പ്രകാരം സംസ്ഥാനം 75 ശതമാനത്തിൽ കൂടുതൽ ഫണ്ട് വിനിയോഗിക്കാത്തതിനാൽ/ പിഐആർ സമർപ്പിക്കാത്തതിനാൽ ₹77.75 കോടി ഇനിയും ലഭിച്ചിട്ടില്ല. ലഭിക്കേണ്ട തുകയിൽ റൂസ 1.0 പ്രകാരമുള്ള ഒമ്പത് സ്ഥാപനങ്ങളിലെ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ₹ ആറ് കോടിയും റൂസ 2.0 പ്രകാരമുള്ള 120 സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ₹71.75 കോടിയുമായിരുന്നു.

ഈ 129 സ്ഥാപനങ്ങളിൽ, 2023 ജൂലൈ വരെയുള്ള കണക്കുപ്രകാരം 78 സ്ഥാപനങ്ങൾ ലഭിച്ച ഫണ്ടിന്റെ 75 ശതമാനത്തിലധികം വിനിയോഗിച്ചിട്ടുണ്ടെന്നും ടിഎസ്ജിയുടെ ഭൗതിക പരിശോധന നടത്താൻ അർഹതയുള്ളതാണെന്നും ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, ഈ 78 സ്ഥാപനങ്ങളിൽ 10 എണ്ണത്തിൽ മാത്രമേ ടിഎസ്ജി ഭൗതിക പരിശോധന നടത്തിയിട്ടുള്ളു. കൂടാതെ, ശേഷിക്കുന്ന 51 സ്ഥാപനങ്ങൾ ഇതുവരെ 75 ശതമാനത്തിലധികം ഫണ്ട് വിനിയോഗിച്ചിട്ടില്ല.

2023 അവസാനത്തോടെ 78 സ്ഥാപനങ്ങളിൽ ഭൗതിക പരിശോധന നടത്തിയെന്നും, അതിന്റെ അടിസ്ഥാനത്തിൽ 2023 ഡിസംബർ 30-ന് ഫണ്ടിനായുള്ള നിർദ്ദേശങ്ങൾ ഭാരത സർക്കാരിന് സമർപ്പിച്ചുവെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). എന്നിരുന്നാലും, പി.ഐ.ആർ സമർപ്പിക്കുന്നതിലേയും 75 ശതമാനം ഫണ്ട് വിനിയോഗിക്കുന്നതിലുമുണ്ടായ കാലതാമസം കാരണം സംസ്ഥാന, കേന്ദ്ര വിഹിതങ്ങളിലെ അന്തിമ ഗഡു ഇതുവരെ ലഭിച്ചിട്ടില്ല (2023 മാർച്ച്).

ഉന്നത വിദ്യാഭ്യാസത്തിനായുള്ള ചെലവും ജിഎസ്ഡിപിയും

റൂസ 1.0-ന്റെ മുൻവ്യവസ്ഥകളിലൊന്ന്, സംസ്ഥാന സർക്കാർ ഉന്നതവിദ്യാഭ്യാസ മേഖലയ്ക്കുള്ള ചെലവ് ജിഎസ്ഡിപി[82]-യുടെ രണ്ട് ശതമാനമായി ക്രമേണ

---

[81] ടിഎസ്ജിയുടെ ഘടകാംഗങ്ങളെ തീരുമാനിക്കുന്നതും നിയമിക്കുകയും ചെയ്യുന്നത് സംസ്ഥാന കൗൺസിലാണ് (സംസ്ഥാനത്തെ എസ്പിഡി)

[82] സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ അതിർത്തിക്കുള്ളിൽ, ഒരു നിശ്ചിത കാലയളവിൽ, സാധാരണയായി ഒരു വർഷത്തിനുള്ളിൽ, ഉൽപ്പാദിപ്പിക്കുന്ന എല്ലാ പൂർത്തീകരിച്ച ചരക്കുകളുടെയും സേവനങ്ങളുടെയും ആകെത്തുകയെയാണ് മൊത്ത സംസ്ഥാന ആഭ്യന്തര ഉത്പാദനം (ജിഎസ്ഡിപി) എന്ന് വിളിക്കുന്നത്. ഇത് സാമ്പത്തികപരമായിട്ടാണ് അളക്കുന്നത്.

വർദ്ധിപ്പിക്കണം എന്നായിരുന്നു. റൂസ 2.0-ന് കീഴിൽ ധനസഹായത്തിന് അർഹരാവുന്നതിന് സംസ്ഥാന സർക്കാർ ഭാരത സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പുമായി (എംഎച്ച്ആർഡി) ഒരു ധാരണാപത്രത്തിൽ ഏർപ്പെടേണ്ടതാണ്.

റൂസ 1.0 പ്രകാരം കേരള സർക്കാരിന് ഫണ്ട് ലഭിച്ചിരുന്നതിനാൽ, ഉന്നതവിദ്യാഭ്യാസത്തിനുള്ള ചെലവ് വർദ്ധിപ്പിക്കാൻ സംസ്ഥാനം ബാധ്യസ്ഥരാണ്. കൂടാതെ, സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പ് മേധാവിയും റൂസ നാഷണൽ മിഷൻ ഡയറക്ടറും തമ്മിൽ (2018 മേയ്) ഒപ്പുവച്ച ധാരണാപത്രത്തിൽ, 2020 മാർച്ചോടെ ഉന്നതവിദ്യാഭ്യാസത്തിനുള്ള ചെലവ് ജിഎസ്ഡിപിയുടെ രണ്ട് ശതമാനമായിയെങ്കിലും ഉയർത്തുമെന്ന് ഉറപ്പുനൽകിയിരുന്നു.

എന്നാൽ, **പട്ടിക 3.6**-ൽ വിശദമാക്കിയിരിക്കുന്നതുപോലെ, 2018-23 കാലയളവിൽ ഉന്നതവിദ്യാഭ്യാസത്തിനുള്ള യഥാർത്ഥ ചെലവ് സംസ്ഥാനത്തെ ജിഎസ്ഡിപിയുടെ 0.44 ശതമാനം മുതൽ 0.51 ശതമാനം വരെയാണ് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

പട്ടിക 3.6: 2018-23 കാലയളവിൽ ഉന്നത വിദ്യാഭ്യാസത്തിനായുള്ള സംസ്ഥാനത്തിന്റെ ആകെ ചെലവ്

വർഷം	സംസ്ഥാനത്തിന്റെ ജിഎസ്ഡിപി *(₹ കോടിയിൽ)*	ജിഎസ്ഡിപിയുടെ രണ്ട് ശതമാനം *(₹ കോടിയിൽ)*	ഉന്നത വിദ്യാഭ്യാസത്തിനുള്ള യഥാർത്ഥ ചെലവ് *(₹ കോടിയിൽ)*	ചെലവ് ശതമാനത്തിൽ
2018-19	554228.32	11084.57	2691.67	0.48
2019-20	559194.17	11183.89	2462.40	0.44
2020-21	518205.90	10364.12	2433.28	0.46
2021-22	584410.34	11688.21	3017.64	0.51
2022-23	622397.72	12447.96	3088.11	0.49

(ഉറവിടം: ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, കേരള സർക്കാർ, വിഎൽസി കണക്കുകൾ എന്നിവയിൽ നിന്ന് ശേഖരിച്ച വിശദാംശങ്ങൾ)

അതിനാൽ, പദ്ധതി പ്രകാരം വിഭാവനം ചെയ്തതുപോലെ, ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കുള്ള ചെലവ് സർക്കാർ വർദ്ധിപ്പിച്ചില്ല.

ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് ജിഎസ്ഡിപിയുടെ രണ്ട് ശതമാനം അനുവദിക്കുന്നത് വെല്ലുവിളി നിറഞ്ഞ കാര്യമാണെന്നും ഇക്കാര്യം ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്നും സർക്കാർ പ്രസ്താവിച്ചു (2024 ഏപ്രിൽ).

3.1.8. പദ്ധതികളുടെ നടത്തിപ്പിലെ പോരായ്മകൾ

പരിശോധന നടത്തിയ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിലും വിനിയോഗിക്കുന്നതിലുമുള്ള പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു. അവ താഴെ വിവരിച്ചിരിക്കുന്നു:

3.1.8.1. പദ്ധതികൾ അന്തിമമാക്കാത്തതിന്റെ ഫലമായി ഫണ്ട് വിനിയോഗിക്കാൻ കഴിയാതിരുന്നത്

തൃപ്പൂണിത്തുറ ഗവൺമെന്റ് കോളേജിന് ₹ രണ്ട് കോടിയ്ക്ക് അടിസ്ഥാന സൗകര്യ ഗ്രാന്റ് ലഭിക്കുന്നതിന് വേണ്ടി മൂന്ന് പ്രവൃത്തികൾ അടങ്ങിയ ഡിപിആർ[83] എസ്പിഡിക്ക്

---

[83] നിർമ്മാണ ഘടകം - വരാനിരിക്കുന്ന ക്യാമ്പസിൽ കോളേജ് കാന്റീൻ നിർമ്മാണത്തിന് ₹ ഒരു കോടി, വാങ്ങൽ ഘടകം- 80 ലക്ഷം, ക്യാമ്പസ് സൗന്ദര്യവൽക്കരണവും പരിപാലനവും ഘടകം – ജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ 20 ലക്ഷം.

സമർപ്പിച്ചു (2021 ജനുവരി). കിഫ്ബി[84] ഫണ്ട് ഉപയോഗിച്ച് കേരള ഇൻഡസ്ട്രിയൽ ആൻഡ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ (കിറ്റ്കോ) പുതിയ ക്യാമ്പസിൽ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നിടത്ത് കാന്റീൻ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി മേൽപ്പറഞ്ഞതിൽ നിന്ന് ₹ ഒരു കോടി അനുവദിക്കുകയുണ്ടായി (2021 ജനുവരി). റൂസ യുടെ സ്റ്റേറ്റ് പ്രോജക്ട് കോർഡിനേറ്ററായിരുന്ന ഡയറക്ടർ ഓഫ് കൊളീജിയറ്റ് എഡ്യൂക്കേഷനും (ഡിസിഇ) പ്ലാനിൽ മാറ്റങ്ങൾ നിർദ്ദേശിക്കുകയും കോളേജ് 2021 ആഗസ്റ്റിൽ എസ്പിഡി-ക്ക് പരിഷ്കരിച്ച പ്ലാൻ സമർപ്പിക്കുകയും ചെയ്തു.

അതിനിടെ, 2021[85] മാർച്ചിൽ പുറപ്പെടുവിച്ച സർക്കാർ നിർദ്ദേശങ്ങൾ അനുസരിച്ച്, നിർമ്മാണത്തിനായി അനുവദിച്ച ₹ ഒരു കോടി 2021 ഒക്ടോബറിൽ എസ്പിഡിയുടെ അക്കൗണ്ടിലേക്ക് തിരികെ ക്രെഡിറ്റ് ചെയ്തു. കാന്റീനുള്ള പ്ലാനിന്റെ അംഗീകാരം എസ്പിഡി യിൽ തീർപ്പുകൽപ്പിക്കാതെ നിൽക്കെ കോളേജ് അക്കാദമിക് ബ്ലോക്കിന്റെ മൂന്നാം നിലയിൽ ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനുള്ള പുതുക്കിയ പ്ലാൻ സമർപ്പിക്കുകയും (2022 ജനുവരി) അതിനായി 2022 മാർച്ചിൽ എസ്പിഡി അനുമതി നൽകിയെന്നും ഓഡിറ്റ് നിരീക്ഷിച്ചു. എന്നിരുന്നാലും, ഫണ്ട് അപര്യാപ്തമായതിനാൽ നിർവ്വഹണ ഏജൻസിയായ കിറ്റ്കോ പ്രവൃത്തി നിർവഹിക്കാൻ തയ്യാറായില്ല. തുടർന്ന്, കോളേജ് മറ്റൊരു പ്രോജക്ടായ ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിനുവേണ്ടി അനുമതി തേടുകയും (2022 മേയ്), എന്നാൽ ചതുപ്പുനിലമായതിനാൽ ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണത്തിന് അധിക ചെലവ് ആവശ്യമായി വരുമെന്ന് പ്രസ്താവിച്ചുകൊണ്ട് അത് 2023 ജൂണിൽ പിൻവലിച്ചു.

ഒറിജിനൽ ഡിപിആർ അംഗീകരിച്ച് മൂന്ന് വർഷത്തിന് ശേഷവും, നടപ്പിലാക്കേണ്ട പദ്ധതിയെക്കുറിച്ച് കോളേജിന് തീരുമാനമെടുക്കാൻ കഴിഞ്ഞില്ലെന്നും ഒന്നിലധികം സാധ്യതകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നും ഓഡിറ്റ് നിരീക്ഷിച്ചു. സ്ഥാപനത്തിന്റെ യഥാർത്ഥ ആവശ്യകത തിരിച്ചറിയുന്നതിനുള്ള ഫലപ്രദമായ ആസൂത്രണവും സാധ്യതാ പഠനങ്ങളും ഇല്ലാത്തതിനാൽ, പ്രായോഗികമല്ലാത്ത വിവിധ നിർദ്ദേശങ്ങൾ ചർച്ച ചെയ്യപ്പെടുകയും, അനുവദിച്ച ഫണ്ട് വിനിയോഗിക്കാതെയിരിക്കുകയും ചെയ്തു. കൂടാതെ, വാങ്ങൽ, ക്യാമ്പസ് സൗന്ദര്യവൽക്കരണം, ജലശുദ്ധീകരണ പ്ലാന്റിന്റെ അറ്റകുറ്റപ്പണി, സ്ഥാപിക്കൽ എന്നിവയുമായി ബന്ധപ്പെട്ട ഘടകങ്ങളും ഏറ്റെടുത്തില്ല.

നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയമപരമായ സ്ഥാപനങ്ങളിൽ നിന്ന് അനുമതി ലഭിക്കുന്നത്, ഉയർന്ന നിർമ്മാണച്ചെലവ് മുതലായവയാണ് പദ്ധതി വൈകിപ്പിച്ചതെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). ക്ലാസ് മുറികളുടെ നിർമ്മാണം, നവീകരണ പ്രവർത്തനങ്ങൾ, ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി കോളേജ് സമർപ്പിച്ച (2023 ഒക്ടോബർ) പുതിയ നിർദ്ദേശത്തിന് എസ്പിഡി (2023 ഡിസംബർ) ₹ രണ്ട് കോടിയുടെ ഭരണാനുമതി നൽകിയതായും പദ്ധതി എത്രയും വേഗം ആരംഭിക്കുമെന്നും അറിയിച്ചു. കോളേജ് പുതിയ നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നത് തുടരുന്നതിനാൽ നടപ്പിലാക്കേണ്ട

---

[84] കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്

[85] കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട്, ഭാരത സർക്കാർ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി നിലവിലുള്ള ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യാനും അക്കൗണ്ടുകളിൽ കിടക്കുന്ന പണം എസ്പിഡിയുടെ സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക് മാറ്റാനും എസ്പിഡി സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി (2021 ആഗസ്റ്റ്)

പദ്ധതി അന്തിമമാക്കുന്നതിൽ കോളേജിന് കഴിയാത്തതിനെക്കുറിച്ചുള്ള ഓഡിറ്റ് നിരീക്ഷണം മറുപടിയിൽ സ്ഥിരീകരിക്കുന്നു.

3.1.8.2. പ്രിപ്പറേറ്ററി ഗ്രാന്റുകളിൽ നിന്നുള്ള നിഷ്ഫലമായ ചെലവ്

സംസ്ഥാനത്ത് റൂസ മികച്ച രീതിയിൽ നടപ്പിലാക്കുന്നതിനായി എസ്എച്ച്ഇസി, എസ്പിഡി, ടിഎസ്ജി തുടങ്ങിയ സ്ഥാപന ഘടനകൾ തുടരുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി സംസ്ഥാന സർക്കാരിന് (**2014** ഫെബ്രുവരി മുതൽ **2017** മാർച്ച് വരെ) റൂസ **1.0** - ന്റെ കീഴിൽ പ്രിപ്പറേറ്ററി ഗ്രാന്റായി ₹ എട്ട് കോടി ലഭിച്ചു. പ്രിപ്പറേറ്ററി ഗ്രാന്റുകൾ ഉപയോഗപ്പെടുത്താനും വിനിയോഗ സാക്ഷ്യപത്രം **2016** മാർച്ച് **31**-നകം സമർപ്പിക്കാനും എംഎച്ച്ആർഡി (**2016** ജനുവരി) സംസ്ഥാനങ്ങളോട് നിർദ്ദേശിച്ചു.

ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ (**2016** ഫെബ്രുവരി) നിർദ്ദേശങ്ങൾ അനുസരിച്ച് വീഡിയോ കോൺഫറൻസിംഗ് (വിസി) സൗകര്യം[86] നടപ്പിലാക്കുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ (കെൽട്രോൺ) നിന്നു എസ്.പി.ഡി നിർദ്ദേശം ക്ഷണിച്ചു. സംസ്ഥാനത്തെ തെരഞ്ഞെടുത്ത **30** സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും ഡയറക്ടറേറ്റ് ഓഫ് കൊളീജിയറ്റ് എജ്യുക്കേഷനിലും ₹**1.24** കോടി ചെലവിൽ ഈ സൗകര്യം നടപ്പിലാക്കുന്നതിനായി കെൽട്രോൺ വിശദമായ പ്രോജക്ട് നിർദ്ദേശം എസ്പിഡി-യ്ക്ക് സമർപ്പിച്ചു (**2016** ഫെബ്രുവരി). വീഡിയോ കോൺഫറൻസിംഗ് ഉപകരണങ്ങൾ എത്തിക്കുന്നതും പ്രവർത്തനയോഗ്യമാക്കുന്നതും ആറ് മുതൽ ഏഴ് ആഴ്ചകൾക്കുള്ളിൽ പൂർത്തിയാക്കാൻ തീരുമാനിക്കുകയും ഉപകരണങ്ങളുടെ വാറന്റി മൂന്ന് വർഷമായി നിശ്ചയിക്കുകയും ചെയ്തു. എസ്.പി.ഡി കെൽട്രോണിന് (**2016** ഫെബ്രുവരി) വർക്ക് ഓർഡർ നൽകുകയും കെൽട്രോൺ ₹**1.24** കോടിയുടെ ഇൻവോയ്സ് സമർപ്പിക്കുകയും ചെയ്തു (**2016** മാർച്ച്). എസ്.പി.ഡി തുക രണ്ട് ഗഡുക്കളായി മാർച്ച് **2016**-ൽ തന്നെ നൽകുകയും അതേ മാസം വിനിയോഗ സാക്ഷ്യപത്രം എംഎച്ച്ആർഡിക്ക് സമർപ്പിക്കുകയും ചെയ്തു.

കെൽട്രോൺ ഒരു വർഷത്തെ കാലതാമസത്തിന് ശേഷം (**2017** മാർച്ച്) **31** സ്ഥലങ്ങളിൽ ഹാർഡ്വെയറും ഉപകരണങ്ങളും വിതരണം ചെയ്തു. എന്നിരുന്നാലും, **31** സ്ഥലങ്ങളിൽ ഒരേസമയം വീഡിയോ കോൺഫറൻസിങ് യാഥാർത്ഥ്യമായില്ല. കൂടാതെ, ആവശ്യമായ ബാൻഡ്വിഡ്ത്ത് (അതായത് **40-50** എംബിപിഎസ്) ലഭ്യമല്ലാത്തതിനാൽ മാസ്റ്റർ കൺട്രോൾ യൂണിറ്റ് (എം.സി.യു)[87] ഡയറക്ടറേറ്റിൽ സ്ഥാപിക്കാൻ കഴിയാതെ വരികയും രണ്ട് വർഷങ്ങൾക്കു ശേഷം തിരുവനന്തപുരത്തെ സ്റ്റേറ്റ് ഡാറ്റാ സെന്ററിലേക്ക് പുനഃസ്ഥാപിക്കേണ്ടി വരികയും ചെയ്തു.

വീഡിയോ കോൺഫറൻസിംഗിന്റെ കണക്ടിവിറ്റി പ്രശ്നങ്ങൾ മൂലം പുതിയ പ്രോഗ്രാമുകൾ ഏറ്റെടുക്കാൻ കഴിയാത്തതിനെ കുറിച്ച് ഡയറക്ടർ ഓഫ് കൊളീജിയറ്റ് എഡ്യൂക്കേഷൻ (ഡി.സി.ഇ) (**2019** ജൂൺ) എസ്.പി.ഡി - യെ അറിയിച്ചതായും സിസ്റ്റം പ്രവർത്തനക്ഷമമാക്കാൻ കെൽട്രോണിനോട് അഭ്യർത്ഥിച്ചതായും ഓഡിറ്റ് നിരീക്ഷിച്ചു.

---

[86] എൻഡ് പോയിന്റ് ക്യാമറയും റിമോട്ടും, സ്പീക്കർ, മൈക്കുള്ള ചാനൽ മിക്സർ, ഡിസ്പ്ലേ മുതലായ ആറ് ഇനങ്ങൾ ഉൾപ്പെടുന്നു

[87] ഒന്നിലധികം വീഡിയോ കോൺഫറൻസിംഗ് സിസ്റ്റങ്ങൾക്കിടയിൽ ഗ്രൂപ്പ് വീഡിയോ കോൺഫറൻസുകൾ നടത്താൻ സഹായിക്കുന്ന ഒരു വീഡിയോ ട്രാൻസ്കോഡിംഗ് ഉപകരണമാണ് എംസിയു. ഒരു വീഡിയോ കോൺഫറൻസ് കോളിന്റെ വ്യത്യസ്ത എൻഡ്പോയിന്റുകളിൽ നിന്ന് ലഭിക്കുന്ന മീഡിയ പോയിന്റുകൾ തത്സമയം മിക്സ് ചെയ്താണ് ഇത് പ്രവർത്തിക്കുന്നത്.

എന്നാൽ, 22 സ്ഥലങ്ങളിലേത് മാത്രമാണ് കെൽട്രോണിന് ബന്ധിപ്പിക്കാനായത്. ആറ് സ്ഥലങ്ങളിൽ ഉപകരണങ്ങൾ തകരാറിലാവുകയും ബാക്കി മൂന്ന് സ്ഥലങ്ങളിൽ ഇന്റർനെറ്റ് പ്രോട്ടോക്കോൾ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യുകയും ചെയ്തു. കെൽട്രോൺ ബന്ധിപ്പിച്ചതായി അവകാശപ്പെടുന്ന 22 ലൊക്കേഷനുകളിൽ പോലും വൺവേ കണക്ടിവിറ്റി മാത്രമേ സ്ഥാപിക്കാനാകൂ എന്ന് ഡി.സി.ഇ (2022 സെപ്റ്റംബർ) ചൂണ്ടിക്കാട്ടി.

31 വിസി ലൊക്കേഷനുകൾ എം.സി.യു വഴി പരിശോധിക്കുന്നതിനുള്ള തീയതി നിർദ്ദേശിക്കാൻ ഡി.സി.ഇ 2022 ഡിസംബറിൽ കെൽട്രോണിനോട് അഭ്യർത്ഥിച്ചു. എന്നാൽ, പ്രവർത്തിക്കുന്ന ഉപകരണങ്ങളുടെ മോശം അവസ്ഥയും കേടായ ഉപകരണങ്ങൾ സ്വന്തം ഫണ്ടിൽ നിന്ന് മാറ്റിസ്ഥാപിക്കാൻ കഴിയാത്തതും കാരണം ടെസ്റ്റ് നടത്താൻ കഴിയില്ലെന്ന് കെൽട്രോൺ അറിയിച്ചു. ഇതുവരെ സ്ഥാപിച്ച വി.സി പുനഃസംഘടിപ്പിക്കാൻ എസ്.പി.ഡി നൽകിയ അഭ്യർത്ഥനയ്ക്ക് മറുപടിയായി പ്രോജക്ടിന്റെ ഭാഗമായ എല്ലാ ഹാർഡ്‌വെയർ ഘടകങ്ങളും കാലഹരണപ്പെട്ടുവെന്നും വാറന്റി കഴിഞ്ഞതുമാണെന്നും അതിനാൽ തുടർസഹായം നൽകാൻ കഴിയില്ലെന്നും കെൽട്രോൺ അറിയിച്ചു (2023 ജൂലൈ). എസ്പിഡി ഓഡിറ്റിന് സമർപ്പിച്ച (2024 ജനുവരി) സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം വിസി സിസ്റ്റം സ്ഥാപിച്ച 22 സ്ഥലങ്ങളിൽ 19 സ്ഥലങ്ങളിലും സിസ്റ്റത്തിന്റെ ഒരു ഘടകമെങ്കിലും തകരാറിലായതിനാൽ അത് മാറ്റിസ്ഥാപിക്കേണ്ട അവസ്ഥയിലാണ്.

അങ്ങനെ മുഴുവൻ തുകയും നൽകി ഏഴാഴ്ചയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാനുള്ള ഉത്തരവാദിത്തം ഏൽപ്പിക്കപ്പെട്ടിട്ടും കെൽട്രോൺ, ഏഴ് വർഷത്തിന് ശേഷവും പദ്ധതി പൂർത്തിയാക്കുന്നതിലും 31 സ്ഥലങ്ങളുടെ ഏകീകരണം കൈവരിക്കുന്നതിലും പരാജയപ്പെട്ടു. എല്ലാ സ്ഥലങ്ങളും സംയോജിപ്പിക്കാത്തതിനാൽ, മീറ്റിംഗുകൾ, പരിശീലന പരിപാടികൾ, കൊളീജിയറ്റ് എജ്യുക്കേഷൻ പ്രോഗ്രാമുകളുടെ ഓൺലൈൻ റിസോഴ്സ് സംരംഭങ്ങൾ എന്നിവ വിഭാവനം ചെയ്തതുപോലെ ഓൺലൈനിൽ നടത്താനായില്ല. 31 സ്ഥലങ്ങളിലെ വിസി സൗകര്യങ്ങളുടെ സംയോജനം പൂർത്തീകരിക്കുന്നത് ഉറപ്പുവരുത്താതെ എസ്പിഡി മുഴുവൻ തുകയും കെൽട്രോണിലേക്ക് അടച്ചതുമൂലം ₹1.24 കോടിയുടെ ചെലവ് നിഷ്ഫലമായി. കെൽട്രോണിന്റെ പക്കൽ ഫണ്ട് ഉണ്ടായിരുന്നിട്ടും, ഫണ്ട് ചെലവഴിച്ചതായി കാണിച്ച് കേരള സർക്കാർ ഭാരത സർക്കാരിന് വിനിയോഗ സാക്ഷ്യപത്രം നൽകി.

കെൽട്രോൺ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായതിനാൽ 31 സ്ഥലങ്ങളിലെയും വിസി സൗകര്യത്തിന്റെ സംയോജനം കൂടുതൽ കാലതാമസം വരുത്താതെ പൂർത്തിയാക്കാൻ കെൽട്രോണിനോട് നിർദേശിക്കാൻ വകുപ്പിനോട് അഭ്യർത്ഥിച്ചതായും അല്ലാത്ത പക്ഷം തെറ്റ് ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമെന്നും സർക്കാർ പ്രസ്താവിച്ചു (2024 ഏപ്രിൽ).

3.1.8.3. വയനാട്ടിൽ ന്യൂ മോഡൽ ഡിഗ്രി കോളേജ് സ്ഥാപിക്കാത്തത്

റൂസ 2.0 യുടെ അഞ്ചാമത്തെ ഘടകത്തിന് കീഴിൽ, വയനാട് ജില്ലയിൽ ഒരു ന്യൂ മോഡൽ ഡിഗ്രി കോളേജ് (എൻഎംഡിസി) സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് (2018 ജൂലൈ) പിഎബി-യുടെ അംഗീകാരം ലഭിച്ചു. നിർമ്മാണത്തിനായി ഭൂമി കൈമാറുന്നതും സമ്പൂർണ്ണ ഡിപിആർ സമർപ്പിക്കുന്നതും ടെൻഡർ ചെയ്യുന്നതിനുമുള്ള നടപടിക്രമങ്ങളും മുൻഗണനാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ (2018 ജൂലൈ) സംസ്ഥാന സർക്കാരിനോട് എംഎച്ച്ആർഡി നിർദ്ദേശിച്ചു. വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിലെ പെരിയ വില്ലേജിൽ ആരോഗ്യ കുടുംബക്ഷേമ

വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 10 ഏക്കർ ഭൂമി അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകുകയും (2019 ജനുവരി) കോളേജ് നിർമ്മിക്കുന്നതിനായി ഭൂമി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുകയും ചെയ്തു (2020 ജൂലൈ).

എൻഎംഡിസി-യുടെ ഡിപിആർ തയ്യാറാക്കുന്നതിനുള്ള ചുമതല എസ്.പി.ഡി കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ (കെഎസ്ഐറ്റിഐഎൽ) ഏൽപ്പിച്ചു (2019 ഏപ്രിൽ). ഓഡിറ്റിന് ലഭ്യമായ രേഖകൾ പരിശോധിച്ചപ്പോൾ, ഭൂമിയുടെ അനുയോജ്യത ഉറപ്പാക്കാതെ കെഎസ്ഐറ്റിഐഎൽ) എസ്.പി.ഡി-യ്ക്ക് ഡിപിആർ സമർപ്പിച്ചതായി (2019 മേയ്) ശ്രദ്ധയിൽപ്പെട്ടു. എസ്.പി.ഡി ഡിപിആർ എംഎച്ച്ആർഡി-ക്ക് കൈമാറി (2019 മേയ്). സ്ഥലത്തിന്റെ പരിസരത്ത് ഇടയ്ക്കിടെ മണ്ണിടിച്ചിലുകൾ ഉണ്ടാകുന്ന സാഹചര്യത്തിൽ, നിർദ്ദിഷ്ട ഭൂമി നിർമ്മാണത്തിന് അനുയോജ്യമാണോ എന്ന് ഉറപ്പാക്കാൻ കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയെ (എൻഐറ്റി) ഏൽപ്പിക്കാൻ തീരുമാനിച്ചു[88] (2019 സെപ്റ്റംബർ). ചെങ്കുത്തായതും ചെളിനിറഞ്ഞ കളിമണ്ണ് ആയതിനാലും ഭൂമി കെട്ടിടനിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് എൻഐറ്റി റിപ്പോർട്ട് ചെയ്തു (2019 ഒക്ടോബർ). മേൽപ്പറഞ്ഞ വസ്തുത 2019 നവംബറിൽ ജില്ലാ കളക്ടർ എസ്.പി.ഡി-യെ അറിയിച്ചിരുന്നു. ഡിപിആർ തയ്യാറാക്കുന്നതിനുള്ള കൺസൾട്ടൻസി ഫീസായി ₹14.51 ലക്ഷം കെഎസ്ഐറ്റിഐഎൽ -ന് നൽകിയതായി (2023 മാർച്ച്) ഓഡിറ്റ് നിരീക്ഷിച്ചു.

ഡി.പി.ആർ തയ്യാറാക്കുമ്പോൾ കെഎസ്ഐറ്റിഐഎൽ ഭൂമിയുടെ അനുയോജ്യത ഉറപ്പുവരുത്താത്തതിനാൽ, റൂസ ഫണ്ടിൽ നിന്ന് കൺസൾട്ടൻസി ഫീസായി ചെലവഴിച്ച ₹14.51 ലക്ഷം പാഴായിപ്പോയി. എസ്എൻഎയ്ക്ക് ₹ ആറ് കോടിയുടെ ഫണ്ട് നൽകിയിട്ടും (2023 ഫെബ്രുവരി), ബദൽ ഭൂമി കണ്ടെത്തുകയോ പുതിയ ഡിപിആർ തയ്യാറാക്കുകയോ ചെയ്തില്ല. തൽഫലമായി, വയനാട് എൻഎംഡിസിയുടെ നിർമ്മാണ പദ്ധതി ഇതുവരെ ഏറ്റെടുത്തിട്ടില്ല (2024 ഫെബ്രുവരി).

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കൈവശമുള്ള ഒരു ബദൽ ഭൂമി കണ്ടെത്തിയിട്ടുണ്ടെന്നും എൻഎംഡിസിയുടെ നിർമ്മാണം എത്രയും വേഗം ആരംഭിക്കുമെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശത്ത് ഭൂമി തെരഞ്ഞെടുത്തതും, അതിന്റെ അനുയോജ്യത ഉറപ്പുവരുത്താത്തതും കെഎസ്ഐറ്റിഐഎൽ-ന്റെ ഉത്തരവാദിത്തമായി നിശ്ചയിച്ചു സർക്കാർ നടപടി സ്വീകരിക്കേണ്ടതാണ്.

3.1.8.4. വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ നിന്നുള്ള വ്യതിയാനം

സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് ടിഎസ്ജി നൽകുന്ന സാങ്കേതിക അനുമതി സമർപ്പിക്കുമ്പോൾ, അനുമതി ലഭിച്ച പ്രവൃത്തികൾ ആരംഭിക്കുന്നതിനായി എസ്.പി.ഡി സ്ഥാപനങ്ങൾക്ക് അന്തിമ അംഗീകാരം നൽകുന്നു. സ്ഥാപനങ്ങൾക്ക് സാങ്കേതിക അനുമതി/ അന്തിമ വർക്ക് ഓർഡർ നൽകുന്നതിനെപ്പറ്റി എസ്.പി.ഡി പുറപ്പെടുവിച്ച പൊതു നിർദ്ദേശങ്ങൾ അനുസരിച്ച്, ഡി.പി.ആറിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഡി.പി.ആറിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ച് നിർദ്ദിഷ്ട സ്ഥലത്ത് നടപ്പിലാക്കണം. ചുവടെ പറയുന്ന സന്ദർഭങ്ങളിൽ കാണുന്നത് പോലെ ഡി.പി.ആറിൽ ഉൾപ്പെടാത്തതും സാങ്കേതിക അനുമതി നൽകാത്തതുമായ പ്രോജക്ടുകൾ നടപ്പിലാക്കാനായി സ്ഥാപനങ്ങൾ ഏറ്റെടുത്തുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

---

[88] പഞ്ചായത്ത്, റവന്യൂ, വകുപ്പ്, റൂസ അധികൃതർ നടത്തിയ സ്ഥലത്തിന്റെ സംയുക്ത ഭൗതിക പരിശോധനയിൽ

- റൂസ 1.0 പ്രകാരം എസ്പിഡി അംഗീകരിച്ച (2017 ഒക്ടോബർ) കണ്ണൂർ സർവകലാശാലയുടെ ഡിപിആറിൽ അടിസ്ഥാന സൗകര്യ ഘടകത്തിന് കീഴിൽ ₹ ഏഴ് കോടിയുടെ മൂന്ന് നിർമ്മാണ പ്രവർത്തനങ്ങൾ[89] ഉൾപ്പെട്ടിരുന്നു. ഈ പ്രവൃത്തികളുടെ രേഖകൾ പരിശോധിച്ചപ്പോൾ, ₹55.04 ലക്ഷം ചെലവിൽ ഡ്രൈവർമാർക്കുള്ള വിശ്രമമുറിയോടു കൂടിയ കാർഷെഡ് റൂഫ് നിർമ്മാണം, ₹44.80 ലക്ഷം ചെലവിൽ നീലേശ്വരം ക്യാമ്പസിൽ ചുറ്റുമതിൽ നിർമ്മാണം എന്നിങ്ങനെ ഡി.പി.ആറിൽ ഉൾപ്പെടാത്ത രണ്ടു പ്രവൃത്തികൾ സർവകലാശാല റൂസ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയതായി ശ്രദ്ധയിൽപ്പെട്ടു.

- റൂസ 2.0 - ന് കീഴിൽ വളയൻചിറങ്ങര ശ്രീ ശങ്കര വിദ്യാപീഠം കോളേജിന്റെ ഡി.പി.ആറി-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളിൽ ഒന്നായിരുന്നു ₹19.25 ലക്ഷം ചെലവിൽ ലേഡീസ് ഹോസ്റ്റലിന്റെ പരിപാലനം. പ്രവൃത്തിക്കുള്ള സാങ്കേതിക അനുമതി 2020 ഫെബ്രുവരിയിൽ റ്റി.എസ്.ജി നൽകിയിരുന്നു. കോളേജും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പും (ഹാബിറ്റാറ്റ്) തമ്മിൽ ഉണ്ടാക്കിയ (2020 ഫെബ്രുവരി) കരാർ പ്രകാരം 2021 ഫെബ്രുവരിയോടെ പണി പൂർത്തിയാകേണ്ടതായിരുന്നു. എന്നാൽ 2020-ലെ കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കോളേജിന്റെ നിർദ്ദേശ പ്രകാരം പ്രവൃത്തി ഏറ്റെടുത്തില്ല. തുടർന്ന്, കോളേജിന്റെ മാനേജ്മെന്റ് നൽകുന്ന ഫണ്ട് ഉപയോഗിച്ച് ലേഡീസ് ഹോസ്റ്റലിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും, അനുവദിച്ച റൂസ ഫണ്ട് ചരിത്ര മ്യൂസിയം നവീകരിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള കെട്ടിടത്തിന്റെ രണ്ടാം നില നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തുവാനും കോളേജ് ബോർഡ് ഓഫ് ഗവർണേഴ്സ് തീരുമാനിച്ചു (2021 ജൂലൈ). പുതിയ കരാറുകളൊന്നും ഉണ്ടാക്കാതെ ചരിത്ര മ്യൂസിയത്തിന്റെ പ്രവൃത്തിയും ഹാബിറ്റാറ്റിനെ ഏൽപ്പിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. 2023 ഏപ്രിലിൽ കോളേജ് അധികൃതരുമായി ഓഡിറ്റ് നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ രണ്ടാം നില നിർമ്മിച്ചെങ്കിലും ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികൾ നടന്നിട്ടില്ലെന്ന് നിരീക്ഷിച്ചു.

കാർ ഷെഡ്, ചുറ്റുമതിൽ നിർമ്മാണം എന്നീ രണ്ട് പ്രവൃത്തികളിലെ വ്യതിയാനം, കൂടാതെ ചരിത്ര മ്യൂസിയവുമായി ബന്ധപ്പെട്ട ജോലികൾ എന്നിവയ്ക്ക് എസ്പിഡിയുടെ അംഗീകാരം ലഭിച്ചിട്ടില്ലെന്നും, ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് കാര്യങ്ങൾ പരിശോധിച്ചുവരികയാണെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). എസ്പിഡിയുടെ അംഗീകാരമില്ലാതെ ഏറ്റെടുത്ത പദ്ധതികളിൽ നിന്നുമുള്ള വ്യതിയാനങ്ങൾ നടപടിക്രമങ്ങളുടെ ലംഘനമാണ്. അവയെ ഗൗരവമായി കാണേണ്ടതാണ്.

3.1.8.5. നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലുണ്ടായ വീഴ്ച

സെമിനാർ കോംപ്ലക്സ്

റൂസ 1.0 - ന് കീഴിൽ കണ്ണൂർ സർവകലാശാല (2017 ജൂലൈ) ₹5.90 കോടിക്ക് അവരുടെ താവക്കര ക്യാമ്പസിലുള്ള സെമിനാർ കോംപ്ലക്സ് കെട്ടിടത്തിന്റെ താഴത്തെ നിലയുടെ നിർമ്മാണത്തിനായി നിർദ്ദേശിച്ചു. നിർമ്മാണത്തിന്റെ ചുമതല ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിനെ (യു.എൽ.സി.സി.എസ്) ഏൽപ്പിച്ചു.

---

[89] കണ്ണൂർ ക്യാമ്പസിൽ സെമിനാർ കോംപ്ലക്സ് - ₹5.90 കോടി, പയ്യന്നൂരിലെ സ്വാമി ആനന്ദതീർത്ഥ ക്യാമ്പസിൽ സർവകലാശാല സയന്റിഫിക് ഇൻസ്ട്രുമെന്റേഷൻ സെന്റർ - ₹ ഒരു കോടി, ധർമ്മശാലയിൽ സ്റ്റാഫ് ക്വാർട്ടേഴ്സിന് തുറന്ന കിണർ നിർമ്മാണം - ₹0.10 കോടി

സർവകലാശാലയും യു.എൽ.സി.സി.എസും തമ്മിൽ ഉണ്ടാക്കിയ കരാർ (2018 മാർച്ച്) പ്രകാരം യു.എൽ.സി.സി.എസിന് ₹4.70 കോടി നൽകേണ്ടതും 15 മാസത്തിനുള്ളിൽ, അതായത് 2019 ജൂണിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമായിരുന്നു.

സിൻഡിക്കേറ്റ് ആദ്യം മൊത്തം തുകയുടെ 20 ശതമാനം, അതായത് ₹93.96 ലക്ഷം മൊബിലൈസേഷൻ അഡ്വാൻസ് ആയി നൽകാൻ (2018 മാർച്ച്) തീരുമാനിച്ചു. എന്നാൽ, ഏജൻസിക്ക് അധിക തുക (അധികമായി 30 ശതമാനം) അനുവദിക്കാൻ സിൻഡിക്കേറ്റ് തീരുമാനിക്കുകയും (2018 ആഗസ്റ്റ്), അതുവഴി മൊത്തം മുൻകൂർ തുക ₹2.34 കോടിയായി ഉയർത്തുകയും ചെയ്തു.

ചിത്രം 3.1: കണ്ണൂർ സർവകലാശാലയുടെ താവക്കര ക്യാമ്പസിലെ സെമിനാർ കോംപ്ലക്സിന്റെ നിർമ്മാണ സ്ഥലത്തിന്റെ ഫോട്ടോഗ്രാഫുകൾ, ഓഡിറ്റ് പാർട്ടി 2023 ജൂലൈ 12 ന് എടുത്തത്.

സൈറ്റിലെ മരങ്ങൾ വെട്ടി വൃത്തിയാക്കിയ ശേഷം, 2018 ജൂലൈയിൽ മാത്രമാണ് സർവകലാശാല യു.എൽ.സി.സി.എസ് - ന് സ്ഥലം കൈമാറിയതെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പൈൽ ക്യാപ്, കോളം റോഡുകൾ, ഗ്രിഡ് ബീം എന്നിവയുടെ അംഗീകൃത ഡ്രോയിംഗുകളും വിശദീകരണങ്ങളും വൈകിയതുകൊണ്ട് പ്രവർത്തന പുരോഗതി വൻതോതിൽ തടസ്സപ്പെട്ടുവെന്ന് കാണിച്ചുകൊണ്ട് യു.എൽ.സി.സി.എസ് സർവകലാശാലയുടെ രജിസ്ട്രാറിനെ 2019 ജൂലൈയിൽ അറിയിക്കുകയും മേൽപ്പറഞ്ഞ കാരണങ്ങൾകൊണ്ട് പ്രവൃത്തി പൂർത്തിയാക്കാൻ ഒരു വർഷത്തെ കാലാവധി നീട്ടി നൽകണമെന്ന് അഭ്യർത്ഥിക്കുകയും ആയത് സിൻഡിക്കേറ്റ് അംഗീകരിക്കുകയും ചെയ്തു. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതിനിടയിൽ, യു.എൽ.സി.സി.എസ് (2020 നവംബർ) ₹6.04 കോടിയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചു. ഇത് റൂസയുടെ ബോർഡ് ഓഫ് ഗവർണേഴ്സ് (2021 ഫെബ്രുവരി) അംഗീകരിക്കുകയും ചെയ്തു. 2018 മാർച്ചിൽ കരാറിൽ ഏർപ്പെട്ടെങ്കിലും, സ്ഥലം കൈമാറുന്നതിലെ കാലതാമസം, ഒരു നിശ്ചിത പാളിക്ക് ശേഷം പൈൽ കുഴിക്കുന്നതിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ, കോവിഡ് നിയന്ത്രണങ്ങളും ലോക്ക്ഡൗണും കാരണം തൊഴിലാളികളുടെയും സാമഗ്രികളുടെയും ലഭ്യതക്കുറവ് തുടങ്ങിയ കാരണങ്ങൾ ചൂണ്ടിക്കാണിച്ച് പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലാവധി നീട്ടിക്കിട്ടാൻ സർവകലാശാലയോട് പലതവണ[90] യു.എൽ.സി.സി.എസ് അഭ്യർത്ഥിച്ചു. ഈ അഭ്യർത്ഥനകളെല്ലാം അംഗീകരിക്കുകയും

[90] ആദ്യം നീട്ടിയത് – 2019 ജൂലൈ 01-ൽ നിന്ന് 2020 ജൂലൈ 30-ലേക്ക്, രണ്ടാമത് നീട്ടിയത് – 2021 ജൂൺ വരെ, മൂന്നാമത് നീട്ടിയത് – 2021 ഒക്ടോബർ വരെ

പുതുക്കിയ എസ്റ്റിമേറ്റിലെ അധിക ഇനങ്ങൾക്കായി ഒരു അനുബന്ധ കരാറിലേർപ്പെടുകയും ചെയ്തു (2022 ഏപ്രിൽ).

സർവകലാശാല അധികൃതരുമായി പ്രവൃത്തിസ്ഥലത്ത് നടത്തിയ സംയുക്ത പരിശോധനയിൽ (2023 ജൂലൈ) കെട്ടിടത്തിന്റെ താഴത്തെ നില പൂർത്തിയായിട്ടില്ലെന്നും ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികൾ ഇനിയും ചെയ്യേണ്ടതായിട്ടുണ്ടെന്നും കണ്ടെത്തി. അപ്പോഴേക്കും പ്രവൃത്തിക്ക് ₹5.13 കോടി ചെലവാക്കിയിരുന്നു.

അങ്ങനെ, സർവകലാശാലയുടെ സിൻഡിക്കേറ്റ്, പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അവഗണിച്ച് അമിത മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചും ജോലി പൂർത്തിയാക്കുന്നതിനുള്ള കാലാവധി ഒരു വർഷത്തേക്ക് അന്യായമായി നീട്ടിനൽകിയും കരാറുകാരനോട് അനർഹമായ പ്രീതി കാണിച്ചു. അധിക ഇനങ്ങൾക്കായി 2022 ഏപ്രിലിൽ അനുബന്ധ കരാറിലേർപ്പെട്ടെങ്കിലും, 2019 ജൂൺ മുതൽ ഏകദേശം അഞ്ച് വർഷം കഴിഞ്ഞിട്ടും കരാറുകാരൻ പണി പൂർത്തിയാക്കിയിട്ടില്ല. റൂസ ഫണ്ടിൽ നിന്ന് ₹5.13 കോടി ചെലവഴിച്ചിട്ടും സെമിനാർ കോംപ്ലക്സിന്റെ ഉദ്ദേശിച്ച പ്രയോജനം സർവകലാശാല ഇതുവരെ നേടിയിട്ടില്ല.

സയന്റിഫിക് ഇൻസ്ട്രുമെൻറേഷൻ സെൻറർ

കണ്ണൂർ സർവകലാശാല (2017 ജൂലൈ) റൂസ 1.0 - ന് കീഴിലെ നിർമ്മാണം, വാങ്ങൽ എന്നീ ഘടകങ്ങൾക്ക് കീഴിൽ യഥാക്രമം ₹ ഒരു കോടി ചെലവിൽ ഒരു സയന്റിഫിക് ഇൻസ്ട്രുമെന്റേഷൻ സെന്റർ (സെന്റർ) നിർമ്മിക്കാനും ₹3.07 കോടിയുടെ ഉപകരണങ്ങൾ വാങ്ങാനും തീരുമാനിച്ചു. അടിസ്ഥാനപരവും പ്രായോഗികവുമായ ശാസ്ത്ര വിഷയങ്ങളിൽ ആഗോളതലത്തിൽ മത്സരാധിഷ്ഠിത ഗവേഷണവും വികസനവും നടത്താൻ അധ്യാപകരെയും ഗവേഷണ പണ്ഡിതന്മാരെയും വിദ്യാർത്ഥികളെയും സഹായിക്കുന്നതിനായിരുന്നു ഈ സൗകര്യവും ഉപകരണങ്ങളും. സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തി വിവിധ ശാസ്ത്ര വിഷയങ്ങളിൽ നൂതന ഗവേഷണം ഒരു കുടക്കീഴിൽ നടത്തുകയും അവയുടെ സേവനങ്ങൾ അക്കാദമിക് സ്കൂളുകൾക്കും ഡിപ്പാർട്ട്മെന്റുകൾക്കും ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ഈ അത്യാധുനിക ഇൻസ്ട്രുമെന്റേഷൻ സൗകര്യത്തിന്റെ ലക്ഷ്യം. ₹1.90 കോടിയുടെ എസ്റ്റിമേറ്റിന് സർവകലാശാല (2018 ആഗസ്റ്റ്) സാങ്കേതിക അനുമതി നൽകി. അതിൽ ₹ ഒരു കോടി റൂസ ഫണ്ടിൽ നിന്നും ബാക്കി ₹0.90 കോടി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും കണ്ടെത്തി. യു.എൽ.സി.സി.എസ് എന്ന അംഗീകൃത ഏജൻസിക്ക് നിർമ്മാണത്തിന്റെ ചുമതല ഏൽപ്പിച്ചു.

യു.എൽ.സി.സി.എസ്-മായി സർവകലാശാല നടപ്പിലാക്കിയ കരാർ (2018 സെപ്റ്റംബർ) പ്രകാരം, വൈദ്യുതീകരണവും പ്ലംബിംഗ് ജോലികളും[91] ഉൾപ്പെടെയുള്ള സെന്ററിന്റെ നിർമ്മാണം കരാർ തീയതി മുതൽ ഒമ്പത് മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതായിരുന്നു. അത് പിന്നീട് ഒന്നിലധികം ഉത്തരവുകളിലൂടെ 2021 ജൂൺ വരെ നീട്ടി[92]. പ്ലാൻ ഫണ്ടിൽ നിന്ന് പണം അനുവദിക്കാത്തതും പൊതുമരാമത്ത് വകുപ്പിൽ നിന്ന് ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികൾക്കായി അനുമതി ലഭിക്കാനുള്ള കാലതാമസവുമാണ് പ്രവൃത്തി പൂർത്തീകരണം നീട്ടാൻ കാരണമായതായി സർവകലാശാല അറിയിച്ചു.

---

91 ₹1.52 കോടി മതിക്കുന്ന

92 ആദ്യം നീട്ടിയത് 2019 ജൂൺ 02-ൽ നിന്ന് 2020 ഏപ്രിൽ 11-ലേക്ക്, രണ്ടാമത് നീട്ടിയത് – 2020 നവംബർ 30 വരെ, മൂന്നാമത് നീട്ടിയത് 2021 ജൂൺ 30 വരെ

സർവകലാശാല (2022 ആഗസ്റ്റ് – 2023 മേയ്) മൂന്ന് അധികമായി മുറികൾ, കാർ പോർച്ച്, നിലവറയിലെ പടിക്കെട്ട്, അനുബന്ധ ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികൾ എന്നിവ ഉൾപ്പെടുത്തി ₹3.30 കോടിയായി (പ്ലാൻ ഫണ്ടിൽ നിന്ന് ₹2.30 കോടി) എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ചു. ഓഡിറ്റ് സർവകലാശാലയുടെ അധികാരികളുമായി ചേർന്ന് സ്ഥലത്ത് നടത്തിയ സംയുക്ത പരിശോധനയിൽ (2023 ജൂലൈ) കെട്ടിടം മാത്രം പൂർത്തീകരിച്ചുവെന്നും അനുബന്ധ ഫ്ലോറിംഗ്, വൈദ്യുതീകരണം, പ്ലംബിംഗ് ജോലികൾ ഇനിയും ചെയ്യാനുണ്ടെന്നും നിരീക്ഷിച്ചു.

ചിത്രം 3.2: കണ്ണൂർ സർവകലാശാല പയ്യന്നൂർ ക്യാമ്പസിലെ സയന്റിഫിക് ഇൻസ്ട്രുമെന്റേഷൻ സെന്ററിനായുള്ള കെട്ടിടത്തിന്റെ ഫോട്ടോ, ഓഡിറ്റ് പാർട്ടി 2023 ജൂലൈ 13-ന് എടുത്തത്

അങ്ങനെ, അംഗീകൃത രൂപകൽപ്പനയുടെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം സർവകലാശാല ഏറ്റെടുത്തെങ്കിലും, കൂടുതൽ സവിശേഷതകളോടുകൂടി പദ്ധതി പരിഷ്കരിക്കുന്നത് തെരഞ്ഞെടുത്തതു മൂലം അധിക ചെലവുകൾ ആവശ്യമായി വന്നു. തൽഫലമായി, അഞ്ച് വർഷത്തിന് ശേഷവും ഈ കേന്ദ്രം പ്രവർത്തനക്ഷമമായില്ല. കൂടാതെ, സെന്ററിൽ സ്ഥാപിക്കുന്നതിനായി ₹2.20 കോടിയ്ക്ക് വാങ്ങിയ നാല് ഉപകരണങ്ങൾ[93] സർവകലാശാലയുടെ വിവിധ ക്യാമ്പസുകളിലെ വകുപ്പ് മേധാവികളുടെ പക്കൽ സൂക്ഷിക്കേണ്ടതായി വന്നു. തൽഫലമായി, അക്കാദമിക് സ്കൂളുകൾക്കും വകുപ്പുകൾക്കും പ്രയോജനം ചെയ്യുന്നതിനായി വിവിധ ശാസ്ത്ര വിഷയങ്ങളിൽ വിപുലമായ ഗവേഷണം ഒരു കുടക്കീഴിൽ നടത്താൻ സാങ്കേതിക അടിസ്ഥാന സൗകര്യങ്ങളെ പ്രാപ്തമാക്കുക എന്ന ലക്ഷ്യം ഇനിയും സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല.

രണ്ട് പ്രവൃത്തികളുടെയും പൂർത്തീകരണത്തിനായി 2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്ന് ഗ്രാന്റായി ₹201.60 ലക്ഷം അനുവദിക്കാൻ സർവകലാശാല നിർദ്ദേശിച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). പദ്ധതികൾ എത്രയും വേഗം പൂർത്തിയാക്കാൻ തിരുത്തൽ നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചു.

എന്നിരുന്നാലും, പദ്ധതികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം കാരണം സർവകലാശാലയിലെ വിദ്യാർത്ഥികൾക്ക് സെമിനാർ കോംപ്ലക്സിന്റെയും സയന്റിഫിക് ഇൻസ്ട്രുമെന്റേഷൻ സെന്ററിന്റെയും ആനുകൂല്യം നഷ്ടമായി.

കൂടാതെ, ജോലി നേരിട്ട് ഏറ്റെടുക്കുന്ന ഒരു അംഗീകൃത ഏജൻസിക്ക് നൽകേണ്ട മുൻകൂർ തുക, സ്ഥാപനവും അംഗീകൃത ഏജൻസിയും തമ്മിൽ നിർവ്വഹിക്കുന്ന

[93] മൈക്രോ രാമൻ സ്പെക്ട്രോമീറ്റർ, സ്പെക്ട്രോ ഫ്ലൂറോമീറ്റർ, എക്സ്-റേ ഡിഫ്രാക്ഷൻ ഉപകരണം, സോളാർ സിമുലേറ്റർ

പ്രവൃത്തികളുടെ കരാറിലുള്ള എസ്റ്റിമേറ്റ് തുകയുടെ 20 ശതമാനമായി പരിമിതപ്പെടുത്തണമെന്ന സർക്കാർ നിർദ്ദേശങ്ങൾ (2014 ജൂലൈ, 2018 ജൂൺ) കണ്ണൂർ സർവകലാശാല ലംഘിച്ചതായും ഓഡിറ്റ് നിരീക്ഷിച്ചു. കണ്ണൂർ സർവകലാശാല റൂസ 1.0 പ്രകാരം ഏറ്റെടുത്ത പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ കരാറുകാരായ യു.എൽ.സി.സി.എസിനെ ഏൽപ്പിച്ചു. സാമഗ്രികളുടെ വിലവർദ്ധനവ്, ജി.എസ്.ടി നടപ്പിലാക്കിയതിന് ശേഷമുള്ള വിൽപ്പനക്കാരുടെ വായ്പാ കാലയളവ് കുറയ്ക്കൽ, ജോലിക്കുള്ള സാമഗ്രികൾ മൊത്തമായി വാങ്ങേണ്ടതിന്റെ ആവശ്യകത എന്നിവ ചൂണ്ടിക്കാട്ടി 2018 ആഗസ്റ്റിൽ യു.എൽ.സി.സി.എസ് കണ്ണൂർ സർവകലാശാലയുമായി കരാറിലേർപ്പെട്ട എല്ലാ പ്രവൃത്തികൾക്കും മൊബിലൈസേഷൻ അഡ്വാൻസായി കരാർ വിലയുടെ 50 ശതമാനം അനുവദിക്കാൻ അഭ്യർത്ഥിച്ചു. അതനുസരിച്ച്, യു.എൽ.സി.സി.എസ് ഏറ്റെടുക്കുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും മൊബിലൈസേഷൻ അഡ്വാൻസായി പ്രവൃത്തികളുടെ കരാർ വിലയുടെ 50 ശതമാനം നൽകാൻ സർവകലാശാല സിൻഡിക്കേറ്റ് (2018 ആഗസ്റ്റ്) തീരുമാനിച്ചു. അങ്ങനെ, **അനുബന്ധം 3.5**-ൽ കാണിച്ചിരിക്കുന്നതുപോലെ, നിലവിലുള്ള ഉത്തരവുകൾ ലംഘിച്ചുകൊണ്ട് റൂസയുടെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി ₹5.61 കോടി മുൻകൂറായി കണ്ണൂർ സർവകലാശാല യു.എൽ.സി.സി.എസിന് നൽകി.

സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ, ധനകാര്യ വകുപ്പ് പുറത്തിറക്കിയ സർക്കാരിന്റെ പൊതുമരാമത്ത് പ്രവർത്തി ഏറ്റെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ടാണ് കണ്ണൂർ സർവകലാശാല കരാറുകാരന് അമിതമായി മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതെന്ന് സർക്കാർ മറുപടി നൽകി. ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് സർവകലാശാലക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുമെന്നും അറിയിച്ചു.

എസ്.എസ്.യു.എസ് കാലടിയിലെ ഓഡിറ്റോറിയം

അംഗീകൃത ഡിപിആർ പ്രകാരം, കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ (എസ്എസ്യുഎസ്) വൈസ് ചാൻസലർ സർവകലാശാല ക്യാമ്പസിൽ ഒരു ഓഡിറ്റോറിയം നിർമ്മിക്കാൻ അനുമതി നൽകുകയും (2017 മാർച്ച്) വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാൻ സർവകലാശാലയുടെ എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന്, എസ്എസ്യുഎസ്, കാലടി ഈ ജോലി കേരള സ്റ്റേറ്റ് നിർമിതി കേന്ദ്ര (കെസ്നിക്) എന്ന കൺസൾട്ടന്റിന് കൈമാറുകയും (2018 ഫെബ്രുവരി) അവർ ₹ നാല് കോടിയുടെ ഒരു വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. കെസ്നിക്കിന് മൊബിലൈസേഷൻ അഡ്വാൻസായി സർവകലാശാല ₹ മൂന്ന് കോടി അനുവദിച്ചു (2018 ഫെബ്രുവരി). അത് മൊത്തം ചെലവിന്റെ അനുവദനീയമായ 20 ശതമാനത്തേക്കാൾ 55 ശതമാനം കൂടുതലായിരുന്നു. കെസ്നിക് വർക്ക് ടെൻഡർ ചെയ്യുകയും 2019 സെപ്റ്റംബർ പൂർത്തിയാകാനുള്ള സമയമായി കണക്കാക്കി മറ്റൊരു ഏജൻസിക്ക്[94] നൽകുകയും ചെയ്തു. കൂടാതെ വൈദ്യുതീകരണം, എയർ കണ്ടീഷനിംഗ്, അക്കൗസ്റ്റിക്സ്, ഫോൾസ് സീലിംഗ്, ചുറ്റുമതിൽ, അഗ്നിശമന സംവിധാനം തുടങ്ങിയവയ്ക്കായി ₹3.75 കോടിയുടെ വിശദമായ ഒരു എസ്റ്റിമേറ്റും കെസ്നിക് തയ്യാറാക്കി. ഇത് എസ്എസ്യുഎസ്, കാലടി അനുവദിക്കുകയും (2020 നവംബർ) ചെയ്തു. റൂസ ഫണ്ടായ ₹ നാല് കോടിയിൽ നിന്ന് 2022 മാർച്ച് 19 വരെ എസ്എസ്യുഎസ്, കാലടി നൽകിയ മൊത്തം തുക ₹3.35 കോടിയാണ്. ഓഡിറ്റ് സ്ഥലത്ത് നടത്തിയ സംയുക്ത പരിശോധനയിൽ (2023 ഏപ്രിൽ)

[94] മെസ്സേഴ്സ് കെ എ ജോൺസൺ

ഓഡിറ്റോറിയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്നും ഫ്ലോറിംഗ്, വൈദ്യുതീകരണം, പ്ലംബിംഗ് എന്നിവയുമായി ബന്ധപ്പെട്ട ജോലികൾ നടന്നിട്ടില്ലെന്നും കണ്ടെത്തി. കൂടാതെ, സ്ഥലത്ത് ഇപ്പോൾ ഒരു നിർമ്മാണപ്രവൃത്തിയും നടക്കുന്നില്ല. ഫണ്ട് അനുവദിച്ച് അഞ്ച് വർഷം പിന്നിട്ടിട്ടും നിർമ്മാണം പൂർത്തിയാക്കാതെ ഉപേക്ഷിച്ച നിലയിലാണ്.

ചിത്രം 3.3: എസ്എസ്‌യുഎസ്, കാലടിയിലെ ഓഡിറ്റോറിയത്തിന്റെ ചിത്രം, 2023 ഏപ്രിൽ 27-ന് ഓഡിറ്റ് പാർട്ടി എടുത്തത്

സർക്കാർ ഓഡിറ്റ് കണ്ടെത്തലുകൾ അംഗീകരിക്കുകയും പൊതുമരാമത്ത് പണികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ എസ്എസ്‌യുഎസ് കാലടി ലംഘിച്ചുവെന്നും സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ കരാറുകാർക്ക് അധിക മൊബിലൈസേഷൻ അഡ്വാൻസ് നൽകുകയും ചെയ്തുവെന്നും പ്രസ്താവിക്കുകയും ചെയ്തു (2024 ഏപ്രിൽ). കൂടാതെ, ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് സർവകലാശാലയ്ക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുമെന്നും ഓഡിറ്റോറിയം നിർമ്മാണത്തിലെ കാലതാമസം പുനഃപരിശോധിക്കുകയും പദ്ധതി എത്രയും വേഗം പൂർത്തിയാക്കുന്നതിന് തിരുത്തൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുമെന്നും പ്രസ്താവിച്ചു.

3.1.8.6. ഭിന്നശേഷിക്കാർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ

പ്രവേശനം, തുല്യത, ഗുണനിലവാരം എന്നീ കാര്യങ്ങൾ തുല്യമായ രീതിയിൽ നൽകപ്പെടുന്നുവെന്ന് ഉറപ്പാക്കാനാണ് റൂസ ലക്ഷ്യമിടുന്നത്. ക്ലാസ് മുറികളിലേക്ക് എളുപ്പത്തിൽ പ്രവേശിക്കുന്നതിന് റാംപുകൾ/ലിഫ്റ്റുകൾ, സ്പർശന പാതകൾ, പ്രദർശന ഫലകങ്ങൾ, സൂചകങ്ങൾ, ഭിന്നശേഷിയുള്ളവർക്കുള്ള പ്രത്യേക സൗകര്യങ്ങൾ/ഉപകരണങ്ങൾ മുതലായവ നൽകിക്കൊണ്ട് നിലവിലുള്ള കെട്ടിടങ്ങളെ പൂർണ്ണമായും ഭിന്നശേഷി സൗഹൃദവും തടസ്സരഹിതവുമായ സ്ഥലമായി മാറ്റുന്നത് പോലുള്ള തുല്യതാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലൂടെ ദരിദ്രരും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽ നിന്നും വരുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കാര്യമായ സ്വാധീനം ചെലുത്താനാകുമെന്ന് പ്രതീക്ഷിച്ചിരുന്നു. കൂടാതെ, എൻ.എ.എ.സി-യ്ക്ക് കീഴിലുള്ള സർവകലാശാലകളുടെയും കോളേജുകളുടെയും അക്രഡിറ്റേഷനുള്ള മാനുവലുകളിൽ ഒരു സ്ഥാപനത്തിലെ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങളുടെ ലഭ്യത എന്നത് ഗ്രേഡിംഗിന് ഒരു വ്യവസ്ഥയായി നിർദ്ദേശിച്ചിട്ടുമുണ്ട്.

റൂസയുടെ കീഴിലുള്ള ഘടകങ്ങൾ തെരഞ്ഞെടുക്കുമ്പോൾ സ്ഥാപനങ്ങളിൽ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് കുറഞ്ഞ പരിഗണന നൽകുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. പരിശോധന നടത്തിയ 16 സ്ഥാപനങ്ങളിൽ നാല്

സ്ഥാപനങ്ങൾ മാത്രമാണ് പ്രത്യേക ടോയ്‌ലറ്റുകൾ, എലിവേറ്ററുകൾ, റാംപുകൾ തുടങ്ങി ₹239 ലക്ഷത്തിന്റെ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയത്.

നിലവിലുള്ള സ്ഥാപനങ്ങൾക്ക് ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ സ്ഥാപിക്കാൻ റൂസ ഫണ്ട് ഉപയോഗിക്കാമായിരുന്നെങ്കിലും, തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലെ 358 കെട്ടിടങ്ങളിൽ 151 (42.18 ശതമാനം) കെട്ടിടങ്ങളിൽ മാത്രമാണ് പ്രവർത്തനക്ഷമമായ റാമ്പ് ലഭ്യമായിരുന്നത് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2023 ആഗസ്റ്റ്). കൂടാതെ, 244 ബഹുനില കെട്ടിടങ്ങളിൽ 30 കെട്ടിടങ്ങളിൽ (12.30 ശതമാനം) മാത്രമേ മുകളിലത്തെ നിലകളിലേക്കുള്ള വീൽചെയർ പ്രവേശനം ലഭ്യമായിരുന്നുള്ളൂ. അതിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.6**-ൽ നൽകിയിരിക്കുന്നു.

ഭാവിയിൽ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ സ്ഥാപനങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തുമെന്നും വിവിധ സ്ഥാപനങ്ങളിൽ ഭിന്നശേഷി വിദ്യാർത്ഥികളെ സഹായിക്കുന്ന സൗകര്യങ്ങൾ നൽകുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി തുല്യതാ ഘടകത്തിലെ രണ്ടാമത്തെയും മൂന്നാമത്തെയും ഗഡുക്കൾ ഉപയോഗപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നുവെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ).

3.1.9. നിരീക്ഷണം

3.1.9.1. തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ ബോർഡ് ഓഫ് ഗവർണേഴ്സും പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റും രൂപീകരിക്കാത്തത്

റൂസ 1.0 മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ബോർഡ് ഓഫ് ഗവർണേഴ്സ് (ബിഒജി) സ്ഥാപന പ്രോജക്ടുകളുടെ പുരോഗതി സ്ഥിരമായി നിരീക്ഷിക്കുകയും പദ്ധതി നടത്തിപ്പിൽ സ്ഥാപനങ്ങളുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യേണ്ടതായിരുന്നു. അതായത് സ്ഥാപനത്തിലെ അംഗങ്ങൾ, സംസ്ഥാന സർക്കാർ, സമൂഹം, വ്യവസായം, അക്കാദമി എന്നിവയിൽ നിന്നുള്ള പ്രമുഖ വ്യക്തികൾ എന്നിവർ ഉൾപ്പെടുന്ന 10-15 അംഗ ബോഡി ആണ് ബിഒജി. സ്ഥാപന പദ്ധതികളുടെ സുഗമവും ചെലവ് കുറഞ്ഞതും സമയബന്ധിതവുമായ നടപ്പാക്കൽ, മൊത്തത്തിലുള്ള അധ്യാപക വികസനം ഉറപ്പാക്കുക, സാധനങ്ങൾ, ജോലികൾ, സേവനങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള യോജിച്ച നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക, സാമ്പത്തിക നിർവ്വഹണം മുതലായവയുമായി ബന്ധപ്പെട്ട് എല്ലാ നയപരമായ തീരുമാനങ്ങളും എടുക്കേണ്ടത് ബിഒജി യുടെ ഉത്തരവാദിത്തമായിരുന്നു.

ഓരോ സ്ഥാപനവും അതിന്റെ അക്കാദമിക് ഉദ്യോഗസ്ഥർ, അധ്യാപക, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർ, ടെക്നിക്കൽ, നോൺ ടെക്നിക്കൽ സപ്പോർട്ട് സ്റ്റാഫ്, വിദ്യാർത്ഥികൾ എന്നിവരുടെ ഉചിതമായ പ്രാതിനിധ്യത്തോടെ ഒരു പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് (പി.എം.യു) രൂപീകരിക്കണമെന്ന് റൂസ മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്യുന്നു. സ്ഥാപന തലത്തിൽ പ്രോജക്ട് നിരീക്ഷണത്തിന്റെ ഉത്തരവാദിത്തം പി.എം.യു-വിനാണ്. കൂടാതെ സാധനങ്ങൾ, ജോലികൾ, സേവനങ്ങൾ എന്നിവയുടെ സംഭരണം, സാമ്പത്തിക നിർവ്വഹണം, പെർഫോമൻസ് ഓഡിറ്റ്, അധ്യാപക/സ്റ്റാഫ് ഡെവലപ്മെന്റ്, മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ആനുകാലിക പുതുക്കൽ തുടങ്ങിയ ഉത്തരവാദിത്വങ്ങളും നൽകിയിരിക്കുന്നു.

പരിശോധനയ്ക്ക് തെരഞ്ഞെടുത്ത സ്ഥാപനമായ തൃപ്പൂണിത്തുറയിലെ സർക്കാർ കോളേജ് ബിഒജിയോ പി.എം.യുവോ രൂപീകരിച്ചിട്ടില്ലെന്ന് (2023 മേയ്) ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, തെരഞ്ഞെടുത്ത 16 സ്ഥാപനങ്ങളിൽ ഏഴ് സ്ഥാപനങ്ങളും **പട്ടിക 3.7**-ൽ വിശദമാക്കിയിരിക്കുന്നതുപോലെ, നിർദ്ദിഷ്ട വർഷങ്ങളിൽ ബിഒജിയുടെയും/ പിഎംയുവിന്റെയും മീറ്റിംഗുകളൊന്നും വിളിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത് സ്ഥാപന പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സമയബന്ധിതമായി അവലോകനം ചെയ്യുന്നതിനും തീരുമാനമെടുക്കുന്നതിനും കുറഞ്ഞ മുൻഗണന നൽകുന്നതിന്റെ തെളിവാണ്.

പട്ടിക 3.7: ബിഒജി/പി.എം.യു കൂടിക്കാഴ്ചകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

സ്ഥാപനത്തിന്റെ പേര്	കൂടിക്കാഴ്ചകൾ ഇല്ലാത്ത വർഷം	
	ബിഒജി	പി.എം.യു
എസ്.എസ്.യു.എസ്, കാലടി	2020-21, 2021-22, 2022-23	കൂടിക്കാഴ്ചകൾ നടത്തി
സർക്കാർ ആർട്സ് കോളേജ്, തിരുവനന്തപുരം	കൂടിക്കാഴ്ചകൾ നടത്തി	2018-19, 2019-20, 2020-21, 2022-23
രാജഗിരി കോളേജ്, കളമശ്ശേരി	2018-19, 2022-23	2018-19, 2022-23
ശ്രീ ശങ്കര വിദ്യാപീഠം കോളേജ്, വളയൻചിറങ്ങര	കൂടിക്കാഴ്ചകൾ നടത്തി	2018-19
സർക്കാർ സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ	2018-19, 2019-20, 2021-22, 2022-23	2018-19
എസ്.എൻ.ജി.എസ് പട്ടാമ്പി	2020-21	2019-20, 2020-21, 2021-22, 2022-23
സർക്കാർ ബ്രണ്ണൻ കോളേജ്, തലശ്ശേരി	2018-19, 2019-20, 2020-21, 2022-23	കൂടിക്കാഴ്ചകൾ നടത്തി

(ഉറവിടം: സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച വിവരങ്ങൾ)

തൃപ്പൂണിത്തുറ സർക്കാർ കോളേജ്, 2023 നവംബറിൽ ബിഒജിയും പിഎംയുവും രൂപീകരിച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). എല്ലാ സ്ഥാപനങ്ങളുടെയും ബിഒജിയും പിഎംയുവും റൂസ എസ്പിഡിയെ കൊണ്ട് സ്ഥിരമായി നിരീക്ഷിക്കുമെന്നും വിലയിരുത്തുമെന്നും ഉറപ്പ് നൽകി.

3.1.9.2. പ്രവൃത്തികളുടെ ജിയോ ടാഗിംഗിലെ പോരായ്മയും മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം പ്രവർത്തിക്കാത്തതും

ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി നിരീക്ഷിക്കുന്നതിനായി മാനവ വിഭവശേഷി വികസന മന്ത്രാലയം (2015 നവംബർ) ഐഎസ്ആർഒയുടെ ലൊക്കേഷൻ അടിസ്ഥാനമാക്കിയുള്ള ആപ്ലിക്കേഷൻ 'ഭുവൻ റൂസ' സംസ്ഥാനങ്ങൾക്ക് നൽകിയിരുന്നു. ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ അവരുടെ പ്രവൃത്തികളുടെ/വാങ്ങലുകളുടെ ഭൗതികവും സാമ്പത്തികവുമായ വിവരങ്ങൾ അപേക്ഷയിൽ അപ്‌ലോഡ് ചെയ്ത് ജിയോ ടാഗ് ചെയ്യേണ്ടതായിരുന്നു. 2024 ജനുവരിയിൽ നടത്തിയ റൂസ വെബ്സൈറ്റിലെ ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ഓഡിറ്റ് വിശകലനത്തിൽ, ധനസഹായം ലഭിച്ച 157 സ്ഥാപനങ്ങളിൽ 19 എണ്ണം മാത്രമാണ് പദ്ധതി നടത്തിപ്പിന്റെ നിലയെക്കുറിച്ചുള്ള വിവരങ്ങൾ ജിയോ ടാഗ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമായി. പ്രവൃത്തികൾ/വാങ്ങലുകൾ ജിയോ ടാഗ് ചെയ്യാത്തതിന്റെ കാരണങ്ങൾ ഓഡിറ്റിന് നൽകിയിട്ടില്ല. വെബ് അധിഷ്ഠിത നിരീക്ഷണ സംവിധാനത്തിന്റെ സാധ്യതകൾ സംസ്ഥാനത്ത് ഫലപ്രദമായി വിനിയോഗിച്ചിട്ടില്ലെന്ന വസ്തുതയിലേക്കാണ് മേൽപ്പറഞ്ഞ സംഭവങ്ങൾ വിരൽ ചൂണ്ടുന്നത്.

ഫണ്ട് ലഭിക്കുന്ന സ്ഥാപനങ്ങളിൽ പദ്ധതി നടത്തിപ്പിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനും സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലെയും കോളേജുകളിലെയും ഐഡിപികളും മുൻകാല വിവരങ്ങളും ശേഖരിക്കുന്നതിനുമായി

ഒരു പുതിയ വെബ് അധിഷ്ഠിത മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എംഐഎസ്) നടപ്പിലാക്കാൻ റൂസ ലക്ഷ്യമിട്ടു. ഇതിനായി, സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനായി എംഎച്ച്ആർഡി (2018 ഒക്ടോബർ) നാഷണൽ ഹയർ എജ്യുക്കേഷൻ റിസോഴ്സ് സെന്റർ (എൻ.എച്ച്.ഇ.ആർ.സി) - എംഐഎസ് പോർട്ടൽ ആരംഭിക്കുകയും പോർട്ടൽ ലിങ്ക് സ്ഥാപനങ്ങളെ അറിയിക്കുകയും (2019 ഏപ്രിൽ) ചെയ്തു. എന്നാൽ, പോർട്ടൽ പ്രവർത്തിക്കുന്നില്ലെന്നും എം.ഐ.എസ് വിഭാവനം ചെയ്തതുപോലെ പ്രവർത്തനക്ഷമമല്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

എല്ലാ റൂസ ഗുണഭോക്താക്കളും ജിയോ ടാഗ് ചെയ്തിട്ടുണ്ടെന്ന് നിരീക്ഷിക്കാനും ഉറപ്പാക്കാനും നടപടിയെടുക്കുമെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ).

3.1.9.3. സ്ഥിര അധ്യാപക ജീവനക്കാരുടെ കുറവ്

റൂസ 1.0-ന് പ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള മുൻവ്യവസ്ഥയിൽ ഒന്ന് അധ്യാപക ഒഴിവുകൾ നികത്തുക എന്നതായിരുന്നു. റൂസ 1.0 മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം റൂസയുടെ ആദ്യ വർഷാവസാനത്തോടെ 15 ശതമാനത്തിലധികം അധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന സംസ്ഥാനങ്ങൾക്ക് തുടർന്നുള്ള ഗ്രാന്റുകൾക്കുള്ള അർഹത നഷ്ടപ്പെട്ടാമെന്ന് വ്യവസ്ഥ ചെയ്യുന്നു. റഗുലർ മോഡിൽ 85 ശതമാനത്തിന് മുകളിൽ അധ്യാപക തസ്തികയും 10:1-20:1 ന് മുകളിലുള്ള വിദ്യാർത്ഥി-അധ്യാപക അനുപാതവുമുള്ള കോളേജുകൾക്കും സർവകലാശാലകൾക്കും അടിസ്ഥാനസൗകര്യ ഗ്രാന്റിന് കീഴിൽ തെരഞ്ഞെടുക്കുന്നതിന് മുൻഗണന നൽകണമെന്ന് റൂസ 2.0-ന്റെ മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്യുന്നു. സംസ്ഥാന സർക്കാർ എംഎച്ച്ആർഡിയുമായി ഒരു ധാരണാപത്രത്തിൽ ഏർപ്പെടുകയും (2018 മേയ്) അധ്യാപക ഒഴിവുകൾ നികത്താൻ സമ്മതിക്കുകയും റിക്രൂട്ട്മെന്റിന് നിരോധനമില്ലെന്നും സർവകലാശാലകളിലെ അധ്യാപകരുടെ എണ്ണം അംഗീകൃത അധ്യാപക തസ്തികകളുടെ 85 ശതമാനത്തിൽ താഴെയായിരിക്കില്ലെന്നും ഉറപ്പാക്കുകയും ചെയ്തു. പക്ഷേ, താഴെ വിശദമാക്കുന്ന പ്രകാരം പരിശോധന നടത്തിയ സ്ഥാപനങ്ങൾ ഒഴിവുകൾ നികത്തുന്നതിൽ മുകളിൽ പറഞ്ഞതിൽ നിന്നും വ്യതിയാനങ്ങൾ ഉണ്ടായതായി ഓഡിറ്റ് ശ്രദ്ധിച്ചു:

- തെരഞ്ഞെടുത്ത 15 സ്ഥാപനങ്ങളിൽ (സർവകലാശാലകൾ ഉൾപ്പെടെ) 2023 മാർച്ച് 31 തീയതിയിൽ അനുവദിച്ച അധ്യാപക തസ്തികകളുടെ എണ്ണം 1776 -ഉം യഥാർത്ഥ അധ്യാപകരുടെ എണ്ണം 1249-ഉം (70 ശതമാനം) ആയിരുന്നു. അതായത് **പട്ടിക 3.8**-ൽ കാണിച്ചിരിക്കുന്നതുപോലെ 527 അധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടന്നു. തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലെ അംഗീകൃത അധ്യാപക തസ്തികകളുടെയും യഥാർത്ഥ അധ്യാപകരുടെയും വിശദാംശങ്ങൾ **അനുബന്ധം 3.7** ൽ നൽകിയിരിക്കുന്നു.

പട്ടിക 3.8: 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ തെരഞ്ഞെടുത്ത 15 സ്ഥാപനങ്ങളിലെ അനുവദിച്ച തസ്തികകളുടെയും അധ്യാപകരുടെയും നില

വർഷം	ആകെ അനുവദിച്ച അധ്യാപക തസ്തികകൾ	യഥാർത്ഥ അധ്യാപകരുടെ എണ്ണം (കരാർ/അതിഥി അധ്യാപകർ ഒഴികെ)	വ്യത്യാസം/ഒഴിവുള്ള തസ്തികകൾ
2018-19	1727	1160*	568
2019-20	1737	1179	558
2020-21	1738	1255	483
2021-22	1739	1253	486
2022-23	1776	1249	527

** ഒരു കോളേജിൽ അനുവദിച്ച തസ്തികയിലും കൂടുതലായി ഒരു അധ്യാപകൻ ഉണ്ടായിരുന്നു*
(ഉറവിടം: തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച വിവരങ്ങൾ)

അംഗീകൃത അധ്യാപക തസ്തികകളുടെ 85 ശതമാനം അധ്യാപകർ വേണമെന്ന മാനദണ്ഡം എസ്.എസ്.യു.എസ് കാലടി പാലിക്കാത്തതിനാൽ, റൂസ 2.0 പ്രകാരം സ്ഥാപനം സമർപ്പിച്ച പ്രോജക്ട് എംഎച്ച്ആർഡി നിരസിച്ചു (2018 ജൂലൈ) എന്ന വസ്തുത ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 2018-19-ൽ അനുവദിച്ച 220 തസ്തികകളിൽ 46 അധ്യാപക തസ്തികകൾ സ്ഥാപനത്തിൽ ഒഴിഞ്ഞുകിടന്നു.

- തെരഞ്ഞെടുത്ത 15 സ്ഥാപനങ്ങളിൽ നിർമ്മാണം, നവീകരണം, വാങ്ങൽ തുടങ്ങിയ പ്രവൃത്തികൾ നിർദ്ദേശിച്ച എട്ട് സ്ഥാപനങ്ങൾ മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള വിദ്യാർത്ഥി - അധ്യാപക അനുപാതം നിലനിർത്തിയില്ല (**അനുബന്ധം 3.8**).

- സർവകലാശാലകളിലും കോളേജുകളിലും അധ്യാപകരുടെയും മറ്റ് അക്കാദമിക് സ്റ്റാഫുകളുടെയും നിയമനത്തിനുള്ള കുറഞ്ഞ യോഗ്യതയും ഉന്നത വിദ്യാഭ്യാസ നിലവാരം നിലനിർത്തുന്നതിനുള്ള നടപടികളും സംബന്ധിച്ച യുജിസി റെഗുലേഷൻ 2010 അനുസരിച്ച്, അധ്യാപകരുടെ കരാർ അടിസ്ഥാനത്തിലുള്ള നിയമനം അത്യാവശ്യ ഘട്ടങ്ങളിലും വിദ്യാർത്ഥി-അധ്യാപക അനുപാതം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തപ്പോഴും മാത്രം മതിയെന്നാണ്. ഏത് സാഹചര്യത്തിലും, നിയമനങ്ങളുടെ എണ്ണം കോളേജ്/ യൂണിവേഴ്സിറ്റിയുടെ മൊത്തം അധ്യാപക തസ്തികയുടെ 10 ശതമാനത്തിൽ കൂടാൻ പാടുള്ളതല്ല.

  മുകളിൽ പറഞ്ഞവയ്ക്ക് വിരുദ്ധമായി, 2018-19 മുതൽ 2022-23 വരെയുള്ള ഓഡിറ്റ് കാലയളവിൽ, തെരഞ്ഞെടുത്ത 15 സ്ഥാപനങ്ങളിൽ നിയമിച്ച അതിഥി/കരാർ അധ്യാപകരുടെ എണ്ണം യുജിസി മാനദണ്ഡങ്ങളിൽ വ്യക്തമാക്കിയ 10 ശതമാനത്തിന്റെ സ്ഥാനത്ത് **പട്ടിക 3.9**-ൽ വിശദമാക്കുന്നതുപോലെ 42 മുതൽ 47 ശതമാനം വരെയാണ്.

പട്ടിക 3.9: തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ നിയമിക്കപ്പെട്ട അതിഥി/കരാർ ജീവനക്കാരുടെ വിശദാംശങ്ങൾ

കാലാവധി	അനുവദിച്ച റഗുലർ അധ്യാപക തസ്തികകൾ	യഥാർത്ഥ റഗുലർ അധ്യാപക തസ്തികകൾ	യുജിസി മാനദണ്ഡം (ആകെ തസ്തികകളുടെ 10 ശതമാനം)	അതിഥി/കരാർ അധ്യാപക നിയമനം	അതിഥി/കരാർ അധ്യാപക നിയമനത്തിന്റെ ശതമാനകണക്ക്
2018-19	1727	1160	173	760	44
2019-20	1737	1179	174	789	45
2020-21	1738	1255	174	746	42
2021-22	1739	1253	174	807	46
2022-23	1776	1249	178	838	47

(ഉറവിടം: റൂസ 1.0, 2.0 എന്നിവയ്ക്ക് കീഴിലുള്ള തെരഞ്ഞെടുത്ത 15 സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ)

വിദ്യാർത്ഥി-അധ്യാപക അനുപാതം 15 ശതമാനത്തിലും അതിഥി അധ്യാപകർ 10 ശതമാനത്തിലും കൂടുതലുള്ള സ്ഥാപനങ്ങളെ റൂസ/യുജിസി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള തിരുത്തൽ നടപടികൾ സ്വീകരിക്കാൻ ഓർമ്മിപ്പിക്കുമെന്ന് സർക്കാർ മറുപടിയിൽ ഉറപ്പുനൽകി (2024 ഏപ്രിൽ).

3.1.9.4. റൂസ സ്കീമിന്റെ മുൻവ്യവസ്ഥകൾ പാലിക്കാത്തത്

റൂസ 1.0-ന്റെ മുൻവ്യവസ്ഥകൾ അനുസരിച്ച്, അക്രഡിറ്റേഷൻ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നത് സംസ്ഥാനങ്ങളുടെ ഉത്തരവാദിത്തമായിരുന്നു. എല്ലാ

സ്ഥാപനങ്ങളും എൻഎഎസി, നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ (എൻബിഎ)[95] എന്നിവയുടെ അക്രഡിറ്റേഷൻ നിർബന്ധിത ക്വാളിറ്റി അഷുറൻസ് ഫ്രെയിംവർക്കായി സ്വീകരിക്കുന്നുവെന്ന് സംസ്ഥാനങ്ങൾ ഉറപ്പാക്കേണ്ടതാണ്. റൂസയുടെ കീഴിലുള്ള ഫണ്ട് അനുവദിക്കുന്നതിനുള്ള ഒരു മുൻ വ്യവസ്ഥയായിരുന്നു ഇത്. കൂടാതെ, റൂസ 2.0-ന്റെ ലക്ഷ്യങ്ങൾ പ്രകാരം എല്ലാ സംസ്ഥാന സ്ഥാപനങ്ങളും 2020 മാർച്ച് അവസാനത്തോടെ എൻഎഎസി അംഗീകാരം[96] നേടിയിരിക്കണം. റൂസ 1.0-ന്റെ കീഴിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി നിർബന്ധിത എൻഎഎസി അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിന് സംസ്ഥാനതല ക്വാളിറ്റി അഷ്വറൻസ് സെൽ (എസ്എൽക്യൂഎസി) രൂപീകരിക്കുന്നതിന് എംഎച്ച്ആർഡി സംസ്ഥാനങ്ങളോട് നിർദ്ദേശിച്ചു (2016 ജനുവരി). സംസ്ഥാനത്തുടനീളം ഭൂമിശാസ്ത്രപരമായി ചിതറിക്കിടക്കുന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ദേശീയ, അന്തർദേശീയ നിലവാരം കൈവരിക്കുന്നതിനായി വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും തയ്യാറെടുപ്പ് പ്രവർത്തനങ്ങളും നടപ്പിലാക്കാൻ എസ്എൽക്യൂഎസിനെ ഏൽപിച്ചു.

സംസ്ഥാന സർക്കാർ എസ്എൽക്യൂഎസി സ്ഥാപിക്കുകയും (2016 മാർച്ച്) അതിന്റെ ചെലവുകൾക്കായി റൂസ ഫണ്ടിന്റെ ₹1.42 കോടി വിനിയോഗിക്കുകയും (2023 മാർച്ച്) ചെയ്തെങ്കിലും, 266 സർക്കാർ/എയ്ഡഡ് ആർട്സ് ആന്റ് സയൻസ് സ്ഥാപനങ്ങളിൽ[97] 81 എണ്ണത്തിനും ഓഡിറ്റ് കാലയളവിന്റെ തുടക്കമായ 2018-19-ൽ ഒരു ഗ്രേഡിന്റിന്റെയും എൻഎഎസി അക്രഡിറ്റേഷൻ ഇല്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അഞ്ച് വർഷത്തിന് ശേഷം 2022-23-ലെ സ്ഥിതി **പട്ടിക 3.10**-ൽ വിശദമാക്കിയിരിക്കുന്ന പ്രകാരം അംഗീകാരമില്ലാത്ത സ്ഥാപനങ്ങളുടെ എണ്ണം 114 ആയി വർദ്ധിച്ചു.

പട്ടിക 3.10: 2018-23 കാലയളവിലെ സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ എൻഎഎസി അക്രഡിറ്റേഷന്റെ സ്ഥിതി

വർഷം	ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം	അക്രഡിറ്റേഷൻ ഇല്ലാത്ത സ്ഥാപനങ്ങളുടെ എണ്ണം
2018-19	266	81
2019-20	266	88
2020-21	266	94
2021-22	267	103
2022-23	267	114

(ഉറവിടം: കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും നൽകിയ വിവരങ്ങൾ)

അക്രഡിറ്റേഷൻ നേടുന്ന പ്രവണത കുറഞ്ഞുവരുന്നത്, റൂസയുടെ മുൻവ്യവസ്ഥകൾ കൈവരിക്കുന്നതിന് സ്ഥാപനങ്ങളെ സഹായിക്കുന്നതിലെ എസ്എൽക്യൂഎസി-ന്റെ കാര്യക്ഷമത സംബന്ധിച്ച് ആശങ്ക ഉയർത്തുന്നു.

എൻഎഎസി വെബ്സൈറ്റ് പ്രകാരം (2023 ആഗസ്റ്റ്) സംസ്ഥാനത്ത് ആകെ 234 സ്ഥാപനങ്ങൾ അംഗീകൃതമാണെന്ന് സർക്കാർ വ്യക്തമാക്കി (2024 ഏപ്രിൽ). കൂടാതെ, എൻഎഎസി മൂല്യനിർണ്ണയ മാനദണ്ഡങ്ങളിൽ ഇടയ്ക്കിടെയുള്ള മാറ്റങ്ങൾ, കോവിഡ് 19 ലോക്ക്ഡൗൺ സമയത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിട്ടതും, 2018-ലും

---

95 സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള അക്രഡിറ്റേഷൻ ഏജൻസി

96 എൻഎഎസി നൽകുന്ന അക്രഡിറ്റേഷന്റെ കാലാവധി സാധാരണയായി അഞ്ച് വർഷമാണ്. എന്നിരുന്നാലും, മുൻ രണ്ട് അക്രഡിറ്റേഷൻ സൈക്കിളുകളിൽ തുടർച്ചയായി ഉയർന്ന ഗ്രേഡ് നേടുകയും മൂന്നാം സൈക്കിളിൽ അത് തുടരുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്ക് സാധുത അഞ്ച് വർഷത്തിൽ നിന്ന് ഏഴ് വർഷമായി വർദ്ധിപ്പിക്കാൻ അർഹതയുണ്ടായിരിക്കും.

97 സർക്കാർ, എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ

2019-ലും ഉണ്ടായ വെള്ളപ്പൊക്കം തുടങ്ങിയ നിരവധി ഘടകങ്ങൾ അക്രഡിറ്റേഷൻ പ്രക്രിയയെ പരിമിതപ്പെടുത്തിയതായി പ്രസ്താവിച്ചു.

റൂസ 2.0-ന്റെ ലക്ഷ്യങ്ങൾ പ്രകാരം 2020 മാർച്ച് അവസാനത്തോടെ സംസ്ഥാനത്തെ എല്ലാ സ്ഥാപനങ്ങളും എൻഎഎസി അംഗീകാരം നേടിയിരിക്കണം. 2018-23 കാലയളവിൽ 58 കോളേജുകൾക്ക് ഒരു ഗ്രേഡിന്റെയും എൻഎഎസി അക്രഡിറ്റേഷൻ ഇല്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അതിനാൽ മുകളിൽ പറഞ്ഞ വാദം നിലനിൽക്കുന്നതല്ല.

3.1.10. ഉപസംഹാരം

റൂസ നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാരിന് 2014 മാർച്ച് മുതൽ ധനസഹായം ലഭിച്ചു. 2023 മാർച്ച് വരെ മൊത്തം ₹433.28 കോടി ഗ്രാന്റുകൾ ലഭിച്ചു, അതിൽ ₹310.54 കോടി മാത്രമേ സർക്കാരിന് ചെലവഴിക്കാനായുള്ളൂ. ₹122.74 കോടി ചെലവഴിക്കാതെ ബാക്കിയായി. റൂസയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യക്തമാക്കിയ വ്യവസ്ഥകൾ സ്ഥാപനങ്ങൾ പാലിക്കാതിരുന്നിട്ടും ഈ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിച്ചുനൽകി. ഇത് പദ്ധതിയുടെ ഉദ്ദേശ്യത്തെ തന്നെ പരാജയപ്പെടുത്തി. 2013-17 കാലഘട്ടത്തിൽ റൂസ 1.0 നടപ്പിലാക്കേണ്ടതായിരുന്നുവെങ്കിലും, റൂസ 1.0-ന്റെ കീഴിൽ പരിശോധിച്ച സ്ഥാപനങ്ങളിൽ ഏറ്റെടുത്തിട്ടുള്ള നിരവധി പ്രോജക്റ്റുകൾ 2017 ആയപ്പോഴും പൂർത്തീകരിക്കപ്പെട്ടിരുന്നില്ല. കൂടാതെ, ഓഡിറ്റ് കാലയളവിൽ അവ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുമായിരുന്നു. ഭൗതിക പരിശോധന നടത്തുന്നതിലെ കാലതാമസം, പദ്ധതി ആരംഭിക്കാത്തത് തുടങ്ങിയ കാരണങ്ങളാൽ റൂസ 1.0, 2.0 എന്നിവയുമായി ബന്ധപ്പെട്ട് യഥാക്രമം ₹10.54 കോടിയും ₹121.75 കോടിയും ഇനിയും അനുവദിക്കേണ്ടതുണ്ട്.

ഓഡിറ്റ് സൂക്ഷ്മപരിശോധനയിൽ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ നിരവധി പോരായ്മകളും കാലതാമസങ്ങളും വ്യതിയാനങ്ങളും കണ്ടെത്തി. പദ്ധതി നടത്തിപ്പ്, ആസൂത്രണം, നിരീക്ഷണം, മൂല്യനിർണ്ണയം തുടങ്ങിയ ചുമതലകളിൽ നിന്ന് സംസ്ഥാനം കെഎസ്എച്ച്ഇസി-യെ ഒഴിവാക്കി. സംസ്ഥാന ഉന്നത വിദ്യാഭ്യാസ പദ്ധതികൾ കെ എസ്എച്ച്ഇസി അംഗീകരിച്ചിട്ടുണ്ടെങ്കിലും, അവയുടെ തയ്യാറെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൗൺസിൽ നിർവ്വഹിച്ചില്ല. ഐഡിപികളെ സംയോജിപ്പിച്ച് എസ്എച്ച്ഇപികൾ തയ്യാറാക്കിയില്ല. സ്ഥാപനങ്ങൾ ഡിപിആർ തയ്യാറാക്കുന്നതിന് അടിസ്ഥാന സർവ്വേ നടത്തിയില്ല. സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിൽ എസ്പിഡിയുടെ ഭാഗത്തുനിന്ന് ക്രമാതീതമായ കാലതാമസമുണ്ടാകുകയും ഇത് ഡിപിആർ പ്രകാരം ഏറ്റെടുത്ത ഘടകങ്ങൾ നടപ്പിലാക്കുന്നതിൽ കാലതാമസത്തിന് കാരണമാകുകയും ചെയ്തു.

2018-23 കാലയളവിലെ ഉന്നതവിദ്യാഭ്യാസത്തിനായി സർക്കാർ ചെലവഴിച്ചത് കേന്ദ്ര സർക്കാരുമായുള്ള ധാരണാപത്രം അനുസരിച്ച് സമ്മതിച്ചിട്ടുള്ള രണ്ട് ശതമാനം ജിഎസ്ഡിപിയുടെ സ്ഥാനത്ത് വെറും 0.44 മുതൽ 0.51 ശതമാനം വരെയാണ്. അംഗീകൃത ഡിപിആറിൽ നിന്നുള്ള വ്യതിചലനവും തത്ഫലമായുള്ള പൂർത്തീകരണത്തിനുള്ള ഫണ്ടിന്റെ അഭാവവും കാരണം അടിസ്ഥാനസൗകര്യ പദ്ധതികൾ അപൂർണ്ണമായി തുടർന്നു. പരിശോധന നടത്തിയ 16 സ്ഥാപനങ്ങളിൽ നാല് സ്ഥാപനങ്ങൾ മാത്രമാണ് പ്രത്യേക ടോയ്‌ലറ്റുകൾ, എലിവേറ്ററുകൾ, റാംപുകൾ തുടങ്ങിയ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിരുന്നത്.

സ്ഥാപന തലത്തിലും സംസ്ഥാന തലത്തിലും പദ്ധതിയുടെ നിരീക്ഷണം അപര്യാപ്തമായിരുന്നു. വാർഷിക അടിസ്ഥാനത്തിലുള്ള വീക്ഷണപദ്ധതിയുടെ അഭാവത്തിൽ, പദ്ധതികൾ നടപ്പാക്കുന്നതിനും പുരോഗതി കൈവരിക്കുന്നതിനും സ്ഥാപനങ്ങൾക്ക് സമയപരിധി ഉണ്ടായിരുന്നില്ല. റൂസ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സ്ഥാപനങ്ങൾ പദ്ധതികളുടെ ജിയോ ടാഗിംഗ് നടത്തിയിരുന്നില്ല.

3.1.11. ശിപാർശകൾ

സംസ്ഥാന സർക്കാർ താഴെപ്പറയുന്ന കാര്യങ്ങൾ ഉറപ്പാക്കേണ്ടതാണ്:

- വെബ് അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ഏറ്റെടുക്കുന്ന എല്ലാ പ്രവൃത്തികളും ജിയോ ടാഗ് ചെയ്യുക.
- കേന്ദ്ര സർക്കാരുമായുള്ള ധാരണാപത്രം അനുസരിച്ച് ഉന്നതവിദ്യാഭ്യാസ ത്തിനുള്ള ചെലവ് ജിഎസ്ഡിപിയുടെ രണ്ട് ശതമാനമായി ഉയർത്തുക.
- സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിനായി മാനദണ്ഡങ്ങൾക്കനുസൃതമായി അധ്യാപക തസ്തികകളിലേക്കുള്ള ജീവനക്കാരുടെ നിയമനം നടത്തുക.
- ലക്ഷ്യമിടുന്ന നേട്ടങ്ങൾ കൈവരിക്കുന്നതിനായി റൂസയുടെ കീഴിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുകയും നീണ്ട കാലതാമസം വന്ന സന്ദർഭങ്ങളിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കുന്നതിനുള്ള സാധ്യത ആരായേണ്ടതുമാണ്.

അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

അദ്ധ്യായം IV
അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

ധനാപഹരണം

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

4.1. തിരുവനന്തപുരം വലിയതുറയിലെ നാളികേര നഴ്സറിയിലെ സർക്കാർ പണത്തിന്റെ അപഹരണം

നിയമവ്യവസ്ഥകൾ പാലിക്കാത്തതും, മേൽനോട്ടനിയന്ത്രണങ്ങളുടെ അഭാവവും തിരുവനന്തപുരം വലിയതുറയിലെ നാളികേര നഴ്സറിയിൽ ₹1.28 ലക്ഷത്തിന്റെ ധനാപഹരണത്തിനു കാരണമായി

പണം കൈകാര്യം ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥർ, എല്ലാ പണമിടപാടുകളും ഉടനടി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുകയും, ഓഫീസ് മേധാവിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണെന്ന് കേരള ട്രഷറി കോഡിന്റെ (കെടിസി) ചട്ടം 92 (എ) (ii) മുതൽ (iv) വരെ ആവശ്യപ്പെടുന്നു. ക്യാഷ് ബുക്കിന്റെ ആകെത്തുക, ഓഫീസ് മേധാവി പരിശോധിച്ചുറപ്പിക്കുകയോ, അല്ലെങ്കിൽ, ക്യാഷ് ബുക്ക് എഴുതിയ ആൾ ഒഴികെ മറ്റേതെങ്കിലും ഉത്തരവാദിത്തപ്പെട്ട കീഴുദ്യോഗസ്ഥരെക്കൊണ്ട് ഇത് നിർവ്വഹിക്കുകയും, ഇത് ശരിയാണെന്ന് ഒപ്പോടുകൂടി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഓരോ ഉദ്യോഗസ്ഥന്റെയും പ്രതിദിന ധനശേഖരണം അടുത്ത പ്രവൃത്തി ദിവസത്തിലോ, സാധ്യമല്ലെങ്കിൽ, ആഴ്ചയിൽ ഒരിക്കലെങ്കിലും ട്രഷറിയിലേക്ക് അടയ്ക്കണമെന്ന് കേരള ഫിനാൻഷ്യൽ കോഡിന്റെ ഒന്നാം വാല്യത്തിലെ ആർട്ടിക്കിൾ 7 (2)-ൽ അനുശാസിക്കുന്നു.

ഓഫീസ് മേധാവി, തന്റെ ഓഫീസിൽ നിന്നു പൊതുപണം നഷ്ടപ്പെടുകയോ, ധനാപഹരണം നടന്നതായി സംശയിക്കുകയോ ചെയ്യുന്നപക്ഷം, ഉടൻ തന്നെ ഒരു പ്രാഥമിക റിപ്പോർട്ട്, അക്കൗണ്ടന്റ് ജനറലിനും, ഓഫീസ് മേധാവിക്കും അയയ്ക്കുകയും, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് റിപ്പോർട്ട് ചെയ്യുകയും വേണമെന്നും കെഎഫ്സിയുടെ ആർട്ടിക്കിൾ 297 അനുശാസിക്കുന്നു. ഓഫീസ് മേധാവി, കാലതാമസമില്ലാതെ വിഷയം പരിശോധിക്കുകയും നഷ്ടോത്തരവാദിത്തം നിശ്ചയിക്കുകയും ചെയ്യുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുകയും വേണം.

അഗ്രികൾച്ചർ അസിസ്റ്റന്റ് ഡയറക്ടറുടെ (എഡിഎ) ചുമതലയിലുള്ള വലിയതുറ നാളികേര നഴ്സറിയാണ്, കൃഷിഭവനുകൾക്കും കർഷകർക്കും, തിരുവനന്തപുരം വേൾഡ് മാർക്കറ്റിലെ സെയിൽസ് കൗണ്ടർ വഴി തെങ്ങിൻ തൈകൾ വിതരണം ചെയ്തിരുന്നത്. ഗുണഭോക്താക്കൾ പണമായോ ഡിമാൻഡ് ഡ്രാഫ്റ്റായോ അടച്ച വിറ്റുവരവ്, നഴ്സറിയുടെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് (എസ്ടിഎസ്ബി)[98] അക്കൗണ്ടിലേക്കും, ജില്ലാപഞ്ചായത്തിന്റെ (ഡിപി)[99] അക്കൗണ്ടിലേക്കും/ കൃഷി വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലേക്കും[100] ക്രെഡിറ്റ് ചെയ്തതായി കാണപ്പെട്ടു.

---

[98] തിരുവനന്തപുരം കിഴക്കേകോട്ടയിലുള്ള പ്രിൻസിപ്പൽ സബ്- ട്രെഷറിയിൽ സൂക്ഷിക്കുന്ന ട്രെഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട്

[99] 2003 ഫെബ്രുവരി 27-ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിർദ്ദേശപ്രകാരം 2018 ഏപ്രിൽ 22 വരെ

[100] 0401-00-119-99 ഹോർട്ടികൾച്ചർ പച്ചക്കറി വിളകളിൽ നിന്നുമുള്ള രസീതുകൾ

2017-18 മുതൽ 2018-19 വരെയുള്ള കാലയളവിലെ വലിയതുറ നാളികേര നഴ്സറിയുടെ ഓഡിറ്റ്, 2019 ജൂൺ 17 മുതൽ 2019 ജൂൺ 20 വരെയാണ് നടത്തിയത്. ഓഡിറ്റ് സമയത്തു ക്യാഷ് ബുക്ക്, തെങ്ങിൻതൈകളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട ട്രഷറി രസീതുകൾ, എസ്ടിഎസ്ബിയിലേക്കും, ജില്ലാ പഞ്ചായത്ത്/ പദ്ധതിയുടെ അക്കൗണ്ടുകളിലേക്കും പണമടച്ചതിന്റെ വിശദാംശങ്ങൾ എന്നിവയും വിശദമായ പരിശോധനയ്ക്ക് വിധേയമായിരുന്നു. ഇത്, ഇനിപ്പറയുന്ന നിയമവ്യവസ്ഥകളുടെ ലംഘനം വെളിപ്പെടുത്തുകയുണ്ടായി.

- **2017 ഡിസംബർ 23 മുതൽ 2018 ആഗസ്റ്റ് 13 വരെയുള്ള കാലയളവിൽ രണ്ട് എഡിഎ-മാരും ഒരു കൃഷി ഓഫീസറും (എഒ) ആണ് ഓഫീസിന്റെ ചുമതല വഹിച്ചിരുന്നത്. ഈ കാലയളവിൽ, ഉദ്യോഗസ്ഥർ ഒറ്റയ്ക്കാണ് വില്പനയിലൂടെ ലഭിച്ച വരുമാനം ശേഖരിക്കുകയും, ക്യാഷ് ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്തുകയും, കൈപ്പറ്റിയ തുക സാക്ഷ്യപ്പെടുത്തുകയും ചെയ്തിരുന്നത്. ഇത്, കെടിസി-യിലെ വ്യവസ്ഥകൾക്കെതിരായിരുന്നു. ക്യാഷ് ബുക്ക് എഴുതിയ ഉദ്യോഗസ്ഥൻ അല്ലാത്ത ഒരു ഉത്തരവാദിത്തപ്പെട്ട കീഴുദ്യോഗസ്ഥൻ, രേഖപ്പെടുത്തലുകളുടെ/നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പുവരുത്തിയിരുന്നില്ല.**

- **2017 ഡിസംബർ 23 മുതൽ 2018 ആഗസ്റ്റ് 13 വരെയുള്ള (203 ദിവസങ്ങൾ) കാലയളവിൽ, ആകെ ആറ് ദിവസങ്ങളിൽ[101] മാത്രമാണ് തുക അടവാക്കിയിരുന്നത്. ദിവസേനയുള്ള പണശേഖരണം ജില്ലാ പഞ്ചായത്തിലേക്കോ, കൃഷി വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലേക്കോ തിരിച്ചടയ്ക്കുന്നതിനുപകരം, കൈവശം വയ്ക്കുകയാണ് ചെയ്തത്. ഇക്കാലയളവിൽ നടത്തിയ ആറ് തിരിച്ചടവുകളിൽ, മൂന്നെണ്ണം മാത്രമാണ് ജില്ലാ പഞ്ചായത്തിലേക്ക് അടച്ചിരുന്നത്. ബാക്കിയുള്ളവ, സർക്കാർ ഉത്തരവുകൾ ലംഘിച്ചുകൊണ്ട് സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് (എസ്ടിഎസ്ബി) അക്കൗണ്ടിലേക്കാണ്[102] അടച്ചത്. മേൽപ്പറഞ്ഞ കാലയളവിൽ നടത്തിയ രേഖപ്പെടുത്തലുകളിൽ, മേലെഴുത്തുകൾ (നാല് സന്ദർഭങ്ങൾ), വെട്ടിത്തിരുത്തിയ രേഖപ്പെടുത്തലുകൾ (രണ്ട് സന്ദർഭങ്ങൾ), ട്രഷറിയിലേക്ക് പണമടച്ചത് രേഖപ്പെടുത്താത്തത് (രണ്ട് സന്ദർഭങ്ങൾ), വരവുകൾ രേഖപ്പെടുത്താത്തത്/ വൈകി രേഖപ്പെടുത്തിയത് (അഞ്ച് സന്ദർഭങ്ങൾ) എന്നിവ കണ്ടെത്തി.**

- **മുൻ ഉദ്യോഗസ്ഥനിൽ നിന്ന് 2018 ജൂലൈ 26-ന് കൃഷി ഓഫീസർ ചുമതലയേൽക്കുകയും 2018 ആഗസ്റ്റ് 13-ന് രണ്ടാമത്തെ എഡിഎ ചുമതലയേൽക്കുകയും ചെയ്തു. 2018 ജൂലൈ 26-ന് കൃഷി ഓഫീസർ ചുമതലയേറ്റപ്പോൾ, ക്യാഷ് ബുക്ക് പ്രകാരം ₹7,48,673 ആയിരുന്നു പ്രാരംഭ നീക്കിയിരിപ്പ്. എന്നാൽ, ചുമതല എൽക്കുകയും ഒഴിയുകയും ചെയ്ത ഉദ്യോഗസ്ഥർ, സംയുക്തമായി ഭൗതിക പരിശോധന നടത്തി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയ നീക്കിയിരിപ്പ് സാക്ഷ്യപ്പെടുത്തിയില്ല.**

ദിവസേനയുള്ള ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിനായി നിഷ്കർഷിക്കപ്പെട്ട നടപടിക്രമങ്ങൾ പാലിക്കാത്തത് ഓഡിറ്റ് ചെയ്ത യൂണിറ്റിൽ കണ്ടെത്തിയതിനാൽ, 2016

---

[101] 2018 ജനുവരി 09-നും, 2018 ഫെബ്രുവരി 16-നും, 2018 ജൂൺ 02-നും, 2018 ജൂലൈ 13-നും, 2018 ജൂലൈ 18-നും, 2018 ആഗസ്റ്റ് 02-നും

[102] കിഴക്കേകോട്ട പ്രിൻസിപ്പൽ സബ്-ട്രഷറിയിൽ സൂക്ഷിക്കുന്ന ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം. 701021400000024

ഏപ്രിൽ 1 മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിലെ ക്യാഷ് ബുക്കിലുള്ള രേഖപ്പെടുത്തലുകളുടെ ഒരു സമഗ്രമായ പരിശോധന ഓഡിറ്റ് ഏറ്റെടുക്കുകയുണ്ടായി (2021 ഫെബ്രുവരി). 2017 ഡിസംബർ 23 മുതൽ 2018 ആഗസ്റ്റ് 13 വരെയുള്ള കാലയളവിൽ, തെങ്ങിൻതൈകളുടെ വില്പനയിലൂടെ ലഭിച്ച വരവുകൾ ഭാഗികമായി മാത്രമാണ് എസ്ടിഎസ്ബി/ ഡിപി അക്കൗണ്ടിലേക്ക് അടച്ചതെന്ന് പരിശോധനയിൽ വെളിപ്പെട്ടത്, ചുവടെയുള്ള പട്ടിക 4.1-ൽ കാണിച്ചിരിക്കുന്നു.

പട്ടിക 4.1: 2017 ഡിസംബർ 23 മുതൽ 2018 ആഗസ്റ്റ് 13 വരെയുള്ള കാലയളവിൽ തുകകൾ അടച്ചതിന്റെ വിശദാംശങ്ങൾ

(₹ കോടിയിൽ)

പണമായി കൈപ്പറ്റിയ ആകെത്തുക	എസ്ടിഎസ്ബി/ ഡിപി/ കൃഷി അക്കൗണ്ടിലേക്ക് അടച്ച ആകെത്തുക	13.08.2018-ൽ കൈവശം ഉള്ള പണം	അടച്ച തുകയിലെ കുറവ്
1	2	3	4 (1-2-3)
9,26,655	7,37,009	61,510	1,28,136

(ഉറവിടം: നാളികേര നഴ്സറിയിലെ രേഖകൾ)

2018 ആഗസ്റ്റ് 13-ന് രണ്ടാമത്തെ എഡിഎ ചുമതലയേൽക്കുമ്പോൾ, വരവുകൾ പ്രകാരമുള്ള യഥാർത്ഥ നീക്കിയിരിപ്പ് ₹1,89,646[103] ആയിരിക്കേണ്ടിടത്ത്, ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയ നീക്കിയിരിപ്പ് ₹8,20,466 ആയിരുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ചുമതലയേറ്റ എഡിഎ, ഭൗതികമായ നീക്കിയിരിപ്പും ക്യാഷ് ബുക്കിലെ രേഖകളുമായുള്ള പൊരുത്തക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടും, വകുപ്പ് മേധാവി/ അക്കൗണ്ടന്റ് ജനറലിനെ അറിയിക്കുകയോ, കെഎഫ്സിയുടെ ആർട്ടിക്കിൾ 297-ൽ പറഞ്ഞപ്രകാരം, ഇക്കാര്യത്തിലുള്ള കൂടുതൽ അന്വേഷണങ്ങൾക്കായി നടപടി സ്വീകരിക്കുകയോ ചെയ്തില്ല.

അടച്ച തുകയിലെ കുറവിനെപ്പറ്റി ഓഡിറ്റ് ചൂണ്ടിക്കാട്ടിയപ്പോൾ (2019 ജൂലൈ, 2021 മേയ്[104]), പ്രസ്തുത കാലയളവുമായി ബന്ധപ്പെട്ട എല്ലാ വരവുകളും ₹1,697,60[105]-ന്റെയും ₹9,02,516[106]-ന്റെയും രണ്ട് ബൾക്ക് ക്രെഡിറ്റുകളായി, 2019 ആഗസ്റ്റ് 02-ലും, 2019 ആഗസ്റ്റ് 31-ലും ഡിപി/ ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് അടച്ചിട്ടുണ്ടെന്ന് കൃഷി ഓഫീസർ മറുപടി നൽകി (2023 ഫെബ്രുവരി).

ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് അടച്ച തുകയിലെ കുറവ് ഈടാക്കുന്നതിനുപകരം, മേൽപ്പറഞ്ഞ രണ്ടു ക്രെഡിറ്റുകളും എസ്ടിഎസ്ബി അക്കൗണ്ടിലെ ബാക്കി തുകയിൽ നിന്നാണ് നടത്തിയത്. നിയമ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട്, ജില്ലാ പഞ്ചായത്ത്/ സർക്കാരിന്റെ ഉചിതമായ ഹെഡ് ഓഫ് അക്കൗണ്ടുകളിലേക്ക് തുക ക്രെഡിറ്റ് ചെയ്യാതെ, ഒന്നര വർഷമായി എസ്ടിഎസ്ബിയിൽ ഫണ്ടുകൾ ക്രമരഹിതമായി സൂക്ഷിക്കുന്നത് വെളിപ്പെട്ടു.

ഓഡിറ്റിന്റെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ ആഭ്യന്തര ഓഡിറ്റ് നടത്തുകയും ഇതുപ്രകാരം എസ്ടിഎസ്ബി അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്ത തുകകൾ, കൃത്യമായി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നതിലെ കാലതാമസമാണ് സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്തതായ ഓഡിറ്റിന്റെ കണ്ടെത്തലിന്

---

[103] ₹61,510 (കൈവശം ഉള്ള തുക)+ ₹128136

[104] സർക്കാരിന് പരിശോധന റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സും നൽകിയ തീയതികൾ

[105] 2018 ഫെബ്രുവരി 05 മുതൽ 2018 ഏപ്രിൽ 10 വരെയുള്ള കാലയളവുമായി ബന്ധപ്പെട്ട വരവുകൾ

[106] 2018 ഏപ്രിൽ 23 മുതൽ 2019 ജൂൺ 27 വരെയുള്ള കാലയളവുമായി ബന്ധപ്പെട്ട വരവുകൾ

കാരണമായതെന്നും സർക്കാരിന് നൽകേണ്ട മുഴുവൻ തുകയും പിന്നീട് കൃത്യമായി തീർപ്പാക്കിയിട്ടുണ്ടെന്നും സർക്കാർ മറുപടി[107] നൽകി (2023 ഡിസംബർ).

എസ്ടിഎസ്ബി അക്കൗണ്ടിലേക്ക് നടത്തിയ ഓരോ ക്രെഡിറ്റും, നാളികേര നഴ്സറിയുടെ ടി ആർ 5 രസീതുകളുമായി ഓഡിറ്റ് ഒത്തുനോക്കുകയും (2024 ജനുവരി), അടച്ച തുകയിലെ കുറവുമായി ബന്ധപ്പെട്ട രസീതുകളുമായി ഒരു ക്രെഡിറ്റിനെയും ബന്ധിപ്പിക്കാൻ കഴിയില്ലെന്ന് സ്ഥിരീകരിക്കുകയും ചെയ്തതിനാൽ, സർക്കാരിന്റെ വാദം അംഗീകരിക്കാനാകില്ല. ദുരുപയോഗം ചെയ്ത തുക, ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് ഈടാക്കുന്നതിനുപകരം, വിവിധ സ്രോതസ്സുകളിൽനിന്ന് എസ്ടിഎസ്ബി അക്കൗണ്ടിലേക്ക് വന്നു ചേരുന്ന സർക്കാർ പണം ഉപയോഗിച്ച് അധികാരികൾ നഷ്ടം നികത്തിയത് പ്രകടമായ നിയമ ലംഘനമാണ്.

സർക്കാരിന്റെ അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യാതെ, ₹1.28 ലക്ഷം അനധികൃതമായി കൈവശം വച്ചതായി ഡയറക്ടറേറ്റ് നടത്തിയ അന്വേഷണത്തിൽ സ്ഥിരീകരിച്ചെന്നും, ഇത് ഓഡിറ്റ് നിരീക്ഷിച്ചതുപോലെ ഗുരുതരമായ പണത്തിന്റെ ദുരുപയോഗത്തിലേക്ക് നയിച്ചെന്നും സർക്കാർ മറുപടി നൽകി (2024 മാർച്ച്). അടച്ച തുകയിലെ കുറവ് ഈടാക്കുന്നതിനായി എഡിഎ-യ്ക്കെതിരെ നടപടി ആരംഭിക്കുമെന്നും, ഓഡിറ്റിന്റെ കണ്ടെത്തലുകൾ തെറ്റായി വ്യാഖ്യാനിച്ചതിന് പിഎഒ-യുടെ ആഭ്യന്തര ഓഡിറ്റ് വിഭാഗത്തിൽ നിന്ന് വിശദീകരണം ആവശ്യപ്പെടുമെന്നും അറിയിച്ചു.

ക്യാഷ് ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്തുന്നതും, ഉചിതമായ അക്കൗണ്ട് ശീർഷകങ്ങളിലേക്കുള്ള കൃത്യമായ അടവുകളിലും ഉണ്ടായ വ്യവസ്ഥാപരമായ പോരായ്മകളും, ഒരു ഉദ്യോഗസ്ഥൻ തന്നെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തലുകൾ സ്ഥിരീകരിക്കുന്നതിലും സാക്ഷ്യപ്പെടുത്തുന്നതിലുമുള്ള ഗുരുതരമായ വീഴ്ചയും നാളികേര നഴ്സറിയിലെ ധനാപഹരണത്തിലേക്ക് നയിച്ചു. കൂടാതെ, അപഹരിച്ച തുക, ബന്ധപ്പെട്ട അധികൃതർ, സർക്കാർ തുകകൊണ്ട് തിരിച്ചടച്ചത് ദുർബലമായ ആന്തരിക നിയന്ത്രണത്തെ സൂചിപ്പിക്കുന്നു. വിഷയത്തിൽ അന്വേഷണം നടത്തുകയും, ഇക്കാലയളവിൽ ചുമതല വഹിച്ച ഉദ്യോഗസ്ഥരുടെമേൽ ഉത്തരവാദിത്തം ചുമത്തുകയും, ദുരുപയോഗം ചെയ്ത തുക, കുറ്റക്കാരിൽനിന്നും ഈടാക്കുകയും ചെയ്യേണ്ടതുണ്ട്.

ശിപാർശ:

കേരള ട്രഷറി കോഡിലും കേരള ഫിനാൻഷ്യൽ കോഡിലും ഉള്ള നിയമവ്യവസ്ഥകൾ ദൈനംദിന പണമിടപാടുകളിൽ പാലിക്കപ്പെടുന്നുണ്ടെന്ന് ഓഫീസ് മേലധികാരികൾ കൃത്യമായി നിരീക്ഷിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തണം. ധനാപഹരണം ഒഴിവാക്കുന്നതിനായി ദുർബ്ബലമായ ആന്തരിക നിയന്ത്രണ സംവിധാനങ്ങൾ അടിയന്തിരമായി മെച്ചപ്പെടുത്തേണ്ടതാണ്.

[107] സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സിനു നൽകിയ മറുപടി

നിഷ്ഫല ചെലവ്

ഉന്നത വിദ്യാഭ്യാസ വകുപ്പ്

4.2. രണ്ടു കെട്ടിടങ്ങൾക്കായുള്ള നിഷ്ഫല ചെലവും തത്ഫലമായുള്ള ഉപകരണങ്ങളുടെ നിഷ്ക്രിയത്വവും

കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിലെ ഏകോപനമില്ലായ്മയും, കാര്യക്ഷമമായ നിരീക്ഷണത്തിന്റെ അഭാവവും മൂലം രണ്ടു കെട്ടിടങ്ങൾക്കായി ₹15.03 കോടിയുടെ നിഷ്ഫലമായ ചെലവും, ഉപകരണങ്ങൾക്കായി ചെലവാക്കിയ ₹5.05 കോടിയുടെ നിഷ്ക്രിയ നിക്ഷേപവും ഉണ്ടായി.

കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം (കെഎസ്എസ്ടിഎം) ഡയറക്ടറുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, i) കോട്ടയത്തെ കേരള സയൻസ് സിറ്റിയുടെ[108] (കെഎസ്സി) ഭാഗമായി സ്പേസ് തിയേറ്റർ, ii) ചാലക്കുടിയിലെ റീജിയണൽ സയൻസ് സെന്ററിന്റെ ഭാഗമായി (ആർഎസ്സി) പ്ലാനറ്റോറിയം എന്നീ രണ്ട് പദ്ധതികൾ സ്ഥാപിക്കുന്നതിന് കേരള സർക്കാർ ₹28 കോടിയുടെ ഭരണാനുമതി[109] നൽകി. കെഎസ്എസ്ടിഎമ്മിന്റെ ഫലപ്രദമായ ആസൂത്രണത്തിന്റെയും മേൽനോട്ടത്തിന്റെയും അഭാവവും വൈദഗ്ധ്യക്കുറവും, പരിചയക്കുറവും മൂലം സ്പേസ് തിയേറ്ററോ, ആർഎസ്സിയോ പ്രവർത്തനക്ഷമമാക്കാൻ സാധിച്ചില്ലെന്നും, അതുവഴി ചുവടെ ചർച്ച ചെയ്യുന്ന പ്രകാരം ₹20.08 കോടിയുടെ നിഷ്ക്രിയ നിക്ഷേപത്തിന് കാരണമായെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

4.2.1. കോട്ടയത്തെ കേരള സയൻസ് സിറ്റിയിലെ സ്പേസ് തിയേറ്റർ

സ്പേസ് തിയേറ്ററിന്റെ[110] വാസ്തുവിദ്യാ-ഘടനാപരമായ കൺസൾട്ടന്റാകേണ്ടിയിരുന്ന ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പുമായി (എച്ച്ടിജി) കെഎസ്എസ്ടിഎം ഡയറക്ടർ കരാറിലേർപ്പെട്ടു (2014 സെപ്റ്റംബർ). പദ്ധതിയുടെ ഓരോ ഘടകത്തിന്റെയും ഡിസൈനുകൾ, ടെൻഡർ ഡ്രോയിങ്ങുകൾ, സ്പെസിഫിക്കേഷനുകൾ, പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് എന്നിവ എച്ച്ടിജി തയ്യാറാക്കുകയും, 2015 ഏപ്രിലിൽ കെഎസ്എസ്ടിഎമ്മിന് സമർപ്പിക്കുകയും ചെയ്തു. എച്ച്ടിജി തയ്യാറാക്കിയ സ്പേസ് തിയേറ്റർ കെട്ടിടത്തിന്റെ രൂപരേഖയുടെ പ്രൂഫ് ചെക്കിംഗിനായി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ഐഐടി) ചെന്നൈയെ, കെഎസ്എസ്ടിഎം ഡയറക്ടർ ചുമതലപ്പെടുത്തി (2014 നവംബർ). പ്രസ്തുത പ്രവൃത്തിയുടെ പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി (പിഎംസി), മെസ്സേഴ്സ് ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡിനെ (എച്ച്എൽഎൽ) ഏൽപ്പിച്ചു (2015 ഫെബ്രുവരി). 2015 ജൂലൈയിൽ പ്രവൃത്തി സ്ഥലം എച്ച്എൽഎല്ലിന് കൈമാറുകയും, 2016 ഒക്ടോബറോടെ പ്രവൃത്തി പൂർത്തീകരിക്കാൻ നിശ്ചയിക്കുകയും ചെയ്തു.

108 സയൻസ് സെന്റർ, പ്ലാനറ്റോറിയം, ഫുൾ ഡോം ഡിജിറ്റൽ തിയേറ്റർ, എഡ്യുടെയിൻമെന്റ് ഘടകങ്ങൾ, കഫെറ്റീരിയ മുതലായവ കെഎസ്സി യുടെ ഘടകങ്ങളിൽ ഉൾപ്പെടുന്നു.

109 കോട്ടയത്തെ കെഎസ്സിയ്ക്ക് 2013 ഡിസംബർ 12-നും ചാലക്കുടിയിലെ ആർഎസ്സിയ്ക്ക് 2015 ജൂലൈ 13-നും

110 പ്ലാനറ്റോറിയവും സ്പേസ് ഗാലറിയും ഉൾപ്പെടുന്നു

2018 ആഗസ്റ്റ് വരെ ആവർത്തിച്ചു സമയപരിധി നീട്ടിനൽകിയിട്ടും സ്പേസ് തിയേറ്ററിന് ചുറ്റുമുള്ള അലങ്കാരനിർമിതിയുടെ ക്യാപ് ബ്രിമ്മിലുള്ള[111] മൈക്രോ കോൺക്രീറ്റിംഗ്[112] നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതെ, അപൂർണ്ണമായി തുടരുന്നു (2024 സെപ്റ്റംബർ). തുടക്കത്തിൽ, രൂപരേഖ ഐഐടി ചെന്നൈയിലേക്ക് പരിശോധനയ്ക്കായി അയച്ചപ്പോൾ, ക്യാപ് ബ്രിമ്മിന്റെ പൂർത്തീകരണത്തിൽ മൈക്രോ കോൺക്രീറ്റിംഗ് ഉപയോഗിക്കുന്നതിനുള്ള സാങ്കേതിക തടസ്സം അറിയിക്കുകയുണ്ടായി. സാങ്കേതിക സമിതിയംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ നടത്തിയ മോക്ക് മൈക്രോ കോൺക്രീറ്റിംഗ് (2017 ജനുവരി) പരാജയപ്പെടുകയും ചെയ്തു. നിർമിതിയുടെ മൈക്രോ കോൺക്രീറ്റിംഗ് നടപ്പാക്കുന്നതിലെ തടസ്സങ്ങൾ മനസ്സിലാക്കിക്കൊണ്ട്, എച്ച്ടിജി ഒരു ഇതര മെറ്റീരിയൽ നിർദ്ദേശിച്ചെങ്കിലും (2017 ഫെബ്രുവരി), അതിനും ഡയറക്ടറുടെ അംഗീകാരം ലഭിച്ചില്ല.

തുടർന്ന് മൈക്രോ കോൺക്രീറ്റിംഗുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കുന്നതിനും, സാധ്യമായ മറ്റു ഡിസൈനുകൾ ലഭിക്കുന്നതിനുമായി കെഎസ്എസ്ടിഎം, ചെന്നൈ ഐഐടി യിൽ നിന്നും വിരമിച്ച ഒരു പ്രൊഫസ്സറുടെ സാങ്കേതിക വൈദഗ്ധ്യം തേടി (2017 ഒക്ടോബർ). ഭാരമേറിയ ക്യാന്റിലിവർ[113] ക്യാപ് ബ്രിമ്മുകളെ പിന്തുണയ്ക്കുന്ന സ്റ്റീൽ ട്രസ്സുകൾ തുരുമ്പെടുക്കാനുള്ള സാധ്യത തള്ളിക്കളയാനാകില്ലെന്ന് കെഎസ്എസ് ടിഎം നിയോഗിച്ച സാങ്കേതിക വിദഗ്ധൻ അഭിപ്രായപ്പെട്ടിരുന്നു. ക്യാപ് ബ്രിമ്മുകളുടെ മുകളിലും താഴെയുമുള്ള പാളികൾക്കിടയിലുള്ള ശൂന്യമായ സ്ഥലത്തിനുള്ളിൽ ഘടിപ്പിച്ചിരിക്കുന്ന ട്രസ്സുകളിലേക്ക് പ്രവേശനം സാധ്യമല്ലാത്തതിനാൽ, അവയുടെ ഘടനാപരമായ സ്ഥിരതയും പരിപാലനവും ഉറപ്പുവരുത്തുന്നത് വളരെ പ്രയാസകരമായിരിക്കും.

രേഖകളുടെ പരിശോധനയിലും ഓഡിറ്റിന്റെ സംയുക്ത ഭൗതിക പരിശോധന (2019 ഒക്ടോബർ) നടത്തിയപ്പോഴും, 2018-19 കാലയളവിൽ പ്രവൃത്തിയിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ലെന്നും, മൈക്രോ കോൺക്രീറ്റ് ചെയ്ത ഭാഗം തുറസ്സായ നിലയിലായതിനാൽ തുരുമ്പെടുക്കുന്ന അവസ്ഥയിലാണെന്നും കണ്ടെത്തി. 2019 നവംബറിൽ ചുമതലയേറ്റ പുതിയ സാങ്കേതിക സമിതിയുടെ നിർദ്ദേശപ്രകാരം, മൈക്രോ കോൺക്രീറ്റിംഗ് സ്ട്രക്ചറിന്റെ പ്രധാന ഫ്രെയിമും സബ് ഫ്രെയിമുകളും സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി 2020 ഫെബ്രുവരിയോടെ ആരംഭിച്ച്, 2020-ന്റെ അവസാന ഭാഗത്തോടെ പൂർത്തിയാകുകയും ചെയ്തു. എന്നാൽ, 2015 സെപ്റ്റംബറിൽ പ്രവൃത്തിക്കായി എച്ച്ടിജി ചുമതലപ്പെടുത്തിയ കരാറുകാരന്[114] മൈക്രോ കോൺക്രീറ്റിംഗിൽ മതിയായ പരിചയമില്ലായിരുന്നുവെന്ന് കെഎസ്എസ്ടിഎം ഓഡിറ്റിനെ അറിയിച്ചു (2022 ജൂൺ). പ്രവൃത്തി നടപ്പാക്കുന്നതിൽ കരാറുകാരന് കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകാൻ പിഎംസി-യ്ക്കും, എച്ച്ടിജി-യ്ക്കും കഴിഞ്ഞില്ല.

2023 ഫെബ്രുവരിയിൽ കെഎസ്എസ്ടിഎമ്മിലെ എഞ്ചിനീയർമാരുമായി ഏറ്റവുമൊടുവിൽ നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ മൈക്രോ കോൺക്രീറ്റിംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ മൂലമാണ് ₹13.16 കോടി ചെലവഴിച്ചിട്ടും സ്പേസ് തിയേറ്റർ കെട്ടിടത്തിന്റെ നിർമ്മാണം അപൂർണ്ണമായി

---

111 കെട്ടിടത്തിന്റെ തുറന്ന ഭാഗത്തെ വെയിൽ, മഴ മുതലായവയിൽ നിന്നും ക്യാപ് ബ്രിം സംരക്ഷിക്കുന്നു. മൂടപ്പെട്ട ഡെക്കിംഗ് പ്ലേറ്റിനുമുകളിലായി ഒരു ക്ലാഡിങ്/ ഫിനിഷിങ് മെറ്റീരിയലായി അത് വർത്തിക്കുന്നു.

112 യഥാർത്ഥ കോൺക്രീറ്റിനേക്കാൾ കുറഞ്ഞ ഭാരത്തിലും ചെലവിലും, എന്നാൽ കോൺക്രീറ്റിന്റെ രൂപവും ഭാവവും നൽകുന്നതിനായി ടൈൽ, തടി എന്നിവയിൽ പ്രയോഗിക്കുന്ന, സിമന്റ് അടിസ്ഥാനമാക്കിയുള്ള കോട്ടിംഗാണ് മൈക്രോ കോൺക്രീറ്റ്.

113 തിരശ്ചീനമായി നീളുന്നതും, ഒരറ്റത്തു പിന്തുണയില്ലാത്തതുമായ ഒരു ഉറപ്പുള്ള നിർമിതി.

114 മെസ്സേഴ്സ് കറുത്തേടത്ത് കൺസ്ട്രക്ഷൻസ്

തുടരുന്നതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. മൈക്രോ കോൺക്രീറ്റിംഗ് ചെയ്യുന്നതിനായുള്ള സ്റ്റീൽ പൈപ്പുകൾ ഉപയോഗിച്ചുകൊണ്ട് ക്യാന്റി ലിവർ ഫ്രെയിമുകൾ സ്ഥാപിച്ചിരുന്നു. ഗോപുര നിർമ്മാണം, ഇന്റീരിയർ വർക്കുകൾ, ഫിനിഷിങ് വർക്കുകൾ, പ്രൊജക്ടറുകൾ ഉൾപ്പടെയുള്ള പ്ലാനറ്റോറിയം ഉപകരണങ്ങളുടെ സ്ഥാപിക്കൽ തുടങ്ങിയ അധിക ജോലികളും പൂർത്തീകരിക്കാതെ അവശേഷിച്ചിരുന്നു.



ചിത്രം 4.1: ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തയ്യാറാക്കിയ, മൈക്രോ കോൺക്രീറ്റ് ഉപയോഗിച്ചു നിർമ്മിച്ച ക്യാപ് ബ്രിമ്മുകളോടു കൂടിയ സ്പേസ് തിയേറ്ററിന്റെ വാസ്തുവിദ്യാ രൂപരേഖ

ചിത്രം 4.2: കോട്ടയത്തുള്ള സ്പേസ് തിയേറ്ററിന്റെ അപൂർണ്ണ ഘടന, 2023 ഫെബ്രുവരി 24-ന് ഓഡിറ്റ് പാർട്ടി എടുത്ത ചിത്രം

കെട്ടിടത്തിന്റെ ചട്ടക്കൂട് സ്ഥാപിച്ചശേഷം രൂപംകൊണ്ട നിർമിതിയെ മൈക്രോ കോൺക്രീറ്റു ചെയ്തുകൊണ്ട്, വാസ്തുവിദ്യാ രൂപരേഖയിൽ വിഭാവനം ചെയ്ത നിർമിതിയാക്കി മാറ്റാൻ കഴിയില്ലെന്ന് കെഎസ്എസ്ടിഎം ഡയറക്ടർ പ്രസ്താവിച്ചു. കൂടാതെ, സ്പേസ് തിയേറ്ററിന്റെ നിർമ്മാണം സ്തംഭിച്ച അവസ്ഥയിലായിരുന്നിട്ടും, 2019 ഫെബ്രുവരിയിൽ മെസ്സേഴ്സ് കാൾ സെയിസ്സിൽ നിന്നും ₹1.87 കോടി ചെലവുവരുന്ന സങ്കീർണ്ണവും സൂക്ഷ്മവുമായ പ്രൊജക്ഷൻ ഡോമിന്റെ ഏറ്റെടുക്കൽ നടപടികൾ കെഎസ്എസ്ടിഎം സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടു. അങ്ങനെ, ക്യാപ് ബ്രിമ്മിന്റെ മൈക്രോ കോൺക്രീറ്റിംഗ് ചെയ്യുന്നതിൽ ശരിയായ തീരുമാനമെടുക്കാൻ കെഎസ്എസ് ടിഎം, എച്ച്എൽഎൽ, എച്ച്ടിജി എന്നിവർക്ക് കഴിയാത്തത് മൂലം സ്പേസ് തിയേറ്ററിന്റെ നിർമ്മാണ പ്രവൃത്തി അപൂർണ്ണമായി തുടരുന്നു.

4.2.2. ചാലക്കുടി റീജിയണൽ സയൻസ് സെന്ററിലെ പ്ലാനറ്റോറിയം കെട്ടിടം

തൃശ്ശൂർ ചാലക്കുടിയിലെ ആർഎസ്സിയിൽ പ്ലാനറ്റോറിയം കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനത്തിനായി, 13 മാസം സമയപരിധിയിൽ, എച്ച്ടിജിയുമായി കെഎസ്എസ്ടിഎം ഡയറക്ടർ ഒരു കരാറിൽ ഏർപ്പെട്ടു (2017 മാർച്ച്). 2017 മേയിൽ, സ്ഥലം എച്ച്ടിജിക്ക് കൈമാറി. രൂപരേഖയിലെ മാറ്റം, കുംഭഗോപുരത്തിന്റെ ഘടനയിൽ തിരശ്ചീനത്തിൽനിന്നും ചരിഞ്ഞ നിലയിലേക്കുള്ള പരിഷ്കരണങ്ങൾ, പുതുക്കിയ രൂപരേഖയ്ക്ക് കെഎസ്എസ്ടിഎമ്മിൽ നിന്നും അനുമതി ലഭിക്കാനുള്ള കാലതാമസം, തുടങ്ങിയവമൂലം പ്ലാനറ്റോറിയം കെട്ടിടത്തിന്റെ പൂർത്തീകരണത്തീയതി പല തവണ നീട്ടിയതായി ഓഡിറ്റ് നിരീക്ഷിച്ചു.

തുടക്കത്തിൽ, 15 മീറ്റർ വ്യാസമുള്ള തിരശ്ചീനമായ കുംഭഗോപുരം ഉൾക്കൊള്ളുന്ന തരത്തിലാണ് നിർമ്മാണം ആസൂത്രണം ചെയ്തത്. നിർമ്മാണം മേൽക്കൂരയുടെ നിലയിൽ എത്തിയപ്പോൾ, തിരശ്ചീനമായ കുംഭഗോപുരത്തെ ചരിഞ്ഞ നിലയിലേക്ക് മാറ്റുകയുണ്ടായി. അങ്ങനെ, യഥാർത്ഥത്തിൽ 10 മീറ്റർ ഉയരത്തിൽ ആസൂത്രണം ചെയ്ത

ഗോപുരം, **11.5** മീറ്ററായി ഉയർത്തുകയും ഘടനാപരമായ രൂപരേഖയിൽ മാറ്റം വരുത്താതെ കോൺക്രീറ്റിംഗ് ചെയ്യുകയും ചെയ്തു. പ്രവൃത്തിയുടെയും എസ്റ്റിമേറ്റിന്റെയും യഥാർത്ഥ ഷെഡ്യൂൾ അനുസരിച്ച് കോൺക്രീറ്റിംഗിനുശേഷം ഗോപുരനിർമിതിയെ കോൺക്രീറ്റിനുമുകളിൽ സിമന്റ് മോർട്ടാർ ഉപയോഗിച്ചു പ്ലാസ്റ്റർ ചെയ്യുകയും ശേഷം വാട്ടർ പ്രൂഫിംഗ് ചെയ്യേണ്ടതുമായിരുന്നു. എന്നാൽ ഗോപുരനിർമിതിയുടെ വാട്ടർ പ്രൂഫിംഗ് ജോലികൾ പ്ലാസ്റ്ററിങ്ങിനു മുൻപ് നടത്തിയതായി[115] കാണപ്പെട്ടു.

2019 ജൂണിലെ മൺസൂണിൽ പെയ്ത കനത്ത മഴയിൽ, കുംഭഗോപുരത്തിന്റെ നിർമ്മാണ സന്ധികളിലൂടെ ഗണ്യമായ വെള്ളമൊഴുക്കുണ്ടായിരുന്നു. കെഎസ്എസ്ടിഎമ്മിന്റെ അന്നത്തെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശിച്ചത് (**2019** ജൂൺ), പ്ലാസ്റ്ററിങ്ങും വാട്ടർ പ്രൂഫിംഗും നടത്തിയ ശേഷം മാത്രം അണ്ടർഡെക്ക് അക്കോസ്റ്റിക് ജോലികൾ ഏറ്റെടുക്കാനായിരുന്നു. കാരണം, കീഴ്ഭാഗം മൂടിയാൽ വെള്ളം ഒലിച്ചിറങ്ങുന്ന സ്ഥലം കൃത്യമായി കാണാനാകില്ല. എന്നാൽ, ഈ സാങ്കേതിക ഉപദേശം അവഗണിച്ചുകൊണ്ട് അന്നത്തെ കെഎസ്എസ്ടിഎം ഡയറക്ടർ അക്കോസ്റ്റിക് പാനലിംഗുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചു. എച്ച്ടിജിക്കു നൽകിയ പ്രധാന പ്രവൃത്തിയിൽ അക്കോസ്റ്റിക് പാനലിംഗ് ഉൾപ്പെട്ടിരുന്നെങ്കിലും കാരണങ്ങളൊന്നും കൂടാതെ, ഡയറക്ടർ പ്രവൃത്തി മറ്റൊരു എജൻസിയെ[116] ഏല്പിച്ചു (**2020** ഫെബ്രുവരി) തന്മൂലം **₹5.24** ലക്ഷത്തിന്റെ[117] അധികച്ചെലവ് സൃഷ്ടിക്കപ്പെട്ടതായി ഓഡിറ്റ് നിരീക്ഷിച്ചു. **2020** ഒക്ടോബറിൽ മാത്രമാണ് എച്ച്ടിജി, കോൺക്രീറ്റ് പ്രതലത്തിനു മുകളിലുള്ള ഗോപുരത്തിന്റെ പ്ലാസ്റ്ററിംഗ് നടത്തിയത്. **2021** ജനുവരിയിൽ, **₹1.87** കോടി ചെലവഴിച്ചുകൊണ്ട് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായതായി റിപ്പോർട്ട് ചെയ്തു. എന്നാൽ, **2021** ജൂലൈ-ആഗസ്റ്റിലെ മഴയിൽ ഗോപുരത്തിൽ നിന്ന് ശക്തമായ ചോർച്ചയുണ്ടാകുകയും, കെട്ടിടം പ്രവർത്തനമാരംഭിക്കാതെ നിലകൊള്ളുകയും ചെയ്തു.

തുടർച്ചയായ ചോർച്ചയും, ഗോപുരത്തിലെ ഈർപ്പവും മൂലം, കെട്ടിടം കെഎസ്എസ്ടിഎമ്മിന് കൈമാറാൻ കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റും കെഎസ്എസ്ടിഎം അസിസ്റ്റന്റ് ഡയറക്ടറും ചേർന്ന് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ (**2023** ഫെബ്രുവരി) വെളിപ്പെട്ടു. ഗോപുരത്തിന്റെ പുറംഭാഗത്തെ സിമന്റ് പ്ലാസ്റ്ററിംഗ് പൊട്ടിപ്പൊളിയുകയും കേടാകുകയും ചെയ്തു. പ്ലാനറ്റോറിയത്തിനുള്ളിൽ ഘടിപ്പിച്ച സൗണ്ട് പ്രൂഫ് സാമഗ്രികൾ, ഒലിച്ചിറങ്ങുന്ന വെള്ളവുമായുള്ള സമ്പർക്കത്തിൽ കേടായതായി കാണപ്പെട്ടു. യു എസ് എ യിൽ നിന്നും ഇറക്കുമതി ചെയ്ത ചരിഞ്ഞ ഗോപുരം (**₹78.32** ലക്ഷം), ഫ്രാൻസിൽ നിന്നുള്ള പ്രൊജക്ടർ (**₹2.40** കോടി), പ്ലാനറ്റോറിയത്തിൽ ഘടിപ്പിക്കാനുള്ള ഇരിപ്പിടങ്ങൾ ഉൾപ്പടെയുള്ള വിലകൂടിയ ഉപകരണങ്ങൾ പ്ലാനറ്റോറിയം കെട്ടിടത്തിലും, ഗാലറി കെട്ടിടത്തിലും കഫെറ്റീരിയ കെട്ടിടത്തിലുമായി അടുക്കിവച്ചനിലയിൽ കാണപ്പെട്ടു.

പ്രവൃത്തികൾ നിർവ്വഹിക്കുന്നതിലെ ഏകോപനമില്ലായ്മ, ബന്ധപ്പെട്ട ഏജൻസികൾ തമ്മിലുള്ള സഹവർത്തിത്വം ഉറപ്പാക്കുന്നതിലെ പരാജയം, കെഎസ്എസ്ടിഎമ്മിന്റെ ഭാഗത്തുനിന്നും ഘട്ടം ഘട്ടമായുള്ള നിരീക്ഷണത്തിന്റെ അഭാവം, എന്നിവ മൂലം

---

[115] **2019** ഒക്ടോബർ

[116] മെസ്സേഴ്സ് ആർട്ടിസൻസ് ഡെവലപ്മെൻറ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (ആർട്കോ) ആലപ്പുഴ

[117] ആർട്കോ മുഖാന്തിരം ഗോപുരത്തിന്റെ അക്കോസ്റ്റിക് പാനലിംഗിനായി **₹7.86** ലക്ഷം കെഎസ്എസ്ടിഎം ചെലവഴിച്ചു, എന്നാൽ അളവിന്റെ അംഗീകൃത ഷെഡ്യൂൾ പിന്തുടർന്നിരുന്നുവെങ്കിൽ ഈ ഇനത്തിന്റെ ചെലവ് **₹2.62** ലക്ഷമായിരുന്നേനെ.

നിർമ്മിച്ച കെട്ടിടങ്ങൾ, ഉദ്ദേശിച്ച രീതിയിൽ ഉപയോഗിക്കാൻ സാധിച്ചില്ലെന്ന് മേൽപ്പറഞ്ഞ രണ്ടു സംഭവങ്ങളിൽനിന്നും കാണാൻ സാധിക്കും. പ്രവൃത്തിയുടെ പുരോഗതിക്കു മേൽനോട്ടം വഹിക്കുകയും, ഉദ്ദേശിച്ച ഫലം കൈവരിക്കുന്നതിനായി സമയബന്ധിതമായി അത് പൂർത്തിയായെന്നുറപ്പുവരുത്തുകയും ചെയ്യേണ്ടിയിരുന്നത് കെഎസ്എസ്ടിഎമ്മാണ്. കെട്ടിടങ്ങൾ പ്രവർത്തനനിരതമാകാതിരുന്നിട്ടും, ഉപകരണങ്ങൾ വാങ്ങുന്നതിലുണ്ടായ അനാവശ്യ തിടുക്കം, ഉയർന്ന വിലയുള്ള ഇറക്കുമതി ചെയ്ത ഉപകരണങ്ങൾ അഞ്ചു വർഷത്തിലേറെയായി ഉപയോഗശൂന്യമായി കിടക്കാൻ കാരണമായി. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള അനാസ്ഥയുടെയും നിഷ്ക്രിയത്വത്തിന്റെയും ഉത്തരവാദിത്വം സർക്കാർ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽ ചുമത്തുകയും, പദ്ധതികൾ പ്രവർത്തനക്ഷമമാക്കാൻ നടപടിയെടുക്കുകയും വേണം.

തുടർച്ചയായ ഇടപെടലുകൾക്കുശേഷം, മൈക്രോ കോൺക്രീറ്റിംഗിനു പകരം ടെൻസൈൽ ഫാബ്രിക് റൂഫിംഗ് ചെയ്യാനും സ്പേസ് തിയേറ്ററിന്റെ ശേഷിക്കുന്ന നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാനും, പിഎംസി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടെന്ന് കെഎസ്എസ്ടിഎം ഡയറക്ടർ തന്റെ മറുപടിയിൽ പ്രസ്താവിച്ചു (2024 ജൂലൈ). സർക്കാരിൽനിന്നും പുതുക്കിയ ഭരണാനുമതി ലഭിച്ചാലുടൻ, പ്രവൃത്തി ഏല്പിക്കുന്നതിനുള്ള ടെൻഡർ നടപടികൾ ആരംഭിക്കും. ചീഫ് ടെക്നിക്കൽ എക്സാമിനറും ടെക്നിക്കൽ കമ്മിറ്റിയും, കരാറുകാരൻ നിർദ്ദേശിച്ച പരിഹാരം അംഗീകരിച്ചാലുടൻ പത്തു ദിവസത്തിനുള്ളിൽ ചോർച്ചയുമായി ബന്ധപ്പെട്ട എല്ലാ ജോലികളും പൂർത്തീകരിക്കുമെന്ന് പ്ലാനറ്റോറിയം കെട്ടിടത്തിന്റെ കാര്യത്തിൽ, എച്ച്ടിജി മറുപടി നൽകി. പ്ലാനറ്റോറിയം കെട്ടിടത്തിന്റെ ചോർച്ച പരിഹരിക്കുന്നതിനുള്ള ജോലികളുടെ തൃപ്തികരമായ പൂർത്തീകരണത്തിനുശേഷം, ഗോപുരം സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാൻ കെഎസ്എസ്ടിഎം വിതരണക്കാരെ അറിയിക്കുമെന്നും പ്രസ്താവിക്കുകയുണ്ടായി.

ഒൻപത് വർഷങ്ങൾ പിന്നിട്ടിട്ടും, ₹20.08 കോടി ചെലവഴിച്ചിട്ടും, രണ്ടു കെട്ടിടങ്ങളുടെയും നിർമ്മാണം, അപൂർണ്ണമായും പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാനാകാതെയും തുടരുകയാണെന്ന ഓഡിറ്റിന്റെ കണ്ടെത്തലിനെ, ഈ മറുപടി സ്ഥിരീകരിക്കുന്നു.

2024 ജൂലൈയിൽ ഡ്രാഫ്റ്റ് പാരഗ്രാഫ് സർക്കാരിനു നൽകി. 2024 സെപ്റ്റംബർ 02, 26 എന്നീ തീയതികളിൽ ഓർമ്മക്കത്തുകൾ നൽകിയിട്ടും, മറുപടി ലഭിച്ചിട്ടില്ല.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

4.3. കാർഷിക വിപണന സമുച്ചയത്തിൻമേലുള്ള നിഷ്ക്രിയ നിക്ഷേപം

വട്ടവടയിൽ ₹2.45 കോടി ചെലവിൽ ഗതാഗത യോഗ്യമായ റോഡില്ലാതെ, അനുയോജ്യമല്ലാത്ത സ്ഥലത്ത് സ്ഥാപിച്ച കാർഷിക മാർക്കറ്റ് സമുച്ചയം ഉദ്ഘാടനം കഴിഞ്ഞ് നാല് വർഷം പിന്നിട്ടിട്ടും പ്രവർത്തനരഹിതമാണ്.

2014-15 കാലയളവിൽ രാഷ്ട്രീയ കൃഷി വികാസ് യോജന (ആർകെവിവൈ)[118] യുടെ കീഴിൽ ഇടുക്കി ജില്ലയിലെ വട്ടവടയിൽ കാർഷിക വിപണനത്തിനായുള്ള സമുച്ചയം നിർമ്മിക്കാൻ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ (എസ്എച്ച്എം)[119] നിർദ്ദേശിച്ചു (2014 ഡിസംബർ). ഈ പദ്ധതിക്കായി ₹260 ലക്ഷമാണ് അനുവദിച്ചത്. പ്രാദേശിക കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികളുടെ സംഭരണ-ലേല കേന്ദ്രമായി മാർക്കറ്റ് സമുച്ചയം പ്രവർത്തിക്കേണ്ടതായിരുന്നു. ജില്ലാ നിർമിതി കേന്ദ്രം (ഡിഎൻകെ) ഇടുക്കിയാണ് നിർമ്മാണം ഏറ്റെടുക്കേണ്ടിയിരുന്നത്. വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡിപിആർ) തയ്യാറാക്കൽ ഉൾപ്പെടെയുള്ള സാങ്കേതിക മേൽനോട്ടം നാബ്കോൺസിനെ[120] ഏൽപ്പിച്ചു (2015 മാർച്ച്). പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസറെ (പിഎഒ) നിർമ്മാണ പ്രവർത്തനങ്ങളുടെ നിരീക്ഷണ ചുമതല ഏൽപ്പിച്ചു.

വട്ടവട ഗ്രാമപഞ്ചായത്ത് മാർക്കറ്റ് സമുച്ചയം നിർമ്മാണത്തിനായി ഇടമണ്ണിൽ 47 സെന്റ് സ്ഥലം കണ്ടെത്തി (2015 മേയ്). നാബ്കോൺസ് തയ്യാറാക്കിയ ഡിപിആർ (2015 ജൂൺ) പ്രകാരം കണ്ടെത്തിയ സ്ഥലം കാർഷിക വിപണനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിന് അനുയോജ്യമായ സ്ഥലമാണെന്നും പദ്ധതി സാങ്കേതികമായി പ്രായോഗികവും സാമ്പത്തികാടിസ്ഥാനത്തിൽ സാധ്യമാണെന്നും സാക്ഷ്യപ്പെടുത്തി. 2016 ജൂണിൽ പൂർത്തീകരിക്കണമെന്ന വ്യവസ്ഥയിൽ 2015 ഒക്ടോബറിൽ പിഎഒയും ഡിഎൻകെയും തമ്മിൽ കരാർ ഉണ്ടാക്കുകയും മാർക്കറ്റ് സമുച്ചയത്തിന് ₹259.65 ലക്ഷം അനുവദിക്കുകയും ചെയ്തു. എന്നാൽ, ഈ സ്ഥലം വളരെ മുൻപ് വട്ടവട സർക്കാർ ഹയർസെക്കൻഡറി സ്കൂളിന് കളിസ്ഥലമായി അനുവദിച്ചതാണെന്ന് ചൂണ്ടിക്കാട്ടി, പുതുതായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റി (2015 ഡിസംബർ) ആദ്യം കണ്ടെത്തിയ സ്ഥലത്ത് മാർക്കറ്റ് സമുച്ചയം നിർമ്മിക്കുന്നതിനെതിരെ തീരുമാനമെടുത്തു. നിർമ്മാണത്തിനായി സ്ഥലം ഒരുക്കുന്നതിന് അപ്പോഴേക്കും ₹2.47 ലക്ഷം ചെലവഴിച്ചു കഴിഞ്ഞതായി ഓഡിറ്റ് നിരീക്ഷിച്ചു.

അതിനുശേഷം, വട്ടവട ഗ്രാമപഞ്ചായത്ത് മാർക്കറ്റ് സമുച്ചയത്തിന്റെ നിർമ്മാണത്തിനായി ഊർക്കാട് മറ്റൊരു സ്ഥലം കണ്ടെത്തി (2016 ഫെബ്രുവരി). ₹260 ലക്ഷത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് ഡിഎൻകെ തയ്യാറാക്കിയതു (2016 മാർച്ച്)

---

[118] ജില്ല/ സംസ്ഥാന കാർഷിക പദ്ധതി പ്രകാരം സംസ്ഥാനങ്ങൾക്ക് സ്വന്തം കൃഷിയും അനബന്ധ മേഖലാ വികസന പ്രവർത്തനങ്ങളും തെരഞ്ഞെടുക്കാൻ അനുവദിച്ചുകൊണ്ട് കൃഷിയുടെയും അനുബന്ധ മേഖലകളുടെയും സമഗ്ര വികസനം ഉറപ്പാക്കുന്നതിനുള്ള പദ്ധതിയായി 2007-ൽ ആരംഭിച്ച 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ആർകെവിവൈ

[119] 2005-06 സാമ്പത്തിക വർഷത്തിൽ അവതരിപ്പിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി 1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം സ്ഥാപിതമായ ഒരു രജിസ്റ്റർ ചെയ്ത സൊസൈറ്റിയാണ് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ

[120] നബാർഡ് (നാഷണൽ അഗ്രികൾച്ചറൽ ബാങ്ക് ഫോർ റൂറൽ ഡെവലപ്മെന്റ്) കൺസൾട്ടൻസി സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്

പ്രകാരം, 2017 മേയ് 31-ന് പൂർത്തിയാക്കാനുള്ള തീയതി നിശ്ചയിച്ചുകൊണ്ട്, പുതിയ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു (2016 ജൂൺ). ഗതാഗത യോഗ്യമായ റോഡില്ലാത്ത ഉയർന്ന പ്രദേശത്താണ് സ്ഥലം സ്ഥിതിചെയ്യുന്നതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. നിർദിഷ്ട പ്രവർത്തനത്തിന് പുതിയ സ്ഥലത്തിന്റെ അനുയോജ്യത വിലയിരുത്തുന്നതിന് എസ്എച്ച്എം വീണ്ടും ഒരു സാധ്യതാ പഠനം നടത്തേണ്ടിയിരുന്നെങ്കിലും, അത്തരം നടപടികളൊന്നും ആരംഭിച്ചതായി കണ്ടില്ല.

നിർമ്മാണം പൂർത്തിയാക്കിയ മാർക്കറ്റ് സമുച്ചയം 2019 സെപ്റ്റംബറിൽ ഉദ്ഘാടനം ചെയ്തു. കെട്ടിടത്തിന്റെ നിർമ്മാണത്തിനായി ₹2.45 കോടി ഡിഎൻകെയ്ക്ക് നൽകി. ശീതകാല പച്ചക്കറി സംഭരണത്തിനായി 2020 ആഗസ്റ്റിൽ കെട്ടിടം ഹോർട്ടികോർപ്പിന്[121] നൽകി. എന്നാൽ മാർക്കറ്റ് സമുച്ചയം കുത്തനെയുള്ള സ്ഥലത്ത് സ്ഥിതി ചെയ്യുന്നതിനാലും വാഹനസൗകര്യമുള്ള റോഡിന്റെ അഭാവവും മാർക്കറ്റ് സമുച്ചയത്തിന്റെ പ്രവർത്തനത്തിന് വലിയ തടസ്സമായി. ഉദ്ഘാടനം കഴിഞ്ഞ് നാല് വർഷമായിട്ടും മാർക്കറ്റ് സമുച്ചയം ഉദ്ദേശിച്ച കാര്യത്തിന് ഉപയോഗിച്ചിട്ടില്ല.

ചിത്രം 4.3: വട്ടവടയിൽ പ്രവർത്തനരഹിതമായി കിടക്കുന്ന കാർഷിക വിപണന സമുച്ചയം
2022 ഒക്ടോബർ 12 -ന് ഫീൽഡ് ഓഡിറ്റ് പാർട്ടി പകർത്തിയ ചിത്രം

കെട്ടിടത്തിലേക്കുള്ള കുത്തനെയുള്ള പാതയിലൂടെ വാനുകൾ/ ലോറികൾ പോലുള്ള ഭാരം കയറ്റിയ വാഹനങ്ങൾക്ക് സഞ്ചരിക്കാൻ കഴിയില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത് കർഷകർക്ക് തങ്ങളുടെ ഉൽപന്നങ്ങൾ വിൽപനയ്ക്കായി നേരിട്ട് മാർക്കറ്റ് സമുച്ചയത്തിലേക്ക് കൊണ്ടുവരുന്നതിന് തടസ്സമായി. മാർക്കറ്റ് സമുച്ചയത്തിലേക്ക് ലോറികളിൽ പച്ചക്കറി കൊണ്ടുവരുന്നതിനുള്ള ബുദ്ധിമുട്ട് കാരണം, ഹോർട്ടികോർപ്പ് തോട്ടങ്ങളിൽ നിന്നും നേരിട്ട് പച്ചക്കറികൾ ശേഖരിക്കുന്നുവെന്ന് എസ്എച്ച്എം മിഷൻ ഡയറക്ടർ മറുപടി നൽകി (2023 ആഗസ്റ്റ്). പുതിയ സ്ഥലത്തെ കാർഷിക മാർക്കറ്റ് സമുച്ചയത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റിൽ ഗതാഗത യോഗ്യമായ റോഡിന്റെ നിർമ്മാണച്ചെലവ് ഉൾപ്പെട്ടിട്ടുണ്ടെങ്കിലും, നിലവിലുള്ള പൊതുവഴിയെ മാർക്കറ്റ് സമുച്ചയത്തിനായുള്ള പ്രത്യേക റോഡാക്കി മാറ്റുന്നതിനെതിരെയുള്ള ജനകീയ പ്രതിഷേധം കാരണം റോഡ് പണി നടത്താനാകില്ലെന്ന് ഡിഎൻകെ (2023 ഒക്ടോബർ) പ്രസ്താവിച്ചു.

പുതിയ സൈറ്റിന്റെ അനുയോജ്യതയെക്കുറിച്ച് ഒരു സാധ്യതാ പഠനം എസ്എച്ച്എം നടത്താത്തതിനാൽ, ഭൂപ്രദേശത്തിന്റെ ഘടനയും സൈറ്റിലേക്കുള്ള സുഗമമായ

[121] കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രൊഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

പ്രവേശനത്തിന്റെ അഭാവവും മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പകരം, പുതുതായി തെരഞ്ഞെടുത്ത സ്ഥലത്തിന്റെ അപര്യാപ്തത പരിഹരിക്കാതെ മാർക്കറ്റ് സമുച്ചയ കെട്ടിടത്തിന്റെ നിർമ്മാണവുമായി എസ്എച്ച്എം മുന്നോട്ട് പോയി. ഫലപ്രദമായ നിരീക്ഷണത്തിന്റെ ഭാഗമായി, നിർമ്മിച്ച കെട്ടിടം വിഭാവനം ചെയ്ത ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്നുവെന്ന് പിഎംഒ ഉറപ്പാക്കേണ്ടതായിരുന്നു.

സ്ഥലത്തിന്റെ കുത്തനെയുള്ള ഭൂപ്രകൃതിയും സൈറ്റിലേക്ക് പ്രവേശിക്കാൻ അനുയോജ്യമായ റോഡിന്റെ അഭാവവും മാർക്കറ്റ് സമുച്ചയം പ്രവർത്തിക്കുന്നതിന് ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചതായി സർക്കാർ പ്രസ്താവിച്ചു (2023 ഡിസംബർ). ഗതാഗത യോഗ്യമായ റോഡിന്റെ നിർമ്മാണം സുഗമമാക്കുന്നതിന്, ഭൂമി കൈമാറ്റ അപേക്ഷ ഇടുക്കി ജില്ലാ കളക്ടർക്ക് സമർപ്പിച്ചുവെന്നും (2022 ആഗസ്റ്റ്) ഭൂമി അളന്നു തിട്ടപ്പെടുത്തിയെന്നും പ്രസ്താവിച്ചു (2023 ജൂലൈ).

എന്നിരുന്നാലും, മാർക്കറ്റ് സമുച്ചയം നിർമ്മിച്ച സ്ഥലത്തിന്റെ അനുയോജ്യത വിലയിരുത്തുന്നതിൽ എസ്എച്ച്എമ്മിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ച ഉചിതമല്ലാത്ത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് കാരണമായി. തൽഫലമായി മാർക്കറ്റ് സമുച്ചയം പ്രവർത്തനരഹിതമായി തുടരുകയും കഴിഞ്ഞ നാല് വർഷമായി ₹2.45 കോടിയുടെ നിഷ്ക്രിയ നിക്ഷേപത്തിനു കാരണമാകുകയും ചെയ്തു.

(പ്രീതി എബ്രഹാം)
അക്കൗണ്ടന്റ് ജനറൽ
(ഓഡിറ്റ് I), കേരള

തിരുവനന്തപുരം,
2025 ജൂൺ 06

മേലൊപ്പിട്ടത്

(കെ. സഞ്ജയ് മൂർത്തി)
ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ

ന്യൂഡൽഹി,
2025 ജൂൺ 11

അനുബന്ധങ്ങൾ

അനുബന്ധം 1.1

2023 സെപ്റ്റംബർ 30 വരെ കുടിശ്ശികയുള്ള പരിശോധനാ റിപ്പോർട്ടുകളുടെയും ഖണ്ഡികകളുടെയും വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ

(സൂചിക: ഖണ്ഡിക 1.6.1; പേജ് 4)

ക്രമ നമ്പർ	വകുപ്പ്	തീർപ്പാകത്തതിന്റെ എണ്ണം	
		പരിശോധനാ റിപ്പോർട്ടുകൾ	ഖണ്ഡികകൾ
1.	കാർഷിക വികസനവും കർഷക ക്ഷേമവും	149	793
2.	മൃഗസംരക്ഷണവും ക്ഷീരവികസനവും	23	86
3.	ആയുഷ്	169	778
4.	പിന്നാക്ക സമുദായ വികസനം	18	65
5.	കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ	11	46
6.	സഹകരണം	35	194
7.	തെരഞ്ഞെടുപ്പ്	6	18
8.	മത്സ്യബന്ധനവും തുറമുഖങ്ങളും	82	357
9.	ഭക്ഷണം, സിവിൽ സപ്ലൈസ്,ഉപഭോക്തൃകാര്യം	52	202
10.	പൊതുഭരണം	22	80
11.	പൊതു വിദ്യാഭ്യാസം	310	1469
12.	ആരോഗ്യവും കുടുംബക്ഷേമവും	716	4509
13.	ഉന്നത വിദ്യാഭ്യാസം	320	2069
14.	ആഭ്യന്തരം	304	1633
15.	ഭവന നിർമ്മാണം	6	30
16.	ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്	14	57
17.	തൊഴിലും നൈപുണ്യവും	93	435
18.	നിയമം	46	132
19.	തദ്ദേശ സ്വയംഭരണം	1853	7075
20.	ന്യൂനപക്ഷക്ഷേമ വികസനം	7	19
21.	പ്രവാസികാര്യം	7	16
22.	പാർലമെന്ററി കാര്യം	0	0
23.	ഉദ്യോഗസ്ഥ - ഭരണ പരിഷ്കാരം	4	21
24.	റവന്യൂ ദുരന്തനിവാരണം	581	3838
25.	സൈനികക്ഷേമം	16	34
26.	പട്ടികജാതി പട്ടികവർഗ്ഗ വികസനം	376	1725
27.	സാമൂഹിക നീതി	87	424
28.	കായിക-യുവജന ക്ഷേമം	20	119
29.	വിജിലൻസ്	8	36
30.	ജലവിഭവം	176	740
31.	വനിതാ-ശിശുവികസനം	39	156
	ആകെ	**5550**	**27156**

അനുബന്ധം 1.2

2023 സെപ്റ്റംബർ വരെ തീർപ്പാക്കാത്ത, എടുത്ത നടപടിയുടെ വിശദീകരണ പത്രികകളുടെ വിശദാംശങ്ങൾ

(സൂചിക: ഖണ്ഡിക 1.6.3; പേജ് 4)

ക്രമ നമ്പർ	വകുപ്പ്	കേരളത്തിലെ പ്രളയങ്ങൾ - മുന്നൊരുക്കവും പ്രതിരോധവും എന്നതിനെ കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ട്	2021	ആകെ
1.	ആരോഗ്യവും കുടുംബക്ഷേമവും	-	1	1
2.	റവന്യൂ ദുരന്തനിവാരണം	12	-	12
ആകെ		12	1	13

അനുബന്ധം 1.3

2023 സെപ്റ്റംബർ വരെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യാത്ത ഖണ്ഡികകളുടെ വിശദാംശങ്ങൾ കാണിക്കുന്ന പട്ടിക

(സൂചിക: ഖണ്ഡിക 1.6.4; പേജ് 4)

ക്രമ നമ്പർ	വകുപ്പ്	2016-17	2017-18	2018-19	കേരളത്തിലെ പ്രളയങ്ങൾ - മുന്നൊരുക്കവും പ്രതിരോധവും എന്നതിനെ കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ട്	2021	കേരള സർവകലാശാലയുടെ പ്രവർത്തനത്തെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ട്	ആകെ
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)
1.	ആരോഗ്യവും കുടുംബക്ഷേമവും	-	-	-	-	1	-	1
2.	ഉന്നത വിദ്യാഭ്യാസം	-	-		-	1	41	42
3.	ഭവന നിർമ്മാണം	-	1	-	-	-	-	1
4.	റവന്യൂ ദുരന്തനിവാരണം	-	-	-	15	-	-	15
5.	ജലവിഭവം	1	1	-	10	-	-	12
ആകെ		1	2	-	25	2	41	71

**റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള (6), (7), (8) കോളങ്ങളിലെ ഖണ്ഡികകളൊന്നും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്തിട്ടില്ല.*

അനുബന്ധം 2.1

സംസ്ഥാന സർക്കാർ ധനസഹായം നൽകുന്ന നൂതന പദ്ധതികൾക്ക് കീഴിലുള്ള 12 ഉപ-പദ്ധതികളുടെ പട്ടിക

(സൂചിക: ഖണ്ഡിക 2.1.1; പേജ് 5)

1. കാവൽ
2. കാവൽ പ്ലസ്
3. ശരണബാല്യം
4. മൊബൈൽ ആപ്പ്-കുഞ്ഞാപ്പ്
5. പേരെന്റിങ്ങ് ക്ലിനിക്
6. ജുവനൈൽ ജസ്റ്റിസ് ഫണ്ട്-ബാലനിധി
7. ഫോസ്റ്റർ കെയർ
8. കിൻഷിപ്പ് ഫോസ്റ്റർ കെയർ
9. ഗ്രൂപ്പ് ഫോസ്റ്റർ കെയർ
10. വെക്കേഷൻ ഫോസ്റ്റർ കെയർ
11. വിജ്ഞാനദീപ്തി
12. കോവിഡ്-19 മൂലം മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികൾക്ക് സാമ്പത്തിക സഹായം (2021-22 മുതൽ)

അനുബന്ധം 2.2

ഓഡിറ്റിനായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ

(സൂചിക: ഖണ്ഡിക 2.1.4; പേജ് 7)

1. തിരുവനന്തപുരത്തെ ആൺകുട്ടികൾക്കായുള്ള സർക്കാർ ശിശുമന്ദിരം
2. തിരുവനന്തപുരത്തെ സർക്കാർ സ്പെഷ്യൽ ഹോം
3. തിരുവനന്തപുരത്തെ സർക്കാർ ഒബ്സർവേഷൻ ഹോം
4. തിരുവനന്തപുരത്തെ ഓപ്പൺ ഷെൽട്ടർ
5. തിരുവനന്തപുരത്തെ സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി
6. ആലപ്പുഴ നൂറനാട്ടിൽ ആൺകുട്ടികൾക്കായുള്ള സർക്കാർ ശിശുമന്ദിരം
7. ആലപ്പുഴ മായിത്തറയിലെ പെൺകുട്ടികൾക്കായുള്ള സർക്കാർ ശിശുമന്ദിരം
8. ആലപ്പുഴ മായിത്തറയിലെ സർക്കാർ ഒബ്സർവേഷൻ ഹോം
9. ആലപ്പുഴയിലെ സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി
10. എറണാകുളത്തെ പെൺകുട്ടികൾക്കായുള്ള സർക്കാർ ശിശുമന്ദിരം
11. എറണാകുളത്തെ സർക്കാർ ഒബ്സർവേഷൻ ഹോം
12. എറണാകുളത്തെ സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി
13. വയനാട്ടിലെ ആൺകുട്ടികൾക്കായുള്ള സർക്കാർ ശിശുമന്ദിരം
14. വയനാട്ടിലെ സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി
15. കണ്ണൂരിലെ ആൺകുട്ടികൾക്കായുള്ള സർക്കാർ ശിശുമന്ദിരം
16. കണ്ണൂരിലെ പെൺകുട്ടികൾക്കായുള്ള സർക്കാർ ശിശുമന്ദിരം
17. കണ്ണൂരിലെ സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി

അനുബന്ധം 2.3

സാമൂഹിക അന്വേഷണ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലെ കാലതാമസം

(സൂചിക: ഖണ്ഡിക 2.1.7.1; പേജ് 14)

(എ) 2018-23 കാലയളവിൽ ജെജെബികൾ

ജില്ല	പരിശോധിച്ച കേസുകളുടെ എണ്ണം	ഫോറം 6-ൽ തയ്യാറാക്കിയ എസ് ഐ ആർ കുളുടെ എണ്ണം	കാലതാമസത്തോടെ സമർപ്പിച്ച എസ് ഐ ആർകളുടെ എണ്ണം	കാലതാമസം (ദിവസങ്ങളിൽ)	
				ഏറ്റവും കുറഞ്ഞ കാലതാമസം	പരമാവധി കാലതാമസം
തിരുവനന്തപുരം	20	20	11	4	268
ആലപ്പുഴ	20	20	15	1	290
എറണാകുളം	25	25	11	2	148
കണ്ണൂർ	15	14	8	35	197
വയനാട്	20	20	16	6	364
ആകെ	**100**	**99**	**61**	**-**	**-**

(ബി) 2018-23 കാലയളവിൽ സി. ഡബ്ല്യൂ.സികൾ

ജില്ല	പരിശോധിച്ച കേസുകളുടെ എണ്ണം	ഫോറം-22ൽ തയ്യാറാക്കിയ എസ് ഐ ആർകളുടെ എണ്ണം	കാലതാമസത്തോടെ സമർപ്പിച്ച എസ് ഐ ആർ കളുടെ എണ്ണം	കാലതാമസം ദിവസങ്ങളിൽ	
				ഏറ്റവും കുറഞ്ഞ കാലതാമസം	പരമാവധി കാലതാമസം
തിരുവനന്തപുരം	20	9	20	29	447
ആലപ്പുഴ	20	2	16	5	187
എറണാകുളം	20	13	18	1	57
കണ്ണൂർ	20	11	15	1	365
വയനാട്	20	20	18	3	65
ആകെ	**100**	**55**	**87**	**-**	**-**

അനുബന്ധം 2.4

തെരഞ്ഞെടുത്ത ജില്ലകളിലെ ജെ.ജെ.ബി/സി. ഡബ്ല്യു.സി-കളിൽ ലഭ്യമായ സൗകര്യങ്ങളുടെ പട്ടിക

(സൂചിക: ഖണ്ഡിക 2.1.7.3; പേജ് 16)

ആവശ്യമായ സൗകര്യം	തിരുവനന്തപുരം		ആലപ്പുഴ		എറണാകുളം		വയനാട്		കണ്ണൂർ	
	ജെ.ജെ.ബി	സി. ഡബ്ല്യു.സി	ജെ.ജെ.ബി	സി. ഡബ്ല്യു.സി	ജെ.ജെ.ബി	സി. ഡബ്ല്യു.സി	ജെ.ജെ.ബി	സി. ഡബ്ല്യു.സി	ജെ.ജെ.ബി	സി. ഡബ്ല്യു.സി
മതിയായ സ്ഥലം/ മതിയായ അടിസ്ഥാന സൗകര്യങ്ങൾ	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല
ഫർണിച്ചർ	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല
ശിശു സൗഹൃദം മുറി	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
കാത്തിരിപ്പ് മുറി	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
ഇൻഡോർ വിനോദം	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
കുടിവെള്ളം	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല

അനുബന്ധം 2.5

2018-19 മുതൽ 2022-23 വരെ തെരഞ്ഞെടുത്ത ജില്ലകളിൽ നടത്തിയ ദത്തെടുക്കലിനു ശേഷമുള്ള തുടർ സന്ദർശനങ്ങളുടെ സ്ഥിതി

(സൂചിക: ഖണ്ഡിക 2.1.7.10; പേജ് 30)

ക്രമ നമ്പർ	വിശദാംശങ്ങൾ		തിരുവനന്തപുരം	ആലപ്പുഴ	ഏറണാകുളം	കണ്ണൂർ	വയനാട്	ആകെ
1.	ദത്തെടുത്ത കുട്ടികളുടെ എണ്ണം		204	5	40	74	16	**339**
2.	ദത്തെടുക്കലിന് ശേഷമുള്ള ആദ്യ തുടരന്വേഷണം	**31.01.2024 വരെ**	204	5	40	74	16	**339**
		പൂർത്തിയാക്കിയത് (എണ്ണത്തിൽ)	33	5	38	72	16	**164**
		പൂർത്തിയാകാത്തത്	171	ഇല്ല	2	2	ഇല്ല	**175**
		പൂർത്തീകരണത്തിലെ കാലതാമസം (ദിവസങ്ങളിൽ)	0-1642	12-240	0-1460	0-286	76-470	
3.	ദത്തെടുക്കലിന് ശേഷമുള്ള രണ്ടാമത്തെ തുടരന്വേഷണം	**31.01.2024 വരെ**	195	5	39	71	13	**323**
		പൂർത്തിയാക്കിയത് (എണ്ണത്തിൽ)	8	1	33	59	13	**114**
		പൂർത്തിയാകാത്തത്	187	4	6	12	ഇല്ല	**209**
		പൂർത്തീകരണത്തിലെ കാലതാമസം (ദിവസങ്ങളിൽ)	0-665	30-150	0-1642	0-209	0-301	
4.	ദത്തെടുക്കലിന് ശേഷമുള്ള മൂന്നാമത്തെ തുടരന്വേഷണം	**31.01.2024 വരെ**	178	ഇല്ല	31	58	9	**276**
		പൂർത്തിയാക്കിയത് (എണ്ണത്തിൽ)	ഇല്ല	ഇല്ല	20	56	9	**85**
		പൂർത്തിയാകാത്തത്	178	ഇല്ല	11	4	ഇല്ല	**193**
		പൂർത്തീകരണത്തിലെ കാലതാമസം (ദിവസങ്ങളിൽ)	ബാധകമല്ല	ബാധകമല്ല	0-1460	0-409	0-492	
5.	ദത്തെടുക്കലിന് ശേഷമുള്ള നാലാമത്തെ തുടരന്വേഷണം	**31.01.2024 വരെ**	151	ഇല്ല	28	55	8	**242**
		പൂർത്തിയാക്കിയത് എണ്ണത്തിൽ	1	ഇല്ല	15	46	7	**69**
		പൂർത്തിയാകാത്തത്	150	ഇല്ല	13	9	1	**173**
		പൂർത്തീകരണത്തിലെ കാലതാമസം (ദിവസങ്ങളിൽ)	ബാധകമല്ല	ബാധകമല്ല	21-1277	0-348	46-770	

അനുബന്ധം 2.6

ഫണ്ടുകളുടെ വിഹിതത്തിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ

(സൂചിക: ഖണ്ഡിക 2.1.7.13, 2.1.8.3; പേജ് 34, 38)

(എ) സംസ്ഥാനത്തെ കേന്ദ്ര സ്പോൺസർഷിപ്പ് പ്രോഗ്രാമിന് ഫണ്ട് അനുവധിച്ചതിന്റെയും കൂടാതെ തെരഞ്ഞെടുത്ത ജില്ലകളിലെ ചെലവിന്റെയും വിശദാംശങ്ങൾ

(₹-ൽ)

സംസ്ഥാനം/ തെരഞ്ഞെടുത്ത ജില്ല	വർഷം	കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം	ആകെ	ജില്ലകൾക്ക് അനുവദിച്ച തുക	ചെലവ്	മിച്ചം
സംസ്ഥാനം	2020-21	84,00,000	56,00,000	1,40,00,000	1,40,00,000	1,33,34,316	6,65,684
	2021-22	84,00,000	56,00,000	1,40,00,000	1,40,00,000	1,36,66,831	3,33,169
	2022-23	2,44,72,800	1,63,15,200	4,07,88,000	3,02,90,600	2,99,48,600	3,42,000
തിരുവനന്തപുരം	2020-21	6,00,000	4,00,000	10,00,000	10,00,000	10,00,000	0
	2021-22	6,00,000	4,00,000	10,00,000	10,00,000	10,00,000	0
	2022-23	ലഭ്യമല്ല	ലഭ്യമല്ല	ലഭ്യമല്ല	21,96,000	21,96,000	0
ആലപ്പുഴ	2020-21	6,00,000	4,00,000	10,00,000	10,00,000	10,00,000	0
	2021-22	6,00,000	4,00,000	10,00,000	10,00,000	9,97,000	3,000
	2022-23	ലഭ്യമല്ല	ലഭ്യമല്ല	ലഭ്യമല്ല	22,24,000	22,24,000	0
എറണാകുളം	2020-21	6,00,000	4,00,000	10,00,000	10,00,000	9,54,000	46,000
	2021-22	6,00,000	4,00,000	10,00,000	10,00,000	10,00,000	0
	2022-23	ലഭ്യമല്ല	ലഭ്യമല്ല	ലഭ്യമല്ല	23,36,000	23,36,000	0
വയനാട്	2020-21	6,00,000	4,00,000	10,00,000	10,00,000	5,90,000	4,10,000
	2021-22	6,00,000	4,00,000	10,00,000	10,00,000	9,60,000	40,000
	2022-23	ലഭ്യമല്ല	ലഭ്യമല്ല	ലഭ്യമല്ല	20,08,000	20,08,000	0
കണ്ണൂർ	2020-21	6,00,000	4,00,000	10,00,000	10,00,000	10,00,000	0
	2021-22	6,00,000	4,00,000	10,00,000	10,00,000	10,00,000	0
	2022-23	ലഭ്യമല്ല	ലഭ്യമല്ല	ലഭ്യമല്ല	21,12,000	21,04,000	8000

**2018-19-ലെയും 2019-20-ലെയും കണക്കുകൾ നൽകിയിട്ടില്ല.*

(ബി) സംസ്ഥാന സ്പോൺസർഷിപ്പ് പ്രോഗ്രാമിന് സംസ്ഥാനം ഫണ്ട് അനുവദിച്ചതിന്റെയും കൂടാതെ തെരഞ്ഞെടുത്ത ജില്ലകളിലെ ചെലവിന്റെയും വിശദാംശങ്ങൾ

(₹-ൽ)

സംസ്ഥാനം/ തെരഞ്ഞെടുത്ത ജില്ല	വർഷം	അനുവദിച്ചത്	ചെലവ്	നീക്കിയിരിപ്പ്
സംസ്ഥാനം	2019-20	1,98,72,000	1,74,97,235	23,74,765
	2020-21	1,95,14,000	1,83,04,000	12,10,000
	2021-22	1,79,52,000	1,75,28,461	4,23,539
	2022-23	1,84,92,000	1,66,09,082	18,82,918
തിരുവനന്തപുരം	2019-20	12,00,000	7,24,000	4,76,000
	2020-21	16,62,000	16,62,000	0
	2021-22	11,12,000	11,12,000	0
	2022-23	30,00,000	30,00,000	0
ആലപ്പുഴ	2019-20	15,36,000	12,04,000	3,32,000
	2020-21	8,40,000	8,40,000	0
	2021-22	8,64,000	8,54,000	10,000
	2022-23	13,20,000	12,50,000	70,000
ഏറണാകുളം	2019-20	8,64,000	8,64,000	0
	2020-21	6,32,000	5,20,000	1,12,000
	2021-22	12,36,000	12,02,000	34,000
	2022-23	11,40,000	7,40,000	4,00,000
വയനാട്	2019-20	15,60,000	15,60,000	0
	2020-21	12,40,000	11,90,000	50,000
	2021-22	8,36,000	8,06,000	30,000
	2022-23	8,52,000	8,48,000	4000
കണ്ണൂർ	2019-20	17,28,000	14,76,000	2,52,000
	2020-21	17,80,000	16,98,000	82,000
	2021-22	15,84,000	15,84,000	0
	2022-23	8,64,000	8,44,000	20,000

**2018-19 വർഷത്തെ കണക്കുകൾ നൽകിയിട്ടില്ല.*

അനുബന്ധം 2.7

18 വയസ്സിനു മുകളിലുള്ള വ്യക്തികൾക്ക് അധികമായി നൽകിയ സ്പോൺസർഷിപ്പ് തുകയുടെ വിശദാംശങ്ങൾ

(സൂചിക: ഖണ്ഡിക 2.1.7.13, 2.1.8.3; പേജ് 34, 38)

ക്രമ നമ്പർ	പേര്	18 വയസ്സ് തികഞ്ഞ തീയതി	അധികമായി നൽകിയത്			അധിക നൽകിയ ആകെ തുക (₹-ൽ)
			മുതൽ	വരെ	മാസങ്ങൾ	
കേന്ദ്ര സ്പോൺസർഷിപ്പ്						
1	കുട്ടി 1	03.01.2018	02/2018	03/2018	2	4000
2	കുട്ടി 2	28.11.2021	12/2021	02/2023	15	30000
3	കുട്ടി 3	10.06.2022	07/2022	02/2023	8	16000
ആകെ						**50,000**
സംസ്ഥാന സ്പോൺസർഷിപ്പ്						
4	കുട്ടി 4	20.12.2019	01/2020	02/2020	2	4000
5	കുട്ടി 5	19.04.2019	05/2019	02/2020	10	20000
6	കുട്ടി 6	05.08.2019	09/2019	02/2020	6	12000
7	കുട്ടി 7	05.10.2019	11/2019	02/2020	4	8000
8	കുട്ടി 8	16.06.2020	07/2021	08/2021	2	4000
9	കുട്ടി 9	18.07.2022	08/2022	10/2022	3	6000
ആകെ						**54,000**

അനുബന്ധം 2.8

തെരഞ്ഞെടുത്ത ജില്ലകളിലെ ജില്ലാ പരിശോധനാ സമിതി നടത്തിയ പരിശോധനകളുടെ വിശദാംശങ്ങൾ

(സൂചിക: ഖണ്ഡിക 2.1.9.1; പേജ് 41)

ജില്ല		2018-19	2019-20	2020-21	2021-22	2022-23
തിരുവനന്തപുരം	ജില്ലയിലെ സി.സി.ഐകളുടെ എണ്ണം	93	93	93	88	84
	നടത്തേണ്ട പരിശോധനകളുടെ എണ്ണം	372	372	372	352	336
	നടത്തിയ പരിശോധനകളുടെ എണ്ണം	9	0	1	12	4
	നടത്തിയതിന്റെ ശതമാനം	2.41	0	0.27	3.41	1.19
	തെരഞ്ഞെടുത്ത സി.സി.ഐകളുടെ എണ്ണം	5	5	5	5	5
	തെരഞ്ഞെടുത്ത സി.സി.ഐകളിലെ പരിശോധനകളുടെ എണ്ണം	2	0	2	0	2
ആലപ്പുഴ	ജില്ലയിലെ സി.സി.ഐകളുടെ എണ്ണം	22	22	22	22	23
	നടത്തേണ്ട പരിശോധനകളുടെ എണ്ണം	88	88	88	88	92
	നടത്തിയ പരിശോധനകളുടെ എണ്ണം	32	28	23	20	23
	നടത്തിയതിന്റെ ശതമാനം	36	32	26	23	21
	തെരഞ്ഞെടുത്ത സി.സി.ഐകളുടെ എണ്ണം	4	4	4	4	4
	തെരഞ്ഞെടുത്ത സി.സി.ഐകളിലെ പരിശോധനകളുടെ എണ്ണം	0	0	1	1	1
എറണാകുളം	ജില്ലയിലെ സി.സി.ഐകളുടെ എണ്ണം	72	72	72	72	72
	നടത്തേണ്ട പരിശോധനകളുടെ എണ്ണം	288	288	288	288	288
	നടത്തിയ പരിശോധനകളുടെ എണ്ണം	2	3	1	1	0
	നടത്തിയതിന്റെ ശതമാനം	0.69	1.04	0.35	0.35	0
	തെരഞ്ഞെടുത്ത സി.സി.ഐകളുടെ എണ്ണം	3	3	3	3	3
	തെരഞ്ഞെടുത്ത സി.സി.ഐകളിലെ പരിശോധനകളുടെ എണ്ണം	9	9	5	5	7
വയനാട്	ജില്ലയിലെ സി.സി.ഐകളുടെ എണ്ണം	25	25	25	25	12
	നടത്തേണ്ട പരിശോധനകളുടെ എണ്ണം	100	100	100	100	48
	നടത്തിയ പരിശോധനകളുടെ എണ്ണം	7	0	2	3	2
	നടത്തിയതിന്റെ ശതമാനം	7	0	2	3	4.17
	തെരഞ്ഞെടുത്ത സി.സി. ഐകളുടെ എണ്ണം	2	2	2	2	2
	തെരഞ്ഞെടുത്ത സി.സി. ഐകളിലെ പരിശോധനകളുടെ എണ്ണം	0	0	0	0	0
കണ്ണൂർ	ജില്ലയിലെ സി.സി.ഐകളുടെ എണ്ണം	35	34	22	21	21
	നടത്തേണ്ട പരിശോധനകളുടെ എണ്ണം	140	136	88	84	84
	നടത്തിയ പരിശോധനകളുടെ എണ്ണം	0	0	പുനഃസ്ഥാപിക്കപ്പെട്ടിട്ടില്ല	പുനഃസ്ഥാപിക്കപ്പെട്ടിട്ടില്ല	പുനഃസ്ഥാപിക്കപ്പെട്ടിട്ടില്ല
	നടത്തിയതിന്റെ ശതമാനം	0	0	0	0	0
	തെരഞ്ഞെടുത്ത സി.സി.ഐകളുടെ എണ്ണം	3	3	3	3	3
	തെരഞ്ഞെടുത്ത സി.സി.ഐകളിലെ പരിശോധനകളുടെ എണ്ണം	0	0	0	0	0

** ഡിസിപിഒകളും തെരഞ്ഞെടുത്ത സി.സി.ഐകളും നൽകിയ വിവരങ്ങൾ*

അനുബന്ധം 3.1

റൂസയുടെ ഘടകങ്ങൾ

(സൂചിക: ഖണ്ഡിക 3.1.1.1; പേജ് 49)

(എ) റൂസ 1.0, 2.0 എന്നിവയുടെ ഘടകങ്ങൾ (കേരളത്തിൽ നടപ്പിലാക്കുന്നതിനായി ഏറ്റെടുത്ത ഘടകങ്ങൾ ബോൾഡിൽ കാണിച്ചിരിക്കുന്നു)

റൂസ 1.0-ന് കീഴിലുള്ള ഘടകങ്ങൾ	റൂസ 2.0-ന് കീഴിലുള്ള ഘടകങ്ങൾ
1. പുതിയ സർവകലാശാലകൾ	ഘടകം 1: നിലവിലുള്ള സ്വയംഭരണ കോളേജുകൾ ഉയർത്തി സർവകലാശാലകൾ സൃഷ്ടിക്കുക
2. നിലവിലുള്ള സ്വയംഭരണ കോളേജുകളെ സർവകലാശാലകളാക്കി ഉയർത്തുക	ഘടകം 2: ക്ലസ്റ്റർ കോളേജുകളെ പരിവർത്തനം ചെയ്തുകൊണ്ട് സർവകലാശാലകൾ സൃഷ്ടിക്കുക
3. കോളേജുകളെ ക്ലസ്റ്റർ സർവകലാശാലകളാക്കി മാറ്റുക	ഘടകം 3: സർവകലാശാലകൾക്ക് അടിസ്ഥാന സൗകര്യ ഗ്രാന്റുകൾ
4. സർവകലാശാലകൾക്കുള്ള അടിസ്ഥാന സൗകര്യ ഗ്രാന്റുകൾ (₹20 കോടി വീതം)	ഘടകം 4: തെരഞ്ഞെടുത്ത സംസ്ഥാന സർവകലാശാലകളിലെ ഗുണനിലവാരവും മികവും (പുതിയത്)
5. പുതിയ മോഡൽ കോളേജുകൾ (ജനറൽ)	**ഘടകം 5: പുതിയ മോഡൽ ഡിഗ്രി കോളേജുകൾ**
6. നിലവിലുള്ള ഡിഗ്രി കോളേജുകളെ മോഡൽ ഡിഗ്രി കോളേജുകളാക്കി ഉയർത്തുക (₹ നാല് കോടി വീതം)	ഘടകം 6: നിലവിലുള്ള ഡിഗ്രി കോളേജുകളെ മോഡൽ ഡിഗ്രി കോളേജുകളായി ഉയർത്തുക
7. പുതിയ കോളേജുകൾ (പ്രൊഫഷണൽ)	ഘടകം 7: പുതിയ കോളേജുകൾ (പ്രൊഫഷണൽ)
8. കോളേജുകൾക്ക് അടിസ്ഥാന സൗകര്യ ഗ്രാന്റുകൾ (₹ രണ്ട് കോടി വീതം)	**ഘടകം 8: തെരഞ്ഞെടുത്ത സ്വയംഭരണ കോളേജുകളിൽ ഗുണനിലവാരവും മികവും വർധിപ്പിക്കുക**
9. ഗവേഷണം, നവീകരണം, ഗുണനിലവാരം മെച്ചപ്പെടുത്തൽ	**ഘടകം 9: കോളേജുകൾക്ക് അടിസ്ഥാന സൗകര്യ ഗ്രാന്റുകൾ**
10. ഇക്വിറ്റി സംരംഭങ്ങൾ	**ഘടകം 10: ഗവേഷണം, നവീകരണം, ഗുണനിലവാരം മെച്ചപ്പെടുത്തൽ**
11. അധ്യാപക റിക്രൂട്ട്മെന്റ് പിന്തുണ	ഘടകം 11: ഇക്വിറ്റി സംരംഭങ്ങൾ
12. അധ്യാപകരുടെ മെച്ചപ്പെടുത്തലുകൾ (₹ ഒരു കോടി)	ഘടകം 12: അധ്യാപകരുടെ റിക്രൂട്ട്മെന്റ് പിന്തുണ
13. ഗവേഷണ സർവകലാശാലകൾ	ഘടകം 13: അധ്യാപക മെച്ചപ്പെടുത്തലുകൾ
14. ഉന്നത വിദ്യാഭാസം തൊഴിൽ അധിഷ്ഠിതമാക്കുന്നത്	ഘടകം 14: സ്ഥാപനപരമായ പുനർനിർമ്മാണം, ശേഷി വർദ്ധിപ്പിക്കൽ, പരിഷ്കാരങ്ങൾ
15. വിദ്യാഭ്യാസ ഭരണാധികാരികളുടെ നേതൃത്വ വികസനം	
16. സ്ഥാപനപരമായ പുനർനിർമ്മാണവും പരിഷ്കാരങ്ങളും	
17. ശേഷി വർദ്ധിപ്പിക്കലും തയ്യാറാക്കലും, വിവര ശേഖരണവും ആസൂത്രണവും	
18. മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം	

ബി) സംസ്ഥാനത്ത് നടപ്പിലാക്കിയ ഘടകങ്ങളുടെ വിശദാംശങ്ങൾ

റൂസ 1.0			റൂസ 2.0		
ഘടകം	നടപ്പിലാക്കുന്ന സ്ഥാപനം	അനുവദിച്ച തുക	ഘടകം	നടപ്പിലാക്കുന്ന സ്ഥാപനം	അനുവദിച്ച തുക
സർവകലാശാലകൾക്ക് അടിസ്ഥാന സൗകര്യ ഗ്രാന്റുകൾ	ആറ് സർവകലാശാലകൾ	₹20 കോടി വീതം	തെരഞ്ഞെടുത്ത സ്വയംഭരണ കോളേജുകളിലെ മികവും ഗുണനിലവാരവും മെച്ചപ്പെടുത്തൽ	അഞ്ച് കോളേജുകൾ	₹ അഞ്ച് കോടി വീതം
നിലവിലുള്ള ഡിഗ്രി കോളേജിനെ മോഡൽ ഡിഗ്രി കോളേജായി ഉയർത്തുക	ഒരു കോളേജ്	₹ നാല് കോടി	ഗവേഷണ നവീകരണവും ഗുണനിലവാര മെച്ചപ്പെടുത്തലും	രണ്ട് സർവകലാശാലകൾ	₹50 കോടി വീതം
കോളേജിന് ഇൻഫ്രാസ്ട്രക്ചർ ഗ്രാന്റുകൾ	28 കോളേജുകൾ	₹ രണ്ടു കോടി വീതം	പുതിയ മോഡൽ ഡിഗ്രി കോളേജുകൾ	ഒരു കോളേജ്	₹12 കോടി
അധ്യാപകരുടെ മെച്ചപ്പെടുത്തൽ	എച്ച്ആർഡിസി, കേരള സർവകലാശാല	₹ ഒരു കോടി	കോളേജുകൾക്ക് അടിസ്ഥാന സൗകര്യ ഗ്രാന്റുകൾ	114 കോളേജുകൾ	₹ രണ്ടു കോടി വീതം
ഇക്വിറ്റി സംരംഭങ്ങൾ	സംസ്ഥാന പ്രോജക്ട് ഡയറക്ടറേറ്റ്	₹ അഞ്ച് കോടി			

അനുബന്ധം 3.2

തെരഞ്ഞെടുത്ത ജില്ലകളുടെയും സ്ഥാപനങ്ങളുടെയും പട്ടിക

(സൂചിക: ഖണ്ഡിക 3.1.2; പേജ് 51)

തെരഞ്ഞെടുത്ത ജില്ലകൾ	തെരഞ്ഞെടുത്ത കോളേജുകൾ		തെരഞ്ഞെടുത്ത സർവകലാശാല
	ഫണ്ട് നൽകാത്തത് (തെരഞ്ഞെടുത്ത 10 ശതമാനം)	ഫണ്ട് അനുവദിച്ചത് (തെരഞ്ഞെടുത്ത 20 ശതമാനം)	
എറണാകുളം	മാർ അത്തനേഷ്യസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കോതമംഗലം	ഗവൺമെന്റ് സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ	1. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല 2. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി
	എം.ഇ.എസ് കോളേജ് ആലുവ, എറണാകുളം	രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്, കളമശ്ശേരി	
		ശ്രീശങ്കര വിദ്യാപീഠം കോളേജ്, വളയൻചിറങ്ങര	
		ഗവൺമെന്റ് കോളേജ്, തൃപ്പൂണിത്തുറ	
		ടി എം ജേക്കബ് മെമ്മോറിയൽ ഗവൺമെന്റ് കോളേജ്, മണിമലക്കുന്ന്	
തിരുവനന്തപുരം	സെന്റ് സേവ്യേഴ്സ് കോളേജ്, തുമ്പ, തിരുവനന്തപുരം	എച്ച്.എച്ച്.എം.എസ്.പി.ബി.എൻ.എസ്സ്.എസ്സ് കോളേജ് ഫോർ വിമൻ, നീറമൺകര	കേരള സർവകലാശാല
	കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (സി എ പി ഇ)	ഗവൺമെന്റ് ആർട്സ് കോളേജ്, തിരുവനന്തപുരം	
	കെ.എൻ.എം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്, കാഞ്ഞിരംകുളം, തിരുവനന്തപുരം	എച്ച്.ആർ.ഡി.സി, കേരളം	
കണ്ണൂർ	ഗവൺമെന്റ് കോളേജ് തലശ്ശേരി, ചൊക്ലി, ഒളവിലം പി.ഒ, കണ്ണൂർ	ഗവൺമെന്റ്ബ്രണ്ണൻ കോളേജ്, തലശ്ശേരി	കണ്ണൂർ സർവകലാശാല
	കേയി സാഹിബ് ട്രെയിനിംഗ് കോളേജ്, കരിമ്പം, കരിമ്പം പി.ഒ, തളിപ്പറമ്പ്, കണ്ണൂർ	പി.കെ.എം കോളേജ് ഓഫ് എഡ്യൂക്കേഷൻ, മടമ്പം	
പാലക്കാട്	ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് പത്തിരിപ്പാല, കോങ്ങാട്, പാലക്കാട്	എൻ.എസ്.എസ് ട്രെയിനിങ് കോളേജ്, ഒറ്റപ്പാലം	
	ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം	എസ്.എൻ.ജി.എസ് കോളേജ്, പട്ടാമ്പി	

അനുബന്ധം 3.3

റൂസ മാർഗ്ഗനിർദ്ദേശങ്ങളുടെയും 2018-ലെ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിയമത്തിന്റെയും താരതമ്യ പ്രസ്താവന

(സൂചിക: ഖണ്ഡിക 3.1.3; പേജ് 53)

മാർഗ്ഗനിർദ്ദേശത്തിലെ ഖണ്ഡിക നമ്പർ	മാർഗ്ഗനിർദ്ദേശത്തിലെ വ്യവസ്ഥ	നിയമത്തിന്റെ വകുപ്പ് നമ്പർ	നിയമത്തിലെ വ്യവസ്ഥ
5.2.1(i)	കൗൺസിലിന്റെ ഘടന: സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ 15 മുതൽ 25 വരെ അംഗങ്ങൾ ഉണ്ടായിരിക്കണം. ഓരോരുത്തർക്കും ആറു വർഷത്തെ കാലാവധി ഉണ്ടായിരിക്കുകയും, അവരിൽ മൂന്നിലൊന്നു പേർ രണ്ടു വർഷക്കിലൊരിക്കൽ വിരമിക്കുകയും ചെയ്യും	11	കൗൺസിലിന്റെ ഘടന: 1. കൗൺസിലിൽ, ഇനിപ്പറയുന്ന ബോഡികൾ ഉൾക്കൊള്ളുന്നു:- a) ഉപദേശകസമിതി b) ഭരണസമിതി c) എക്സിക്യൂട്ടീവ് കൗൺസിൽ 2. രൂപീകരണ തീയതി മുതൽ ഓരോ നാലുവർഷത്തിലും കൗൺസിലിന്റെ ബോഡികൾ പുനഃസംഘടിപ്പിക്കപ്പെടും. എന്നാൽ ബോഡികളുടെ രൂപീകരണത്തിൽ കാലതാമസമുണ്ടായാൽ, അവയുടെ പുനഃസ്ഥാപനം വരെ അവർ ആ പദവിയിൽ തുടരേണ്ടതാണ്.
5.2.1(i) 1	ചെയർമാൻ, നേതൃത്വഗുണങ്ങളുള്ളതായി തെളിയിക്കപ്പെട്ട ഒരു പ്രഗത്ഭ അക്കാദമിക് പൊതു ബുദ്ധിശാലിയാണ് അഭികാമ്യം	7 (1)	**സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മന്ത്രി, തന്റെ ഓഫീസിന്റെ പദവിയാൽ ചെയർമാനായിരിക്കും**
5.2.1(i) 2	വൈസ് ചെയർമാൻ, (ഒരു പ്രൊഫസറുടെ റാങ്കുള്ള) തെളിയിക്കപ്പെട്ട പ്രഗത്ഭ അക്കാദമിക് ഭരണാധികാരിയായിരിക്കണം – അദ്ധ്യക്ഷൻ അക്കാദമിക് വ്യക്തി അല്ലാത്ത സന്ദർഭങ്ങളിൽ. മറ്റു സന്ദർഭങ്ങളിൽ, ഈ മേഖലയിൽ മതിയായ അനുഭവപരിചയമുള്ള വ്യവസായ മേഖലയിൽ നിന്നും മറ്റോ ഒരു പ്രഫഷണലാകാം	8 (1)	വൈസ് ചെയർമാൻ:- ഒരു പ്രഗത്ഭ വിദ്യാഭ്യാസവിദഗ്ധനും, വിശേഷിച്ച് ഒരു മുൻ വൈസ് ചാൻസലറുമയ വ്യക്തിയെ കൗൺസിലിന്റെ വൈസ് ചെയർമാനായ സർക്കാർ നിയമിക്കുന്നതാണ്.
5.2.1(i) 3	പ്രൊഫസർ - ചീഫ് എക്സിക്യൂട്ടീവ് റാങ്കിലുള്ള ഒരു അക്കാദമിക പ്രഗത്ഭയായിരിക്കണം മെമ്പർ സെക്രട്ടറി	9 (1)	മെമ്പർ സെക്രട്ടറി: കൗൺസിലിന്റെ മെമ്പർ സെക്രട്ടറിയായി സർക്കാർ നിയമിക്കുന്നത് ഭരണപരിചയമുള്ള ഒരു അക്കാദമിഷ്യൻ ആയിരിക്കണമെന്നാണ് അഭികാമ്യം
5.2.1(ii)	ഒരു അന്വേഷണ തെരഞ്ഞെടുപ്പ് സമിതി കമ്മിറ്റി തയ്യാറാക്കുന്ന ഫോർട്ട് ലിസ്റ്റഡ് സ്ഥാനാർത്ഥികളുടെ ചുരുക്കപ്പട്ടികയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ, സംസ്ഥാന മുഖ്യമന്ത്രി, നിയമസഭാസ്പീക്കർ, പ്രതിപക്ഷ നേതാവ്, എന്നിവരടങ്ങുന്ന സമിതി അദ്ധ്യക്ഷനെ തെരഞ്ഞെടുക്കും. • സത്യസന്ധരും തെളിയിക്കപ്പെട്ട പ്രഗത്ഭരായ അക്കാദമിക്കും/പൊതു ബുദ്ധിശാലികളുമായ ഒരു മൂന്നംഗ സമിതിയാണ് അന്വേഷണ തെരഞ്ഞെടുപ്പ് സമിതി. സംസ്ഥാന ഒരംഗത്തെയും സംസ്ഥാന സമിതി രണ്ടംഗങ്ങളെയും നാമനിർദ്ദേശം ചെയ്യുകയും, സംസ്ഥാനം	7 (1)	സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ ചുമതലയുള്ള മന്ത്രി തന്റെ ഓഫീസിന്റെ പദവിയാൽ കൗൺസിലിന്റെ അദ്ധ്യക്ഷനായിരിക്കും

മാർഗ്ഗനിർദ്ദേശത്തിലെ ഖണ്ഡിക നമ്പർ	മാർഗ്ഗനിർദ്ദേശത്തിലെ വ്യവസ്ഥ	നിയമത്തിന്റെ വകുപ്പ് നമ്പർ	നിയമത്തിലെ വ്യവസ്ഥ
	നാമനിർദ്ദേശം ചെയ്യുന്ന വ്യക്തി അധ്യക്ഷത വഹിക്കുകയും ചെയ്യും. • അംഗങ്ങളുടെ ¾ ആളുകൾ കോറമായിയുണ്ടായിരിക്കേണ്ടതും അതിൽ $^{2}/_{3}$ ആളുകളുടെ അവിശ്വാസ പ്രമേയത്തിലൂടെയും ആണ് ചീഫ് എക്സിക്യൂട്ടിവിനെ പുറത്താക്കുന്നത്.		
5.2.1 (ii)	ഒരു മൂന്നംഗ അന്വേഷണ സമിതിയാണ് ഉപാദ്ധ്യക്ഷനെ നിയമിക്കുന്നത്. സമിതിയിൽ കൗൺസിൽ (അദ്ധ്യക്ഷത വഹിക്കുകയും) രണ്ടംഗങ്ങളിൽ ഒരാളെ സംസ്ഥാനം കൗൺസിൽ നാമനിർദ്ദേശം ചെയ്യുകയും മറ്റൊരാളെ സംസ്ഥാനം നാമനിർദ്ദേശം ചെയ്യുകയും ചെയ്യുന്നു. ഉപാദ്ധ്യക്ഷന് നീട്ടാനാകാത്ത അഞ്ചു വർഷ കാലാവധിയാണ് ഉണ്ടായിരിക്കുക. കൗൺസിലിന്റെ ശിപാർശപ്രകാരം, അദ്ധ്യക്ഷന് ഉപാദ്ധ്യക്ഷനെ നീക്കം ചെയ്യാൻ കഴിയും.	8 (1) 20 (1)	ഉപാദ്ധ്യക്ഷൻ:- കൗൺസിലിന്റെ ഉപാദ്ധ്യക്ഷനായി സർക്കാർ നിയമിക്കുന്നത് ഒരു പ്രഗത്ഭ വിദ്യാഭ്യാസ വിദഗ്ധനും, മുൻ വൈസ് ചാൻസലറുമായ വ്യക്തിയാണ് അഭികാമ്യം *ഉപാദ്ധ്യക്ഷൻ, മെമ്പർ സെക്രട്ടറി, അംഗങ്ങൾ എന്നിവരുടെ നിബന്ധനകളും വ്യവസ്ഥകളും* സെക്ഷൻ 16-ലെ ക്ലോസ് (സി പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട, എക്സിക്യുട്ടീവ് കൗൺസിൽ അംഗം ഒഴികെയുള്ള അംഗങ്ങൾ, ഉപാദ്ധ്യക്ഷൻ, മെമ്പർ സെക്രട്ടറി എന്നിവർ, ഈ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി അധികാരത്തിൽ നിന്ന് നീക്കം ചെയ്യപ്പെടാത്ത പക്ഷം, അവർ നിയമിക്കപ്പെട്ടതോ,നാമനിർദ്ദേശം ചെയ്യപ്പെട്ടതോ തെരഞ്ഞെടുക്കപ്പെട്ടതോ ആയ കൗൺസിൽ ബോഡിയുടെ മുഴുവൻ കാലാവധിയിലും അധികാരം വഹിക്കും. കൂടാതെ, യഥാക്രമം ഉപാദ്ധ്യക്ഷൻ, മെമ്പർസെക്രട്ടറി, അംഗങ്ങൾ എന്നിവർ തുടർന്നുള്ള ആറു മാസക്കാലയളവിലേക്കോ, അല്ലെങ്കിൽ അതത് ഓഫീസുകളിലേക്ക് കൂടുതൽ നിയമനമോ, നാമനിർദ്ദേശമോ തെരഞ്ഞെടുപ്പോ നടത്തുന്നതുവരെ, അധികാരത്തിൽ തുടരുന്നതാണ്, കൂടാതെ, സാഹചര്യം പോലെ ഉപാദ്ധ്യക്ഷൻ, മെമ്പർ സെക്രട്ടറി, അംഗങ്ങൾ എന്നിവർ തുടർന്നുള്ള നാലു വർഷക്കാലയളവിലേക്ക് പുനഃനിയമത്തിനോ പുനർനാമനിർദ്ദേശത്തിനോ പുനർ തെരഞ്ഞെടുപ്പിനോ അർഹരായിരിക്കും
5.2.1(ii)	ഒരു മൂന്നംഗ അന്വേഷണ സമിതിയാണ് ഉപാദ്ധ്യക്ഷനെ നിയമിക്കുന്നത്. സമിതിയിൽ കൗൺസിൽ (അദ്ധ്യക്ഷത വഹിക്കുകയും) രണ്ടംഗങ്ങളിൽ ഒരാളെ സംസ്ഥാനം കൗൺസിൽ നാമനിർദ്ദേശം ചെയ്യുകയും മറ്റൊരാളെ സംസ്ഥാനം നാമനിർദ്ദേശം ചെയ്യുകയും ചെയ്യുന്നു. മെമ്പർ സെക്രട്ടറിക്ക് നീട്ടാനാകാത്ത അഞ്ചുവർഷ കാലാവധിയാണ് ഉണ്ടായിരിക്കുക. കൗൺസിലിന്റെ	9 (1)	മെമ്പർ സെക്രട്ടറി:- ഭരണ പരിചയമുള്ള ഒരു പണ്ഡിതനെ, കൗൺസിലിന്റെ മെമ്പർ സെക്രട്ടറിയായി സർക്കാർ നിയമിക്കുന്നതാണ് (കൂടാതെ, മുകളിൽ സൂചിപ്പിച്ച വകുപ്പ് 20)

മാർഗ്ഗനിർദ്ദേശത്തിലെ ഖണ്ഡിക നമ്പർ	മാർഗ്ഗനിർദ്ദേശത്തിലെ വ്യവസ്ഥ	നിയമത്തിന്റെ വകുപ്പ് നമ്പർ	നിയമത്തിലെ വ്യവസ്ഥ
	ശിപാർശപ്രകാരം അദ്ധ്യക്ഷന് മെമ്പർ സെക്രട്ടറിയെ നീക്കം ചെയ്യാവുന്നതാണ്		
5.2.1(ii)	പുതുതായി ഏഴ് അംഗങ്ങളെയും നിലവിലുള്ള കൗൺസിലിൽ നിന്നും അംഗങ്ങളെയും തെരഞ്ഞെടുക്കാൻ, സംസ്ഥാനം, ഒരു അഞ്ചംഗ തെരഞ്ഞെടുപ്പ് സമിതിയെ നിയോഗിക്കും. തെരഞ്ഞെടുപ്പ് സമിതിയിൽ ഉൾപ്പെടേണ്ടവർ: • രണ്ടു പ്രഗത്ഭ ശാസ്ത്രജ്ഞൻ/ സാമൂഹിക ശാസ്ത്രജ്ഞൻ • സംസ്ഥാന സർവകലാശാലയുടെ ഒരു മുൻ വൈസ് ചാൻസലർ • സംസ്ഥാനത്തിനകത്തോ പുറത്തോ നിന്നുള്ള ഒരു പ്രശസ്ത ദേശീയ സ്ഥാപനത്തിന്റെ മുൻ ഡയറക്ടർ • ഒരു കേന്ദ്ര സർവകലാശാലയുടെ മുൻ വൈസ് ചാൻസലർ കൗൺസിൽ രൂപീകരിക്കുമ്പോൾ, തുടക്കത്തിൽ മൂന്നിലൊന്ന കൗൺസിൽ അംഗങ്ങൾക്കും (അതായത്,മൂന്ന് അംഗങ്ങൾ) പുതുക്കാനാകാത്ത ആറു വർഷത്തെ കാലാവധി നൽകണം. അടുത്ത $^1/_3$ അംഗങ്ങൾക്ക് നാലു വർഷ കാലാവധിയും ബാക്കി $^1/_3$ നിലവിലുള്ള അംഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കുകയും രണ്ട് വർഷ കാലാവധി നൽകുകയും ചെയ്യണം.		വകുപ്പിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ല

അനുബന്ധം 3.4

റൂസ 1.0, 2.0 എന്നിവയ്ക്ക് കീഴിലുള്ള ധനലഭ്യതയുടെ പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ

(സൂചിക: ഖണ്ഡിക 3.1.7.1, പേജ് 58)

(₹ കോടിയിൽ)

പദ്ധതി	ഘടകത്തിന്റെ പേര്	അംഗീകരിച്ച മൊത്തം ഫണ്ട്	ലഭിച്ച മൊത്തം ഫണ്ട്	കേന്ദ്ര/ സംസ്ഥാനത്ത് നിന്ന് ലഭിക്കാനുള്ള ഫണ്ട്
റൂസ 1.0	സർവകലാശാലകൾക്ക് അടിസ്ഥാന സൗകര്യ ഗ്രാന്റുകൾ	120	120	0
	കോളേജുകൾക്ക് അടിസ്ഥാന സൗകര്യ ഗ്രാന്റുകൾ	56	50	6
	അധ്യാപകരുടെ മെച്ചപ്പെടുത്തൽ	1	1	0
	എംഡിസിയിലേക്ക് അപ്ഗ്രേഡേഷൻ	4	2	2
	ഇക്വിറ്റി സംരംഭങ്ങൾ	5	3.75	1.25
	പ്രിപ്പറേറ്ററി ഗ്രാന്റുകൾ	8	8	0
	എം.എം.ഇ.ആർ*	5.57	4.28	1.29
ആകെ		**199.57**	**189.03**	**10.54**
റൂസ 2.0	കോളേജുകൾക്ക് അടിസ്ഥാന സൗകര്യ ഗ്രാന്റുകൾ	226	160.5	65.5
	തെരഞ്ഞെടുത്ത സ്വയംഭരണ കോളേജുകളിൽ ഗുണനിലവാരവും മികവും വർദ്ധിപ്പിക്കലും	25	18.75	6.25
	ഗവേഷണം, നവീകരണം, ഗുണനിലവാരം മെച്ചപ്പെടുത്തൽ	100	57.5	42.5
	പുതിയ എം.ഡി.സി	12	6	6
	പ്രിപ്പറേറ്ററി ഗ്രാന്റുകൾ	3	1.5	1.5
ആകെ		**366**	**244.25**	**121.75**
ആകെമൊത്തം (റൂസ 1.0-ഉം 2.0-ഉം)		**565.57**	**433.28**	**132.29**

*(*റൂസ 1.0, 2.0 എന്നിവയുമായി ബന്ധപ്പെട്ടത്)*

അനുബന്ധം 3.5

കണ്ണൂർ സർവകലാശാല മുൻകൂറായി പണമടച്ചതിന്റെ വിശദാംശങ്ങൾ

(സൂചിക: ഖണ്ഡിക 3.1.8.5; പേജ് 72)

(₹-ൽ)

വർക്കിന്റെ തരം	വർക്കിന്റെ പേര്	റൂസ ഫണ്ട്	കരാർ തുകയും തീയതിയും	കരാറുകാരന് നൽകേണ്ട മൊബിലൈസേഷൻ അഡ്വാൻസ് (20 ശതമാനം സമ്മതിച്ച തുക)	മൊബിലൈസേഷൻ അഡ്വാൻസ് കരാറുകാരന് നൽകിയത് (ഏകദേശം 50 ശതമാനം) റിലീസ് തീയതിയും	അധികം	പ്രവൃത്തിയുടെ സ്ഥിതി
1	2	3	4	5	6	7 (6-5)	8
പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ	സെമിനാർ കോംപ്ലക്സിന്റെ നിർമ്മാണം	6,10,00,000	* യഥാർത്ഥ എസ്റ്റിമേറ്റ് – 4,69,82,232 (21.03.2018) പുതുക്കിയ എസ്റ്റിമേറ്റ് – 6,04,69,034	93,96,446.40	2,34,90,446 (16.08.2018)	1,40,94,000.60	നടന്നുകൊണ്ടിരിക്കുന്നു
	ഡ്രൈവർമാരുടെ വിശ്രമമുറിയോടുകൂടിയ കാർ ഷെഡ് മേൽക്കൂരയുടെ നിർമ്മാണം	42,20,000	40,41,221 (14.09.2018)	8,08,244.20	20,20,000 (15.09.2018)	12,11,756	പൂർത്തീകരിച്ചു
	പയ്യന്നൂർ ക്യാമ്പസിൽ സയന്റിഫിക് ഇൻസ്ട്രുമെന്റേഷൻ സെന്ററിന്റെ നിർമ്മാണം	1,90,00,000	1,51,84,801 (03.09.2018)	30,36,960.20	75,92,400 (07.09.2018)	45,55,440	നടന്നുകൊണ്ടിരിക്കുന്നു 80 ശതമാനം പൂർത്തീകരിച്ചു
നവീകരണ പ്രവൃത്തി	ലബോറട്ടറികളുടെ നവീകരണം	84,00,000	48,05,604 (12.09.2018)	9,61,120.80	24,00,000 (13.09.2018)	14,38,880	പൂർത്തീകരിച്ചു
	തലശ്ശേരി, താവക്കര ക്യാമ്പസ് സൗന്ദര്യവൽക്കരണം	90,00,000	85,58,315 (29.08.2018)	17,11,663	42,79,000 (06.09.2018)	25,67,337	പൂർത്തീകരിച്ചു
	നീലേശ്വരം ക്യാമ്പസ് സൗന്ദര്യവൽക്കരണം	86,34,377	86,34,377 (18.08.2018)	17,26,875	43,17,000 (30.08.2018)	25,90,125	പൂർത്തീകരിച്ചു
	മാങ്ങാട്ടുപറമ്പ് ക്യാമ്പസിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും ഗസ്റ്റ് ഹൗസിന്റെയും നവീകരണം	65,00,000	54,29,594 (12.09.2018)	10,85,919	27,14,797 (13.09.2018)	16,28,878	പൂർത്തീകരിച്ചു
	മാങ്ങാട്ടുപറമ്പ് ക്യാമ്പസിലെ ലേഡീസ് ആന്റ് ജന്റ്സ് ഹോസ്റ്റൽ നവീകരണം	80,17,351	15,91,367 (28.07.2018)	3,18,273	7,96,000 (29.08.2018)	4,77,727	പൂർത്തീകരിച്ചു
	വിവിധ കാമ്പസുകളിൽ എലിവേറ്ററുകൾ നൽകിയത്	1,69,36,084	1,69,36,084 (04.03.2018)	33,87,217	84,68,000 20% - (16.08.2018) 30% - (06.09.2018)	50,80,783	പൂർത്തീകരിച്ചു
ആകെ				**2,24,32,718**	**5,60,77,643**	**3,36,44,925**	

അനുബന്ധം 3.6

ഭിന്നശേഷിക്കാർക്കായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലെ സൗകര്യങ്ങളുടെ ലഭ്യത സംബന്ധിച്ച വിശദാംശങ്ങൾ

(സൂചിക: ഖണ്ഡിക 3.1.8.6; പേജ് 74)

തെരഞ്ഞെടുത്ത സ്ഥാപനത്തിന്റെ പേര്	സ്ഥാപനത്തിലെ കെട്ടിടങ്ങളുടെ എണ്ണം	പ്രവർത്തനപരമായ റാംപുകൾ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം	മുകളിലത്തെ നിലകളിലേക്ക് വീൽചെയറിൽ കയറാൻ സൗകര്യങ്ങളുള്ള കെട്ടിടങ്ങളുടെ എണ്ണം
ശ്രീ നീലകണ്ഠ ഗവൺമെന്റ് സംസ്കൃത കോളേജ്, പട്ടാമ്പി	8	6	1
ഗവൺമെന്റ് ആർട്സ് കോളേജ്, തിരുവനന്തപുരം	5	5	ഇല്ല
ഗവൺമെന്റ്ബ്രണ്ണൻ കോളേജ്, തലശ്ശേരി	31	7	1
ഗവൺമെന്റ് സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ	5	2	ഇല്ല
എച്ച്.എച്ച്.എം.എസ്.പി.ബി.എൻ.എസ്സ്.എസ്സ് കോളേജ് ഫോർ വിമൻ, നിറമൺകര	3	2	ഇല്ല
എൻഎസ്എസ് ട്രെയിനിങ് കോളേജ്, ഒറ്റപ്പാലം	3	3	ഇല്ല
പികെഎം കോളേജ് ഓഫ് എഡ്യൂക്കേഷൻ, മടമ്പം, കണ്ണൂർ	2	2	2
രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്, കളമശ്ശേരി	5	5	5
ശ്രീശങ്കര വിദ്യാപീഠം കോളേജ്, വളയൻചിറങ്ങര	2	2	1
ടി എം ജേക്കബ് മെമ്മോറിയൽ ഗവൺമെന്റ് കോളേജ്, മണിമലക്കുന്ന്	7	1	ഇല്ല
ഗവൺമെന്റ് കോളേജ്, തൃപ്പൂണിത്തുറ	1	1	ഇല്ല
ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് സെന്റർ (എച്ച്ആർഡിസി), കേരള സർവകലാശാല	1	1	ഇല്ല
കേരള സർവകലാശാല	90	44	ഇല്ല
കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല	121	28	7
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി	30	16	5
കണ്ണൂർ സർവകലാശാല	44	26	8
ആകെ	**358**	**151**	**30**

അനുബന്ധം 3.7

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ തെരഞ്ഞെടുത്ത 15 സ്ഥാപനങ്ങളിലെ ടീച്ചിംഗ് അധ്യാപകരുടെ വിശദാംശങ്ങൾ

(സൂചിക: ഖണ്ഡിക 3.1.9.3; പേജ് 76)

തെരഞ്ഞെടുത്ത സ്ഥാപനത്തിന്റെ പേര്	2018-19			2019-20			2020-21			2021-22			2022-23		
	അനുവദിച്ച തസ്തിക	നികത്തിയ തസ്തിക (സ്ഥിരം)	ഒഴിവുകൾ	അനുവദിച്ച തസ്തിക	നികത്തിയ തസ്തിക (സ്ഥിരം)	ഒഴിവുകൾ	അനുവദിച്ച തസ്തിക	നികത്തിയ തസ്തിക (സ്ഥിരം)	ഒഴിവുകൾ	അനുവദിച്ച തസ്തിക	നികത്തിയ തസ്തിക (സ്ഥിരം)	ഒഴിവുകൾ	അനുവദിച്ച തസ്തിക	നികത്തിയ തസ്തിക (സ്ഥിരം)	ഒഴിവുകൾ
ശ്രീ നീലകണ്ഠ ഗവൺമെന്റ് സംസ്കൃത കോളേജ്, പട്ടാമ്പി	86	86	0	86	86	0	86	86	0	86	82	4	86	80	6
ഗവൺമെന്റ് ആർട്സ് കോളേജ്, തിരുവനന്തപുരം	53	51	2	56	51	5	56	51	5	56	51	5	56	51	5
ഗവൺമെന്റ്ബ്രണ്ണൻ കോളേജ്, തലശ്ശേരി	127	121	6	127	120	7	129	123	6	129	125	4	129	123	6
ഗവൺമെന്റ് സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ	27	28	0	34	32	2	34	32	2	34	31	3	34	31	3
എച്ച്.എച്ച്.എം.എസ്.പി.ബി.എൻ.എസ്സ്.എസ്സ് കോളേജ് ഫോർ വിമൻ, നീറമൺകര	81	71	10	81	67	14	76	64	12	76	65	11	78	62	16
എൻഎസ്എസ് ട്രെയിനിങ് കോളേജ്, ഒറ്റപ്പാലം	22	21	1	22	20	2	22	17	5	22	14	8	22	19	3
പികെഎം കോളേജ് ഓഫ് എഡ്യൂക്കേഷൻ, മടമ്പം, കണ്ണൂർ	8	7	1	8	7	1	8	7	1	8	7	1	8	7	1
രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്, കളമശ്ശേരി	20	18	2	20	16	4	20	15	5	20	15	5	20	15	5
ശ്രീശങ്കര വിദ്യാപീഠം കോളേജ്, വളയൻചിറങ്ങര	46	40	6	46	39	7	46	45	1	45	42	3	45	42	3
ടി എം ജേക്കബ് മെമ്മോറിയൽ ഗവൺമെന്റ് കോളേജ്, മണിമലക്കുന്ന്	40	37	3	40	36	4	40	39	1	40	39	1	40	39	1
ഗവൺമെന്റ് കോളേജ്, തൃപ്പൂണിത്തുറ	29	29	0	29	29	0	30	30	0	30	30	0	29	29	0
കേരള സർവകലാശാല	298	168	130	298	198	100	298	205	93	298	197	101	298	192	106
കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല	572	252	320	572	258	314	575	298	277	577	306	271	577	315	262
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി	220	174	46	220	164	56	220	170	50	220	174	46	220	171	49
കണ്ണൂർ സർവകലാശാല	98	57	41	98	56	42	98	73	25	98	75	23	134	73	61
ആകെ	**1727**	**1160**	**568**	**1737**	**1179**	**558**	**1738**	**1255**	**483**	**1739**	**1253**	**486**	**1776**	**1249**	**527**

അനുബന്ധം 3.8

തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലെ വിദ്യാർത്ഥി-അധ്യാപക അനുപാതം

(സൂചിക: ഖണ്ഡിക 3.1.9.3; പേജ് 77)

തെരഞ്ഞെടുത്ത സ്ഥാപനത്തിന്റെ പേര്	2018-19			2019-20			2020-21			2021-22			2022-23		
	വിദ്യാർത്ഥികളുടെ ആകെ എണ്ണം	റെഗുലർ ടീച്ചിംഗ് സ്റ്റാഫ്	വിദ്യാർത്ഥി-അധ്യാപക അനുപാതം	വിദ്യാർത്ഥികളുടെ ആകെ എണ്ണം	റെഗുലർ ടീച്ചിംഗ് സ്റ്റാഫ്	വിദ്യാർത്ഥി-അധ്യാപക അനുപാതം	വിദ്യാർത്ഥികളുടെ ആകെ എണ്ണം	റെഗുലർ ടീച്ചിംഗ് സ്റ്റാഫ്	വിദ്യാർത്ഥി-അധ്യാപക അനുപാതം	വിദ്യാർത്ഥികളുടെ ആകെ എണ്ണം	റെഗുലർ ടീച്ചിംഗ് സ്റ്റാഫ്	വിദ്യാർത്ഥി-അധ്യാപക അനുപാതം	വിദ്യാർത്ഥികളുടെ ആകെ എണ്ണം	റെഗുലർ ടീച്ചിംഗ് സ്റ്റാഫ്	വിദ്യാർത്ഥി-അധ്യാപക അനുപാതം
ശ്രീ നീലകണ്ഠ ഗവൺമെന്റ് സംസ്കൃത കോളേജ്, പട്ടാമ്പി	1594	86	19:1	1619	86	19:1	1729	86	20:1	1848	82	23:1	1910	80	24:1
എച്ച്.എച്ച്.എം.എസ്.പി.ബി.എൻ.എസ്സ്.എസ്സ് കോളേജ് ഫോർ വിമൻ, നീറമൺകര	1987	71	28:1	2092	67	31:1	2064	64	32:1	1933	65	30:1	1727	62	28:1
എൻഎസ്എസ് ട്രെയിനിങ് കോളേജ്, ഒറ്റപ്പാലം	257	21	12:1	268	20	13:1	295	17	17:1	310	14	22:1	283	19	15:1
രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്, കളമശ്ശേരി	324	18	18:1	336	16	21:1	340	15	23:1	336	15	22:1	367	15	24:1
ശ്രീശങ്കര വിദ്യാപീഠം കോളേജ്, വളയൻചിറങ്ങര	1133	40	28:1	1120	39	29:1	1091	45	24:1	1052	42	25:1	961	42	23:1
കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല	8252	252	33:1	8370	258	32:1	8681	298	29:1	9155	306	30:1	8513	315	27:1
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി	3664	174	21:1	3824	164	23:1	3926	170	23:1	3749	174	22:1	3765	171	22:1
കണ്ണൂർ സർവകലാശാല	1696	57	30:1	1703	56	30:1	1811	73	25:1	1861	75	25:1	1941	73	27:1

© COMPTROLLER AND
AUDITOR GENERAL OF INDIA
www.cag.gov.in

https://cag.gov.in/ag1/kerala/en